# അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത്

## വികസനരേഖ



# 96


കേരളം
N
കർണ്ണാടക
കണ്ണൂർ
അയ്യൻകുന്ന്
ARABIAN SEA
തമിഴ്നാട്

# CANNANORE DISTRICT

SHOWING PANCHAYATS AS ON 31-3-1995

01



# ഉൾപേജുകളിൽ


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക സാമ്പത്തിക മേഖലകൾ

5.1 കൃഷിയും ജലസേചനവും
5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5.3 വ്യവസായം
5.4 വിദ്യാഭ്യാസം
5.5 കുടിവെള്ളവും പൊതുജനാരോഗ്യവും
5.6 ഗതാഗതം-ഊർജം-മാർക്കറ്റ്.
5.7 ഭവനനിർമാണവും സാമൂഹികക്ഷേമവും
5.8 സംസ്കാരം
5.9 വനിത
5.10 സഹകരണം
5.11 പട്ടികജാതി-പട്ടികവർഗക്ഷേമം
5.12 വിഭവസമാഹരണം



‘സ്വയംപര്യാപ്തമായഗ്രാമ
ങ്ങളാണ് എന്റെ സ്വപ്നം’
–മഹാത്മജി

‘പഞ്ചായത്ത് രാജ്’
അധികാരം
ജനങ്ങൾക്ക്
ആരംഭംകുറിച്ച
പ്രധാനമന്ത്രി



04

# സമർപ്പണം

## ഒമ്പതാം പദ്ധതി... ജനകീയ പദ്ധതി...

പിൻതലമുറയ്ക്കുവേണ്ടി ഉറ്റവരെയും ഉടയവരെയും ഉപേക്ഷിച്ച് കന്നിമണ്ണുതേടി കാനനഭൂമിയിലേക്കു തീർത്ഥാടനം നടത്തിയ പിതാമഹന്മാർ... ആർത്തിരമ്പുന്ന കാട്ടാറുകൾ... പത്തിവിടർത്തിയാടുന്ന കരിമ്പാമ്പുകൾ... ഘോരഗർജനം നടത്തുന്ന കാട്ടുമൃഗങ്ങൾ... അവയുടെ നടുവിലേക്ക്... തേനും പാലും ഒഴുകുന്ന കാനാൻദേശം... സ്വപ്നങ്ങളുടെ പുണ്യഭൂമി... മലബാറിന്റെ മലമടക്കുകൾ... കനകം വിളയുന്ന സ്വർഗ്ഗഭൂമി... ഈ കന്നിമണ്ണും തേടി തീർത്ഥാടനം നടത്തിയ പൂർവ്വികർ... പുത്തൻ തലമുറക്ക് ആവേശം പകർന്ന പുണ്യജനങ്ങളുടെ ഓർമ്മകൾ... ത്യാഗത്തിന്റെ ബലിവേദിയിൽ സ്വജീവിതം അർപ്പിച്ച് ഇതിഹാസം രചിച്ചവർ... പിതാമഹരെ... ആദരാഞ്ജലികൾ.

വികസനരേഖ... പിതാമഹന്മാരുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ മാഗ്നാർകട്ട... പൂർണ്ണമല്ല... എങ്കിലും ഒത്തിരി ഒത്തിരി ത്യാഗങ്ങൾ... നിസ്വാർത്ഥമായ കഷ്ടപ്പാടുകൾ... സഹകരിച്ചവരെ നന്ദി, നന്ദി... പേരുകൾ എടുത്തു പറയുന്നില്ല... വികസനരേഖക്കുവേണ്ടി, ഇന്നലെകളുടെ സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടി, പുത്തൻ പ്രതീക്ഷകളുടെ പൂത്തിരി കത്തിച്ച നിങ്ങൾ... നാടിന്റെ പ്രതീക്ഷകൾ... നിങ്ങൾക്ക് നന്ദിയുടെ വാടാമലരുകൾ... കൃതജ്ഞതയുടെ അരളിപ്പൂക്കൾ.

വിനയപൂർവ്വം,

*പി.കെ.തോമസ്*
*(പ്രസിഡന്റ്, അയ്യൻകുന്ന് പഞ്ചായത്ത്)*

## ഭരണസമിതി



വൈസ് പ്രസിഡന്റ്
സെബാസ്റ്റ്യൻ പറക്കണശേരിൽ



പ്രസിഡന്റ്
പി.കെ.തോമസ്



സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
എം.കെ. പീറ്റർ മരോട്ടിക്കൽ

**മെമ്പർമാർ**



കെ.വി.മത്തായി
കൂറ്റാരപ്പള്ളിയിൽ



മാത്യു പാമ്പക്കൽ



കെ.വെള്ളൻ

**മെമ്പർമാർ**



ഡെയ്സി മാണി



സി.എം. മേരി



മേരിജോസ്



ടി.കെ.ഓമന

06


മുല്ലപ്പള്ളി രാമചന്ദ്രൻ
എം.പി.


കെ.റ്റി.കുഞ്ഞഹമ്മദ്
എം.എൽ.എ


യു.ബാലചന്ദ്രമേനോൻ
ജില്ലാപഞ്ചായത്ത് മെമ്പർ


അന്നമ്മ വർഗ്ഗീസ്
(ബ്ലോക്ക് മെമ്പർ)


അഡ്വ.ജെയ്സൺ തോമസ്
(ബ്ലോക്ക് മെമ്പർ)

**മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ**


ജോസഫ് നടയത്ത്


ഒ.എം.തോമസ്


കെ.വി.മത്തായി


കെ.എസ്.ചാക്കോ


ബെന്നി കടുപ്പിൽ
കൺവീനർ ജനകീയാസൂത്രണം


കെ.സി.ജേക്കബ്ബ്
സംസ്ഥാന അധ്യാപക
അവാർഡ് ജേതാവ്

# ആമുഖം

നൂറ്റാണ്ടുകളിലൂടെ വൈദേശികാധിപത്യത്തിന്റെ നുകത്തിൻകീഴിൽ കിടന്നു പിടഞ്ഞു നരകിച്ച ഭാരതീയരുടെ രാഷ്ട്രീയമോചനത്തിന്റെ കാഹളം മുഴക്കിയ പുണ്യദിനം–1947 ഓഗസ്റ്റ് 15... ഭാരതീയ മനസുകളിൽ ദിവ്യമായ വികാരത്തിന്റെ പനിനീർ പതിച്ച പൊൻപുലരി.

നീണ്ട നാൽപതു സംവത്സരങ്ങൾ... കൊളോണിയലിസത്തിന്റെ വിഷലിപ്തമായ യുഗത്തിന്റെ അന്ത്യം. നാട്ടുരാജാക്കന്മാരുടെയും പ്രമാണിമാരുടെയും കരാളകരങ്ങളുടെ നീരാളിപിടുത്തത്തിൽനിന്നുമുള്ള മോചനം.... വിക്സനത്തിന്റെ പടവുകൾ ഓരോന്നായി കീഴടക്കിയ ഭാരത്തിലെ ഗ്രാമങ്ങൾ... ഗ്രാമങ്ങളുടെ നാടായ ഭാരതം... ''ഗ്രാമങ്ങളുടെ സമഗ്രവികസനമാണ് ഭാരതത്തിന്റെ വികസനം...'' മഹാത്മജിയുടെ സ്പ്നം...

ഏഴു പദ്ധതികൾ കടന്നുപോയി. എട്ടാം പദ്ധതിയുടെ അന്തിമദിനങ്ങൽ... പുതിയ പദ്ധതിയുടെ തുടക്കം. ഒമ്പതാം പദ്ധതി... ജനകീയ പദ്ധതി... നാടിന്റെ വികസനസ്വപ്നങ്ങൾക്ക് ജന്മം നൽകുന്ന ഗ്രാമസഭകൾ...

ഒരു നിമിഷം;

''പദ്ധതികൾ വിഭാവനം ചെയ്യേണ്ടത് ഗുണഭോക്താക്കളാകണം. ഫലമനുഭവിക്കേണ്ടവരാകണം ആസൂത്രകർ''. ഒരു പുതിയ നൂറ്റാണ്ട് സ്വപ്നം കണ്ട രാജീവ്ജിയുടെ അന്തിമാഭിലാഷം.

പുത്തൻ പ്രതീക്ഷകൾക്ക് ചിറകു മുളക്കുന്ന ജനകീയപദ്ധതി... പദ്ധതിയുടെ തുടക്കം... ഗ്രാമസഭകൾ... വിശദമായ ചർച്ചകൾ... നിർദേശങ്ങൾ... പഠനങ്ങൾ... വിലയിരുത്തലുകൾ... ചരിത്രങ്ങൾ തേടിയുള്ള തീർത്ഥാടനങ്ങൾ... കണ്ടെത്തലുകൾ... വായ്മൊഴികൾ... ലിഖിതരേഖകൾ... അഭിമുഖങ്ങൾ... ഒത്തുചേരലുകൾ... അതെ, വികസനരേഖയുടെ ഒരു ഏകദേശരൂപം.

നമ്മുടെ നാട് ഇന്നനുഭവിക്കുന്ന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിനു കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെ നടത്തിപ്പ് കാര്യക്ഷമവും ചടുലവും തൃപ്തികരവുമാകുമെന്നതിൽ രണ്ടുപക്ഷമില്ല. മാത്രമല്ല, അഴിമതിയുടെ കൈവഴികൾക്കു കടിഞ്ഞാണിടലുമാകും.

1996 മാർച്ചുമാസത്തിലെ ആദ്യ ഗ്രാമസഭകൾ വികസനസങ്കൽപങ്ങൾക്കു പുതിയ മാനങ്ങൾ കണ്ടെത്താനുള്ള തീവ്രശ്രമങ്ങൾ. ഒന്നര പതിറ്റാണ്ട് മുമ്പ് ഈ ഗ്രാമത്തിനു നഷ്ടപ്പെട്ട കൂട്ടായ്മയുടെ പുനർജന്മം... ജനകീയ സഹകരണമാണ് ഏറ്റവും വലിയ വിഭവം എന്ന സത്യം... തുടർന്ന് രൂപീകൃതമായ ജനകീയസമിതികൾ...? മണ്ണ് സംരക്ഷണസമിതി, ജലസംരക്ഷണസമിതി, മദ്യവിരുദ്ധസമിതി, സാമൂഹിക–സാമ്പത്തിക സർവ്വേസമിതികൾ. ഇവയെല്ലാം പുത്തൻ പ്രതീക്ഷകളുടെ തുടക്കമായിരുന്നു. ഗിരിവർഗ്ഗമേഖലയിലുണ്ടായ പുരോഗതി... സന്തുലിത വികസനപ്രവർത്തനങ്ങൾ... ആരോഗ്യസെമിനാറുകൾ... ഗിരിവർഗ്ഗകുട്ടികളുടെ വിദ്യാലയപ്രവേശനം... മുഖ്യധാരയിലേക്ക് നയിക്കാനുള്ള വേദികളായിരുന്നു.

ഗുരുകുലം:

വിദ്യാഭ്യാസമേഖലയിൽ ഒരു നവോത്ഥാനത്തിന്റെ കാഹളം... സുഹൃത് സ്മിതികൾ, പൊതുജനാരോഗ്യകേന്ദ്രങ്ങൾക്കു നേട്ടങ്ങളുടെ കൊയ്ത്തുകാലം.

കാർഷികവികസനസമിതി:

കാർഷികമേഖലയിൽ ഒരു പുതിയ തുടക്കത്തിന്റെ മുഖവുര...

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കൂട്ടായ്മയുടെയും സേവനതൃഷ്ണയുടെയും മഹാശക്തിയെ കണ്ടെത്തി ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ ഇവിടെ രൂപംകൊള്ളുന്നു.

# പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : അയ്യൻകുന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | : ഇരിട്ടി |
| താലൂക്ക് | : തലശേരി |
| അസംബി മണ്ഡലം | : പേരാവൂർ |
| വിസ്തീർണ്ണം | : 12280.43 ഹെക്ടർ |
| അതിരുകൾ | : വടക്ക്-ബാരാപ്പുഴ<br>കിഴക്ക്-കർണാടക ഫോറസ്റ്റ്<br>പടിഞ്ഞാറ്-ബാരാപ്പുഴ<br>തെക്ക്-വെമ്പുഴ |
| ജനസംഖ്യ | : 23168 |
| പുരുഷൻ | : 11367 |
| സ്ത്രീകൾ | : 11801 |
| വാർഡുകൾ | : 10 |
| പ്രസിഡന്റ് | : പി.കെ.തോമസ് |
| വൈസ് പ്രസിഡന്റ് | : സെബാസ്റ്റ്യൻ പറക്കണശേരി |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : എം.കെ.പീറ്റർ |

# സാമൂഹിക സാംസ്കാരിക ചരിത്രം ഒരെത്തിനോട്ടം

നാമധേയത്തിന്റെ ചരിത്രത്തിനുതന്നെ തർക്കമുള്ള ഒരു മലയോരഗ്രാമമാണ് അയ്യൻകുന്ന്. 1912-ൽ മദ്രാസ് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒരു സിവിൽകേസിൽ അയ്യൻകുന്നിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ശ്രീ. മുണ്ടയാംപറമ്പ് ദേവസവും അയ്യർ എന്ന വ്യക്തിയും തമ്മിൽ തർക്കമുണ്ടായിരുന്നതായി പഴയ കോടതി രേഖകളിൽ കാണുന്നു. അയ്യർക്ക് അവകാശപ്പെട്ട കുന്നിൻപ്രദേശം കാലക്രമേണ അയ്യൻകുന്ന് എന്ന പേരിൽ അറിയപ്പെടുന്നുവെന്നാണ് മുഖ്യമായ ഒരു വാദം.

അഞ്ചു കുന്നുകൾ ഉൾപ്പെടുന്ന ഭൂവിഭാഗത്തെ അന്നത്തെ ആദിവാസികൾ അയ്യൻകുന്ന് എന്നു പേരുചൊല്ലി എന്ന് ഒരു പക്ഷം.

കർണ്ണാടക സംസ്ഥാനത്തിന്റെ ഭാഗമായ കുടകുമലയുടെ താഴ്‌വാരമായ ഈ പ്രദേശം കുടകിലെ പഴയ ഏതോ അയ്യന്റേതായിരുന്നുവെന്നാണ് മറ്റൊരു വാദം. എന്നാൽ, പേരു സംബന്ധിച്ച് നിലവിൽ ചരിത്രരേഖകൾ ഒന്നുമില്ല. പാറപ്പുറവൻ കുടുംബവക സ്വത്തും മുണ്ടയാംപറമ്പ് ദേവസ്വം വക സ്വത്തും ചേർന്ന പ്രദേശമാണ് അയ്യൻകുന്നിൽപ്പെട്ട ഭാഗങ്ങൾ. വടക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ ബരാപുഴയും തെക്ക് വെമ്പുഴയും കിഴക്ക് കർണ്ണാടക ഫോറസ്റ്റും അതിർത്തികളിലുള്ള ഏതാണ്ട് 12280.43 ഹെക്ടർ വിസ്തൃതിയുള്ള ഭൂപ്രദേശം ഇന്ന് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടുന്നു.

കുടകുമലകളിൽ നിന്നെത്തുന്ന കുളിർകാറ്റേറ്റ് ഉണരുകയും ഉറങ്ങുകയും ചെയ്യുന്ന ഈ പ്രദേശത്തിന്റെ ചരിത്രപശ്ചാത്തലം സംബന്ധിച്ച് വ്യക്തമായ രേഖകളൊന്നുമില്ല. കാലഘട്ടത്തിന്റെ വിളികേട്ട് ഇറങ്ങി പുറപ്പെട്ട ഒരു വിഭാഗം ജനങ്ങൾ മലബാർ മലയോരങ്ങളിൽ ഇതിഹാസം രചിച്ചു. ചൊല്ലിപ്പോന്ന, അധികമൊന്നും എഴുതപ്പെടാത്ത, അറിയപ്പെടാത്ത, വീരേതിഹാസമാണ് ഈ പ്രദേശത്തെ കുടിയേറ്റചരിത്രം.

'രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി വൈദേശികാധിപത്യത്തിനെതിരായി ശക്തമായി പ്രക്ഷോഭണം തിരുവിതാംകൂർ മേഖലയിൽ ആളിപ്പടർന്ന 1940 തുകകളുടെ തുടക്കത്തിലാണ് മലബാർ പ്രദേശങ്ങളിലേക്കു കുടിയേറ്റം ആരംഭിച്ചത്. സ്റ്റെയ്റ്റ് കോൺഗ്രസ് ഉടലെടുത്തതോടെ സ്വാതന്ത്ര്യ സമരം തിരുവിതാംകൂറിൽ ശക്തി പ്രാപിച്ചു.

സ്വേച്ഛാധിപതിയായി ഭരണം നടത്തിയിരുന്ന ദിവാൻ സർ സി.പി. രാമസ്വാമി അയ്യർക്ക് സ്റ്റെയ്റ്റ് കോൺഗ്രസ് പ്രവർത്തകരോട് കഠിനമായ അമർഷമുണ്ടായി. കള്ളകേസുകളിൽ കുടുക്കി അവരിൽ പലരെയും തടവിലാക്കുകയും ക്രൂരമായി മർദനങ്ങൾ അഴിച്ചുവിടുകയും കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കു സാമ്പത്തികസഹായം നൽകിയെന്ന ആരോപണത്തിന്റെ പേരിൽ നല്ലനിലയിൽ പ്രവർത്തിച്ചുവന്ന കൊയിലോൺ നാഷണൽ ബാങ്ക് തകർക്കുകയും കോൺഗ്രസ് പ്രവർത്തകരെ ജയിലിലടയ്ക്കുകയും ചെയ്തു.

(മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി കോണിപ്പടികൾ) ഈ കാലഘട്ടത്തിൽ തിരുവിതാംകൂറിലുണ്ടായ അതിഭീകരമായ ഭക്ഷ്യ ദൗർലഭ്യതയും അനിയന്ത്രിതമായ ജനപ്പെരുപ്പവും തെങ്ങിൻതോപ്പുകളിലുണ്ടായ രോഗങ്ങളും ജനങ്ങളെ നിത്യദുരിതങ്ങളിലേക്കു നയിച്ചപ്പോൾ തങ്ങളുടെ പിൻതലമുറയുടെ ശോഭനമായ ഭാവിക്കുവേണ്ടി ഉറ്റവരെയും

ഉടയവരെയും ഉപേക്ഷിച്ച് ഒരു പുതിയ കാനാൻദേശം. സ്വപനം കണ്ട് ഇറങ്ങിതിരിച്ച കർഷ കമക്കൾ ഒറ്റയായും കൂട്ടമായും തലശേരിയിൽ ട്രെയിനിറങ്ങി. ആ തീർഥയാത്രയിൽ അവർ ഒരു പുതിയ ദേശം കണ്ടെത്തുകയായിരുന്നു. അന്നത്തെ ആറളം വില്ലേജിൽപ്പെട്ട അയ്യൻകുന്ന്– പാറപ്പുറവൻ കുടുംബത്തിന്റെ അധീനതയിൽപ്പെട്ട വനഭൂമി. 1941 –ൽ നവയുഗപിറവിക്കു തുടക്കംകു റിച്ചുകൊണ്ട് കാവുങ്കൽ ഉലഹന്നാനും മക്കളായ ചാക്കോ, മത്തായി, ജോസഫ് എന്നിവരും മറ്റു ചില ബന്ധുക്കളും കരിക്കോട്ടക്കരിയിലെത്തിയ പ്പോൾ ഇവിടെ കുടിയേറ്റത്തിന്റെ പുത്തൻ യുഗ ത്തിനു നാന്ദി കുറിക്കപ്പെട്ടു.

തുടർന്ന് ഈ പ്രദേശത്തിന്റെ വിവിധ മേഖലക ളിലേക്കു കുടിയേറ്റത്തിന്റെ പ്രവാഹമായിരുന്നു. അതിനിടെ, കർണാടകയുടെ അതിർത്തിയായ പാല ത്തിൻകടവിൽ ഒരു ഫ്രഞ്ചുകാരൻ ഒറ്റക്കെത്തി. തിരക്കുപിടിച്ച നഗരത്തിന്റെ നാട്യങ്ങളിൽനിന്ന കന്ന് സ്വസ്ഥതയുടെ തീരംതേടി കാനനമധ്യത്തിൽ ഒരു കൂടാരം തേടിയെത്തിയ അദ്ദേഹം ഒറ്റയ്ക്കാ യിരുന്നുവെങ്കിലും പരാജയം സമ്മതിക്കാൻ തയാ റല്ലായിരുന്നു. അതേ കാലഘട്ടത്തിൽ പലത്തുംക ടവിൽ കുടിയേറിയ കാർഷികുടുംബം എല്ലാമു പേക്ഷിച്ചു മടക്കയാത്ര ചെയ്തപ്പോഴും പിടിച്ചു നിന്ന് ആവിദേശി ഏറുമാടത്തിൽ താമസിച്ചിരുന്നു. അദ്ദേഹം റബർ, കശുമാവ്, തെങ്ങ്, നേന്ത്രവാഴ തുടങ്ങിയവയൊക്കെ കൃഷി ചെയ്തു. തെങ്ങിൻതൈകൾ പുതിയ കൂമ്പുകൾ നീട്ടിവ ളർന്നു. വന്നപ്പോൾ അവയെ നിഷ്കരുണം വായ ക്കുള്ളിലാക്കിയ കാട്ടാനകൂട്ടത്തിനു മുമ്പിൽ തല കുനിക്കാതെ പിടിച്ചുനിന്ന 'സായ്പ്' ആനക്കൂ ട്ടത്തെ ആട്ടിയോടിച്ച് നാലഞ്ചുവർഷം പിടിച്ചു നിന്നു. പക്ഷേ, എല്ലാ പ്രതിബന്ധങ്ങളെയും നേരി ടാൻ തയാറായ കാട്ടാനകളും ഫ്രഞ്ചുകാരന്റെ കൃഷിയിടം നശിപ്പിച്ച് ഏറുമാടം തകർത്തു. പേടി ച്ചരണ്ട ഫ്രഞ്ചുകാരൻ കിഴക്കു സൂര്യനുദിക്കുന്ന വരെ വൻ വൃക്ഷത്തിൽ അള്ളിപ്പിടിച്ചിരുന്നു. നേരം പുലർന്നപ്പോൾ എല്ലാം നഷ്ടപ്പെട്ടുവെന്നു മനസ്സി ലായപ്പോൾ ഈ കാനനഭൂമിയോടു യാത്ര പറഞ്ഞു.

പക്ഷേ, കുടിയേറ്റകാലഘട്ടത്തിന്റെ അനിവാര്യത രണ്ടാം മഹായുദ്ധത്തിന്റെ കൊടുംഭീകരത സൃഷ്ടിച്ച ദാരിദ്ര്യം വിശക്കുന്ന വയറുകൾ കഷ്ടപ്പാടിന്റെ കദ നകഥകൾ. കന്നിമണ്ണു തേടിയുള്ള തീർഥാടനത്തിന്റെ തുടക്കംകുറിച്ച വിശ്വാസം. ഉടയാത്ത ഉൾക്കരുത്ത്, ഉൽകണ്ഠ നിറഞ്ഞതെങ്കിലും ഉന്നതമായ പ്രതീക്ഷ. ഇവയായിരുന്നു കുടിയേറ്റക്കാരുടെ കൈമുതൽ. 1947 ആയപ്പോഴേക്കും കുടിയേറ്റം ശക്തിപ്രാപിച്ചു. പാറ പ്പുരവൻ തറവാടിന്റെയും ശ്രീ മുണ്ടയാംപറമ്പ് ദേവ സ്വത്തിന്റെയും ഉടമസ്ഥതയിലായിരുന്ന കാട്ടുപ്ര ദേശം കൃഷിഭൂമികളായി മാറുകയായിരുന്നു.



# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി:-

പശ്ചിമഘട്ട മലനിരകളോടു ചേർന്നു കിടക്കുന്ന അയ്യൻകുന്ന് പഞ്ചായത്തിന്റെ കിഴക്ക് കർണാടകവനമാണ്. വടക്ക് ബാരാപ്പുഴയും തെക്ക് വെമ്പുഴയും പഞ്ചായത്തിനെ വേർതിരിക്കുന്നു. പടിഞ്ഞാറുഭാഗം പായം പഞ്ചായത്ത് സമുദ്രനിരപ്പിൽനിന്നും 300 മീറ്ററിലധികം ഉയർന്ന പ്രദേശങ്ങൾ പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് വനമേഖയായി സ്ഥിതിചെയ്യുന്നു. പ്രധാനമായും ഫലപുഷ്ടിയുള്ള കറുത്തവനമണ്ണാണ് പഞ്ചായത്തിലെ സിംഹഭാഗവും. ബാക്കിഭാഗം ചെങ്കൽമണ്ണാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 4 മേഖലകളായി തിരിക്കാം.

1. ഉയർന്ന പ്രദേശം.
2. ഇടത്തരം ചെരിവുള്ളപ്രദേശം
3. സമതലങ്ങൾ/ ചെറുചെരിവുള്ള പ്രദേശങ്ങൾ.
4. ചെറുപുഴകളും അരുവികളും

ഇവയുടെ വിസ്തൃതി ചുവടെ കൊടുക്കുന്നു.

| | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | ഉയർന്ന പ്രദേശം | 2247.24 | 18.3 |
| 2 | ഇടത്തരം ചെരിവുള്ള പ്രദേശം | 2701.60 | 22.0 |
| 3 | സമതലങ്ങൾ/ചെറുചെരിവുള്ള പ്രദേശങ്ങൾ | 7232.92 | 58.9 |
| 4 | അരുവികളും പുഴകളും | 98.24 | 0.8 |
| | ആകെ | 12280.00 | 100.00 |

നിമ്നോന്നതയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 100 മീറ്റർ താഴെ 100 മീറ്ററിനും 300 മീറ്ററിനും ഇടയിൽ 300 മീറ്ററിനു മുകളിൽ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. പാത്തിപ്പാറ, കളിനട്ടുംപാറ, അയ്യൻകുന്ന്മല, ഉരുപ്പുംകുറ്റി എന്നിവ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളാണ്. കരിക്കോട്ടക്കരി മുതൽ വെമ്പുഴവരെയുള്ള ഭാഗ

ങ്ങളും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് നിരന്ന പ്രദേശങ്ങളാണ്. നിമ്നോന്നത മേഖലകളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| | നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | 100 മീറ്ററിൽ താഴെ | 7417.12 | 60.4 |
| 2 | 100 മീറ്ററിനും 300 മീറ്ററിനും ഇടയിൽ | 2615.64 | 21.3 |
| 3 | 300 മീറ്ററിനു മുകളിൽ | 2247.24 | 18.3 |

ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെകൊടുത്തിരിക്കുന്നു.

| മൺതരം | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| കറുത്തമണ്ണ്/വനമണ്ണ് | 11911.6 | 97.0 |
| നദീതീര എക്കൽമണ്ണ് | 208.76 | 1.7 |
| ചെങ്കൽ പ്രദേശങ്ങൾ | 61.40 | 0.5 |
| ജലാശയങ്ങൾ | 98.24 | 0.8 |
| ആകെ | 12280 | 100 |

## ജനപ്രകൃതി:-

1991-ലെ സെൻസസ് പ്രകാരം അയ്യൻകുന്ന് പഞ്ചായത്തിലെ ജനസംഖ്യ 21594 ആണ്.

ഇതിൽ 11049 പുരുഷന്മാരും10545 സ്ത്രീകളുമാണ്. ആകെവീടുകൾ 3966 ആണ്. അതായത് ശരാശരി വീടൊന്നിന് 5.44 ആളുകൾ ഉണ്ട്. ജനസാന്ദ്രത ച:കിലോമീറ്ററിന് 176 ആണ്. ആറുവയസിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 2883 ആണ്. ഇതിൽ ആൺകുട്ടികൾ 1428ഉം, പെൺകുട്ടികൾ 1455 ഉം ആണ്. പട്ടികജാതിയിൽ പെട്ട 208 പുരുഷന്മാരും 224 സ്ത്രീകളും പട്ടികവർഗത്തിൽപ്പെട്ട 368 പുരുഷന്മാരും,332 സ്ത്രീകളുമുണ്ട്.

വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്ത് മുൻപന്തിയിൽ തന്നെ. പഞ്ചായത്തിന്റെ എല്ലാഭാഗത്തും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ട്. ജനങ്ങളുടെ പ്രധാന വരുമാനമാർഗം കൃഷിയാണ്. എങ്കിലും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ രൂക്ഷമായ പ്രശ്നമായി തന്നെ അവശേഷിക്കുന്നു.

## ജലപ്രകൃതി:-

വർഷത്തിൽ ശരാശരി 4418 മി. മീറ്റർമഴ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ ജൂലൈ മാസങ്ങളിലും ഏറ്റവും കുറവ് ജനുവരി, ഫെബ്രുവരി മാസങ്ങളിലുമാണ്. പഞ്ചായത്തിന്റെ വടക്ക് കർണാടകത്തിലെ കുടകിൽ നിന്നുത്ഭവിക്കുന്ന ബാരാപ്പുഴ ഒഴുകുന്നു. ഏതു വേനൽക്കാലത്തും വറ്റാത്ത ജലസ്രോതസായ ഈ പുഴയെ കൃഷിക്കും കുടിവെള്ളത്തിനുമായി ഉപയോഗപ്പെടുത്താവുന്നതാണ്. കിഴക്കുപാലത്തുംകടവു മുതൽ പടിഞ്ഞാറോട്ടൊഴുകി വീണ്ടും തെക്കോട്ട് സെന്റ് ജൂഡ് വരെ പഞ്ചായതതിർത്തിയിൽ കൂടി ഒഴുകുന്ന ഈ പുഴയോരം ഏകദേശം 19 കിലോമീറ്റർ വരും. പഞ്ചായത്തിന്റെ തെക്കുഭാഗത്തെ ആറളം പഞ്ചായത്തുമായി വേർതിരിക്കുന്ന മറ്റൊരു പുഴയാണ് വെമ്പുഴ. വാളത്തോടുനിന്നും ഉത്ഭവിച്ച് പഞ്ചായത്തതിർത്തിയിൽ കൂടി ഒഴുകി ഇത് ബാരാപ്പുഴയിൽ ലയിക്കുന്നു. പഞ്ചായത്തിലെ മറ്റു രണ്ടു പ്രധാന തോടുകളാണ് കിളിയന്തറപുഴയും, പെരേപ്പാട്ടുതോടും. കൂടാതെ മറ്റനേകം അരുവികളും ചേർന്നതാണ് പഞ്ചായത്തിലെ ജലസ്രോതസ്.

താരതമ്യേന എല്ലാക്കാലത്തും ജലം ലഭിക്കുമെങ്കിലും ചില പ്രദേശങ്ങളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്.

ജലലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജലലഭ്യത | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| പ്രകൃതിദത്തമായി ജലംലഭിക്കുന്ന പ്രദേശങ്ങൾ | 1842 | 15 |
| സാധാരണ നിരക്കിൽ ജലം ലഭിക്കുന്ന പ്രദേശങ്ങൾ | 7613.6 | 62 |
| താഴ്ന്ന നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 2824.4 | 23 |



# സാമൂഹിക സാമ്പത്തിക മേഖലകൾ



# കൃഷിയും ജലസേചനവും

വന്യമൃഗസങ്കേതം, സ്റ്റേറ്റ് ഫാം എന്നിവ സ്ഥിതി ചെയ്യുന്നതുകൊണ്ട് സുപ്രസിദ്ധവും അതിവിസ്തൃതവുമായ ആറളം പഞ്ചായത്ത് വിഭജിച്ചാണ് അയ്യൻകുന്ന് പഞ്ചായത്തിന് രൂപംനൽകിയത്. ചെറുതും വലുതുമായ മലകളോടുകൂടിയതും വളരെ കുറച്ചുമാത്രം സമതലപ്രദേശം ഉള്ളതുമായ ചരിഞ്ഞ ഭൂമിയാണ് ഇവിടെയുള്ളത്. വടക്ക് ബാരാപ്പുഴയും പടിഞ്ഞാറ് വളപട്ടണംപുഴയും തെക്ക് വെൺപുഴയും കിഴക്ക് പശ്ചിമഘട്ടത്തിന്റെ ഭാഗമായ ഘോരവനവുമാണ് ഈ പഞ്ചായത്തിന്റെ അതിരുകൾ. ഇന്ന് ഈ പ്രദേശം തെങ്ങ്, റബ്ബർ, മാവ്, പ്ലാവ്, കമുക് മുതലായ ഫലവൃക്ഷങ്ങൾകൊണ്ട് നിബിഡവും അതുകൊണ്ടുതന്നെ ശ്യാമളകോമളവുമാണ്. സമുദ്രനിരപ്പിൽനിന്നും ഏകദേശം 300 മീറ്റർ ഉയർന്ന കന്നിൻപ്രദേശങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് (വില്ലേജ് രജിസ്റ്റർ)**

| 3.9 കൈവശഭൂമി വിസ്തീർണ്ണം | | | |
|---|---|---|---|
| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (2 മുതൽ 5 വരെ ഏക്കർ) | വൻകിട കർഷകർ (2 ഹെക്ടറിൽ കൂടുതൽ) |
| 1 | 2 | 3 | 4 |
| | 8934.00 | 2115.00 | 980.00 |

തിരുവിതാംകൂറിലെ വിവിധ ജില്ലകളിൽനിന്നും കൃഷിസ്ഥലത്തിന്റെ പരിമിതി, തെങ്ങിനുണ്ടായ കാറ്റുവീഴ്ച എന്നിങ്ങനെയുള്ള കാരണങ്ങൾകൊണ്ട് ഉപജീവനമാർഗ്ഗങ്ങൾ അടയുമെന്നു കണ്ട ദീർഘദർശികളും സാഹസികരും പരിശ്രമശാലികളുമായ കുറെ ആളുകൾ കൂടുതൽ കൃഷിഭൂമിക്കുവേണ്ടി കന്നിമണ്ണുതേടി മലബാറിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് പ്രയാണം ചെയ്തു. 1940 മുതലാണ് ഈ കുടിയേറ്റം ആരംഭിച്ചത്. മലബാ

റിന്റെ കിഴക്കൻ പ്രദേശങ്ങൾ അന്ന് പല ജന്മിമാരുടെയും ഉടമസ്ഥതയിലുള്ള വനപ്രദേശങ്ങൾ ആയിരുന്നു. അയ്യൻകുന്ന്, പാറപ്രവൻ മമ്മുഹാജി എന്ന ജന്മിയുടെയും മുണ്ടയാംപറമ്പ് ദേവസ്വത്തിന്റേയും വകയായിരുന്നു.

മേൽപ്പറഞ്ഞ ജന്മിമാരിൽനിന്നാണ് കാട് കുടിയേറ്റക്കാർ വാങ്ങിയത്. ഇങ്ങനെ ചാർത്തി വാങ്ങിയ ഭൂമിയ്ക്ക് പുറപ്പാട് എന്നപേരിൽ ഒരിനം നികുതി കൊടുക്കേണ്ടിയിരുന്നു.

കാട് വെട്ടിത്തെളിയ്ക്കുക എന്ന ശ്രമകരമായ ജോലിയാണ് കുടിയേറ്റക്കാർ ആദ്യം ചെയ്തത്. വൻവൃക്ഷങ്ങൾ വെന്തുചാരമാകാൻ ദിവസങ്ങൾതന്നെ വേണ്ടിവന്നു. പാർപ്പിടങ്ങൾ നിർമ്മിച്ച് (താൽക്കാലികം) താമസം തുടങ്ങിയ അവർ വെന്തുചാരംകലർന്ന മണ്ണിൽ നെല്ല്, കപ്പ് മുതലായ കൃഷികളാണ് ആദ്യം ചെയ്തത്. കോഴിയാളൻ, ചോമാല, കുറുക, ജീരകശാല മുതലായ നാടൻ വിത്തുകളാണ് കരക്കൃഷിക്കുപയോഗിച്ചിരുന്നത്. നല്ല വളക്കൂറുള്ള മണ്ണായിരുന്നതിനാൽ കപ്പയും നെല്ലുമൊക്കെ തഴച്ചുവളർന്നു പ്രതീക്ഷയിൽ കവിഞ്ഞ വിളവുലഭിച്ചു. ഒരു ചുവട് സാധാരണ കപ്പയിൽനിന്നും ശരാശ്രി 20 കിലോഗ്രാമിൽ കുറയാതെ കപ്പക്കിഴങ്ങ് ലഭിച്ചിരുന്നു. വളരെ കുറഞ്ഞ വിലയേ കാർഷികോൽപന്നങ്ങൾക്കു കിട്ടിയിരുന്നുള്ളൂ. മത്തൻ, തുവര മുതലായവ നെല്ലിന്റെ കൂടെ കൃഷിചെയ്തിരുന്നു.

സ്ഥിരാദായം കിട്ടുന്ന കൃഷികളെപ്പറ്റിയും കുടിയേറ്റക്കാർ ശ്രദ്ധിക്കാതിരുന്നില്ല. വെട്ടിത്തെളിച്ച സ്ഥലങ്ങളിൽ ചിലർ ഇഞ്ചിപ്പുൽക്കൃഷി നടത്തി. തെരുവത്തൈലത്തിന് അന്നു നല്ല വിലയുണ്ടായിരുന്നു. വിറകു സുലഭമായിരുന്നതിനാൽ തെരുവക്കൃഷി ആദായകരമായിരുന്നു. കശുമാവ്, തെങ്ങ്, മാവ്, പ്ലാവ്, കുരുമുളക് മുതലായവയുടെ കൃഷിയും ഊർജ്ജിതമായി ആരംഭിച്ചു. തെങ്ങൊഴിച്ചുള്ളവയെല്ലാം തഴച്ചുവളർന്നു കായിച്ചു. തെരുവച്ചണ്ടിയിൽ ഉണ്ടാകുന്ന കൊമ്പൻചെല്ലിയുടെ ഉപദ്രവംകൊണ്ട് തെങ്ങിൻതൈകൾ വളർച്ച മുരടിച്ച് നശിച്ചുപൊയ്ക്കൊണ്ടിരുന്നു.

കുരുമുളകുവള്ളി മൂന്നുനാലുകൊല്ലംകൊണ്ട് വളരെ ഉയരത്തിൽ പടർന്നുകയറി കായിക്കുമായിരുന്നുവെങ്കിലും അടുത്തുതന്നെ ദ്രുതവാട്ടംമൂലം നശിച്ചുപോകുമായിരുന്നു. വലിയ കുരുമുളക് തോട്ടങ്ങൾവരെ ഇങ്ങനെ പരിപൂർണ്ണമായി നശിച്ചിട്ടുണ്ട്.

റബ്ബർകൃഷിയിലും കൃഷിക്കാർ ശ്രദ്ധപതിപ്പിയ്ക്കാതിരുന്നില്ല. അത്യുത്പാദനശേഷിയില്ലാത്ത നാടൻ ഇനങ്ങൾകൊണ്ടുള്ള കൃഷി അനാദായകരമായിരുന്നു. മൂന്നുവശവും പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശം ഒരുതരത്തിലുമുള്ള പാലങ്ങൾ ഇല്ലാതിരുന്നതിനാൽ വർഷകാലത്തു മറ്റു പ്രദേശങ്ങളിൽനിന്നും ഒറ്റപ്പെട്ടുകഴിഞ്ഞിരുന്നു. വെള്ളപ്പൊക്കം കഴിഞ്ഞു വെള്ളം കുറഞ്ഞാൽ മാത്രമേ വള്ളത്തിൽകൂടി (തോണിമാർഗ്ഗം) അക്കരയിക്കരെ പോയിവരാൻ സാധിച്ചിരുന്നുള്ളൂ. ഗതാഗതസൗകര്യം അക്കാലത്തു വളരെ കുറവായിരുന്നു. കൂപ്പു റോഡുകൾ എന്നപേരിലറിയപ്പെടുന്ന സഞ്ചാരയോഗ്യമല്ലാത്ത മൺറോഡുകളായിരുന്നു അന്നുണ്ടായിരുന്നത്. വളപട്ടണം പുഴയ്ക്ക് ചരളിലും മുടയിറഞ്ഞിയിലും ആനപ്പന്തിയിലും കടവുകൾ ഉണ്ടായിരുന്നു.

ജനുവരി മുതൽ മേയ് അവസാനംവരെ പുഴകളിൽ വെള്ളം കുറയുന്നതിനാൽ ആളുകൾക്ക് ഇറങ്ങിക്കടക്കാനും വാഹനങ്ങൾക്കു സഞ്ചരിക്കാനും സാധിച്ചിരുന്നു.

കപ്പ മുതലായ കാർഷികോത്പന്നങ്ങളുടെ വിപണി പ്രധാനമായും വള്ളിത്തോടായിരുന്നു. ചുക്ക്, കുരുമുളക് മുതലായ മലഞ്ചരക്കുകൾ ചിലപ്പോൾ കർഷകർ ബസിൽ തലശേരിക്കു കയറ്റിക്കൊണ്ടുപോയി വിൽക്കുമായിരുന്നു. വർഷകാലത്ത് വള്ളത്തിൽ കടവുകടന്ന് തലച്ചുമടായും വേനൽക്കാലത്ത് കാളവണ്ടി, ലോറി മുതലായ വാഹനങ്ങളിലുമാണ് ചരക്കുകൾ വിപണിയിലെത്തിക്കുകയും ആവശ്യസാധനങ്ങൾ വാങ്ങിക്കൊണ്ടുവരികയും ചെയ്തിരുന്നത്.

ആദ്യകാലത്ത് കുടിയേറ്റക്കർഷകർക്ക് പല പ്രതിസന്ധികളെയും അഭിമുഖീകരിച്ച് അതിജാവിയ്ക്കേണ്ടിവന്നിട്ടുണ്ട്. കുടിയേറ്റത്തിന്റെ പ്രാരംഭദശയിൽ മലമ്പനി ഇവിടെ വ്യാപകമായിരുന്നു. മലമ്പനി കൊണ്ടു വളരെപ്പേർ മരിച്ചിട്ടുണ്ട്. വന്യമൃഗങ്ങ

ളുടെ ഉപദ്രവം കർഷകരെ വളരെയേറെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. കപ്പ, നെല്ല്, ചീനി മുതലായ വിളകൾ പന്നിക്കൂട്ടമിറങ്ങി നിശേഷം നശിപ്പിച്ചിട്ടുണ്ട്. അതിർത്തിയിലെ വനങ്ങളിൽനിന്നും കാട്ടാനകൾ കൂട്ടംകൂടി ഇറങ്ങിവന്ന് എല്ലാത്തരം കൃഷികൾ മാത്രല്ല, താമസിക്കുന്ന വീടുകൾവരെ നശിപ്പിക്കുമായിരുന്നു. ഇന്നും ഈ പഞ്ചായത്തിന്റെ അതിർത്തിയിലുള്ള വനങ്ങളിൽനിന്നും ആനകളിറങ്ങി പാലത്തുങ്കടവ്, കച്ചേരിക്കടവ്, തുടിമരം, കളിതട്ടുംപാറ, വാളത്തോട് എന്നീ പ്രദേശങ്ങളിൽ വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തുന്നുണ്ട്. കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് മുതലായ വന്യമൃഗങ്ങളും ഉപദ്രവകാരികളാണ്. രാജവെമ്പാല മുതലായ വിഷപ്പാമ്പുകളും കർഷകർക്കു ഭീഷണിയായിരുന്നു.

നവമ്പർ മുതൽ ഫെബ്രുവരി വരെ പശ്ചിമഘട്ടത്തിന്റെ വിടവുകളിൽക്കൂടി കടന്നുവരുന്ന ജനുവരിക്കാറ്റെന്ന പേരിലറിയപ്പെടുന്ന ഒരുതരം കിഴക്കൻ കാറ്റ് പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ശക്തിയായി വീശിയടിക്കുന്നുണ്ട്. ഈ കാറ്റ് ഇവിടെ വളരെയേറെ ഉപദ്രവം ചെയ്യുന്നുണ്ട്. കശുമാവ് പൂത്ത് അണ്ടി വിരിയാൻ തുടങ്ങുമ്പോഴാണ് കാറ്റടിക്കുന്നതെങ്കിൽ പൂവും പിഞ്ചണ്ടിയുമൊക്കെ മുഴുവനായി നശിക്കുന്നു. റബ്ബർ ടാപ്പിങ്ങിനെയും ഈ കാറ്റ് സാരമായി ബാധിക്കുന്നുണ്ട്. മരങ്ങൾ കടപുഴകി വീഴുന്നു. പുല്ലുമേഞ്ഞ വീടുകൾവരെ നശിക്കുന്നു.

പാവപ്പെട്ട കർഷകരെ 'വിലമുറിക്കൽ' എന്ന ഒരുതരം ബ്ലേഡ് സമ്പ്രദായംകൊണ്ട് പാപ്പരാക്കുന്ന ഒരു പ്രക്രിയ അന്നുണ്ടായിരുന്നു. ഇന്നുമുണ്ട്. നൂറു രൂപയ്ക്ക് പ്രതിമാസം അഞ്ചു മുതൽ പന്ത്രണ്ടു രൂപവരെ പലിശ വാങ്ങുന്ന ബ്ലേഡുകാർ ദീർഘദർശനമോ പ്ലാനിങ്ങോ ഇല്ലാത്ത പാവപ്പെട്ട കർഷകരെ വഴിയാധാരമാക്കിക്കൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങളും മറ്റു ധനകാര്യസ്ഥാപനങ്ങളും കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകി കർഷകരെ രക്ഷിക്കേണ്ടതാണ്.

കാലാവസ്ഥയുടെ പ്രാതികൂല്യംകൊണ്ടോ മറ്റോ കൃഷിനാശം സംഭവിച്ചാൽ കർഷകർ മുഴുപ്പട്ടിണിയിലായിരുന്നു. പണമുള്ളവൻ കാട്ടിൽക്കൂടി നടന്ന് കുടകിൽ ചെന്ന് അരിയും മറ്റു ഭക്ഷസാധനങ്ങളും തലച്ചുമടായി കൊണ്ടുവന്ന് പട്ടിണി മാറ്റിയിരുന്നു.

ഒന്നുമില്ലാത്ത പാവപ്പെട്ടവരുടെ ജീവിതം യാതനാനിർഭരമായിരുന്നു. ഭക്ഷ്യസാധനങ്ങൾ ഒന്നും കിട്ടാത്ത സാഹചര്യത്തിൽ കൈവശം പണമില്ലാത്ത പാവപ്പെട്ടവർ കുടുകുവനങ്ങളിൽ അക്കാലത്തു സുലഭമായുണ്ടായിരുന്ന ചൂണ്ടപ്പനയുടെ അകത്തെ മാംസളമായ ഭാഗത്തുനിന്നും തയാറാക്കി എടുക്കുന്ന പനനൂറ് പാകംചെയ്തു ഭക്ഷിച്ച് വിശപ്പടക്കിയിരുന്ന ദയനീമായകഥയും ഇന്ന് പ്രചാരത്തിലുണ്ട്.

കുരുമുളകുകൃഷി ദ്രുതവാട്ടംകൊണ്ടും കമുക് മഞ്ഞരോഗംകൊണ്ടും മഹാളികൊണ്ടും നാശോന്മുഖമായിക്കഴിഞ്ഞു. കൊമ്പൻചെല്ലിയുടെ ഉപദ്രവം തീർന്നു തെങ്ങ് തഴച്ചുവളർന്നു നല്ല കാഫലം തരുന്നുണ്ട്. എങ്കിലും കേന്ദ്രഗവൺമെന്റിന്റെ അവഗണനകൊണ്ടും മറ്റും നാളികേരത്തിന് അർഹമായ വില കിട്ടാത്തതിനാൽ കേരകർഷകർ നിരാശരാണ് (അസംതൃപ്തരാണ്). ജലസേചനം ചെയ്താൽ മാത്രമേ തെങ്ഹിന് ഉത്പാദനക്ഷമത വർധിക്കുകയുള്ളൂ. മാത്രമല്ല, ചെന്നീരൊലിച്ച് കൂമ്പുചീയൽ, ഓലയ്ക്കു മഞ്ഞളിപ്പ് മുതലായ രോഗങ്ങളും കേരകർഷകർക്കു ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുകയാണ്.

തടപഴുപ്പും പുഴുശല്യവുംമൂലം ഇഞ്ചിക്കൃഷി നഷ്ടമാണ്.

അത്യുത്പാദനശേഷിയുള്ള റബറിന്റെ കൃഷി ഇവിടെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. റബർബോർഡ് ആവശ്യമായ സാമ്പത്തികസഹായവും പ്രോത്സാഹനവും കർഷകർക്ക് യഥാസമയം നൽകിക്കൊണ്ടിരിക്കുന്നു.

കശുമാവ് കൃഷി ഇവിടെ അധഃപതിച്ചുക്കൊണ്ടിരിക്കുന്നു. കശുമാവിന്റെ കേട്, പുഴുശല്യം, കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തവും മറ്റുമുണ്ടാകുന്ന ഉത്പാദനക്കുറവ്, കുത്തകസംഭരണം പോലുള്ള കൃഷിക്കാരുടെ മേലുള്ള നിയന്ത്രണം, വരുമാനത്തിലുള്ള വമ്പിച്ച കുറവ് എന്നീ കാരണ

ങ്ങൾകൊണ്ട് കശുമാവു കർഷകർ അസംതൃപ്ത രാണ്. എല്ലാ സാഹചര്യങ്ങളും കർഷകരെ നിരുത്സാഹപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ അധികകാല താമസമെന്യെ കശുമാവ് അത്യുത്പാദന ശേഷിയുള്ള റബറിനു വഴിമാറിക്കൊടുത്താൽ അതിൽ അത്ഭുതപ്പെടാനില്ല.

മണ്ണിനെ പൊന്നാക്കിമാറ്റിയ ഒരു മഹനീയ ചരിത്രമാണ് ഇവിടുത്തെ കുടിയേറ്റ കർഷകരുടേത്. പ്രതികൂലസാഹചര്യങ്ങളെയും ഭയങ്കരമായ പ്രതിസന്ധികളെയും സധൈര്യം അഭിമുഖീകരിച്ച് കഠിനമായ പരശ്രമത്തിലൂടെ കർഷകർ എല്ലാവിധത്തിലുമുള്ള ഔന്നത്യത്തിലെത്തിച്ചേരാൻ വെമ്പൽകൊള്ളുകയാണ്.

ജനകീയാസൂത്രണത്തിലൂടെ ലക്ഷ്യസ്ഥാനത്തെത്തിചേരാനും നേട്ടങ്ങൾ കൊയ്യാനും രാഷ്ട്രത്തിനും സമൂഹത്തിനും മഹത്തായ സംഭാവനകൾ നൽകാനും കുടിയേറ്റകർഷകർക്കു കഴിയാറാകും എന്ന കാര്യത്തിൽ സംശയമില്ല.

## ഭൂവിനിയോഗം

ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 17571.50 ഹെക്ടറാണ്. അതിൽ 10874.50 ഹെക്ടറും കൃഷിക്കുപയുക്തമായ പുരയിടങ്ങളാണ്. നിലം കേവലം 5 ഹെക്ടർ മാത്രമേയുള്ളൂ. മലമ്പ്രദേശമാണ്. ഭൂമി സംബന്ധിക്കുന്ന വിവരങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്
ഭൂമിസംബന്ധിച്ച വിവരങ്ങൾ
(രജി: വില്ലേജടിസ്ഥാന വിവരങ്ങൾ)

| | ഇനം | വിസ്തീർണ്ണം(ഹെക്ടർ) |
|---|---|---|
| 1 | നിലം | 5 |
| 2 | പുരയിടം | 10874.50 |
| 3 | പുറമ്പോക്ക് (വനം) | 4610.00 |
| 4. | കൃഷിയോഗ്യ തരിശ് | 1980.00 |
| 5 | കൃഷിയോഗ്യമല്ലാത്ത തരിശ് | 102.00 |
| 6 | ആകെ | 17571.50 |

ചരിഞ്ഞ മലമ്പ്രദേശങ്ങളാണ് കൃഷിയിടങ്ങൾ. ചരൾ കലർന്ന ചെമന്ന മണ്ണും ചെങ്കല്ലും കട്ടികുറഞ്ഞ വാഴക്കല്ലും കടുപ്പമേറിയ കരിങ്കല്ലും സാധാരണമായി കാണപ്പെടുന്നു. വെള്ളാരംകല്ലും ചിലയിടങ്ങളിലുണ്ട്. പുഴയുടേയും തോടുകളുടേയും തീരത്ത് എക്കൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്. ചരൾ കലർന്ന ചെമ്മണ്ണ് കശുമാവ്, റബർ, തെങ്ങ്, മാവ്, പ്ലാവ്, കുരുമുളക് എന്നിങ്ങിനെയുള്ള കൃഷികൾക്ക് വളരെ അനുയോജ്യമാണ്. എക്കൽ കലർന്ന മണ്ണിൽ കമുകും തെങ്ങും നന്നായി വളരുന്നു. കപ്പ, ചീനി എന്നിവയുടെ കൃഷി ഇന്ന് വളരെ കുറവാണ്. ചേന, ചേമ്പ്, പച്ചക്കറികൾ, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ പുരയിടത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് കുറേശ്ശെ കൃഷിചെയ്തുവരുന്നു. പച്ചക്കറികൾ കൃഷിചെയ്ത് കമ്പോളത്തിൽ വിൽക്കുന്നവരും ഉണ്ട്. തെരുവ കൃഷി ഇന്നു പ്രചാരത്തിലില്ല. അടിയിൽ കരിങ്കല്ല് (തട്ടുപാറ) ഉള്ള ഭൂമിയിൽ കറുംപുല്ല് കൃഷികൾക്കല്ലാതെ മറ്റ് വലിയ വൃക്ഷങ്ങൾക്ക് വേരോട്ടം കുറവാണ്. വാഴക്കല്ലും ചെങ്കല്ലുംഉള്ള ഭൂമി എല്ലാവിധ കൃഷിക്കും അനുയോജ്യമാണ്.

## മണ്ണിന്റെ ഘടന

ഈ പഞ്ചായത്തിന്റെ പുഴയോരങ്ങളും ഫോറസ്റ്റിനോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലുമൊഴികെ ചെങ്കല്ല് കലർന്ന മണ്ണാണ് ഉള്ളത്. പുഴയോരങ്ങളിൽ എക്കൽമണ്ണും ഫോറസ്റ്റ് മേഖലയിൽ ഫോറസ്റ്റ്മണ്ണും കാണപ്പെടുന്നു.

## നെൽക്കൃഷി

പഞ്ചായത്തിൽ നെൽക്കൃഷി വളരെ പരിമിതമായി മാത്രമെ ചെയ്യുന്നുള്ളൂ. ആകെയുള്ള 17571.59 ഹെക്ടർ സ്ഥലത്തിൽ ഏതാണ്ട് 5 ഹെക്ടർ സ്ഥലം മാത്രമെ നെൽകൃഷിക്കനുയോജ്യമായിട്ടുള്ളൂ. രണ്ടുപൂവിലും (വീതം) കൂടെ 17000 കിലോഗ്രാം നെല്ലാണു കിട്ടുന്നത്. കീടനാശിനികളുടെ അമിതമായ ഉപയോഗം കൊണ്ടോ എന്തോ

ഇപ്പോൾ കീടങ്ങൾ കീടനാശിനികളെ അതിജീവിക്കുന്നുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. നെൽക്കൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു മനസിലാക്കാം.

3.2 വിള വിസ്തീർണ്ണവും ഉത്പാദനവും
(രജി: അടിസ്ഥാനവിവരങ്ങൾ)

| വിള | വിസ്തീർണ്ണം | മൊത്ത ഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 5 ഹെക്ടർ | 12000 KG | 2400 Kg/H |
| നെല്ല് (രണ്ടാംവിള) | 2 ഹെക്ടർ | 5000 KG | 2500 Kg/H |

## റബ്ബർ, കശുമാവ്

പഞ്ചായത്തിൽ ഏറ്റവുംകൂടുതൽ കൃഷിചെയ്യുന്ന രണ്ടു കാർഷിക വിളകളാണ് റബ്ബറും കശുമാവും. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 45 ശതമാനം റബറും 37 ശതമാനത്തോളം കശുമാവുമാണ് കൃഷിചെയ്യുന്നത്. അത്യുത്പാദനശേഷിയുള്ള നടീൽ വസ്തുക്കളാണ് ഇന്നു കർഷകർ റബ്ബർകൃഷിക്ക് ഉപയോഗിക്കുന്നത്. റബ്ബർ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി റബ്ബർ ബോർഡ് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തുകൊണ്ടിരിക്കുന്നുയെന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. നല്ലയിനം നടീൽവസ്തുക്കൾ ബോർഡിൽനിന്നും നിർദേശിക്കുന്നു. ബോർഡു നേരിട്ടു റബ്ബർതൈകൾ ബഡുചെയ്തു കർഷകർക്കിടയിൽ വിതരണം ചെയ്യുന്നു. റബ്ബർതോട്ടം യഥാസമയം വന്നു പരിശോധിച്ചു നിർദ്ദേശങ്ങൾ നൽകുകയും കർഷകർക്ക് തൃപ്തികരമായ വിധത്തിൽ സഹായധനം നൽകുകയും ചെയ്യുന്നു. ബോർഡ് നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുകയും പരിചരിക്കുകയും ചെയ്താൽ ഏഴാംവർഷം ടാപ്പു ചെയ്യാം. ഒരേക്കർ സ്ഥലത്തു റബ്ബർ വച്ചുപിടിപ്പിച്ചാൽ നാലഞ്ച് അംഗങ്ങളുള്ള വീട്ടിൽ ഒരുവിധം സുഖമായി കഴിച്ചുകൂട്ടാം എന്ന നില ഇന്നു കൈവന്നിരിക്കുകയാണ്. ഇവിടെ നവംബർ മുതൽ ഫെബ്രുവരി വരെ ആഞ്ഞടിക്കുന്ന ജനുവരിക്കാറ്റെന്ന കിഴക്കൻകാറ്റും ഇടവിടാതെ പെയ്യുന്ന കാലവർഷവും വൈകുന്നേരങ്ങളിൽ പെയ്യുന്ന തുലാവർഷവും ടാപ്പിംഗ് ദിവസങ്ങളുടെ എണ്ണം കുറയ്ക്കുന്നു എന്നതൊരു വസ്തുതയാണ്. എന്നാൽ, ശ്രമിക്കുകയാണെങ്കിൽ അതിനും പരിഹാരം കണ്ടെത്താവുന്നതേയുള്ളൂ. ആധികാരികമായി ലഭിച്ച കണക്കനുസരിച്ച് ഒരു ഹെക്ടർ സ്ഥലത്തുനിന്നും ശരാശരി കിട്ടുന്ന റബറിന്റെ തൂക്കം 1400 കിലോഗ്രാമാണ്. വിസ്തീർണ്ണം 6125 ഹെക്ടറുമാണ്.

ആദ്യകാലത്ത് ഈ പഞ്ചായത്തിലെ മണ്ണ് കശുമാവു കൃഷിക്കുമാത്രമെ കൊള്ളുകയുള്ളൂ എന്നൊരു ധാരണ സാധാരണക്കാർക്കൊക്കെ ഉണ്ടായിരുന്നു. അതുകൊണ്ട് വലിയ മുതൽമുടക്കില്ലാത്ത കൃഷിയെന്ന നിലയിൽ വ്യാപകമായ തോതിൽ ഇവിടെ കശുമാവ് കൃഷി ആരംഭിച്ചു. മറ്റു കൃഷി ചെയ്യുന്നതിനിടയിൽ ഒരു കശുവണ്ടി വിത്ത് സ്വനം താഴ്ത്തി കുഴിച്ചിട്ടാൽ വളക്കൂറുള്ള മണ്ണായതിനാൽ പെട്ടെന്നു തഴച്ചുവളർന്ന് മൂന്നാം കൊല്ലംതന്നെ ആദായം ലഭിച്ചിരുന്നു. വിലയൊക്കെ കുറവായിരുന്നെങ്കിലും കശുമാവിൽനിന്നുള്ള വരുമാനം സാധാരണ എല്ലാവർക്കുംതന്നെ ആശ്വാസപ്രദമായിരുന്നു. കാലക്രമേണ കശുമാവുകൃഷി അഭിലഷണീയമല്ലാതാകുകയാണുണ്ടായത്. പ്രധാന കാരണങ്ങൾ ഉത്പാദനത്തിലും വരുമാനത്തിലുമുണ്ടായ കുറവുതന്നെയാണ്. ലഭ്യമായ കണക്കനുസരിച്ചു പരിശോധിച്ചാൽ ഒരു ഹെക്ടറിന് 600 കിലോഗ്രാം കശുവണ്ടി മാത്രമേ കിട്ടുന്നുള്ളൂ എന്നു കാണാവുന്നതാണ്. വരുമാനം കുറഞ്ഞ ഒരു കൃഷിചെയ്യാൻ കർഷകർക്കു വൈമുഖ്യമുണ്ടാകുക സ്വാഭാവികമാണ്. അതുകൊണ്ട് കശുമാവുകൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിന് അധികൃതസ്ഥാനങ്ങളിൽനിന്നും ശക്തമായ ചില നടപടികൾ സ്വീകരിച്ചേ മതിയാകൂ.

റബ്ബറിന്റെ പരിരക്ഷയ്ക്ക് റബ്ബർ ബോർഡുള്ളതുപോലെ അടിയന്തരമായി കാഷ്യുബോർഡ് രൂപീകരിക്കുക, അത്യുത്പാദനശേഷിയുള്ള കശുമാവിൻതൈകൾ കൃഷിചെയ്യാനുള്ള സംവിധാനമു

ണ്ടാക്കുക, ശാസ്ത്രീയമായി കശുമാവുകൃഷി ചെയ്യുന്നതിനെക്കുറിച്ച് കർഷകരെ നിർദേശങ്ങൾ വഴിയായിട്ടും മറ്റും ബോധവൽക്കരിക്കുക, ഹെക്ടറൊന്നിന് ഇന്നു കിട്ടുന്ന 600 കിലോഗ്രാം എന്നത് ഹെക്ടറിന് 2500 കിലോഗ്രാമായി ഉത്പാദനം വർദ്ധിപ്പിക്കത്തക്കവിധം ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക, കശുവണ്ടി കർഷകരെ നിഷ്ക്രിയരും നിരാശരുമാക്കുന്ന കർഷകദ്രോഹപരമായ നിയമങ്ങൾ ഉപേക്ഷിക്കുക, കശുമാമ്പഴത്തിൽനിന്നും സ്ക്വാഷ്, ജാം, വിന്നാഗിരി മുതലായവ ആദായകരമായി നിർമ്മിക്കാവുന്ന വ്യവസായങ്ങൾ തുടങ്ങുക, കശുമാവുകർഷകനു സാമ്പത്തിക സഹായം നൽകുക മുതലായ നടപടികൾ സ്വീകരിച്ച് കർഷകന്റെ ആദായം വർധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇന്നത്തെ നിലയിൽ കണക്കനുസരിച്ച് ഒരു ഹെക്ടർ കശുമാവിൻതോട്ടത്തിൽനിന്നും കിട്ടുന്ന ആദായം 1996-ലെ ശരാശരി കിലോഗ്രാമിനു വിലയായ 32 രൂപവച്ചു കണക്കാക്കിയാൽ 600 X 32 = 19200 രൂപയാണ്. അതെസമയം ഒരു ഹെക്ടർ സ്ഥലത്തെ റബ്ബറിൽനിന്നും കിട്ടുന്ന ആദായം 1996-ലെ ശരാശരി വിലയായ 50 രൂപവച്ചു കൂട്ടിയാൽ 1400 x 50 = 70000/- രൂപയാണ്. 96-ൽ കിലോയ്ക്ക് റബ്ബറിന് 68 രൂപവരെ വില വന്നുവെന്നോർക്കണം. റബ്ബറിന്റെയും കശുവണ്ടിയുടെയും ആദായങ്ങൾ തമ്മിലുള്ള അന്തരം വളരെ വലുതാണെന്നു കാണാം. അതായത് കശുവണ്ടിയുടെ വരുമാനത്തിന്റെ 3.5 ഇരട്ടിയാണ് റബ്ബറിന്റെ വരുമാനം. ഒരേക്കർ കശുമാവിൻതോട്ടത്തിന്റെയും ഒരേക്കർ റബ്ബർതോട്ടത്തിന്റെയും വില തമ്മിലുള്ള അനുപാതവും ഏതാണ്ട് 1:3 ആണ്. റബ്ബർ, കശുമാവ് എന്നീ കൃഷികളെപ്പറ്റി പ്രതിപാദിക്കുന്ന പട്ടിക താഴെ കാണിക്കുന്നു.

3.2 വിള വിസ്തീർണ്ണവും ഉത്പാദനവും
(രജി: അടിസ്ഥാനവിവരങ്ങൾ)

| വിള | വിസ്തീർണ്ണം | മൊത്ത ഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടറിന്) |
|---|---|---|---|
| കശുമാവ് | 5026 ഹെ. | 3015600 Kg. | 600 KG/H |
| റബ്ബർ | 6125 ഹെ. | 8575000 KG | 1400 KG/H |

## തെങ്ങ്

ജലസേചന സൗകര്യമുണ്ടെങ്കിൽ വളരെ ഏറെ ഉത്പാദനം പ്രതീക്ഷിക്കാവുന്ന ഒന്നാണ് ഈ പഞ്ചായത്തിലെ തെങ്ങുകൃഷി. തെങ്ങു കൃഷിയ്ക്കു വളരെ അനുയോജ്യമാണ് ചെരിവുണ്ടെങ്കിലും ഇവിടുത്തെ ചരൾ കലർന്ന ചെമ്മണ്ണും ഇളക്കുകല്ലുള്ള (വാഴക്കല്ല്) മണ്ണും, ചെങ്കല്ലോടുകൂടിയ മണ്ണും. ജൈവവളവും അതിനു ജോയിച്ച അനുപാതത്തിൽ രാസവളവും തെങ്ങിനായവശ്യാമാണ്. കിളയ്ക്കുക, തടംതുറക്കുക, കൊത്തിമൂടുക മുതലായ പരിചരണങ്ങൾ തെങ്ങിനാവശ്യമാണ്. ഇടവിളകളായി വാഴ. ചേന, ചേമ്പ് മറ്റു പച്ചക്കറികൾ മുതലായവ ആദായകരമായി ഇപ്പോൾ കൃഷിചെയ്യുന്നുണ്ട്.

ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ വാഴക്കൃഷി ഊർജിതമായി ചെയ്യുന്നുണ്ട്. ചരിഞ്ഞ കുന്നിൽപ്രദേശങ്ങളിൽ വാഴക്കൃഷി ആദായകരമായി നടത്തുന്നു. ആവശ്യത്തിന് ജൈവവളവും രാസവളവും ഉപയോഗിക്കുകയും ജലസേചനം നടത്തുകയും ചെയ്യുന്നതിന് സാമ്പത്തിക സഹായങ്ങൾ സഹകരണസ്ഥാപനങ്ങളും മറ്റും നൽകുന്നുണ്ട്. വിശദവിവരത്തിന് താഴെ കൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | റൂട്ട്‌വിൽറ്റ് | ലീഫ്റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| I | 554 | 6675 | 2675 | 9350 | 3 | – | 18 | | – | 21 |
| II | 75 | 9250 | 3500 | 12750 | 4 | – | 32 | – | – | 36 |
| III | 110 | 14325 | 4375 | 18700 | 2 | – | 29 | – | – | 31 |
| IV | 125 | 19150 | 2100 | 21250 | 6 | – | 27 | – | – | 33 |
| V | 90 | 11150 | 4150 | 15300 | 1 | – | 21 | – | – | 22 |
| VI | 130 | 20050 | 2050 | 22100 | – | 22 | – | – | 22 | |
| VII | 155 | 23200 | 3150 | 56350 | 3 | – | 30 | – | – | 33 |
| VIII | 85 | 13350 | 1100 | 14450 | 1 | – | 23 | – | – | 26 |
| IX | 40 | 5400 | 1400 | 6800 | 4 | – | 22 | – | – | 26 |
| X | 35 | 4775. | 1175 | 5150 | 2 | – | 26 | – | – | 28 |

## വളം

മൊത്തം കൃഷിക്ക് ഉപയോഗിക്കുന്നതിൽ 80 ശതമാനം ഇപ്പോൾ രാസവളങ്ങളാണ്. ജൈവവളങ്ങളുടെ അപര്യാപ്തതയും രാസവളങ്ങളുടെ വില വർധനവും കാര്യമായിതന്നെ ഉത്പാദനത്തെ ബാധിച്ചിട്ടുണ്ട്. മുമ്പ് പച്ചിലവളങ്ങളും മറ്റു ജൈവ വളങ്ങളും ധാരാളം ലഭിച്ചിരുന്നതിനാൽ ഇഞ്ചി ക്കൃഷിപോലുള്ള കൃഷികൾ വൻതോതിൽ ലാഭകരമായി നടത്തിയിരുന്നു. ഇന്ന് ഇവ തീർത്തും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

## കീടനാശിനി

നെല്ല്, പച്ചക്കറികൾ, വാഴ, കശുമാവ്, റബ്ബർ മുതലായ വിളകൾക്ക് വ്യാപകമായതോതിൽ ഇന്ന് കീടനാശിനികൾ പ്രയോഗിക്കുന്നുണ്ട്. ശാസ്ത്രീയമായ രീതിയിലുള്ള ഇവയുടെ പ്രയോഗത്തെക്കുറിച്ചുള്ള അറിവില്ലായ്മ അമിതമായ തോതിലുള്ള പ്രയോഗത്തിനും വികലമായ കൈകാര്യം ചെയ്യലിനും കാരണമായിട്ടുണ്ട്.

ലഭ്യമായ കൃഷിഭവൻ രേഖപ്രകാരമുള്ള കീടനാശിനിയുടെ വിതരണം ചുവടെ ചേർക്കുന്നു.

രാസവള–കീടനാശിനി വിതരണം

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | Kg | Lt | Kg | Kg | Lt | Kg | Kg | Lt | Kg |
| 1 | സഹകരണം | 279185 | 350 | 115 | 309466 | 396 | 123 | 344568 | 416 | 128 |
| 2 | സ്വകാര്യം | 128216 | 160 | 109 | 130150 | 174 | 86 | 150284 | 210 | 116 |

## കാർഷികോപകരണങ്ങൾ

ഈ പ്രദേശങ്ങളിൽ ഇപ്പോൾ നാടൻ രീതിയിലുള്ള കാർഷികോപകരണങ്ങളാണ് കൂടുതലായി ഉപയോഗിക്കുന്നത്. റോക്ക് സ്പ്രയർ, നാപ്സ്റ്റക്ക് സ്പ്രയർ, പവ്വർ സ്പ്രയർ തുടങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. ഇവയുടെ ലഭ്യമായ കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ടാർക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രയർ | നാപ്സ് താക്ക്- സ്പ്രയർ | മറ്റു- ള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പ്രൊട്ടബിൾ പമ്പി സെറ്റ് |
| | | | | | | | 8 | 9 | 10 |
| | ഇല്ല | ഇല്ല | ഇല്ല | 417 | 139 | 8 | ഇല്ല | 25 | - |

## കൂലിനിരക്ക്

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, സാമൂഹ്യമായ പ്രശ്നങ്ങൾ, ഉയർന്ന കൂലിനിരക്കിലുള്ള നിർമ്മാണപ്രവർത്തനമേഖലയിലെ ദ്രുതഗതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽ പെടുന്നു. ഏകദേശം - കർഷകത്തൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി പുരുഷന് 90 രൂപയും സ്ത്രീക്ക് 60 രൂപയുമാണ്.

## കാർഷികവായ്പ

സഹകരണ മേഖലയിൽ ഒരു ഹെഡ്ഡോഫീസും രണ്ടു ബ്രാഞ്ചുകളുമടക്കം മൂന്ന് സഹകരണ സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിന്റെ പരിധിയിലുള്ളത്. കൂടാതെ നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്, കനറാബാങ്ക്, സ്റ്റേറ്റ് ബാങ്ക്, നെടുങ്ങാടി ബാങ്ക്, ഫെഡറൽ ബാങ്ക്, ഭൂപണയബാങ്ക് മുതലായ ബാങ്കുകളും കൃഷിക്കാർക്ക് വേണ്ടവിധത്തിലുള്ള വായ്പകൾ നൽകാറുണ്ട്. എന്നാൽ, ഇവയുടെ ഉപയോഗം ശരിയായ രീതിയിലല്ല എന്നാണ് പൊതുവെയുള്ള അഭിപ്രായം.

## ജലസേചനം

ധാരാളം മഴ ലഭിക്കുന്ന പ്രദേശമാണ് അയ്യൻകുന്ന്. അതുപോലെതന്നെ ധാരാളം തോടുകളും കൈത്തോടുകളും ബാരാപ്പുഴയും ഈ പ്രദേശത്തിലൂടെ കടന്നുപോകുന്നു. സാധാരണയായി രണ്ടുഘട്ടങ്ങളിലാണ് മഴലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന മൺസൂൺ മഴയും അതിനുശേഷമുള്ള തുലാവർഷവും ശരാശരി വർഷത്തിൽ 4418.00 മില്ലി മീറ്റർ മഴ ലഭിക്കുന്നു.

വലിയ കുന്നിൻമുകളിൽനിന്ന് ഉദ്ഭവിച്ച് ധാരാളം ചെറു തോടുകളുമായി ചേർന്ന് ബാരാപ്പുഴയിൽ ലയിക്കുന്ന പ്രധാനമായ നാല് തോടുകളാണ് ഈ പഞ്ചായത്തിലുള്ളത്. കുത്തനെയുള്ള കുന്നിൻചെരുവുകൾ ആയതിനാൽ മൺസൂൺ കാലത്തുണ്ടാകുന്ന മഴമൂലം ഉരുൾപൊട്ടലും കൃഷിനാശനവും എല്ലാവർഷവും സർവസാധാരണമാണ്. ഇതിനായി കാര്യമായ യാതൊരു പ്രതിവിധിയും ചെയ്തിട്ടില്ല. അതുപോലെതന്നെ ഇത്രയും ജലസമ്പത്ത് ഉണ്ടെങ്കിലും അതിനെ തടഞ്ഞു നിർത്തി കാര്യമായ രീതിയിലുള്ള ജലസേചന പ്രവർത്തനങ്ങൾ ഒന്നുംതന്നെയുമില്ല. ചുരുക്കം ആൾക്കാർ ചെറിയ മൺചിറകൾ കെട്ടി ജലസേചനം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ തോടിനു കുറുകെ ഒരു ഡൈവേർഷൻ, രണ്ട് VCB-യും - ഉണ്ടായിരുന്നതിൽ ഒരു VCB ഒഴികെ രണ്ടും ഉപയോഗയോഗ്യമല്ല. ധാരാളം സാധ്യതകൾ ഈ മേഖലയിൽ ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട മൈനർ ഇറിഗേഷൻ

ഓഫീസ് പഞ്ചായത്തിൽ നിന്നും വളരെ ദൂരെ ആയതുകൊണ്ട് (ഏകദേശം 30 കി.മീ.) ജനങ്ങൾക്ക് അവിടവുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടുണ്ട്. ഇത്തരത്തിലുള്ള സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിൽ 35 ശതമാനത്തോളം വരുന്ന പ്രദേശങ്ങൾ ജലസേചന സൗകര്യമുള്ളതാക്കി മാറ്റാൻകഴിയും.

തോടുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

## തോടുകൾ

ഈ പഞ്ചായത്തിൽ ബാരാപ്പുഴയും നാല് ചെറിയ പുഴകളും ഏതാണ്ട് 59 തോടുകളും ഉണ്ട്. ഇവയുടെ വിസ്തൃതി വില്ലേജ് രജിസ്റ്റർ പ്രകാരം ഏതാണ്ട് 507.07 ഹെക്ടർ ആണ്.

## കുളങ്ങൾ

വലുതും ചെറുതുമായി ഒട്ടനവധി കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പൊതുമേഖലയിൽ മൂന്നും ബാക്കി സ്വകാര്യമേഖയിലുമാണ്. ധാരാളം ജലസ്ത്രോതസുകൾ ഉള്ള പ്രദേശമാകയാൽ ഒട്ടനവധി പുതിയ കുളങ്ങൾ കുഴിക്കുവാൻ സാധ്യതയുമുണ്ട്.

## മണ്ണ്-ജല സംരക്ഷണം

ചരിഞ്ഞ കുന്നിൻപ്രദേശങ്ങൾ തട്ടുകളായി തിരിച്ച് കയ്യാലകൾ നിർമിച്ച് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ ചെയ്തുപോന്നിരുന്നു. ഇപ്പോൾ കൂടുതൽ പ്രദേശങ്ങൾ നീർമറി പദ്ധതിയിൽപ്പെടുത്തി കയ്യാലകൾ നിർമ്മിക്കുന്നതിന് കർഷകന് സഹായം നൽകുന്നുണ്ടെങ്കിലും ഭാഗികമായി മാത്രമേ ഇത് നടപ്പിൽ വരുത്താൻ സാധിച്ചിട്ടുള്ളൂ. കഴിഞ്ഞവർഷത്തെ കണക്കനുസരിച്ച് ഈ പ്രദേശത്ത് ലഭിച്ച മഴയുടെ തോത് 4418 മില്ലിമീറ്റർ ആണ്. റബ്ബർകൃഷി വ്യാപകമായതോടെ കർഷകൻ റബ്ബർതോട്ടം തട്ടുകളായി തിരിച്ച് ഫ്ളാറ്റ്ഫോം വെട്ടുന്നതുമൂലം മണ്ണ്-ജല സംരക്ഷണം ഒരു പരിധിവരെ ഈ പ്രദേശങ്ങളിൽ സാധിച്ചിട്ടുണ്ട്.

## നഴ്സറികൾ

സ്വകാര്യമേഖലയിൽ ചെറിയതോതിൽ നടത്തുന്ന ഒന്നുരണ്ട് നഴ്സറികൾ ഉണ്ടെങ്കിലും കാര്യമായ പ്രയോജനം ലഭിക്കാറില്ലാ.

## കൃഷിഭവൻ

01-09-1987-ലാണ് കൃഷിഭവൻ ഈ പഞ്ചായത്തിൽ നിലവിൽവന്നത്. കൃഷിയെമാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു ഒരു മേഖലയാണിത്.

ഇത്രയും വിസ്തൃതമായ ഒരു പഞ്ചായത്തിൽ (പഞ്ചായത്തിന്റെ വിസ്തീർണ്ണം 1757.59 Hect.) കേവലം മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറും തീരെ അപര്യാപ്തമാണ്. ആയതിനാൽ തന്നെ കൃഷിഭവന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വേണ്ടസമയത്ത് വേണ്ടവിധത്തിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. തികച്ചും അശാസ്ത്രീയമായ രീതിയിലുള്ള കൃഷി ഉത്പാദനവർദ്ധനവിൽ കാര്യമായ കുറവിനു കാരണമായിട്ടുണ്ട്. മെച്ചപ്പെട്ട വിത്തിനങ്ങൾ യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിനോ വേണ്ടരീതിയിൽ കൃഷിചെയ്യുന്നതിനോ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുവാനോ കൃഷിഭവനു സാധിക്കാതെ വരുന്നു. കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

നടീൽവസ്തു വിവരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 710 | 1118 | 700 |
| കശുമാവ് | 6000 | - | - |
| കുരുമുളക് | 2800 | 10500 | 11950 |
| കവുങ്ങ് | 250 | - | 500 |
| കശുമാവ് ഗ്രാഫ്റ്റ് | 1079 | 2460 | 2350 |

കൃഷിഭവൻ മുഖേന വിതരണം ചെയ്ത ദുരിതാശ്വാസ വിതരണത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു

| വർഷം | പ്രശ്നബാധിതപ്രദേശത്തെ വിസ്തീർണ്ണം (Hq) | | | | ധനസഹായംലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | | | | | | |
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1993-94 | - | - | - | - | - | - |
| 1994-95 | - | - | 6 ഹെ. | - | 83 | 64084.00 |
| 1995-96 | - | - | 8 ഹെ. | - | 58 | 90226.00 |

## പ്രശ്നങ്ങൾ

തികച്ചും കാർഷികമേഖലയായ ഈ പഞ്ചായത്തിൽ കാർഷികോത്പാദന കുറവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളെ കർഷകർക്ക് അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന അത്തരം പ്രശ്നങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു.

1. ധാരാളം ജലസമ്പത്തുണ്ടെങ്കിലും ജലസേചനസൗകര്യങ്ങൾ കാര്യമായി ഉപയോഗിക്കുന്നില്ല.
2. പഞ്ചായത്തിന്റെ ഫോറസ്റ്റിനോട് ചേർന്നുകിടക്കുന്ന ഒന്ന്, മൂന്ന്, അഞ്ച്, പത്ത് വാർഡുകളിൽ വന്യമൃഗങ്ങളുടെ ശല്യംമൂലം ഓരോ വർഷവും ധാരാളം കൃഷിനാശം സംഭവിക്കുന്നു.
3. മിക്ക കൃഷികൾക്കും ഉത്പാദന ക്ഷമതയിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നു.
4. കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ അഭാവംമൂലം കർഷകർക്ക് അർഹിക്കുന്നവിധത്തിലുള്ള വില പലപ്പോഴും ലഭിക്കാറില്ല.
5. ഉയർന്ന കുന്നിൻചെരിവുള്ള പ്രദേശങ്ങളാകയാൽ മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമാണ്.
6. തെങ്ങിന് കൂമ്പുചീയൽ, കവുങ്ങിന് മഞ്ഞരോഗം, മഹാളി, കുരുമുളകിന് ദ്രുതവാട്ടം, കശുമാവിന് പുഴശല്യം, ഇലകരിച്ചിൽ തുടങ്ങി മിക്ക വിളകൾക്കും കീടരോഗങ്ങൾ ഉണ്ടാകുന്നു.
7. വിസ്തൃതമായ പഞ്ചായത്തിൽ ചുരുങ്ങിയ എണ്ണം കൃഷി ഉദ്യോഗസ്ഥന്മാർക്ക് യഥാസമയം എല്ലാ ഭാഗങ്ങളിലും എത്താൻ കഴിയുന്നില്ല.
8. കൈവശഭൂമിക്ക് പട്ടയം ഇല്ലാത്ത ധാരാളം കൃഷിക്കാരുണ്ട്.
9. കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
10. കശുവണ്ടിയുടെ കുത്തകസംഭരണംമൂലം കർഷകന് ന്യായമായ വില ലഭിക്കുന്നില്ല.
11. മണ്ണു പരിശോധനയ്ക്കുള്ള സാഹചര്യം ഇപ്പോൾ കുറവാണ്.
12. കർഷകതൊഴിലാളികളുടെ കുറവനുഭവ

പ്പെടുന്നു.

13. പുഷ്പകൃഷിപോലുള്ള കൃഷികൾ ആരംഭി ച്ചിട്ടില്ല.

14. ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിക്കു ന്നില്ല.

15. എലിശല്യംമൂലം പഞ്ചായത്തിൽ രൂക്ഷമായ ഉത്പാദനക്കുറവ് അനുഭവപ്പെടുന്നു.

16. കാർഷികോത്പന്നങ്ങൾ പഞ്ചായത്തിനു ള്ളിൽതന്നെ വിറ്റഴിക്കാൻ സംവിധാനമില്ലാത്തതി നാൽ ഇടനിലക്കാരുടെ ചൂഷണത്തിന് കർഷകർ വിധേയരാകുന്നു.

17. പുല്ലൻപാറതട്ട്, അട്ടയോലി, ഉരുപ്പുംകുറ്റി, ആയാംകുടി മുതലായ സ്ഥലങ്ങളിൽ തരിശുഭൂമി പാഴായികിടക്കുന്നു.

18. തോടുകളുടെ തീരങ്ങൾ അനധികൃതമായി കയ്യേറിയിരിക്കുന്നു.

19. വേനൽക്കാലത്ത് തോടുകളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

20. കാറ്റ്, മറ്റു പ്രതികൂല സാഹചര്യങ്ങൾ എന്നി വമൂലം കൃഷിനാശം സംഭവിക്കുന്നതുകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

21. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിക്ക് നിലവിൽ ആനുകൂല്യം ഇല്ല.

22. ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തി നാവശ്യമായ സസ്യങ്ങളുടെ ദൗർലഭ്യം.

## സാധ്യതകൾ

I. പഞ്ചായത്തിന്റെ കാർഷികമേഖല നേരിടുന്ന മുഖ്യപ്രശ്നം ജലസേചനത്തിന്റെ അപര്യാപ്തത യാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പി ക്കുന്നു. ഇത് പരിഹരിക്കന്നതിനുവേണ്ടി ഗ്രാമസഭ കളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങൾ വാർഡ് അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

### വാർഡ് 1

1. പാലത്തുംകടവ്, മാക്കണ്ടി, പാറക്കാമല, വള വുപാറ എന്നിവിടങ്ങളിൽ കുളങ്ങൾ നിർമിക്കുക.

2. പാലത്തുംകടവിൽ ബാരാപ്പുഴയ്ക്ക് ബണ്ട് നിർമ്മിച്ച് ജലസേചനം നടത്തുക.

3. മുടിക്കയത്ത് ലിഫ്ട് ഇറിഗേഷൻ നടപ്പാ ക്കുക.

4. തോട്ടമറ്റംതോട്, ചക്കാനിക്കുന്നേൽതോട്, മുടിക്കയംതോട്, ഇലവുങ്കൽ തോട് എന്നിവിടങ്ങ ളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചനസൗ കര്യവും വെള്ളത്തിന്റെ ലഭ്യതയും ഉറപ്പാക്കുക.

### വാർഡ് 2

1. വാർഡിൽ ജലസേചനസൗകര്യം വാർദ്ധിപ്പി ക്കുന്നതിന് 22–ഓളം കുളങ്ങൾക്ക് സാധ്യതയുണ്ട്.

2. ഒ.സി. ജംഗ്ഷന് സമീപം (ഇഞ്ചപ്പാറയിൽ) നീലിയറപ്പാറ, തെനംകാലതോട് എന്നിവിടങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുക.

3. ചരൾതോട്ടിൽ കാരക്കാട്ട് ജംഗ്ഷൻ, പാല ക്കൽ ജംഗ്ഷൻ, മുരിക്കുംകരി ഭാഗം എന്നിവിട ങ്ങളിൽ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിക്കുക.

4. ചരൾപുഴയിൽ കൂത്താട്ടുകുളം ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ 105 ഹെക്ടറോളം സ്ഥലത്ത് ജലസേചനം നടത്തു വാൻ കഴിയും.

### വാർഡ് 3

1. ജലസേചനത്തിന് 11–ഓളം കുളങ്ങൾ നിർമ്മി ക്കുക.

2. പാത്തിപ്പാറ, കരി, വാളത്തോട്, തുടിമരം, പാത്തിപ്പാറ, രണ്ടാംകടവ് എന്നിവിടങ്ങളിൽ നാച്ചു റൽ സ്പ്രിംഗ് പദ്ധതി നടപ്പാക്കുക.

3. രണ്ടാംകടവിലെ നിലവിലുള്ള ഡാം റിപ്പയർ ചെയ്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്താം.

### വാർഡ് 4

1. ഏഴ് കുളങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

2. മൂടയരിഞ്ഞിതോട്ടിൽ കുരിക്കൽ ജംഗ്ഷൻ, പൊതീട്ടയിൽ ജംഗ്ഷൻ, വട്ടമറ്റം ജംഗ്ഷൻ എന്നി വിടങ്ങളിലും ചരൾതോടിന് പുളിച്ചുമാക്കലൽ

ജംഗ്ഷനിലും ചെക്ക് ഡാം നിർമ്മിക്കുക.

3. കുണ്ടൂർ പുഴയ്ക്ക് ഓടിച്ചുകുന്ന് ഭാഗത്ത് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിക്കുക.

**വാർഡ് 5**

1. ഏഴാംകടവ്, ഞെട്ടിത്തോട് പുഴകളിൽ ബണ്ട് നിർമ്മിക്കുക.

2. ആയാംകുടി, അട്ടയോലി, ഈത്തുംകരി, ഇരുപ്പുംകുറ്റി, മണിമരുതുംചാൽ, നിരങ്ങുംപാറ, അങ്ങാടിക്കടവ്, ഏഴാംകടവ്, ഞെട്ടിത്തോട് എന്നിവിടങ്ങളിൽ നാച്ചുറൽ സ്പ്രിംഗ് പദ്ധതി നടപ്പാക്കുക.

3. അങ്ങാടിക്കടവ്-പൂവ്വത്തിങ്കൽ ജംഗ്ഷനിൽ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിച്ചാൽ കൂടുതൽ പ്രദേശത്ത് വെള്ളം എത്തിക്കാൻ കഴിയും.

**വാർഡ് 6**

1. വാർഡിൽ 11 കുളങ്ങൾ നിർമ്മിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.

2. ഉഴുത്തുവാൽ തോമസിന്റെ കൃഷിയിടത്തിന്റെ ഭാഗത്ത് നാച്ചുറൽ സ്പ്രിംഗ് പദ്ധതി നടപ്പാക്കുക.

3. കഞ്ഞിപ്പാറ, ആനപ്പന്തി, കാഞ്ഞമല ജംഗ്ഷൻ എന്നിവിടങ്ങളിലും കാക്കത്തോട്ടിൽ തറയിൽ ജംഗ്ഷൻ, കുണ്ടൂർ പുഴയിൽ വെള്ളാട് ജംഗ്ഷൻ എന്നിവിടങ്ങളിലും ക്രോസ്ബാർ നിർമ്മിക്കുക.

4. വാഴക്കുണ്ട്, പനക്കര ഭാഗങ്ങളിൽ കൃഷിഭവൻ മുഖേന ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

**വാർഡ് 7**

1. മുണ്ടയാംപറമ്പ് ഭാഗത്ത് 8 കുളം നിർമ്മിക്കുന്നതിന് നിർദ്ദേശം ഉണ്ട്.

2. വെമ്പുഴക്ക് നടുക്കുനി ഭാഗത്തും കാക്കത്തോട് റോഡ് കടവ് ഭാഗത്തും വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിച്ചാൽ ഒരു പരിധിവരെ വാർഡിലെ ജലസേചന പ്രശ്നം പരിഹിക്കുവാൻ കഴിയും.

**വാർഡ് 8**

1. വാർഡിൽ ഏകദേശം 8 പൊതുകുളങ്ങൾ നിർമ്മിച്ചാൽ ജലസേജനം മെച്ചപ്പെടുത്തുവാൻ കഴിയും.

2. ഇന്തുംകരി റൂട്ടിൽ കൂമൻതോട്ടിൽ കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി കൃഷിഭവൻ മുഖേന നടപ്പാക്കുക.

3. കൂമൻതോട്, വെന്തചാപ്പ എന്നിവിടങ്ങളിലും വെമ്പുഴതോടിന് കരിക്കോട്ടക്കരി പി.എച്ച്.സി. റോഡിൽ വി.സെ. കം ബ്രിഡ്ജ് നിർമ്മിക്കുക.

**വാർഡ് 9**

1. വാർഡിൽ ആറോളം പൊതുകുളങ്ങൾ നിർമ്മിക്കുക.

2. ചാലിയംതോട്ടിൽ ഹരിജൻ കോളനിഭാഗത്ത് വടക്കേക്കര ജംഗ്ഷൻ, മച്ചിത്താനി ജംഗ്ഷൻ, മടത്തിപ്പുറത്ത് ജംഗ്ഷൻ, കോലാക്കലൻ ജംഗ്ഷൻ, കാവുങ്കൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ ബണ്ട് നിർമ്മിക്കുക.

3. വാലൻകരി-കമ്പനിറത്ത് റോഡിൽ കാക്കത്തോടിന് വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിക്കുക.

**വാർഡ് 10**

1. വാർഡിൽ നരിപ്പാനിക്കൽ തോട് (വാളത്തോട്) രാജഗിരിതോട്, എടപ്പുഴതോട്, പാറക്കാപ്പാറ തോട് എന്നിവിടങ്ങളിൽ ചീർപ്പുകൾ നിർമ്മിക്കുക.

2. 10-ഓളം നാച്ചുറൽ സ്പ്രിംഗ് പദ്ധതികൾക്ക് സാധ്യതയുണ്ട്. ഫോറസ്റ്റിനോട് ചേർന്ന പ്രദേശങ്ങളിൽ വൈദ്യുതി ഉപയോഗിച്ചോ സോളാർ വൈദ്യുതി ഉപയോഗിച്ചോ കമ്പവേലി നിർമ്മിച്ച് കാട്ടുമൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുകയും കൃഷി

നാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

3. a. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്കാരന് ലഭ്യമാക്കുക.

b. പഞ്ചായത്ത് തലത്തിൽ അംഗീകൃത നേഴ്സറി ഏർപ്പെടുത്തുക.

c. സബ്സിഡിയോടുകൂടി വളങ്ങൾ, വിത്തുകൾ, വായ്പാ സൗകര്യം എന്നിവ ഏർപ്പെടുത്തുക.

d. വിത്ത്ബാങ്ക് പോലുള്ള സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

4. കശുമാവിന്റെ ഉത്പന്നങ്ങളിൽനിന്ന് പരിപ്പ് സംസ്കരണം. മാമ്പഴത്തിൽനിന്ന് ജാം, ജ്യൂസ്, വിനാഗിരി, സ്ക്വാഷ് തുടങ്ങിയവ നിർമ്മിക്കാനുള്ള ഫാക്ടറികൾ സ്ഥാപിക്കുക. റബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുക. തേങ്ങയുടെ തൊണ്ട്, ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

5. പശ്ചിമഘട്ട വികസന പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിൽ സാധ്യമായ സ്ഥലത്ത് നീർമറി പദ്ധതി നടപ്പാക്കുക.

6. കീടനാശിനികൾ, സസ്യസംരക്ഷണോപകരണങ്ഹൾ സബ്സിഡിയോടുകൂടി കൊടുക്കുക, ഇവയുടെ ഫലപ്രദമായ ഉപയോഗത്തിനുവേണ്ട വിദഗ്ധ നിർദേശങ്ങൾ നൽകുക.

7. കൃഷിഭവനിൽ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുക.

8. കർഷകന്റെ കൈവശഭൂമി സർവേചെയ്ത് പട്ടയം അനുവദിക്കുക.

9. കാർഷികോത്പന്നങ്ങൾ മൊത്തമായി സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആഴ്ചചന്തകൾപോലുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുക.

10. കശുവണ്ടിയുടെ കുത്തകസംഭരണം ഉപേക്ഷിച്ച് പൊതുവിപണി ഏർപ്പെടുത്തുക.

11. പഞ്ചായത്തടിസ്ഥാനത്തിൽ മണ്ണ് പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുക.

12. കാർഷികമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുകയും അതിന് സബ്സിഡി ഏർപ്പെത്തുകയും ചെയ്യുക.

13. അനുയോജ്യമായ മേഖലകളിൽ കുമിൾ, പുഷ്പകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.

14. അനുയോജ്യമായ സ്ഥലങ്ങളിൽ കൂട്ടമായും അല്ലാതെയുമുള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുകയും വിത്ത്, വായ്പാസൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

15. പഞ്ചായത്ത്തലത്തിൽ എലി നശീകരണത്തിനുള്ള കൂട്ടായ ശ്രമങ്ങൾക്ക് വേണ്ട സഹായം ഏർപ്പെടുത്തുക.

16. പഞ്ചായത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ പഞ്ചായത്തിൽതന്നെ വിറ്റഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

17. തരിശുഭൂമി കൃഷിക്കുപയുക്തമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

18. തോടുകളുടെ തീരങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കുകയും തോടുകളുടെ ഇരുവശത്തുമുള്ള മരങ്ങൾ മാർക്ക് ചെയ്യുകയും ഇല്ലാത്ത സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്യുക.

19. പമ്പ് സെറ്റുകളുടെ അമിത ഉപയോഗം നിയന്ത്രിക്കുകയും ചെക്ക്ഡാം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക.

20. പ്രതികൂല സാഹചര്യങ്ങൾമൂലം കൃഷിനാശം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുകയും വായ്പ തിരിച്ചുപിടിക്കാൻ സാവകാശവും പരിശ ഇളവും അനുവദിക്കുകയും ചെയ്യുക.

21. കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് സൗജന്യം ഏർപ്പെടുത്തുക.

22. ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

23. കൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം നടത്തണം.

24. പഞ്ചായത്തിന്റെ ആവശ്യമായ മുഴുവൻ ഭാഗങ്ങളും നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തണം.



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം:

പശു എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളെ വളർത്തുന്നുണ്ട്. വളർത്തു പക്ഷകളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവിനേയും വളർത്തുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ-പശുക്കളും- എരുമകളും ആടുകളും ഉഴവുകാളകളുമാണുള്ളത്. ഇറച്ചിക്ക് വേണ്ടിയല്ലെങ്കിലും മുയലുകളെയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 95% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി വളരെ കുറഞ്ഞതും, കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. പട്ടിക-1 കാണുക. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തി. റോഡുകളും വാഹനങ്ങളും വർധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം ഇല്ലാതായി.

1996-ലെ സാമൂഹിക-സാമ്പത്തിക സർവേ പ്രകാരം പ്രതിവർഷം 4.5 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്. ഉത്പാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിത്തീറ്റയുടെ വിലവർധവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലി വളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. അയ്യംകുന്ന് പഞ്ചായത്തിൽ നിലവിൽ 4 പാൽ സൊസൈറ്റികൾ ഉണ്ട്.

പട്ടിക 1

**വളർത്തുമൃഗങ്ങളും പക്ഷികളും**

| മൃഗങ്ങളുടെ ഇനം | 1992 | 1996 |
|---|---|---|
| പശു | 4032 | 4962 |
| എരുമ | 120 | 98 |
| പട്ടി | 2002 | 2500 |
| ആട് | 3800 | 5371 |
| കോഴി | 180320 | 22390 |
| താറാവ് | 153 | 183 |
| പൂച്ച | 2038 | 2728 |
| പന്നി | 338 | 393 |

(അവലംബം കുടുംബസർവേ)

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് ചരൾ

എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. അയ്യംകുന്ന് പഞ്ചായത്തിലെ 6, 7, 8, 9, 10 എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗംവന്നാൽ 10 കി.മീ. ദൂരെയുള്ള ചരളിലെ സ്ഥിരമായി ഡോക്ടർ ഇല്ലാത്ത മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. സമയത്ത് ചികിത്സകിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകാറുണ്ട്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥ മാറ്റത്തിനനസരിച്ച്) എന്നിവയാണ്. രോഗപ്രതിരോധനടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുന്നതിന് തടസമാകുന്നുണ്ട്.

അയ്യംകുന്ന് പഞ്ചായത്തിൽ നിരവധി ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതുസംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനുംവേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരുഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണവകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള സബ്സീഡി ജനങ്ങൾക്ക് നൽകണം.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലിവളത്തിലൂടെ കഴിയുമെങ്കിലും പൊതുവിൽ (പ്രത്യേകിച്ച് നെൽകൃഷി) ഇല്ലാതായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു.

ഇന്ന് മിക്കവാറും വീടുകളിലും കോഴിവളർത്തൽ ഉണ്ട്. എന്നാൽ ഇന്ന് ആധുനികരീതിയിൽ കോഴിവളർത്തൽ ഇല്ലാത്തതിനാൽ ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴി വളർത്തലിന് വൻ സാധ്യതുണ്ടെന്നാണ് ഇതിൽനിന്നും വ്യക്താകുന്നത്. വിശാലമായ പുഴയോരം ഉള്ളതിനാൽ താറാവ് വളർത്തലിന് ചെറിയ സാധ്യതയുണ്ട്.

മുഖ്യമായും കൗതുകത്തിനുവേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നത് വളരെ കുറവാണ്. പ്രത്യുത്പാദന നിരക്ക് കൂടുതൽ ആയതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരാമായിരിക്കും. അതുകൊണ്ട് മുയൽവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## പ്രധാനപ്രശ്നങ്ങൾ:

1.കാലിത്തീറ്റയുടെ വിലകൂടുതൽ

2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്

3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4. കോഴിവസന്തരോഗം തടയാൻ ഫലപ്രദായ സംവിധാനമില്ലാത്തതിനാൽ, കോഴി വളർത്തൽ നിരുത്സാഹപ്പെടുന്നു.

5. ക്ഷീര വിപണനത്തിനുള സൗകര്യങ്ങൾ കുറവാണ്.

6. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.

7. കാലികളെ വളർത്തുന്നതിന് സാമ്പത്തികസഹായം ലഭിക്കാൻ പ്രയാസം.

8. പാൽ വില നിർണയത്തിൽ അപാകതയുണ്ട്.

9. അത്യുന്ദാദനശേഷിയുള്ള പശുക്കൾ ഇല്ല.

10. ഗോബർ ക്യാസ് പ്ലാന്റുകൾ ഇല്ല.

## സാധ്യതകൾ

ഓരോ വാർഡിലും പ്രാദേശിക സർവേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. വിതരണത്തിനുശേഷം മിച്ചംവരുന്ന പാൽ, തൈര്, നെയ്യ്, മറ്റുള്ള ഉന്ദന്ന ങ്ങളാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

2. സഹകരണസംഘം മുഖേന കുറഞ്ഞവിലയ്ക്ക് അത്യുന്ദാദനശേഷിയുള്ള കാലികളേയും മറ്റു വളർത്തമൃഗങ്ങളേയും അതോടൊപ്പം കാലി

ത്തീറ്റയും ലഭ്യമാക്കുക: തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യാക്കുക.

3. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് അയ്യംകുന്ന് പഞ്ചായത്തിലെ ചരളിലെ മൃഗാശുപത്രിയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുകയും, കരിക്കോട്ടക്കരിയിൽ മറ്റൊരു മൃഗാശുപത്രി പുതിയതായി സ്ഥാപിക്കുകയും, ആനപ്പന്തിയിലെ I.C.D.P സബ് സെന്റർ മറ്റൊരു മൃഗാശുപത്രിയായി ഉയർത്തുകയും കച്ചേരിക്കടവിലും മുണ്ടയാംപറമ്പിലും രണ്ടാം കടവിലും എടപ്പുഴയിലും ഓരോ സബ് സെന്റർ സ്ഥാപിക്കുകയും ചെയ്യുക. അങ്ങാടിക്കടവിൽ Camp Dispensary തുടങ്ങുക.

4. സാമ്പത്തിക സർവേ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ വീടുകളിലും കോഴിവളർത്തൽ ആരംഭിക്കുക. കോഴി വസന്താ രോഗത്തിനെതിരേയുള്ള പ്രതിരോധ കുത്തിവയ്പ് സംഘടിപ്പിക്കുക. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യാക്കുക. കോഴികളെ വിൽക്കുന്നതിന് സഹകർണസംഘം പൊതുസംവിധാനമുണ്ടാക്കുക.

5. പഞ്ചായത്ത് പ്രദേശത്ത് ജലാശയങ്ങൾ ധാരാളമുള്ളതുകൊണ്ട് താറാവ് വളർത്തൽ പ്രത്സാഹിപ്പിക്കാവുന്നതാണ്.

6. മുയൽവളർത്തലിന് പോത്സാഹനം നൽകുന്നത് നന്നായിരിക്കും.

7. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.

8. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ച് കൊല്ലുക.

9. പഞ്ചായത്തിലെ മൊത്തം വാർഡുകളിലും ആപ്കോസ് മാതൃകാവിധം പാൽ സഹകരണ സംഘം രൂപവൽക്കരിക്കുക.

10. പന്നികൃഷി പ്രോത്സാഹിപ്പിക്കുക.

## മത്സ്യബന്ധനം

അയ്യംകുന്ന് പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം 8കി.മി. നീളത്തിൽ വളപട്ടണം പുഴയുടെ ഭാഗമാണ്. പഞ്ചായത്തിൽ പ്രധാനമായും 3 ചെറിയ പുഴകൾ ഉണ്ട്.

### പ്രധാനപ്രശ്നങ്ങൾ:

1. അയ്യംകുന്ന് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പുഴകളിൽ മത്സ്യസമ്പത്ത് നശിപ്പിക്കുന്ന രീതിയായ നഞ്ച് കലക്കൽ, തുരിശ് കലക്കൽ, തോട്ട പൊട്ടിക്കൽ എന്നിവ തടയുക.

2. അനുയോജ്യമായ കുളങ്ങൾ ഉണ്ടെങ്കിലും മത്സ്യകൃഷി നടന്നുന്നില്ല.

3. പഞ്ചായത്തിൽ മത്സ്യകൃഷിക്ക് സാധ്യതകളുണ്ടെങ്കിലും യാതൊരുവിധ പ്രോത്സാഹനവുമില്ല.

### സാധ്യതകൾ

1. അയ്യംകുന്ന് പഞ്ചായത്തിൽ കൃഷിക്കാർ ജലസേചന ആവശ്യത്തിനുവേണ്ടി, സ്വന്തമായും ബാങ്ക് ലോൺ മുഖാന്തിരവും നിരവധി കുളങ്ങൾ നിർമിച്ചിട്ടുണ്ട്. കുറ്റ്യാടി ജലസേചന കേന്ദ്രത്തിൽനിന്നും വിതരണം ചെയ്യുന്ന മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങി മത്സ്യകൃഷി നടത്തിയാൽ വീട്ടാവശ്യത്തിനും വിപണന ആവശ്യത്തിനും ഉള്ള മത്സ്യത്തെ ഇവിടെത്തന്നെ ഉത്പാദിപ്പിക്കാം.

2. പഞ്ചായത്തിലെ ഉപേക്ഷിക്കപ്പെട്ട കരിങ്കൽ കോറയുള്ള സ്ഥലങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതയുണ്ട്.

3. അയ്യംകുന്ന് പഞ്ചായത്തിൽ മത്സ്യവിൽപനക്കുവേണ്ടി ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.

4. തൊഴിൽരഹിതരായവരെ സഹായിക്കാൻ അയ്യംകുന്ന് പഞ്ചായത്തിൽ ഒരു ഐസ് പ്ലാന്റ് സ്ഥാപിക്കണം.

5. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിനുവേണ്ടി സഹകരണ സംഘം മുഖേന സാമ്പത്തിക സഹായം നൽകുക.



# വ്യവസായം

പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ അയ്യൻകുന്ന് ഗ്രാമം കർണാടകയുടെ അതിരായി സ്ഥിതി ചെയ്യുന്നു. ഈ പ്രദേശം പൂർണമായും കാർഷിക മേഖലയാണ്. ഇവിടെ വ്യവസായ സംരംഭങ്ങൾ കാര്യമായി ഒന്നുമില്ല. ഇവിടെ ഉത്പാദിപ്പിക്കുന്ന കാർഷികവിളകളും ഭക്ഷ്യവിളകളും വ്യവസായത്തിനാവശ്യമായ അംസ്കൃത വസ്തുക്കളാണ്. വ്യാവസായിക അസംസ്കൃത വസ്തുക്കളായ റബർ, കരുമുളക്, കശുവണ്ടി, നാളീകേരം തുടങ്ങിയവയെല്ലാം വിദൂരനഗരങ്ങളിലെ വ്യവസായശാലകളിലേക്കാണ് പോകുന്നത്. അയ്യൻകുന്നിലെ മുഴുവൻ ജനങ്ങൾക്കും തൊഴിൽ നൽകാൻ കാർഷിക മേഖലയ്ക്കു മാത്രമായി കഴിയുകയില്ല. ഈ കുറവു നികത്തുവാൻ വ്യാവാസായിക വികസനങ്ങളിലേക്കും വ്യാവസായിക സംരംഭങ്ങളിലേക്കും കൂടുതൽ ശ്രദ്ധയും പ്രാധാന്യവും നൽകിയേ മതിയാവൂ.

ഏതാണ്ട് ഇരുപത്തിരണ്ടായിരത്തിൽപരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ കാര്യമായ വ്യവസായങ്ങൾ ഒന്നുമില്ലെന്നതാണ് സത്യം. നാലഞ്ചു ക്വാറികളിലായി പരിമിതമായ എണ്ണം തൊഴിലാളികൾ പാറപൊട്ടിക്കൽ, ജല്ലിനിർമാണം ഇവയിൽ ഏർപ്പെട്ടിരിക്കുന്നു. പാരമ്പര്യ കുടിൽവ്യവസായങ്ങളെന്ന നിലയിൽ തഴപ്പായനെയ്ത്തും, മുള, ഈറ, ചൂരൽ എന്നിവയുപയോഗിച്ച് കുട്ട, മുറം ഇവയും നിർമ്മിക്കുന്ന ജോലികളിൽ വളരെ കുറച്ച് ആളുകൾ ഏർപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ തേനീച്ച വളർത്തലുമായി ബന്ധപ്പെട്ട വ്യവസായം ശക്തമായിരുന്നു. എന്നാൽ അടുത്തകാലത്ത് മാരകമായ രോഗങ്ങളുടെ ആക്രമണ ഫലമായി തേനീച്ചകൾ നശിച്ചുപോയതുകൊണ്ട് ഈ വ്യവസായം തകർച്ചയിലാണ്. ആദിവാസികളുടെ ഇടയിലും തൊഴിലില്ലാത്തവർ പെരുകിവരുന്നു. വിദ്യാസമ്പന്നരെ ഉൾക്കൊള്ളുവാൻ കാർഷികമേഖലയ്ക്കു കഴിയുന്നില്ല. ഓരോ കുടുംബത്തിന്റെയും ഭൂസ്വത്ത് വീതിച്ചുവരുമ്പോൾ ശരാശരി കൈവശഭൂമി കുറഞ്ഞുവരുന്നു. കൃഷിഭൂമിയെമാത്രം ആശ്രയിച്ച് ജീവിക്കുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ കാർഷികവസ്തുക്കളെ വ്യവസായങ്ങളായി മാറ്റേണ്ടത് ആവശ്യമായിരുന്നു. വ്യവസായവൽക്കരണത്തിലൂടെ മാത്രമേ അയ്യൻകുന്ന് വില്ലേജിന്റെ സാമ്പത്തിക പുരോഗതിക്ക് അടിത്തറയിടുവാൻ കഴിയൂ. നിലവിലുള്ള ഇവിടുത്തെ വ്യവസായത്തിന്റ പിന്നോക്കാവസ്ഥ പട്ടിക-1ൽ നിന്നു മനസിലാക്കാം.

നിലവിലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | ഐറ്റങ്ങൾ | യൂണിറ്റുകൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | കരിങ്കൽ ക്രഷർ | 1 | 50 |
| 2 | ധാന്യം പൊടിക്കുന്ന മില്ലുകൾ | 3 | 6 |
| 3 | റൈസ് മിൽ | 2 | 2 |
| 4 | മെഴുകുതിരി നിർമ്മാണം | 2 | 6 |
| 5 | പാലുൽപ്പന്ന വ്യവസായം | 2 | 6 |
| 6 | ഫർണിച്ചർ യൂണിറ്റ് | 2 | 4 |
| 7 | റെഡിമെയ്ഡ് ഗാർമെന്റ് | 2 | 6 |
| 8 | തേനുമായി ബന്ധപ്പെട്ട വ്യവസായം | 1 | 2 |
| 9 | പന്നിവളർത്തുകേന്ദ്രം | 1 | 4 |
| 10 | കോഴിവളർത്തുകേന്ദ്രം | 2 | 4 |
| 11 | തഴപ്പായ നിർമ്മാണം | വീടുകളിൽ | 20 |
| 12 | കൊട്ടമുറം മെടയൽ | - | 15 |
| 13 | കൊപ്ര സംസ്കരണം | 1 | 3 |

**പ്രശ്നങ്ങൾ**

അയ്യൻകുന്നിലെ വ്യവസായ വളർച്ചയെ തടയുന്ന നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

1 വ്യവസായത്തിന് ആവശ്യമായ വിഭവങ്ങൾ വേണ്ടുവോളം ഉണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

2 ഉയർന്ന വിദ്യാഭ്യാസം നേടിയവരുടെ ഇടയിലും അഭ്യസ്ഥവിദ്യരുടെ ഇടയിലും തൊഴിലില്ലായ്മ വർധിച്ചുവരുന്നു.

3 സാങ്കേതികവിദ്യാഭ്യാസത്തിന്റെയും വ്യവസായ പരിശീലത്തിന്റെയും അഭാവത്തിൽ വ്യവസായരംഗത്തേക്ക് കടന്നുവരാൻ യുവാക്കൾ അറച്ചുനിൽക്കുന്നു.

4 വ്യവസായ ആവശ്യത്തിന് മുതൽമുടക്കാൻ വ്യക്തികൾ തയ്യാറാണെങ്കിലും വ്യവസായത്തെക്കുറിച്ച് അജ്ഞരായതുകൊണ്ട് അതു പ്രയോനപ്പെടുത്താൻ കഴിയുന്നില്ല.

5. വ്യവസായങ്ങൾ ആരംഭിക്കുവാൻ അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് പോലും സാമ്പത്തിക സഹായം നൽകുന്നതിനാൽ കമേഴ്സ്യൽ ബാങ്കുകൾ വൈമുഖ്യം കാണിക്കുന്നു.

6. ചെറിയ ചെലവിൽ വ്യാവസായിക പരിശീലനം നൽകുവാനുള്ള സാങ്കേതിക സ്ഥാപനങ്ങൾ ഇല്ല.

വൈദ്യുതിയുടെ അഭാവം: അയ്യൻകുന്ന് പഞ്ചായത്തിലെ നാലായിരത്തിലധികമുള്ള കുടുംബങ്ങളിൽ മൂന്നിലൊന്ന് ഭാഗത്തിനുമാത്രമേ വൈദ്യുതി ലഭിച്ചിട്ടുള്ളൂ. ഇനിയും മുഴുവൻ കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിന് നീണ്ടവർഷങ്ങൾ കഴിഞ്ഞേക്കാം.

7 പല കാർഷിക ഉൽപ്പന്നങ്ങളും വ്യാസായികമായി പ്രയോജനപ്പെടുത്താത്തതുകൊണ്ട് ഉപയോഗശൂന്യമാകുന്നു.

8 വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവ്.

9 കാർഷികവസ്തുക്കൾക്ക് വില കുറയുമ്പോൾ വിപണനസാധ്യത കുറയുകുയും ഇടത്തട്ടുകാരുടെ ചൂഷണം ഉണ്ടാകുകയും ചെയ്യുന്നു.

10. ചകിരിനാര്, അടയ്ക്കാതോട് നാര്, വാഴനാര് ഇവ സംസ്കരിക്കപ്പെടാതെ പാഴായിപ്പോകുന്നു.

**സാധ്യതകൾ**

കാർഷികോൽപ്പനങ്ങളായ റബർ, കുരുമുളക്, കശുവണ്ടി, തേങ്ങ, വാഴക്കുല, ഇഞ്ചി തുടങ്ങിയവ ഉപയോഗിച്ച് ചെറുകിട, ഇടത്തര വ്യവസായങ്ങളിലൂടെ നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻകഴിയും.

റബർ: റബർ പാൽ ഉപയോഗിച്ച് റബർ ബാൻഡ്, ഫോംസ്, ബലൂൺ, ചെറുപ്പ്, കൈയുറ, ഇവയുടെ ചെറുകിട വ്യവസായങ്ങൾ, കൃഷിക്കാരിൽനിന്ന് ഒട്ടുപാൽ, ചിരട്ടപ്പാൽ ഇവ ശേഖരിച്ച് ക്രംബ് റബർ നിർമ്മാണം, റബർപാൽ ശേഖരിച്ച് ഗുണമേന്മയുള്ള ഷീറ്റുകൾ നിർമ്മാണം

കശുവണ്ടി: അയ്യൻകുന്നിൽ ആയിരക്കണക്കിന് ടൺ കശുവണ്ടി ഉൽപാദിപ്പിക്കുന്നു. അതിന്റെ നാലുമടങ്ങ് കശുമാമ്പഴം ഉണ്ടാകുന്നു. കശുമാമ്പഴം ഉപയോഗിക്കാതെ ചീഞ്ഞ് നശിച്ചുപോകുന്നു.

ഉൽപന്നങ്ങൾ: ജാം, ജ്യൂസ്, ശീതള പാനീയങ്ങൾ, വിനാഗിരി ഇവ കുറഞ്ഞ ചെലവിൽ നിർമ്മിക്കാം.

പഴങ്ങളുടെ അവിശിഷ്ടങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം.

കശുവണ്ടി പരിപ്പ് സംസ്കരണം കുടിൽവ്യവസായരീതിയിൽ

നാളീകേരം: ഗുണമേന്മയുള്ള കൊപ്ര സംസ്കരണ കേന്ദ്രങ്ങൾ, മഴക്കാലത്ത് സംസ്കരിക്കുവാൻ ഡ്രൈയർ തുടങ്ങിയവ ഉപയോഗിക്കുവാൻ കർഷകർക്ക് സഹായം നൽകണം, തൊണ്ട് സംസ്കരിച്ച് ചകിരി നിർമ്മാണ വ്യവസായ യൂണിറ്റുകൾ. ചെറുകിട എണ്ണമില്ലുകൾ വഴി എണ്ണ നിർമ്മിക്കുക. സുഗന്ധതൈലങ്ങൾ ചേർത്ത് നല്ല ലേബൽ ഒട്ടിച്ച് സീൽ ചെയ്ത കുപ്പികളിൽ വിൽപന നടത്തുവാൻ കഴിയും. കരിക്ക് ഉപയോഗിച്ച് സ്വാദിഷ്ടമായ പാനീയങ്ങളും സ്വാദിഷ്ടമായ ഭക്ഷ്യവസ്തുക്കളും നിർമ്മിക്കാം.

കാലിത്തീറ്റ ഫാക്ടറികൾ: കർഷകർ ഈ ആവശ്യത്തിന് നഗരങ്ങളെ ആശ്രയിക്കുന്നു. പിണ്ണാക്ക്, കപ്പ, റബർകുരു, മാങ്ങാപ്പരിപ്പ്, ആഞ്ഞിലിക്കുരു ഇവ ഉപയോഗിച്ച് കാലി–കോഴിത്തീറ്റകൾ നിർമ്മിക്കാം.

മെഴുകുതിരി: ധാരാളം മെഴുകുതിരി ഉപയോഗിക്കുന്ന ഈ പഞ്ചായത്തിൽ മെഴുകുതിരി വ്യവസായത്തിന് നല്ല സാധ്യതയാണ്.

ഓട, മുള, ചൂരൽ: ആദിവാസികൾക്ക് ഈ വസ്തുക്കൾ ഉപയോഗിച്ച്, കുട്ട, മുറം, ഫർണിച്ചറുകൾ മുതലായവ നിർമ്മിക്കുവാൻ പരിശീലനവും സഹായവും നൽകാം.

പഴസംസ്കരണം: കൈതച്ചക്ക, മാമ്പഴം, വാഴപ്പഴങ്ങൾ, ചക്കപ്പഴം, കപ്ലങ്ങ (പപ്പായ) തുടങ്ങിയവ സംസ്കരിച്ച് വിപണനം നടത്തുവാൻ കഴിയും.

പാലും പാലുത്പന്നങ്ങളും:

ഈ പഞ്ചായത്തിൽ മിക്ക കുടുംബങ്ങളിലും കന്നുകാലി വളർത്തൽ ഒരു മുഖ്യ വരുമാനമാണ്. പശുവിൽനിന്ന് വ്യത്യസ്തങ്ങളായ ഭക്ഷ്യവിഭവങ്ങൾ ഉണ്ടാക്കാം. മിൽമയുടെ സഹായത്തോടു കൂടി ബന്ധപ്പെട്ട മേഖലയിൽ വ്യവസായ പരിശീലനം നൽകിയാൽ മേഖലയിലെ യുവതീയുവാക്കളുടെ തൊഴിൽപ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാൻ കഴിയുന്നതാണ്.

സോപ്പുനിർമ്മാണം:

ധാരാളമായി വെളിച്ചെണ്ണ ലഭ്യമായതുകൊണ്ട് വിവിധയിനം സോപ്പുനിർമ്മാണ സാധ്യതയേറെയാണ്. ഇതിനും ആവശ്യമായ പരിശീലനം പഞ്ചായത്തടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്.

നോട്ടുബുക്കുനിർമ്മാണ വ്യവസായം:

നിരവധി സ്കൂളുകളിലായി പതിനായിരക്കണക്കിന് കുട്ടികൾ പഠിക്കുന്നു. അവർക്ക് ആവശ്യമായ ലക്ഷക്കണക്കിന് നോട്ടുബുക്കുകൾ നിർമ്മിക്കുവാൻ കഴിയും. പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം ആവശ്യമാണ്.

കുട നിർമ്മാണം: വളരെയധികം വിജയകരമായി നടത്തുവാൻ കഴിയുന്ന ഒരു വ്യവസായമാണ് കുടനിർമ്മാണം. ഇത് ചെറുകിട വ്യവസായാടിസ്ഥാനത്തിൽ വ്യവസായ സംരംഭകരെ പരിശീലിപ്പിച്ച് തൊഴിൽ സാധ്യത കണ്ടെത്താൻ കഴിയുന്ന ഒന്നാണ്.

വനിതാ വ്യവസയാങ്ങൾ:

കാർഷിക മേഖലയെ അടിസ്ഥാനമാക്കി വിവിധയിനം തൊഴിൽ ലഭിക്കുന്ന ഒട്ടേറെ വ്യവസായ സാധ്യതകൾ ഉണ്ട്. ഉദാ: അച്ചാർ, ജാം, ജ്യൂസ്, ശീതള പാനീയങ്ങൾ, തീപ്പെട്ടി വ്യവസായങ്ങൾ, പായ നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കുട്ടകെട്ട്, പനമ്പ് നെയ്ത്ത്, ജില്ലി നിർമ്മാണം, ഇവ നിർമ്മിച്ച് വിപണിയിൽ എത്തിക്കാം. ഇവ മിക്കതും സഹകരണാടിസ്ഥാനത്തിൽ ചെയ്യുകയാണെങ്കിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഇതിനു ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുവാനും കഴിയും.

സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്ന വനിതാ വ്യവസായ സാധ്യതകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## സഹകരണാടിസ്ഥാനത്തിൽ വനിതാ വ്യവസായസാധ്യതകൾ

| ക്രമ നമ്പർ | ഐറ്റങ്ങൾ | യൂണിറ്റുകൾ |
|---|---|---|
| 1 | പാലുത്പ്പന്നങ്ങൾ | 3 |
| 2 | നോട്ടുബുക്കുനിർമ്മാണം | 1 |
| 3 | ചിപ്സ്,അച്ചാർ, ജാം | 1 |
| 4 | പഴസംസ്കരണം | 2 |
| 5 | കുടനിർമ്മാണം, ജില്ലി നിർമ്മാണം | 1 |
| 6 | പപ്പട നിർമ്മാണം | 1 |
| 7 | റെഡിമെയ്ഡു വസ്ത്രങ്ങളും തയ്യൽ പരിശീലനങ്ങളും | 1 |
| 8 | ചകിരി വേർതിരിക്കൽ (തൊണ്ട്, അടയ്ക്കാത്തോട്, വാഴനാര്, കൈതനാര്) | 1 |
| 9 | റേഡിയോ അസംബ്ലിംഗ് | 1 |
| 10 | ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കലും, പരിശീലനവും | 1 |
| 11 | ചൂലുകൾ നിർമ്മാണം | 1 |
| 12 | കാപ്പിപ്പൊടി, മസാലപ്പൊടി വ്യവസായം | 1 |
| 13 | പ്ലാസ്റ്റിക് വർക്ക്സ്, സ്കൂൾ ബാഗ് നിർമ്മാണം | 2 |
| 14 | സോഡ നിർമ്മാണം | 1 |
| 15 | പ്രിന്റിംഗ് | 1 |
| 16 | വനിത ക്രെഡിറ്റ് ബാങ്ക് | 2 |

**ഗ്രാമസഭ നിർദേശങ്ങൾ**

അയ്യംകുന്ന് ഗ്രാമപഞ്ചായത്തിന്റെ എല്ലാ ഗ്രാമ സഭകളിലും ഈ പഞ്ചായത്തിന്റെ വ്യവസായ പ്രതിസന്ധിയുടെ കാരണങ്ങൾ കണ്ടെത്തുവാനും പരിഹാരനിർദേശങ്ങൾ കണ്ടെത്താനും ശ്രമം നടന്നിട്ടുണ്ട്. ഇതിൽ പ്രധാനമായി വ്യവസായ പ്രതിസന്ധിക്ക് പ്രധാന പരിഹാരമെന്ന നിലയിൽ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ കച്ചേരിക്കടവ് (ബാരപ്പാൾ) പുഴയിൽ നിന്ന് മിനി മൈക്രോ (Mini Micro) ജലവൈദ്യുത പദ്ധതിക്ക് അനുമതി നൽകി പ്രവർത്തനം ആരംഭിച്ചാൽ ഈ പ്രദേശത്തിന്റെ വ്യവസായ വളർച്ചക്ക് എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്നാണ് പ്രധാനപ്പെട്ട നിർദേശം. മറ്റു നിർദേശങ്ങൾ സൂചിപ്പിക്കുന്നു.

1.ചെറുകിട റബർ ഫാക്ടറികൾ സ്ഥാപിക്കുക
2. സഹകരണമേഖലയിൽ റബർപാൽ സംഭരിച്ച് ഗുണമേന്മയുള്ള റബർഷീറ്റു നിർമ്മിക്കുക.
3. ചെറുകിട കശുവണ്ടി ഫാക്ടറികൾ തുടങ്ങുക.
4. കശുമാമ്പഴവുമായി ബന്ധപ്പെട്ട വ്യവസായശാലകൾ ആരംഭിക്കുക
5. വെള്ളിച്ചെണ്ണ മില്ലുകൾ
6. നാളീകേര സംഭരണവും കൊപ്രസംഭരണവും
7. കാലിത്തീറ്റകളും കോഴിത്തീറ്റയും നിർമ്മാണം
8. സോപ്പുനിർമ്മാണം
9. മെഴുകുനിർമ്മാണം
10. നോട്ടുബുക്കു നിർമ്മാണം
11. അടയ്ക്ക സംസ്കരണം.
12. പഴം സംസ്കരണം, അച്ചാർ നിർമ്മാണം
1. കോഴിക്കുഞ്ഞുങ്ങളെ വിരിയിക്കൽ
14. പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം.
15. ചെറുകിട വൈദ്യുതപദ്ധതികൾ
16. ചെറുകിട ഇലക്ട്രോണിക് ഉത്പന്നങ്ങൾ
17. വനിതാ വ്യവസായ സംരഭങ്ങൾ

**മറ്റു നിർദേശങ്ങൾ**

1. ബാരാപ്പുഴ, ഉരുപ്പുകുറ്റി, കളിതട്ടുംപാറ എന്നീ ജലപാതം പ്രയോജനപ്പെടുത്താൻ മിനി മൈക്രോ ഇലക്ട്രിക് (Mini Mycro Project) പദ്ധതി നടപ്പിലാക്കുക

2 അയ്യംകുന്ന് മലകളിലെ കാറ്റിന്റെ ശക്തി ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന സർവേയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുക.

3. സഹകരണ മേഖലയിൽ ഒരു വനിതാ വ്യവസായ ക്രെഡിറ്റുബാങ്ക് രൂപവൽക്കരിച്ച് വനിതാ വ്യവസായ സംരംഭകർക്കും വനിതാ വ്യവസായ സഹകരണസംഘങ്ങൾക്കും ധനസഹായം ചെയ്യുക.

4 വ്യത്യസ്ത വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് നോട്ടുബുക്ക് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുക. വനിതകൾക്ക് പ്രത്യേകം പരിശീലനം നൽകു

5. പഞ്ചായത്തിൽ ഒരു കശുമാമ്പഴം സംസ്കരണ വ്യവസായം ആരംഭിക്കുക.

6. പഞ്ചായത്തിലെ താൽപര്യമുള്ള മുഴുവൻ യുവനജങ്ങളെയും സംഘടിപ്പിച്ച് ജില്ലാവ്യവസായ കേന്ദ്രത്തിൽനിന്നും വിദഗ്ധർവന്ന് പരിശീലനവും സെമിനാറും നടത്തുക.

7. വ്യവസായ സംരംഭകരിൽനിന്ന് അവരുടെ ഭീതിയും ആശങ്കയും അകറ്റുന്നതിനുവേണ്ടി വിവിധ വ്യവസായശാലകളിലേക്ക് പഠനയാത്രകൾ നടത്തുക. ഈ അനുഭവങ്ങളെ പുതിയ വ്യവസായ സംരംഭകർക്ക് പങ്കുവയ്ക്കുക.



# വിദ്യാഭ്യാസം

ഏതൊരു ജനതയുടെയും സാമൂഹിക സാംസ്കാരിക പുരോഗതി ആ ജനസമൂഹം ആർജി ക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണപരമായ നില വാരത്തെ ആശ്രയിച്ചിരിക്കുന്നു 'The destiny of our nationn is being shaped in her class rooms' എന്ന കോഠാരി കമ്മീഷൻ റിപ്പോർട്ടിലെ വാചകം ഇന്നും കാലിക പ്രസക്തിയുള്ളതാണ്. രാഷ്ട്രരഥത്തിന്റെ മുഖ്യചക്രംതന്നെയാണ് വിദ്യാഭ്യാസം.

വടക്കുപടിഞ്ഞാറ് ബാരാമ്പുഴ അതിരിട്ട് തെക്ക് വെമ്പുഴയുടെ തലോടലേറ്റ് കിഴക്ക് പശ്ചിമഘട്ട സാനുവിന്റെ സാമീപ്യത്തിൽ കർണാടക വനങ്ങ ളോട് തൊട്ടുരുമ്മിക്കിടക്കുന്ന കുടിയേറ്റ ജനത യുടെ കർമഭൂമിയായ ഈ ഗ്രാമഭൂമിയുടെ – അയ്യൻകുന്നിന്റെ – കഴിഞ്ഞകാലത്തെ വിദ്യാഭ്യാസ ചരിത്രം പിൽക്കാല തലമുറകൾക്ക് ആവേശജന കവും മാർഗദർശകവുമാണ്. തെക്കൻ തിരുവി താംകൂറിൽനിന്ന് മലബാറിലേക്കു കുടിയേറി പ്പാർത്ത ഒരു കൂട്ടം അദ്ധ്വാനിക്കുന്ന മനുഷ്യരുടെ വിജയഗാഥയാണ് ചുരുക്കിപ്പറഞ്ഞാൽ അയ്യൻകു ന്നിന്റെ ചരിത്രം. ആദ്യകാല കുടിയേറ്റ ജനതയുടെ അദ്ധ്വാനശീലവും ഐക്യവും സാമൂഹികാവബോ ധവും ഹിംസ്രമൃഗങ്ങളുടെ കേളീരംഗമായിരുന്ന അയ്യൻകുന്നിന്റെ വനഭൂമികളെ കനകം വിളയി ക്കുന്ന കൃഷിയിടങ്ങളാക്കി രൂപാന്തരപ്പെടുത്തുക മാത്രമല്ല ചെയ്തത്. അതോടൊപ്പം കുടിയേറ്റ ജന തയുടെ സാംസ്കാരികോന്നമനത്തിനു സഹായ കമായുള്ള നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങ ളുടെ ഉദയത്തിന് അതു വഴിതെളിക്കുകയും ചെയ്തു. അയ്യൻകുന്നിലെ ആദ്യത്തെ വിദ്യാഭ്യാ സസ്ഥാപനം അങ്ങാടിക്കടവിൽ 1952–ൽ സ്ഥാപിച്ച എൽ.പി. സ്കൂളാണ്. ശ്രീമാൻ തഴങ്ങാട്ട് മാണി സാർ ആയിരുന്നു ആ വിദ്യാലയത്തിന്റെ മാനേ ജരും ഹെഡ്മാസ്റ്ററും.

തുടർന്ന് ഈ വിദ്യാലയം 1954–ൽ ക്രിസ്ത്യൻ മാനേജ്മെന്റിനു കീഴിൽ വരികയും 1956–ൽ ഈ എൽ.പി. സ്കൂൾ യു.പി. സ്കൂളാക്കി ഉയർത്തപ്പെ ടുകയും ചെയ്തു. തുടർന്ന ഈ മേഖലയിലെ ക്രിസ്ത്യാനികൾക്കിടയിൽ ആധ്യാത്മിക പ്രവർത്തനം നടത്തിയിരുന്ന ക്രിസ്ത്യൻ ഫാദേ ഴ്സിന്റെ നേതൃത്വത്തിൽ കുടിയേറ്റ ജനതയുടെ അവിരാമമായ പരിശ്രമഫലമായി ശ്രമദാനത്തി ലൂടെ പടുത്തുയർത്തിയതാണ് അയ്യൻകുന്ന് പഞ്ചാ

യത്തിലെ ആദ്യകാല വിദ്യാലയങ്ങളെല്ലാംതന്നെ. (ചരൾ എൽ.പി. സ്കൂൾ –1957, കച്ചേരിക്കടവ് യു.പി.എസ്. –1954, എൽ.പി.എസ്. കരിക്കോട്ടക്കരി –1957, യു.പി.എസ്. കരിക്കോട്ടക്കരി 1960 തുടങ്ങിയവ) ദുർഗമങ്ങളായ മലഞ്ചെരുവുകളിലെ ഒറ്റയടിപ്പാതകൾ താണ്ടി കിലോമീറ്ററുകൾ സഞ്ചരിച്ച് പേരാവൂരിലെയും ഇരിട്ടിയിലെയും എടൂരിലെയും ഹൈസ്കൂളുകളിൽ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയ അയ്യൻകുന്നിലെ ആദ്യകാല വിദ്യാർഥികളിൽ പലരും സമൂഹത്തിന്റെ വിവിധ തുറകളിൽ ഇന്നു വിരാജിക്കുമ്പോൾ ഭൂതകാലത്തിലെ വേദനാജനകമായ വിദ്യാഭ്യാസ സ്മരണകൾ വിസ്മരിക്കാനിടയില്ല. അയ്യൻകുന്നിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരം നൽകിക്കൊണ്ട് 3–6–1968–ൽ കരിക്കോട്ടക്കരിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായി. (സെന്റ് തോമസ് എച്ച്.എസ്. കരിക്കോട്ടക്കരി) ഇതാണ് പഞ്ചായത്തിലെ പ്രഥമ ഹൈസ്കൂൾ. തുടർന്ന് 1979–ൽ അങ്ങാടിക്കടവിൽ സേക്രട്ട് ഹാർട്ട് എച്ച്.എസ്. നിലവിൽവന്നു.

ഇന്നു പഞ്ചായത്തിൽ 2 ഹൈസ്കൂൾ, 3 യു.പി. സ്കൂൾ, 7 എൽ.പി. സ്കൂൾ എന്നിവിടങ്ങളിലായി 4261 വിദ്യാർഥീ വിദ്യാർഥിനികൾ അധ്യയനം നടത്തുന്നു. ഇവരിൽ 2084 പേർ ആൺകുട്ടികളാണ്. പെൺകുട്ടികളാണ് ആൺകുട്ടികളേക്കാൾ അധികം(2177). വർധനവ് 2.18 ശതമാനം. ആകെ 1769 കുട്ടകൾ എൽ.പി. സ്കൂളുകളിൽ പഠിക്കുമ്പോൾ 1384 കുട്ടികൾ യു.പി. സ്കൂളുകളിൽ പഠിക്കുന്നു. ഹൈസ്കൂളുകളിൽ 1108 കുട്ടികളും. (പട്ടിക 1എ കാണുക). പഞ്ചായത്തിൽ ഒരേയൊരു സർക്കാർ വിദ്യാലയം മാത്രം (ജി.എൽ.പി.എസ്. ആനപ്പന്തി). ആകെ. വിദ്യാർഥികളിൽ കേവലം 1.71 ശതമാനം കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു. മുണ്ടിയാംപറമ്പ് ദേവസ്വത്തിനു കീഴിലുള്ള സ്കൂളിൽ പഠിക്കുന്ന 3 ശതമാനം കുട്ടികളെയുംകൂടി ഒഴിച്ചാൽ ബാക്കി പഞ്ചായത്തിലെ 95.29 ശതമാനം കുട്ടികളും പഠനത്തിന് ആശ്രയിക്കുന്നത് ക്രിസ്ത്യൻ മാനേജുമെന്റിനു കീഴിലുള്ള കോർപറേറ്റ് സ്കൂളുകളെയാണ്.

പട്ടിക 1എ വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പ്ര | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1. | പാലത്തുംകടവ് എൽ.പി.എസ്. | എയഡഡ് | 44 | 72 | 116 | 1 | 3 | 4 |
| 2. | കച്ചേരിക്കടവ് യു.പി.എസ്. | ,, | 147 | 150 | 297 | 3 | 10 | 13 |
| 3. | ചരൾ എൽ.പി.എസ്. | ,, | 66 | 75 | 141 | 0 | 4 | 4 |
| 4 | *രണ്ടാംകടവ് എൽ.പി.എസ്. | ,, | 93 | 87 | 180 | 2 | 3 | 5 |
| 5. | അങ്ങാടിക്കടവ് എച്ച്.എസ്. | ,, | 281 | 280 | 561 | 14 | 10 | 24 |
| 6. | അങ്ങാടിക്കടവ് യു.പി.എസ്. | ,, | 452 | 464 | 916 | 7 | 23 | 30 |
| 7. | ആനപ്പന്തി ഗവ. എൽ.പി.എസ്. | ഗവ. | 33 | 40 | 73 | 2 | 2 | 4 |
| 8. | മുണ്ടയാംപറമ്പ് എൽ.പി.എസ്. | എയ്ഡഡ് | 57. | 71 | 128 | 2 | 3 | 5 |
| 9. | കൊട്ടുകപ്പാറ എൽ.പി.എസ്. | ,, | 82 | 58 | 140 | 2 | 2 | 4 |
| 10. | കരിക്കോട്ടക്കരി യു.പി.എസ്. | ,, | 487 | 517 | 1004 | 5 | 26 | 31 |
| 11. | കരിക്കോട്ടക്കരി എച്ച്.എസ്. | ,, | 255 | 292 | 547 | 14 | 12 | 26 |
| 12. | എടപ്പുഴ എൽ.പി.എസ്. | ,, | 87 | 71 | 158 | 2 | 2 | 4 |
| | ആകെ. | | 2084 | 2177 | 4261 | 54 | 100 | 154 |

പഞ്ചായത്തിലെ സ്കൂളുകളിൽ 335 എസ്സി/എസ്ടി കുട്ടികൾ പഠനം നടത്തുന്നു. (എൽ.പി. 108, യു.പി. 104, എച്ച്.എസ്. 123) എസ്.സി. വിഭാഗത്തിൽപെട്ട കുട്ടികൾ വിദ്യാലയങ്ങളിൽ പൊതുവേ മുടങ്ങാതെവരുന്നുണ്ടെങ്കിലും എസ്.ടി. വിഭാഗത്തിൽപെട്ട കുട്ടികൾ ഇക്കാര്യത്തിൽ പിറകിലാണ്. എസ്.ടി. വിഭാഗത്തിൽ 120 കുട്ടികൾ പഞ്ചായത്തിലെ വിദ്യാലയങ്ങളിലുണ്ട്. മാതാപിതാക്കളുടെ അജ്ഞത, ഗ്രാന്റുവാങ്ങിക്കുന്നതിൽ മാത്രമൊതുങ്ങുന്ന മുതിർന്നവരുടെ താൽപര്യം, കുട്ടികളുടെ അപകർഷതാബോധം, അല്ലറചില്ലറ ജോലികൾ ചെയ്തു പണം നേടാനുള്ള സാഹചര്യങ്ങൾ ഇവയെല്ലാം എസ്.ടി. വിഭാഗത്തിന്റെ വിദ്യാലയ വിദ്യാഭ്യാസ സ്ഥിരതയ്ക്ക് പ്രതികൂലമായ ഘടകങ്ങളാണ്.

പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ കണക്ക്.

| എൽ.പി. | | | യു.പി. | | | എച്ച്.എസ്. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST. | % | ആകെ | SC/ST | % |
| 1769 | 108 | 6.10 | 1384 | 104 | 751 | 1108 | 123 | 11.10 |

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെയുള്ള 154 അധ്യാപകരിൽ 100 പേർ അധ്യാപികമാരാണ്. വിദ്യാലയങ്ങളിൽ അധ്യാപികമാരുടെ എണ്ണം കൂടിവരുന്നതായി കണക്കുകൾ തെളിയിക്കുന്നു. (പട്ടിക 1എ). അധ്യാപകരിൽ 35.06 ശതമാനം മാത്രമാണ് അധ്യാപകർ. ബാക്കി 64.94 ശതമാനവും അധ്യാപികമാരാണ് ഏതാണ്ട് 35-ഓളം അധ്യാപകർ പഞ്ചായത്തിനു പുറത്തുനിന്നു വന്ന് ഇവിടെ സേവനം ചെയ്യുന്നവരാണ്.

പഞ്ചായത്തിലെ ഭൂരിപക്ഷം മാതാപിതാക്കളും തങ്ങളുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്നതിനു താൽപരരാണെങ്കിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള സീമാതീതമായ പ്രതിപത്തി അടുത്തകാലത്ത് വർധിച്ചുവരുന്നതായി കാണുന്നു. ഇളംപ്രായത്തിലേ മക്കൾ വിദേശഭാഷ പറയുന്നതു കേൾക്കാനുള്ള താൽപര്യത്തോടൊപ്പം ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസം സമൂഹത്തിലെ 'സ്റ്റാറ്റസ് സിംബൽ' കൂടിയാണെന്ന് ചിലർ ധരിച്ചുവശാകുന്നതായിതോന്നുന്നു. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളെ പോലും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലയക്കാനുള്ള വർധിച്ച പ്രവണത അതാണ് തെളിയിക്കുന്നത്. ഏതാണ്ട് 150-ഓളം കുട്ടികൾ ഓരോ വർഷവും ഇരിട്ടി, കീഴ്പ്പള്ളി ഭാഗങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നത് പൊതുവിദ്യഭ്യാസമേഖലയെ സാരമായി ബാധിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാനപങ്ങളോ ഒന്നുമില്ല. പഞ്ചായത്തിന്റെ പ്ലാനിംഗിൽ ശ്രദ്ധാർഹമായ ഒരു വസ്തുതയാണിത്. പഞ്ചായത്തിലെ 2 ഹൈസ്കൂളുകൾ താരതമ്യേനെ ഉയർന്ന എസ്.എസ്.എൽ.സി. വിജയശതമാനം പുലർത്തുന്നെങ്കിലും വിജയശതമാനത്തിൽ ഏതാനും വർഷങ്ങളായി കുറവനുഭവപ്പെടുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 2 കാണുക).



എസ്.എസ്.എൽ.സി. വിജയശതമാനം

| SLNO. | സ്കൂൾ | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1. | സേക്രട്ട്ഹാർട്ട് ഹൈസ്കൂൾ അങ്ങാടിക്കടവ് | 75.6 | 74.0 | 71.43 | 68. 0 | 58.69 |
| 2. | സെന്റ് തോമസ് എച്ച്.എസ്. കരിക്കോട്ടക്കരി | 85 | 80.9 | 62 | 54 | 64 |

വിദ്യാലയങ്ങളിലെ അശാസ്ത്രീയമായ പ്രമോഷൻ സമ്പ്രദായം (ഒന്നാംക്ലാസിൽ അക്ഷരം പഠിച്ചാലും ഇല്ലെങ്കിലും 100 ശതമാനം വിജയമാണെന്നോർക്കുക) ശാസ്ത്രീയമായ ബോധനരീതികൾ അവലംബിക്കുന്നതിലുള്ള അധ്യാപകരുടെ വിമുഖത, അശാസ്ത്രീയമായ മൂല്യനിർണ സമ്പ്രദായം, (വാർഷിക പരീക്ഷയിൽ പരീക്ഷ എഴുതുന്നതിനു മുമ്പ് 80 മുതൽ 85 ശതമാനം വിജയം നിയമംമൂലം സുനിശ്ചിതമാക്കുന്ന ഏർപ്പാടാണ് മുതിർന്ന ക്ലാസുകളിൽ പോലുമുള്ളത്) ഗാർഹികാന്തരീക്ഷത്തിന്റെ പരിമിതികൾ, ന്യൂക്ലിയർ ഫാമിലികളിലെ ചില വിദ്യാർഥികളുടെ സാമ്പത്തിക സ്വാതന്ത്ര്യം, കാലോചിതമായ അധ്യാപക പരിശീലനത്തിന്റെ അപര്യാപ്തത, മോണിറ്ററിംഗിന്റെ അപര്യാപ്തത, തുടങ്ങിയവ വിദ്യാഭ്യാസ നിലവാരത്തെ പുറകോട്ട് വലിക്കുന്ന ഘടകങ്ങളാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ വിലയിരുത്തുന്നു. മുതിർന്ന ക്ലാസുകളിൽ പോലും അക്ഷരബോധവും ചതുഷ്ക്രിയാബോധവും വേണ്ടത്രയില്ലാത്ത കുട്ടികളുടെ സാന്നിധ്യം ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിനും ഭൂഷണമല്ല.

പഠനനിലവാരം

| SLno | std | 30%-ത്തിൽ താഴെ കുട്ടികൾ | 30%-നും 40% -നും ഇടയിൽ | 40%-നും 50% -നും ഇടയിൽ | 50%-നും 60% -നും ഇടയിൽ | 60%-നു മുകളിൽ |
|---|---|---|---|---|---|---|
| 1 | V | 134 | 75 | 69 | 80 | 79 |
| 2. | VI | 146 | 75 | 88 | 56 | 70 |
| 3. | VII | 189 | 100 | 103 | 50 | 68 |
| 4. | VIII | 196 | 76 | 63 | 48 | 32 |
| 5. | IX | 137 | 106 | 55 | 51 | 35 |
| 6. | X | 115 | 81 | 43 | 40 | 28 |
| | Total | 917 | 513 | 421 | 325 | 312 |
| | perce-ntage | 36.79 | 20.58 | 16.89 | 13.04 | 12.52 |

എസ്.എസ്.എൽ.സി. വിജയികളായി ഓരോ വർഷവും പുറത്തുവരുന്ന കുട്ടികളിൽ ഒരു ന്യൂന പക്ഷം കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി തുടങ്ങിയ റഗുലർ കോളജുകളിൽ പ്രവേശനം നേടുന്നു. ഭൂരി പക്ഷത്തിനും ആശ്രയം ഇരിട്ടി, വള്ളിത്തോട്, അങ്ങാടിക്കടവ്, കുന്നോത്ത്, എടൂർ, കരിക്കോട്ട ക്കരി എന്നിവിടങ്ങളിലെ പാരലൽ കോളജുകൾ തന്നെ. ഏതാണ്ട് 400-ഓളം കുട്ടികൾ ഓരോ വർഷവും സമാന്തര കോളജുകളെ അഭയംപ്രാപി ക്കുന്നു. ഇവരിൽ നല്ലൊരു ഭാഗം വർഷങ്ങൾ നീണ്ടുനിൽക്കുന്ന പഠനത്തിനുശേഷം കാര്യമായി ഒന്നും നേടാനാവാതെ പഠനത്തിനു വിരാമമിടുന്നു. പാരലൽ കോളജുകളിലൂടെ ജീവിതവിജയം നേടിയ ചിലരെങ്കിലുമുണ്ട് എന്ന സത്യം വിസ്മരി ക്കുന്നില്ല. എസ്.എസ്.എൽ.സി.യിൽ ഉന്നതവി ജയം നേടാത്ത വലിയ ഒരു വിഭാഗം വിദ്യാർഥിക ളുടെ കർമ്മശേഷിയെ ഫലപ്രദമായി പ്രയോജന പ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

പഞ്ചായത്തിൽ 6 അംഗനവാടികൾ പ്രവർത്തി ക്കുന്നു.(1, 3, 4, 7, 8, 10 എന്നീ വാർഡുകളിൽ). ഇവയിൽ പലതിലും ഭൗതികസാഹചര്യങ്ങൾ അപ ര്യാപ്തമാണ്. 4, 7, 8 വാർഡുകളിലെ അംഗനവാടി കൾക്ക് കെട്ടിടസൗകര്യം തന്നെ ഉണ്ടാകേണ്ടിയി രിക്കുന്നു. 1, 3, 10 എന്നീ വാർഡുകളിലെ അംഗന വാടികളിൽ പഠനോപകരണങ്ങളും കളിക്കോപ്പു കളും കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. 2, 4, 5, 8, 10 എന്നീ വാർഡുകളിലാണ് 6 സ്വകാര്യ നഴ്സറി വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിലും ഭൗതിക സാഹചര്യങ്ങളും പഠനോപകരണങ്ങളും അപര്യാപ്തം. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നന്നായി പ്രവർത്തിക്കാൻ അവ ശ്രമിക്കുന്നു. (അവലംബം: ഗ്രാമസഭാ റിപ്പോർട്ടു കൾ), അന്ധ-ബധിര വിദ്യാർഥികൾക്കുള്ള പരി ശീലന കേന്ദ്രങ്ങളൊന്നും പഞ്ചായത്തിലില്ല. ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾ എടൂർ 'വികാസ് ഭവനെ' ആശ്രയിക്കുന്നു. മുസ്ലിം മതപഠന കേന്ദ്രമായ മദ്രസ പഞ്ചായത്തിൽ ഒരെണ്ണം മാത്രം(കരിക്കോ

ട്ടക്കരി).

വിദ്യാഭ്യസ സൗകര്യങ്ങളുണ്ടായിട്ടും എല്ലാ വാർഡുകളിലും സാക്ഷരത പൂർണമല്ല. പഞ്ചായത്തിൽ നിരക്ഷരത ഏതാണ്ട് 4 ശതമാനം വരും. പഞ്ചായത്തിലെ സമ്പൂർണ സാക്ഷരതാ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനങ്ങളും നാമമാത്രമായേയുള്ളൂ. മൂന്നാംവാർഡിൽ യുവജന സന്നദ്ധ സംഘടന ടനത്തുന്ന 'അക്ഷര ജ്യോതി', ജനവിദ്യാഭ്യാസ കേന്ദ്രം തുടിമരം തുടങ്ങിയവ അനൗപചാരിക വിദ്യാഭ്യാസത്തിന് കഴിയുന്ന സഹായം ചെയ്യുന്നു. ജില്ലയിലെ വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ഗുരുകുലം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏറെ സജീവമായിരുന്നുവെങ്കിലും തുടർ പ്രവർത്തനങ്ങൾ മന്ദഗിതിയിലാണ്.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും ഉദയവികാസ പരിണാമങ്ങളിൽ സജീവമായി സഹകരിച്ചിരുന്ന ആദ്യകാല കുടിയേറ്റ ജനത ഇന്നു വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കാനുള്ള പ്രവണത കാട്ടിത്തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസം അനസ്യൂതവും ഉത്പാദനപരവുമമായ ഒരു സാമൂഹിക പ്രക്രിയയാണെന്ന അവബോധം നമുക്കു കൈമോശം വരുന്നുവോ എന്നു സംശയം. അധ്യാപകൻ, വിദ്യാർഥി, രക്ഷിതാവ് – ഈ ത്രിവിധ ഘടകങ്ങളുടെ ഒരു ഏകോപിതമായുള്ള പ്രവർത്തന സംസ്കാരം നാം വളർത്തിയെടുക്കേണ്ടതുണ്ട്.

മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ പ്രോത്സാഹനാർത്ഥം എൻഡോവ്മെന്റുകളും കാഷ് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ മിടുക്കരായ കുട്ടികൾക്കും സ്കൂളിനും ഗ്രാമപഞ്ചായത്ത് കാഷ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോർപറേറ്റ് തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിലെ മിടുക്കരായ പ്രതിഭകളെ കണ്ടെത്തി പാരിതോഷികങ്ങൾ നൽകുന്ന പതിവുമുണ്ട്. (ബിഷപ്പ് വള്ളോപ്പിള്ളി മെമ്മോറിയൽ എൻഡോവ്മെന്റ്, ഫാ. മാത്യു എം. ചാലിൽ എൻഡോവ്മെന്റ് തുടങ്ങിയവ) Etc... പഞ്ചായത്തിലെ 2 സ്കൂളുകളിൽ പി.ടി.എ. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

ഇത്തരമൊരു റിപ്പോർട്ടിൽ വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളും അക്കാദമിക്ക് സൗകര്യങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ ലബോറട്ടറി സൗകര്യങ്ങളില്ലാത്ത 7 സ്കൂളുകളും ലൈബ്രറി പേരിനുപോലുമില്ലാത്ത 5 വിദ്യാലയങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. യു.പി. വിദ്യാലയങ്ങളിലെ ലാബ് സൗകര്യങ്ങളുടെ അപര്യാപ്തത അധികൃതരുടെ സത്വരശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നാണ്. ഉള്ള ലബോറട്ടറികളിൽ തന്നെ ഉപകരണങ്ങളും രാസവസ്തുക്കളും മിക്കതും കാലഹരണപ്പെട്ടവയാണ്. പഠനോപകരങ്ങളുടെ അപര്യാപ്തത ആനുകാലിക വിദ്യാഭ്യാസം നേരിടുന്ന വലിയൊരു പ്രശ്നം തന്നെയാണ്. വിദ്യാഭ്യാസത്തിന്റെയും ബോധനത്തിന്റെയും പരമ്പരാഗത മാർഗങ്ങളിൽനിന്ന് വ്യതിചലിച്ച് ബോധന സമ്പ്രദായങ്ങളെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ദൃശ്യശ്രാവ്യോപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം 21–ാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസമാർഗത്തിൽ സുപ്രധാനമായ പങ്കുവഹിച്ചേ മതിയാകൂ. പക്ഷേ, നമ്മുടെ പഞ്ചായത്തിൽ ഒരു സ്കൂളിൽപോലും ടെലിവിഷനോ സിനിമ പ്രോജക്ടറോ ഇല്ലായെന്നുള്ളത് ഖേദകരമാണ്. 21–ാം നൂറ്റാണ്ടിന്റെ ടെക്നോക്രാറ്റിക്ക് യുഗത്തിലേക്ക് കുതികൊള്ളുന്ന നമ്മുടെ വർത്തമാനകാല തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനവും അത്യന്താപേക്ഷിതംതന്നെ. അതിനുള്ള സാഹചര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്.

## പട്ടിക 4 വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ

| NO. സ്കൂൾ | ആകെവിദ്യാർഥികൾ | ആകെഅധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. പാലത്തുംകടവ് എൽ.പി.എസ്. | 116 | 4 | ഇല്ല | 2 | ഇല്ല | ഇല്ല |
| 2. കച്ചേരിക്കടവ് യു.പി.എസ് | 297 | 13 | 2 | 1 | ഉണ്ട് | ഉണ്ട് |
| 3 .ചരൾ എൽ.പി.എസ്. | 141 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട്. |
| 4. രണ്ടാംകടവ് എൽ.പി.എസ്. | 180 | 5 | ഇല്ല | 2 | ഉണ്ട് | ഇല്ല |
| 5. അങ്ങാടിക്കടവ് എച്ച്.എസ്. | 561 | 24 | 2 | 2 | ഉണ്ട് | ഉണ്ട് |
| 6. അങ്ങാടിക്കടവ് യു.പി.എസ്. | 916 | 30 | 3 | 5 | ഉണ്ട് | ഉണ്ട് |
| 7. ആനപ്പന്തി ജി.എൽ.പി.എസ്. | 73 | 4 | 1 | 1 | ഉണ്ട് | ഇല്ല |
| 8. മുണ്ടിയാംപറമ്പ് എൽ.പി.എസ്. | 128 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9. കൊട്ടുകപ്പാറ എൽ.പി.എസ്. | 140 | 4 | 3 | 1 | ഉണ്ട് | ഇല്ല |
| 10. കരിക്കോട്ടക്കരി യു.പി.എസ്. | 1004 | 31 | 2 | 7 | ഉണ്ട് | ഉണ്ട് |
| 11. കരിക്കോട്ടക്കരി എച്ച്.എസ്. | 547 | 26 | 2 | 1 | ഉണ്ട് | ഉണ്ട് |
| 12. എടപ്പുഴ എൽ.പി.എസ്. | 158 | 4 | 2 | 1 | ഉണ്ട് | ഇല്ല |

## അക്കാദമിക്ക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റെക്കോർഡർ | ടെലിവിഷൻ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 7 | 2 | 5 | 1 | 8 | 6 | 5 | 0 | 0 | 1 | 8 | 12 | 10 |
| ഇല്ലാത്തത് | 5 | 5 | 7 | 7 | 4 | 6 | 7 | 12 | 12 | 11 | 4 | – | 2 |

prാഥമികാവശ്യങ്ങൾക്കായി മൂത്രപ്പുരയില്ലാത്തെ 4 സ്കളുകൾ ഈ പഞ്ചായത്തിലുണ്ട്. അടിയന്തരമായും അവ ലഭ്യമാക്കേണ്ടതുണ്ട്. കുടിവെള്ളം ആവശ്യത്തിനില്ലാത്ത 2 സ്കൂളുകൾ, വൈദ്യുതീകരിച്ചിട്ടില്ലാത്തെ 6 സ്കൂളുകൾ ഇവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (പട്ടിക 4 നോക്കുക).

രാഷ്ട്രീയസമരങ്ങൾ പഞ്ചായത്തിലെ സ്കൂളുകളെ സാരമായി ബാധിച്ച സന്ദർഭങ്ങൾ ചുരുക്കമേയുള്ളൂ. സംഘടനാടിസ്ഥാനത്തിൽ നടക്കുന്ന സ്കൂൾ തിരഞ്ഞെടുപ്പുകളുടെ തീവ്രത അധികം ശക്തിപ്പെടാറില്ല.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഒരു നഖചിത്രം താഴെ ചേർക്കുന്നു.

1.(എ) നിലവിലുള്ള ഇടപ്പുഴ, രണ്ടാംകടവ്, പാലത്തുംകടവ്, മുണ്ടിയാംപറമ്പ്, ആനപ്പന്തി എൽ.പി. സ്കൂളുകൾ യു.പി. ആയി അപ്ഗ്രേഡ് ചെയ്യുക,

(ബി) കച്ചേരിക്കടവിൽ ഒരു ഹൈസ്കൂൾ അനുവദിക്കുക.

(സി) മുടയിരിഞ്ഞി, ഉരുപ്പുംകുറ്റി, തുടിമരം എന്നിവിടങ്ങളിൽ പുതിയ എൽ.പി. വിദ്യാലയങ്ങൾ അനുവദിക്കുക.

(ഡി) ആനപ്പന്തി, അങ്ങാടിക്കടവ് വാർഡുകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക. ആനപ്പന്തിയിൽ ഇത്തരം സ്ഥാപനങ്ങൾ നടത്താൻ സന്നദ്ധതയുള്ള സംഘടനകളുള്ളതായി റിപ്പോർട്ടു ചെയ്തു കാണുന്നു.

(ഇ) കരിക്കോട്ടക്കരിയിൽ പഞ്ചായത്തിന്റെ മാനേജ്മെന്റിൽ ഒരു പ്രീ- പ്രൈമറി വിദ്യാലയം അനുവദിക്കുക.

2. നിലവിലുള്ള ഹൈസ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകളും കംപ്യൂട്ടർ പഠനകേന്ദ്രവും അനുവദിക്കുക.

3. അശാസ്ത്രീയമായ പ്രമോഷൻ സമ്പ്രദായം പരിഷ്കരിച്ച് എസ്.എസ്.എൽ.സി. പരീക്ഷയിലെ വിജയത്തിനാവശ്യമായ മാനദണ്ഡമെങ്കിലും കണക്കിലെടുത്ത് (ഒരുവിഷയത്തിന് 20 ശതമാനവും ആകെ 35 ശതമാനവും മാർക്ക്) താഴ്ന്ന ക്ലാസുകളിൽ പ്രമോഷൻ അനുവദിക്കുക. ഓരോ ക്ലാസിലെയും വിജയശതമാനം മുൻകൂട്ടി നിശ്ചയിക്കാതിരിക്കുക.

4. ബോധന സമ്പ്രദായങ്ങളിലെ നൂതന പ്രവണതകൾ അധ്യാപകരെ പരിശീലിപ്പിക്കാൻ സാഹചര്യമൊരുക്കുക.

5. അധ്യാപക-വിദ്യാർഥി അനുപാതം കുറയ്ക്കുക.

6. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം ലഭ്യമാക്കുക.

7. കായിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കുക. വിദ്യാലയങ്ങളിൽ കായിക പരിശീലനം നിർബന്ധമാക്കുക.

8. പഞ്ചായത്തിൽ പാലത്തുംകടവ്, പാറക്കാമല, ചരൾ, വാണിയപ്പാറതട്ട്, തുടിമരം, വാണിയപ്പാറ, പുന്നക്കുണ്ട്, മുടയരിഞ്ഞി, മണിമരുതുംചാൽ, ഈന്തുംകരി, ഉരുപ്പുംകുറ്റി, ആനപ്പന്തി, വാഴയിൽ, വലിയപറമ്പുംകരി, ചെമ്പോത്തനാടികവല, കൊട്ടുകപ്പാറ, കരിക്കോട്ടക്കരി, വാളത്തോട്, അബേദ്കർ കോളനി, പാറക്കപ്പാറ, അറയ്ക്കൽ ജംഗ്ഷൻ (ഇടപ്പുഴ), കുമൻതോട് എന്നിവിടങ്ങളിൽ അംഗനവാടികൾ അനുവദിക്കുക.

9. അങ്ങാടിക്കടവിൽ ഒരു റഗുലർ കോളജ് അനുവദിക്കുക.

10. അങ്ങാടിക്കടവ്, കരിക്കോട്ടക്കരി ഹൈസ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുക.

## 11. അംഗനവാടി

പഞ്ചായത്തിൽ പാലത്തുംകടവ്, പാറക്കാമല, ചരൾ വാണിയപ്പാറതട്ട്, തുടിമരം, വാണിയപ്പാറ, പുന്നക്കുണ്ട്, മുടയിരിഞ്ഞി, മണിമരുതുംചാൽ, ഈന്തുംകരി, ഉരുപ്പുംകുറ്റി, ആനപ്പന്തി, വാഴയിൽ, വലിയപാറ, കരിക്കോട്ടക്കരി, വാളത്തോട്, അംബേഡ്കർ കോളനി, പാറക്കപ്പാറ, അറയ്ക്കൽ ജംഗ്ഷൻ (ഇടപ്പുഴ) കുമൻതോട്.



# പൊതുജനാരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

ആരോഗ്യമുള്ള സമൂഹമാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഈ ലക്ഷ്യം നേടാൻ നാമെന്തു മാത്രം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. നടപ്പു പദ്ധതിയുൾപ്പെടെയുള്ള എട്ടുപദ്ധതികളിലും പൊതുജനാരോഗ്യത്തിനുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യയിൽ മനുഷ്യായുസിന്റെ ദൈർഘ്യം വളരെ കൂടുതലായി. ശിശുമരണനിരക്ക് നമ്മുടെ രാജ്യത്ത് വിശിഷ്യാ കേരളത്തിൽ വളരെ കുറഞ്ഞു.

എങ്കിലും പൊതുജനാരോഗ്യരംഗത്തെ നമ്മുടെ അവസ്ഥയെക്കുറിച്ച് ഒരു പരിചിന്തനം ആവശ്യമല്ലേ? 1980-കളിൽ ഭാരതീയർക്കു കേട്ടുകേൾവി മാത്രമുണ്ടായിരുന്ന എയ്ഡ്സ് എന്ന ഭീകരരോഗം നമ്മുടെ നാട്ടിൻപുറങ്ങളിൽവരെ എത്തിനിൽക്കുന്നു. ഇവിടെ ആധുനിക വൈദ്യശാസ്ത്രം പകച്ചുനിൽക്കുന്നു. മനുഷ്യശരീരത്തെ കാർന്നുതിന്നുന്ന മാരകമായ ക്യാൻസർ രോഗത്തെ ഫലപ്രദമായി നേരിടാൻ ആവശ്യമായ ചികിത്സാസൗകര്യങ്ങൾ നമ്മുക്കുണ്ടോ?

ഒരുകാലത്ത് കേരളത്തിലെ മലയോരങ്ങളിൽ പ്രത്യേകിച്ചും ഭീതിയുടെ കരിനിഴൽ പരത്തി വിലപ്പെട്ട ഒത്തിരിയൊത്തിരി ജീവനുകൾ അപഹരിച്ച മലമ്പനിയെ നാട്ടിൽനിന്നും തുരത്തിയോടിച്ചുവെന്ന് വീമ്പിളക്കിയ നമ്മൾ ഇപ്പോൾ തല കുനിക്കുന്നില്ലേ? നിർമാർജനം ചെയ്ത മലമ്പനി ഇന്നിവിടെ സർവസാധാരണമായിരിക്കുന്നു.

ആരോഗ്യരംഗത്തുള്ള ചില പൊതുപ്രശ്നങ്ങൾ

പഴമക്കാരും പുതുമക്കാരുമായ രോഗങ്ങൾ നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്നു. അതോടൊപ്പം ആളോഹരി വരുമാനത്തിന്റെ മുഖ്യപങ്കും ആശുപത്രികളിലും മെഡിക്കൽ ഷാപ്പുകളിലും കൊടുത്തുതീർക്കുന്നു. അത്യദ്ധ്വാനം ചെയ്തുണ്ടാക്കുന്ന പണം ഈവിധം ചോർന്നുകൊണ്ടിരിക്കുമ്പോൾ മറ്റു ദൈനംദിനാവശ്യങ്ങൾക്കും ഇളംതലമുറയുടെ വിദ്യാഭ്യാസത്തിനും മറ്റുമുള്ള ആവശ്യങ്ങൾക്കുവേണ്ടി സ്വകാര്യ പണമിടപാടുകാരെപ്പോലും സമീപിക്കേണ്ട അവസ്ഥയാണിന്നുള്ളത്. ബ്ലഡ് പ്രഷർ, പ്രമേഹം, ആസ്തമ, ഹൃദയരോഗം മുതലായവ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലും സർവസാധാരണമായിരിക്കുന്നു. വേണ്ടത്ര കായികദ്ധ്വാനമോ വ്യായാമങ്ങളോ ചെയ്യാത്ത ആളുകളിലാണ് മേൽ സൂചിപ്പിച്ച രോഗങ്ങൾ കൂടുതലായും കണ്ടുവരുന്നത്.

അമിതമായ മദ്യപാനവും പുകവലിയും വെറ്റിലമുറുക്കും സുഗന്ധമുറുക്കും പല രോഗങ്ങൾക്കും കാരണമായി തീരുന്നുവെന്നതും ശ്രദ്ധേയമാണ്.

ആയതുകൊണ്ടുതന്നെ പഞ്ചായത്ത് ആസൂത്രണ സമിതി നടത്തിയ സാമൂഹ്യ–സാമ്പത്തിക സർവേയിൽ പുകവലിക്കാരുടെയും മദ്യം ഉപയോഗിക്കുന്നവരുടെയും വെറ്റില മുറുക്കുന്നവരുടെയും എണ്ണം കണ്ടെത്താൻ ശ്രമം നടത്തി. എന്നാൽ ആരോഗ്യമുള്ള ഒരു സമൂഹമെന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനുവേണ്ടി തയ്യാറാക്കാൻ ശ്രമിച്ച പ്രസ്തുത റിപ്പോർട്ടിനുവേണ്ടി സത്യസന്ധമായി സഹകരിക്കാൻ പലരും തയ്യാറായിട്ടില്ലായെന്ന് ചുവെട ചേർക്കുന്ന പട്ടിക – 1–ൽനിന്നു ബോദ്ധ്യമാകും.

**പട്ടിക 1**

| വാർഡ് നമ്പർ | പുകവലിക്കുന്ന വരുടെ എണ്ണം | മദ്യം ഉപയോഗിക്കുന്ന വരുടെ എണ്ണം | വെറ്റില മുറുക്കുന്ന വരുടെ എണ്ണം |
|---|---|---|---|
| 1. | 333 | 81 | 163 |
| 2. | 255 | 87 | 110 |
| 3. | 327 | 411 | 107 |
| 4. | 501 | 200 | 60 |
| 5. | 89 | 270 | 241 |
| 6. | 77 | 90 | 69 |
| 7. | 220 | 97 | 154 |
| 8. | 150 | 87 | 151 |
| 9. | 400 | 111 | 435 |
| 10. | 355 | 123 | 365 |
| ആകെ | 2717 | 1557 | 1855 |

# പകർച്ചരോഗങ്ങളും കാരണങ്ങളും

### 1. കൊതുകശല്യം

കുറേക്കാലം മുമ്പുവരെയും മഴക്കാലത്തുമാത്രം വളരെ വിരളമായി പ്രത്യക്ഷപ്പെട്ടിരുന്ന കൊതുക് നമ്മുടെ പഞ്ചായത്തിലെ കൊച്ചുകൊച്ചു ബസാറുകളിലും വീടുകളിലും 'മൂളിപ്പാട്ടുപാടി' ചുറ്റുന്നത് സർവസാധാരണമായിരിക്കുന്നു. രാത്രിസമയത്ത് ഉറക്കം കെടുത്തുന്നുവെന്നു മാത്രമല്ല പല പകർച്ച രോഗങ്ങളും ഇവർ സമ്മാനിക്കുന്നുവെന്നതും ഈ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്.

### 2. കക്കൂസ്

ഈ പ്രദേശത്തെ ആദിവാസി മേഖലയിൽ കുഷ്ഠം, മറ്റു ത്വക്ക് രോഗങ്ങൾ എന്നിവ പടർന്നു പിടിക്കുന്നവെന്നതും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

തൊഴിൽതേടിയും ചെറുകിട വ്യാപാര ആവശ്യങ്ങൾക്കുമായും മറ്റു പ്രദേശങ്ങളിൽനിന്നും ഈ പഞ്ചായത്തിൽ വന്നു താമസിക്കുന്നവരിൽ ബഹുഭൂരിഭാഗവും വെളിമ്പ്രദേശങ്ങളിലാണ് (ഉദ:പുഴയോരങ്ങൾ) പ്രഥാമികാവശ്യങ്ങൾ നിർവഹിക്കുന്നത് ആയതിനാൽ പുഴയോരങ്ങളും മറ്റു വെളിമ്പറമ്പുകളും കൂടുതൽ മലീമസമാകുമ്പോൾ പകർച്ച വ്യാധികളും മറ്റു രോഗങ്ങളും വ്യാപകമാകാൻ സാദ്ധ്യതയേറുന്നു. പഞ്ചായത്തിൽ ആകെയുള്ള 4685 വീടുകളിൽ 1623 വീടുകളിൽ മാത്രമേ പേരിനെങ്കിലും കക്കൂസ് സൗകര്യമുള്ളൂ. ബാക്കി 3062 വീടുകളിൽ താമസിക്കുന്നവരും മേൽ സൂചിപ്പിച്ച പോലെ പറമ്പുകളെ ആശ്രയിച്ച് പ്രഥാമികാവശ്യങ്ങൾ നിറവേറ്റുന്നു.

**പട്ടിക 2**

| വാർഡ് നമ്പർ | വാർഡിന്റെ പേര് | വീടുകളുടെ എണ്ണം | കക്കൂസ് ഉള്ളവ | ഇല്ലാത്തവ |
|---|---|---|---|---|
| 1. | കച്ചേരിക്കടവ് | 626 | 63 | 563 |
| 2. | ചരൾ | 438 | 180 | 258 |
| 3. | വാണിയപ്പാറ | 611 | 111 | 500 |
| 4. | മൊടയരിഞ്ഞി | 450 | 235 | 215 |
| 5 | അങ്ങാടിക്കടവ് | 514 | 185 | 329 |
| 6. | ആനപ്പന്തി | 317 | 145 | 172 |
| 7. | മുണ്ടയാംപറമ്പ് | 426 | 208 | 218 |
| 8. | കരിക്കോട്ടക്കരി | 324 | 156 | 168 |
| 9. | ഈന്തുംകരി | 493 | 248 | 245 |
| 10. | എടപ്പുഴ | 486 | 92 | 394 |
| | ആകെ | 4685 | 1623 | 3062 |

(അവലംബം കുടുംബസർവ്വേ)

കോളറ തുടങ്ങിയ പകർച്ചവ്യാധികൾ പഞ്ചായത്തിലെവിടെയെങ്കിലും ഉണ്ടായാൽ അതു വ്യാപിക്കാൻ ഇടവരുമെന്ന ദുഖസത്യവും ഇവിടെ സ്മരിക്കേണ്ടതുണ്ട്.

പരിസര ശുചിത്വത്തിന്റെ അഭാവം - പ്രശ്നങ്ങൾ

വ്യവസായവൽക്കരണം തീരെയില്ലാത്ത ഈ പ്രദേശത്ത് പരിസര മലിനീകരണം ഗുരുതരമല്ല. എങ്കിലും പഞ്ചായത്തിലെ ബസാറുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ മുറയ്ക്കു നടക്കിന്നില്ലായെന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നു. വ്യാപാര സ്ഥാപനങ്ങളിൽനിന്നുമുള്ള ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കൾ നിക്ഷേപിക്കുന്നത് ഇപ്പോൾ റോഡരികിലും ഓടകളിലുമാണ്. അതുപോലെതന്നെ ചെറു ബസാറുകളിൽ ഡ്രെയിനേജ് ഏർപ്പെടുത്താത്തതുമൂലം മഴക്കാലത്ത് മലവെള്ളം റോഡുകളിലൂടെ ഒഴുകി ബസാറുകളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നു. ശുചിത്വമില്ലാത്ത മാംസ്യ–മത്സ്യവിൽപന ശാലകൾ രോഗാണുക്കളെ മാടിവിളിക്കുന്ന 'രോഗവിതരണ ശാല'കളാകുന്നു. വില്യാലയങ്ങൾക്കു സമീപം വൃത്തിരഹിതമായ സാഹചര്യങ്ങളിൽ നിർമിക്കുകയും വിൽപന നടത്തുകയും ചെയ്യുന്ന ഭക്ഷ്യസാധനങ്ങളും മധുര പലഹാരങ്ങളും പിഞ്ചു തലമുറയുടെ ആരോഗ്യത്തിനു ഭീഷണിയാണ്. സൈക്കിളുകളിലും ഉന്തുവണ്ടികളും കൊണ്ടുവന്ന് വിൽപന നടത്തുന്ന ഐസ്ക്രീം, മറ്റു ശീതള. പാനീയങ്ങൾ ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവ കുട്ടികളുടെ ആരോഗ്യത്തെ സാരമായി പ്രതികൂലമായി ബാധിക്കുന്നതും ദുർവ്യയശീലം ഇളംതലമുറയിൽ പടർന്നുപിടിക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാത്ത കവലകളിൽ മരുന്നു നിർമാണവും വിതരണവും നടത്തുന്നത് (അവരുടെ വാചക കസർത്തുകളിൽ മയങ്ങി അത്തരം മരുന്നുകൾ വാങ്ങി ഉപയോഗിക്കുന്നവരുടെ) ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

മേൽസൂചിപ്പിച്ച പ്രതികൂലമായ സാഹചര്യങ്ങളെ നേരിടുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ഇന്നുള്ള സംവിധാനം തുലോം പരിമിതമാണ്. ആരോഗ്യപരിപാലനരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

**സ്ഥാപനങ്ങൾ:**

| | |
|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | – 2 |
| ആയൂർവേദ ആശുപത്രി | – 1 |
| ഹോമിയോ ഡിസ്പെൻസറി | – 1 |
| കുടുംബക്ഷേമ കേന്ദ്രങ്ങൾ | – 5 |

ഇവയിലെല്ലാംകൂടി ജീവനക്കാർ ആണുള്ളത്.

പട്ടിക (ആരോഗ്യം) 3

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെഎണ്ണം |
|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ അങ്ങാടിക്കടവ് | V | 18 |
| 2. | പ്രൈമറി ഹെൽത്ത് സെന്റർ കരിക്കോട്ടക്കരി | VIII | 14 |
| 3. | ഹോമിയോ ഡിസ്പെൻസറി | III | 4 |
| 4. | ആയുർവേദ ആശുപത്രി മുണ്ടയാംപറമ്പ് | VII | 4 |

പട്ടിക (ആരോഗ്യം) 3എ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് |
|---|---|---|
| 1. | കുടുംബക്ഷേമകേന്ദ്രം കച്ചേരിക്കടവ് | I |
| 2. | കുടുംബക്ഷേമകേന്ദ്രം ഉരുപ്പുംകുറ്റി | V |
| 3. | കുടുംബക്ഷേമകേന്ദ്രം ആനപ്പന്തി | VI |
| 4. | കുടുംബക്ഷേമകേന്ദ്രം മുണ്ടയാംപറമ്പ് | VII |
| 5. | കുടുംബക്ഷേമകേന്ദ്രം എടപ്പുഴ | X |

നിലവിലുള്ള ആരോഗ്യസ്ഥാനപങ്ങളുടെ ഭൗതിക സാഹചര്യം തുലോം പരിമിതമാണ്. തുടക്കംമുതൽ 10 കിടക്കകളോടെ പ്രവർത്തനമാരംഭിച്ച അങ്ങാടിക്കടവ് പ്രാഥമികാരോഗ്യകേന്ദ്രം ഇന്ന് തീരെ സൗകര്യമില്ലാതെയാണുള്ളത്. രണ്ടു

ഡോക്ടർമാരുടെ സേവനം ലഭ്യമായാൽ മാത്രമേ രോഗികളെ അഡ്മിറ്റു ചെയ്യാൻ കഴിയുള്ളൂവെന്ന് മെഡിക്കൽ ഡിപ്പാർട്ടുമെന്റ് പറയുന്നു. പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ കെട്ടിടവും പുതുക്കിപ്പണിയേണ്ടതുണ്ട്. രണ്ടാംകടവ് ഹോമിയോ ഡിസ്പെൻസറി, മുണ്ടയാംപറമ്പ് ആയുർവേദ ആശുപത്രി എന്നീ സ്ഥാപനങ്ങൾക്ക് അടിയന്തരമായും സ്വന്തം കെട്ടിടങ്ങൾ നിർമിക്കേണ്ടിയിരിക്കുന്നു. കരിക്കോട്ടക്കരി പി.എച്ച്.സി.ക്ക് നല്ല ഒരു കെട്ടിടം നിലവിലുണ്ട്. സുഹൃത് സമിതി സംഭാവന ചെയ്ത 36,000 രൂപയുടെ ഫർണിച്ചർ കൂടിയായപ്പോൾ ഭൗതിക സൗകര്യങ്ങൾ ഏറെക്കുറെ മെച്ചപ്പെട്ടതായി. അങ്ങാടിക്കടവ്, കരിക്കോട്ടക്കരി, പി.എച്ച്.സി.കൾക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമിക്കേണ്ടതുണ്ട്.

ആരോഗ്യരംഗത്തെ പ്രശ്നപരിഹാര നിർദേശങ്ങൾ

രോഗം വരാതെ സൂക്ഷിക്കുക എന്ന തത്വത്തിന്റെ പ്രസക്തിയെക്കുറിച്ച് ഉറക്കെ ചിന്തിക്കേണ്ട കാലഘട്ടമാണിത്. ചികിത്സകൊണ്ട് ഒരു രോഗവും പൂർണമായും മാറ്റാൻ കഴിയില്ലായെന്നതാണ് ആധുനിക അഭിമതം. രോഗത്തിന്റെ കാഠിന്യമായ ആക്രമത്തെ തെല്ലൊന്നു ശമിപ്പിക്കാൻ മാത്രമേ ചികിത്സകൊണ്ട് കഴിയൂ.(ഉദാ: ബ്ലഡ് പ്രഷർ, പ്രമേഹം, ആസ്തമ, ഹൃദ്രോഗം മുതലായവ). പൊതുജനാരോഗ്യരംഗത്തെ പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും സവിസ്തരമായ ചർച്ചകൾ ഗ്രാമസഭകളിൽ ഉണ്ടായി.

വേണ്ടത്ര കായികാദ്ധ്വാനമോ വ്യായാമമോ ഇല്ലാത്ത ആളുകളിലാണ് മേൽ വരികളിൽ സൂചിപ്പിച്ച രോഗങ്ങൾ കൂടുതലായും കണ്ടുവരുന്നത്. ആയതിനാൽ യോഗമുറകൾ അഭ്യസിക്കുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം. സ്പോർട്സ് കൗൺസിലിന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു ജിംനേഷ്യം സ്ഥാപിക്കുക.

രോഗങ്ങൾ പരത്തുന്ന കൊതുകുകളെ നിയന്ത്രിക്കാൻ ഓവുചാലുകളിലും മറ്റു സ്ഥലങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക. വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യമായ പ്രതിരോധ മരുന്നു തളിക്കൽ (സ്പ്രേയിംഗ്) നിർബന്ധമായും നടത്തുക. ബസാറുകളിൽ അഴുക്കുചാലുകൾ പ്രത്യേകമായി നിർമിക്കുക. ഹോട്ടൽ പരിസരങ്ങളിൽ ഡി.ഡി.ടി. സ്പ്രേയിംഗ് കൂടെക്കൂടെ നടത്തുക. റോഡുകളിലും ഓടകളിലും കച്ചവടസ്ഥാപനങ്ങളിൽനിന്നുള്ള പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നത് തടയുക. ബസാറുകൾ ശുചീകരിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക. എല്ലാ വീടുകളിലും കക്കൂസുകൾ നിർമിക്കുക. താഴ്ന്ന വരുമാനക്കാർക്ക് കക്കൂസ് നിർമിക്കുന്നതിന് ചെലവാകുന്ന തുകയുടെ 50 ശതമാനം സബ്സിഡി അനുവദിക്കുക.

വ്യാപാരികൾ, മറ്റു തൊഴിലാളികൾ തുടങ്ങിയവർ താമസിക്കുന്ന കെട്ടിടങ്ങളോടനുബന്ധിച്ച് നിർബന്ധമായും കക്കൂസുകൾ സ്ഥാപിപ്പിക്കുക. അങ്ങനെ ചെയ്യാത്ത കെട്ടിട ഉടമകളുടെയും പേരിൽ കർശന നടപടികൾ സ്വീകരിക്കുക.

പ്രധാന ബസാറുകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള വെയിസ്റ്റ് ബോക്സുകൾ സ്ഥാപിക്കുക.

പഞ്ചായത്തിലെ ഒരു പ്രധാന കേന്ദ്രത്തിൽ ഒരു പാർക്ക് (park) സ്ഥാപിക്കുക.

പ്രധാന കേന്ദ്രങ്ങളിൽ പൊതകക്കൂസുകൾ സ്ഥാപിക്കുക.

പഞ്ചായത്തിലെ ആദിവാസി കോളനികളിൽ മാസംതോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

പൊതുജനങ്ങൾക്കുവേണ്ടി പ്രധാനകേന്ദ്രങ്ങളിൽ ആരോഗ്യബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

നിലവിലുള്ള പി.എച്ച്.സി.കൾ വികസിപ്പിക്കുക.

എടപ്പുഴ, മുണ്ടയാംപറമ്പ്, മുടയരിഞ്ഞി, ചരൾ, കച്ചേരിക്കടവ്, വാണിയപ്പാറ എന്നീ സ്ഥലങ്ങളിൽ സ്വന്തം കെട്ടിടങ്ങൾ നിർമിക്കുക.

ആരോഗ്യപ്രവർത്തകരുടെ സേവനം പഞ്ചായ

ത്തിലെ എല്ലാ വീടുകളിലും ലഭ്യമാക്കുക.

അത്യാവശ്യ മരുന്നുകൾ പി.എച്ച്.സി.കളിൽ യഥേഷ്ടം സ്റ്റോക്ക് ചെയ്യുക ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി എന്നിവിയ്ക്ക് സ്വന്തമായി സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമിക്കുക.

പഞ്ചായത്തിലെ എല്ലാ കിണറുകളും ക്ലോറിനേറ്റു ചെയ്തു ശുദ്ധമാക്കുക.

കുടിവെള്ളം.

മൂന്നുവശവും പുഴകളും ധാരാളും അരുവികളും ഉള്ള അയ്യൻകുന്ന് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുവെന്നത് ചിന്തിക്കാൻപോലും കഴിയാത്തതാണെങ്കിലും യാഥാർത്ഥ്യം അതാണ്. 4685 വീടുകൾ നിലവിലുള്ളപ്പോൾ കുടിവെള്ള സൗകര്യമുള്ള വീടുകളുടെ എണ്ണം കേവലം 2164 മാത്രമാണ്. 22 പൊതുകിണറുകളും 7 കുഴൽ കിണറുകളുമാണുള്ളത്. പട്ടികവർഗ കോളനികളിൽ പോലും ശുദ്ധജല സൗകര്യമില്ലാതെയുണ്ടെന്നത് ദയനീയമാണ്. അംബേദ്ക്കർ കോളനി, രണ്ടാംകടവ് കോളനി എന്നിവിടങ്ങളിലൊഴിച്ച് ശേഷിക്കുന്ന എട്ടു കോളനികളിലും ശുദ്ധജലവിതരണ പദ്ധതി അടിയന്തരമായും ആവിഷ്കരിക്കണം.

കുടിവെള്ളക്ഷാമം അനുഭവിക്കുന്ന മറ്റു പ്രദേശങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## കുടിവെള്ളക്ഷാമ പ്രദേശങ്ങൾ

പാറക്കാമല, മാക്കണ്ടിഭാഗം, പാലത്തുംകടവ്, വളവുപാറ പ്രദേശങ്ങൾ.

പാറക്കാമല കിഴക്കുംഭാഗം, വാണിയപ്പാറതട്ട്, നീലിയറമുക്ക്, മുരിക്കംകരികുന്ന്, പുളിച്ചുമാക്കൻ കവല, കുന്നാംചേരിക്കുന്ന്.

വാളത്തോട്, കളിതട്ടുംപാറ, രണ്ടാംകടവ്, അട്ടയോലി.

ഓടിച്ചുകുന്ന്, പുനമ്പൻതടംകുന്ന്, പഞ്ചായത്ത് കോളനി.

ഈത്തുംകരി, ഉരുപ്പുംകുറ്റി, പട്ടികവർഗ കോളനികൾ, ആയാംകുടി, ഈന്തുംകരിമല, അടയോലിമല തുടങ്ങിയ പ്രദേശങ്ങൾ.

കരിഭാഗം, ഓടിച്ചുകുന്ന്, പനക്കര.

ജലക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ല.

കൊട്ടുകപ്പാറ പട്ടികജാതി കോളനി, ലക്ഷം വീട്, പള്ളിക്കുന്ന്.

വലിയപറമ്പൻകരി (ആശാൻകുന്ന്), വാലൻകരി, കമ്പനിനിരത്ത്.

എടപ്പുഴ വാർഡിലെ എല്ലാ കുന്നിൻപ്രദേശങ്ങളിലും.

## പരിഹാരനിർദേശങ്ങൾ

1. ഈ പ്രദേശങ്ങളിൽ പൊതുകുളങ്ങൾ നിർമിച്ച് പമ്പുചെയ്ത് കുടിവെള്ളം വീടുകളിൽ എത്തിക്കുക.

2. ജലലഭ്യതയുള്ള സ്ഥലം കണ്ടുപിടിച്ച് പൊതുകിണറുകളും കുഴൽ കിണറുകളും നിർമിക്കുക.

3. വാർഡിലെ പ്രകൃതിദത്ത ഉറവകളിൽനിന്നും പൈപ്പിട്ടും മറ്റുസ്ഥലങ്ങളിൽ പൊതുകിണർ നിർമിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കണം.

4. അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ച് കിണർ കുഴിക്കുക. പമ്പുസെറ്റ് ഉപയോഗിച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് പൈപ്പുവഴി വെള്ളം എത്തിക്കുക.

5. പ്രകൃതിദത്ത ഉറവകളിൽനിന്നും പൈപ്പുവഴി കുടിവെള്ളം എത്തിക്കുക കുഴൽ കിണർ നിർമിക്കുക.

6. ഈ ഭാഗങ്ങളിൽ പൊതുകിണർ കുഴിക്കുക

7. വെമ്പുഴച്ചാലിൽ ചെക്ക് ഡാമും കൊട്ടുകപ്പാറയിൽ ടാങ്കും നിർമിക്കണം.

8, ബാരാപ്പുഴയിൽനിന്നും പമ്പ് ചെയ്ത് (ശുദ്ധീകരിച്ച്) ടാങ്കിൽ എത്തിച്ച് ജലവിതരണം നടത്തുക.

9. പൊതുകിണർ, കുഴൽകിണർ എന്നിവ നിർമിക്കുക.

മനുഷ്യന്റെ സൗകര്യങ്ങളിൽ മുഖ്യയിനമായ കുടിവെള്ളം സുലഭമായി ലഭിക്കുന്നതിനുള്ള പദ്ധതികൾ ഈ പഞ്ചായത്തിലേക്ക് എത്തിനോക്കുന്നില്ല. കോളനി പ്രദേശങ്ങളിലല്ലാതെ ശുദ്ധജലം

നൽകുന്നതിനുള്ള ഉത്തരവാദിത്വം തങ്ങൾക്കില്ലായെന്ന കേരള വാട്ടർ അഥോറിറ്റിയുടെ നിഷേധാത്മകമായ സമീപനം ഈ പഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങളുടെ മൗലീകമായ ആവശ്യങ്ങളോടുള്ള വെല്ലുവിളിയാണ്. കടുത്ത വരൾച്ച അനുഭവപ്പെടുമ്പോൾ കുടിവെള്ളം കിട്ടാത്ത കുന്നിൻപുറങ്ങളിൽ കിണർ കുഴിച്ചതുകൊണ്ട് പ്രയോജനമില്ല. വലിയപറമ്പിൽ കരികുന്നിൻ പ്രദേശത്ത് അർദ്ധരാത്രിമുതൽ കുടിവെള്ളം തേടി വീട്ടമ്മമാർ അലയുന്നത് ഹൃദയഭേദകമാണ്. ഇത്തരം പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ ഉത്തരവാദിത്വം കെ.ഡബ്ല്യു.എ. ഏറ്റെടുക്കണം. പട്ടിക നാലിൽ സൂചിപ്പിച്ച പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം എങ്ങനെ പരിഹരിക്കാമെന്ന് കെ.ഡബ്ല്യു.എ.യുടെ ഉദ്യോഗസ്ഥന്മാർ സ്ഥലം പരിശോധിച്ച് പരിഹാരം കണ്ടെത്തണമെന്ന് ഗ്രാമസഭകൾ അതിശക്തമായി ആവശ്യപ്പെട്ടു.

പഞ്ചായത്തിലെ പ്രധാന ബസാറുകളായ കരിക്കോട്ടക്കരി, ആനപ്പന്തി, അങ്ങാടിക്കടവ്, വാണിയപ്പാറ, ചരൾ എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ ഏർപ്പെടുത്തുക.



# ഗതാഗതം – ഊർജ്ജം മാർക്കറ്റ്

## 1. ഗതാഗതം

ഐക്യകേരളപിറവിക്ക് മുമ്പ് മലബാറിലേക്കു നടന്ന ഐതിഹാസികമായ കുടിയേറ്റത്തിന്റെ വീര സ്മരണകൾ കൊണ്ട് പുളകിതമായ ഈ പ്രദേ ശത്ത് ഗതാഗതപ്രശ്നം ഇന്നും ജനസാമാന്യത്തെ നിരാശയുടെ മോഹഭംഗങ്ങളുടെ വിഷാദഗാഥക ളാലപിക്കുന്ന രാപ്പാടികളാക്കുന്നു.

അമ്പത്തഞ്ചുവർഷം പിന്നീട് കുടിയേറ്റചരി ത്രത്തിന്റെ ദു:ഖസ്മരണകളുണർത്തുന്ന കതനക ഥകൾ കേൾക്കുമ്പോൾ മനസിന്റെ കോണുകളിൽ നൊമ്പരത്തിന്റെ കാരമുള്ളുകൾ പതിയുന്നപോലെ.

അതെ, കാലഘട്ടത്തിന്റെ വിളികേട്ട് ഈ മല യോരത്ത് കൂടാരം തേടിയെത്തിയ കുടിയേറ്റകർഷ കനെ എതിരേറ്റത് മൂന്നുവശത്തും അലറിപ്പായുന്ന പുഴകളായിരുന്നു. എങ്കിലും നിശ്ചയദാർഢ്യം കൈമുതലായുള്ള കുടിയേറ്റക്കാർ തങ്ങളുടെ ആത്മീയനേതാക്കളുടെ ആഹ്വാനമനുസരിച്ച് ശ്രമ ദാനത്തിലൂടെ നിർമ്മിച്ചെടുത്ത 166.5 കി.മീ. റോഡാണ് ഇന്ന് ഈ പഞ്ചായത്തിലുള്ളത്. അയൽഗ്രാമങ്ങളിൽ പലതും അധികൃതരുടെ കാരു ണ്യംകാത്ത് ഇടവഴികളിലൂടെ മൈലുകൾ താണ്ടു മ്പോൾ സർക്കാർസഹായത്തിനു കൈനീട്ടാതെ കൂട്ടായ്മയുടെ ഫലമായി നിർമ്മിച്ചെടുത്തതാണീ പ്രദേശത്തെ റോഡുകൾ.

ഭീകരത തളംകെട്ടിനിന്ന കൊടുംകാട്ടിലേയ്ക്ക് 1941–ൽ കുടിയേറ്റമാരംഭിച്ചപ്പോൾ ഉണ്ടായിരുന്നത് 'ആനയേല് (ആന തടിവലിക്കുന്ന വഴി) മാത്രമാ യിരുന്നു. തലശേരി, മൈസൂർ റോഡിൽ കുന്തോത്ത് ബസ് ഇറങ്ങി വള്ളിത്തോട് പുഴകട ന്നാൽ മേൽസൂചിപ്പിച്ച ആനയേലിലൂടെയുള്ള കാൽനടയാത്ര ആദ്യകാല കുടിയേറ്റക്കാരുടെ മന സിൽ പുത്തൻ പ്രതീക്ഷകളുണർത്തി. അവർ ആദ്യ മായി റോഡ് നിർമിച്ചു. (വള്ളിത്തോട്– ആന പ്പന്തി–കരിക്കോട്ടക്കരി റോഡ്).

പിന്നീടിങ്ങോട്ട് റോഡുനിർമാണങ്ങളുടെ ഒരു നവ യുഗത്തിന്റെ, ഒരു പരിണാമത്തിന്റെ, ഒരു ഉയർത്തെഴുന്നേൽപിന്റെ കാലഘട്ടമായിരുന്നു. അതുല്യമായ ആഗ്രഹങ്ങളുടേയും മോഹനമായ പ്രതീക്ഷകളുടേയും ആ ദിനങ്ങൾ നെയ്തെടു ത്തത് വെറും സ്വപ്നങ്ങൾ മാത്രമായിരുന്നില്ല, മറിച്ച് മനസിൽ നിറഞ്ഞ നിശ്ചയദാർഢ്യത്തിന്റെയും തഴ

മ്പിച്ച കൈകളുടെ കരുത്തിന്റെയും കൂട്ടായ്മയുടേയും ദേശസ്നേഹത്തിന്റെയും തുടിപ്പുകളായിരുന്നു.

കാട്ടിനുള്ളിൽ കയറിവന്ന തങ്ങൾക്കുണ്ടായ നഷ്ടങ്ങൾ ഉറ്റവരുടെയും ഉടയവരുടെയും വേർപാടുകൾ, അവകൾ മനസ്സിലുണർത്തിയ നൊമ്പരങ്ങൾ, കൺകോണുകളിൽ ഉദയംകൊണ്ട കണ്ണീർക്കണങ്ങൾ അവയ്ക്കൊന്നും അവരുടെ കൈക്കരുത്തിനേയും കരളുറപ്പിനേയും കീഴടക്കാൻ കഴിയാതെ വന്നപ്പോൾ 12,280 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ ഗ്രാമത്തിൽ 166.5 കി.മീ. ദൂരമുള്ള റോഡുകൾ തുറക്കപ്പെടുകയായിരുന്നു.

വാളത്തോടുമുതൽ വള്ളിത്തോടുവരെ കാൽനടയാത്ര ചെയ്തിരുന്ന കുടിയേറ്റകർഷകർ കഠിനാധ്വാനത്തിലൂടെ നിർമ്മിച്ച ഈ പഞ്ചായത്തിലെ റോഡുകളിലൂടെ ഇപ്പോൾ 26 ബസുകൾ സർവ്വീസ് നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ, അവയുടെ ഉടമസ്ഥത ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ പട്ടികയിൽ കാണിച്ചിരിക്കുന്നു. (പട്ടിക 1)

### ടാർ റോഡുകളുടെ പ്രശ്നങ്ങൾ .

മേൽസൂചിപ്പിച്ച റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെന്ന അഭിപ്രായം ഗ്രാമസഭകൾക്കില്ല. മാത്രമല്ല, റോഡുകളുടെ അവസ്ഥയും ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടക്കുന്നില്ല. എടൂർ- കരിക്കോട്ടക്കരി-വാണിയപ്പാറ-രണ്ടാംകടവ് പി.ഡബ്ല്യൂ.ഡി. റോഡിൽ നാലു പാലങ്ങൾക്ക് അനുമതി ലഭിക്കുകയും പ്രീ ക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ട് 6 മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ടെൻഡർ അംഗീകരിക്കുകയോ നിർമ്മാണപ്രവർത്തനത്തിനു തുടക്കംകുറിക്കുകയോ ചെയ്തിട്ടില്ല. നിലവിലുള്ള ടാർ റോഡുകൾക്ക് ഓടകൾ ഇല്ലായെന്നതും പോക്കറ്റ് റോഡുകൾ നിർമ്മിക്കുമ്പോൾ നിലവിലുള്ള നിബന്ധനകൾ പാലിക്കുന്നില്ലായെന്നതും റോഡുകൾ താറുമാറാകുന്നതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

**സാധ്യതകൾ:**

നിർദ്ദിഷ്ട തലശേരി-മൈസൂർ റെയിൽവേ ലൈൻ ഈ പ്രദേശത്തുകൂടി കടന്നുപോയാൽ ഈ പഞ്ചായത്തിന്റെ വികസനസാധ്യത വളരെ കൂടുതലാണ്. നിർദ്ദിഷ്ട ഹിൽഹൈവേ കരിക്കോട്ടക്കരി, ഈത്തുംകരി, അങ്ങാടിക്കടവ്, ആനപ്പന്തി, വള്ളിത്തോട് എന്നീ ഭാഗങ്ങളിലൂടെ കടന്നുപോകണമെന്ന് ഗ്രാമസഭാ നിർദ്ദേശം പ്രാവർത്തികമാക്കുക.

നിലവിലുള്ള തലശേരി-മൈസൂർ റോഡിൽ ഇരിട്ടി പുഴയ്ക്ക് നിർമ്മിച്ചിട്ടുള്ള വൻ പാലത്തിന്റെ കാലാവധി കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞു. നിർഭാഗ്യവശാൽ പാലത്തിലൂടെയുള്ള ഗതാഗതം സ്തംഭിച്ചാൽ അയ്യൻകുന്ന്, പായം, ആറളം, പടിയൂർ-കല്യാട് തുടങ്ങിയ പ്രദേശങ്ങൾ തികച്ചും ഒറ്റപ്പെടുമെന്ന സത്യം ഭയവിഹ്വലതയോടെ ഇവിടെ സ്മരിക്കട്ടെ. എന്നാൽ ആറളംപുഴയ്ക്ക് വട്ട്യറ, അല്ലെങ്കിൽ പായംമുക്ക് എന്നിവിടങ്ങളിലെങ്കിലും ഒരു പാലം നിർമ്മിച്ച് തലശേരി-മൈസൂർ റൂട്ടിനു നാൽപതിൽപ്പരം കി.മീ. ദൂരം കുറയുകയും യാത്രാദുരിതം ഒഴിവാക്കപ്പെടുകയും ചെയ്യാവുന്ന എടൂർ-കരിക്കോട്ടക്കരി-വാണിയപ്പാറ- രണ്ടാംകടവ്-തുടിമരം-പാത്തിപ്പാറ-പൂക്കളം അന്തർസംസ്ഥാന റോഡ് യാഥാർത്ഥ്യമാക്കുകയും ചെയ്യാമെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാണിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് അന്തർസംസ്ഥാന റോഡിനുവേണ്ടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

പഞ്ചായത്തിൽ ആകെയുള്ള റോഡിന്റെ 15 % മാത്രമാണ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് ടാർ ചെയ്തിട്ടുള്ളത്. ഏതാണ്ട് അത്രയുംതന്നെ ടാർചെയ്ത പഞ്ചായത്ത് റോഡുകളുമുണ്ട്. ശേഷിക്കുന്ന 70 % റോഡുകളും ഗതാഗതയോഗ്യമല്ലായെന്നതാണ് ഏറ്റവും പരിതാപകരം.

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മി. | വീതി മീ. | ബസ് മറ്റ്യാത്രാ സൗകര്യം(കി.മി.) |
|---|---|---|---|---|---|
| 1 | എടൂർ-കരിക്കോട്ടക്കരി-വാണിയപ്പാറ | P.W.D. | 11 k.m | 8 m | ഉണ്ട് (ഭാഗികം) |
| 2 | വള്ളിത്തോട്-ആനപ്പന്തി | p.w.d. | 2 k.m | 8 m | ഉണ്ട് |
| 3 | എടൂർ-വളവുപാറ | p.w.d. | 15 k.m. | 8 m | ഉണ്ട് |
| 4 | വള്ളിത്തോട്-മുടയിരഞ്ഞി | p.w.d. | 2 k.m | 8 m | ഇല്ല |
| 5 | കാപ്പിൽ-പുന്നക്കുണ്ട് | പഞ്ചായത്ത് | 1 k.m | 8 m | ഉണ്ട് |
| 6 | ആനപ്പന്തി-കാഞ്ഞിപ്പാറ | പഞ്ചായത്ത് | 750 m | 8 m | ഇല്ല |
| 7 | കരിക്കോട്ടക്കരി-ചെമ്പോത്തനാടിക്കവല | പഞ്ചായത്ത് | 2.750 m | 8 m | ഉണ്ട് |
| 8 | താളുകണ്ടം ഉലഹന്നാൻ മെമ്മോറിയൽ | പഞ്ചായത്ത് | 1 k.m | 6 m | ഇല്ല |
| 9 | കരിക്കോട്ടക്കരി പോലീസ് സ്റ്റേഷൻ | പഞ്ചായത്ത് | 1 k.m | 8 m | ഇല്ല |
| 10 | കരിക്കോട്ടക്കരി ആലപ്പാട്ട് ജംഗ്ഷൻ | പഞ്ചായത്ത് | 300 m | 5 m | ഇല്ല |
| 11 | വളവുപാറ-കച്ചേരിക്കടവ് | പഞ്ചായത്ത് | 2.500 m | 8 m | ഇല്ല |
| 12 | മുടയിരഞ്ഞി-കാപ്പിൽ | പഞ്ചായത്ത് | 1.900 m | 8 m | ഇല്ല |
| 13 | മുടയിരഞ്ഞി-ഓടിച്ചകുന്ന് | പഞ്ചായത്ത് | 500 m | 4 m | ഇല്ല |
| 14 | ഈന്തുംകരി-ഉരുപ്പുംകുറ്റി | പഞ്ചായത്ത് | 1.950 m | 6 m | ഉണ്ട് |
| 15 | അങ്ങാടിക്കടവ്-വാലൻകരി | പഞ്ചായത്ത് | 500 m | 4 m | ഉണ്ട് |
| 16 | കൊടുകപ്പാറ-കമ്പനിനിരത്ത് | പഞ്ചായത്ത് | 200 m | 8 m | ഉണ്ട് |
| 17 | നെരങ്ങൻപാറ-മണിമരുംചാൽ | പഞ്ചായത്ത് | 300 m | 4 m | ഉണ്ട് |
| 18 | വാണിയപ്പാറ-തറപ്പേൽ ജംഗ്ഷൻ | പഞ്ചായത്ത് | 200 m | 8 m | ഉണ്ട് |
| 19 | എടൂർ-മുണ്ടയാംപറമ്പ | പഞ്ചായത്ത് | 1.150 m | 8 m | ഇല്ല |

പട്ടിക 2

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ടാർ ചെയ്യേണ്ട ദൂരം | വീതി |
|---|---|---|---|---|
| 1 | കരിക്കോട്ടക്കരി വാളത്തോട് | പി.ഡബ്ല്യു.ഡി. | 5.700 കി.മീ. | |
| 2 | തറപ്പേൽ ജംഗ്ഷൻ വാണിയപ്പാറത്തട്ട് | പഞ്ചായത്ത് | 750 മീ. | 8 മീ. |
| 3 | ആനപ്പന്തി – കഞ്ഞിപ്പാറ | പഞ്ചായത്ത് | 280 മീ. | 8 മീ. |
| 4 | വാണിയപ്പാറ – രണ്ടാംകടവ് | പി.ഡബ്ല്യു.ഡി. | 2. കി.മീ. | 8 മീ. |
| | | | | 8 മീ. |

പട്ടിക 3

P.W.D. ഏറ്റെടുത്ത് ഭരണാനുമതി ലഭിച്ച റോഡുകൾ

| | റോഡിന്റെ പേര് |
|---|---|
| | വള്ളിത്തോട് –ചരൾ – പുയേൻപാറത്തട്ട് |
| | വളവുപാറ – പാലത്തുംകടവ് |
| | കോളിക്കടവ്-നാട്ടേൽ-മുണ്ടയാംപറമ്പ-ആനപ്പന്തി |
| | കാപ്പിൽ – ചുന്നകുണ്ട് – വാണിയപ്പാറത്തട്ട് |

വികസനമെന്നാൽ റോഡുകളും പാലങ്ങളും നിർമിക്കലല്ലായെന്ന സിദ്ധാന്തത്തെ മലയോരമക്കൾ ഗ്രാമസഭകളിലൂടെ ചോദ്യംചെയ്യുന്നു. മഴയും, വെയിലും നോക്കാതെ രാപ്പകൽ കഠിനാധ്വാനം ചെയ്ത് നാടിനു ലക്ഷക്കണക്കിനു വിദേശനാണ്യം നേടിത്തരുന്ന കാർഷികവിഭവങ്ങൾ കമ്പോളത്തിലെത്തക്കാനുള്ള പ്രാഥമിക സൗകര്യങ്ങൾപോലും ലഭ്യമല്ലായെങ്കിൽ പിന്നെന്തുവികസനമാണ് ബുദ്ധിജീവികൾ ഈ പ്രദേശത്തിനുവേണ്ടി സമ്മാനിക്കുന്നത് എന്ന് ഗ്രാമസഭകൾ രോഷത്തോടെ ചോദിക്കുന്നു. വിശക്കുന്ന വയറിനുമുന്നിൽ അപ്പത്തിന്റെ രൂപത്തിൽതന്നെ ഈശ്വരൻ പ്രത്യക്ഷപ്പെടണമെന്നാണ് അവരുടെ വാദം.

ഗതാഗതയോഗ്യമായ റോഡുകളുടെ അപര്യാപ്തതകൊണ്ട് ബസ് ഗതാഗതം പല പ്രദേശങ്ങളിലുമില്ല. അത്തരം പ്രദേശങ്ങളിലെ ജനങ്ങൾ ടാക്സി വാഹനങ്ങളെ ശരണം പ്രാപിക്കേണ്ടിവരുമ്പോൾ നഷ്ടപ്പെടുന്നത് വരുമാനത്തിന്റെ മുഖ്യപങ്കാണ്.

ടാർ ചെയ്യേണ്ട പ്രധാനപ്പെട്ട മെറ്റൽറോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക–2

പി.ഡബ്ല്യൂ.ഡി. ഭരണാനുമതി നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിക്കാത്ത ചില പ്രധാന റോഡുകൾ പഞ്ചായത്തിലുണ്ട്. ഇല്ലത്തുനിന്നു പുറപ്പെടുകയും അമ്മാനത്ത് എത്തുകയും ചെയ്യാത്ത ഇത്തരം റോഡുകൾ നാട്ടുകാർക്ക് ഒരു തലവേദന തന്നെയായിമാറുന്നു. അടിയന്തരപ്രാധാന്യം നൽകി, ടാർചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന് ഗ്രാമസഭകൾ പി.ഡബ്ല്യൂ.ഡി.യോട് അഭ്യർത്ഥിക്കുന്നു.

**പട്ടിക –3**

പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് ടാർ ചെയ്യണമെന്ന നിർദ്ദേശങ്ങൾ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നുമുയർന്നു. കൂടുതൽ തുക മുടക്കുവരുന്ന പ്രസ്തുത റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കാൻ ഗ്രാമപഞ്ചായത്തിനു കഴിയില്ലായെന്നും ഗ്രാമസഭകൾ വിലയിരുത്തുകയുണ്ടായി. അത്തരം റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക–4**

പഞ്ചായത്ത് വരുമാനത്തിന്റെ സിംഹഭാഗവും റോഡ് റിപ്പയർ എന്നപേരിൽ ഓരോ വർഷവും ചെലവഴിക്കപപെടുന്നതിനാൽ മറ്റു വികസനമേഖലകൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. മാത്രമല്ല, കലാ–കായിക–സാംസ്കാരിക– ആരോഗ്യമേഖലകളിൽ വേണ്ടത്ര ശ്രദ്ധചെലുത്തുവാനോ നേതൃത്വം നൽകുവാനോ പഞ്ചായത്തിനു കഴിയുന്നില്ല.

ആയതിനാൽ പഞ്ചായത്തിൽ നിലവിലുള്ള മറ്റു പ്രധാന റോഡുകളായ പട്ടിക 5–ൽ പറയുന്ന റോഡുകൾ മറ്റ് ഏതുവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ടാർചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചു.

അത്തരം റോഡുകളുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ.

പട്ടിക 5–ൽ ചേർക്കുന്നു.

പുതുതായി നിർമിക്കുന്ന മൺറോഡുകൾ

കാർഷീകോൽപാദനം ധാരളമുള്ള പലപ്രദേശങ്ങളിലും നിലവിൽ യാതൊരു വിധ ഗതാഗത സൗകര്യവുമില്ലായെന്നത് ഒരു യാഥാർഥ്യമാണ്. കാർഷിക വരുമാനത്തിന്റെ സിംഹഭാഗവും മാർക്കറ്റിഗിനു വേണ്ടി ചെലവഴിക്കപ്പെടേണ്ടിവരുന്ന പ്രദേശങ്ങളിൽ അടിയന്തരമായും റോഡ് സൗകര്യം മുണ്ടാക്കികൊടുക്കണമെന്ന് ഗ്രാമസഭകൾ നിർദേശിച്ചു.

അത്തരം പ്രദേശങ്ങളും, നിർദിഷ്ട റോഡുകളും വാർഡ് ക്രമത്തിൽ പട്ടിക 6–ൽ ചേർക്കുന്നു.

പട്ടിക 5

നിലവിലുള്ള മൺറോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടവ

| | ദൂരം | വീതി |
|---|---|---|
| കച്ചേരിക്കടവ് - പാറയ്ക്കാമല | 1.555 കി.മീ. | 4.30 മീ |
| പല്ലൻപാറത്തട്ട് - ഇലവുപാറ റോഡ് | 1.500 കി.മീ | 6.00 മീ |
| കച്ചേരിക്കടവ് - ഇന്ദിരാനഗർ | 120 മീ. | 4.00 മീ |
| പാലത്തുംകടവ് - രാജീവ്നഗർ | 1 കി.മീ. | 4.00 മീ |
| കരിയിൽ - പാലത്തുംകടവ് | 3 കി.മീ. | 4.00 മീ |
| കച്ചേരിക്കടവ് സ്കൂൾ - ചരൾതട്ട് | 2 കി.മീ. | 3.80 മീ |
| മണിക്കൊമ്പേൽ - ചരൾതട്ട് | 1.500 കി.മീ | 3.00 മീ |
| മുടിക്കയം - താന്നിത്തോട് - പാറയ്ക്കാമല | 1.700 കി.മീ. | 4.00 മീ |
| കച്ചേരിക്കടവ് - കുന്നിന് കീഴെ - പുല്ലമ്പാറ തട്ട് | 1.250 കി.മീ. | 4.00 മീ |
| മുടിക്കയം - തുടിമരംകുന്ന് | 1.000 കി.മീ. | 5.00 മീ |
| മുടിക്കയം - പുല്ലമ്പാറതട്ട് | 2.000 കി.മീ. | 5.00 മീ |
| കച്ചേരിക്കടവ് സ്കൂൾ - മുണ്ടാണ്ട് ജംഗ്ഷൻ | 3.500 കി.മീ. | 5.00 മീ |
| പാറയ്ക്കാമല - കുരിശുമല | 1.500 കി.മീ | 8.00 മീ |
| കാപ്പിൽ - പാലയ്ക്കൽ ജംഗ്ഷൻ | 1.200 കി.മീ. | 3.75 മീ |
| വാണിയപ്പാറ - പനച്ചോട് | 1.615 കി.മീ. | 8 മീ |
| ചരൾ - പനച്ചോട് | 2.704 കി.മീ. | 8 മീ |
| മേലെകാപ്പിൽ - പുന്നക്കുണ്ട് | 1.480 കി.മീ | 3 മീ |
| മുരിക്കുംകരി - ഇടിഞ്ഞതോട് | 1,480 കി.മീ | 3.80 മീ |
| ഒ.സി. കവല - മുണ്ടാണ്ട് ജംഗ്ഷൻ | 2.700 കി.മീ. | 8 മീ |
| ചരൾ - കിളിയന്തറ | 0.500 കി.മീ. | 8. മീ |
| പുല്ലൻപാറ തട്ട് - തെയ്യത്താൻകുന്ന് | 2.100 കി.മീ. | 4 മീ |
| ചരൾ സ്കൂൾ - ചരൾതട്ട് | 1.300 കി.മീ. | 5 മീ |
| മേട്ടേൽ - പീടികക്കുന്നേൽ - പാമ്പയ്ക്കൽ ജംഗ്ഷൻ | 1.725 കി.മീ. | 8 മീ |
| വാണിയപ്പാറതട്ട് - തെയ്യത്താൻകുന്ന് | 1.350 കി.മീ. | 5. മീ |
| പാറയ്ക്കാമല ജംഗ്ഷൻ - കുന്നുമ്മേതോട് | 1.350 കി.മീ. | 4 മീ |
| രണ്ടാംകടവ് - പള്ളിക്കുന്ന് | 2.200 കി.മീ. | 6. മീ |
| രണ്ടാംകടവ് ഇടിമരം | 1.650 കി.മീ. | 8 മീ |
| വാണിയപ്പാറ - പണിയകോളനി - തുടിമരം | 4 കി.മീ. | 4.30 മീ |
| തുടിമരം - പാത്തിപാറ | 3.250 കി.മീ. | 8 മീ |
| തുടിമരം - കരി | 1.660 കി.മീ. | 4 മീ |
| രണ്ടാംകടവ് - അച്ചനൊളിച്ചപാറ | 3 കി.മീ. | 7 മീ |
| രണ്ടാംകടവ് - വാളത്തോട് | 1.800 കി.മീ. | 4.50 മീ |
| വാളത്തോട് - പാത്തിപ്പാറ | 1 കി.മീ. | 3.50 മീ |
| പുന്നക്കുണ്ട് - ഹിൽടോപ്പ് | 1.300 കി.മീ. | 3.40 മീ |
| രണ്ടാംകടവ് - തുടിമരംകൊല്ലി | 2.500 കി.മീ. | 5 മീ |
| രണ്ടാംകടവ് - പള്ളിക്കുന്ന് - കളിതട്ടുംപാറ | 1.150 കി.മീ. | 3 മീ |
| നരിപാറ - കളിതട്ടുംപാറ | 2.500 കി.മീ. | 3 മീ |
| കാപ്പിൽ പുന്നക്കുണ്ട് - വാണിയപ്പാറ | 1.800 കി.മീ. | 8 മീ |
| നിരങ്ങൻപാറ - പുന്നക്കുണ്ട് | 1.700 കി.മീ. | 8 മീ |
| കാപ്പിൽ - താഴെചരൾ | 1.250 കി.മീ. | 3 മീ |
| മുടയിരഞ്ഞി - ഓടിച്ചകുന്ന് | 1.740 കി.മീ. | 3.80 മീ |
| ടി.എം. തോമസ് മെമ്മോറിയൽ - അങ്ങാടിക്കടവ് | 600 മീ. | 3.40 മീ |
| കാപ്പിൽ - അങ്ങാടിക്കടവ് പള്ളി റോഡ് | 3 കി.മീ. | 6 മീ |
| തുരുത്തേൽ ജംഗ്ഷൻ - ഓടിച്ചകുന്ന് - വാഴക്കുണ്ട് | 1.125 കി.മീ. | 2.70 മീ |
| കാപ്പിൽ - അക്കരെകാപ്പിൽ ജംഗ്ഷൻ | 0.600 കി.മീ. | 8 മീ |

| | | |
|---|---|---|
| അങ്ങാടിക്കടവ് കോൺവെന്റ് – നിരങ്ങൻപാറ | 0.750 കി.മീ. | 5 മീ |
| ഓടിച്ചകുന്ന് – മൂന്നാംകുറ്റി | 1.500 കി.മീ. | 2.5 മീ |
| വള്ളിത്തോട് പാലം – മൂന്നാംകുറ്റി റോഡ് | 0.200 കി.മീ. | 8 മീ |
| സെന്റ് ജൂഡ് ചർച്ച് – വള്ളിത്തോട് പുഴ | 0.200 കി.മീ. | 7 മീ |
| വാഴക്കുണ്ട് – മുടയിരഞ്ഞി | 1.400 കി.മീ. | 2.500 മീ |
| കാപ്പിൽ – പുന്നക്കുണ്ട് പാലം | 700 മീ. | 3.50 മീ |
| മുടയിരഞ്ഞി – കാപ്പിൽ | 1.900 കി.മീ. | 8 മീ |
| പുന്നക്കുണ്ട് – പള്ളിക്കവല | 750 മീ. | 5 മീ |
| സെന്റ് ജൂഡ് – ഓടിച്ചകുന്ന് – മൂന്നാംകുറ്റി | 1.00 കി.മീ. | 5 മീ |
| അങ്ങാടിക്കടവ് – വാലൻകരി | 1.350 കി.മീ. | 5.30 മീ |
| കലയത്തുംകരി – അട്ടയോലി | 800 മീ. | 3.80 മീ |
| ഈന്തുംകരി – ഉരുപ്പുംകുറ്റി | 1.750 കി.മീ. | 6 മീ |
| ഉരുപ്പുംകുറ്റി – കുരിശുമല | | 8.മീ |
| ഉരുപ്പുംകുറ്റി – ഏഴാംകടവ് | 1.700 കി.മീ. | 4.70 മീ |
| ഉരുപ്പുംകുറ്റി – ഞെട്ടിത്തോട് | 2.310 കി.മീ. | 4. മീ |
| ഉരുപ്പുംകുറ്റി – പണിയകോളനി | 1.500 കി.മീ. | 4.30 മീ |
| ഉരുപ്പുംകുറ്റി – ആയാംകുടി | 1.500 കി.മീ. | 5.10 മീ |
| കുറ്റാരപ്പള്ളി – കൂരിയിക്കൽ ജംഗ്ഷൻ | 1.900 കി.മീ. | 4 മീ |
| നിരങ്ങൻപാറ – മണിമരുതുംചാൽ (നരിപാറ) | 1.000 കി.മീ. | 4 മീ |
| നിരങ്ങൻപാറ – ഓടച്ചാൽ | 550 മീ. | 4 മീ |
| അങ്ങാടിക്കടവ് സ്കൂൾ – അട്ടയോലി | 600 മീ. | 5 മീ |
| നരിപാറ – അട്ടയോലി | 2.350 കി.മീ. | 5 മീ |
| നിരങ്ങൻപാറ – നരിപാറ | 1.850 ,, | 5 മീ |
| ഉരുപ്പുംകുറ്റി – തെൻകര റോഡ് | 1.600 കി.മീ. | 5 മീ |
| നിരങ്ങൻപാറ – പള്ളിക്കുന്ന് | 2.500 കി.മീ. | 5 മീ |
| അങ്ങാടിക്കടവ് – കഞ്ഞിപ്പാറ – ആനപ്പന്തി | 1.250 ,, | 5 മീ |
| കഞ്ഞിക്കണ്ടം – ഓടിച്ചുകുന്ന് | 0.300 ,, | 3. മീ |
| പനക്കര – മച്ചിത്താന്നി ജംഗ്ഷൻ | 1.100 കി.മീ. | 4.5 മീ |
| ആനപ്പന്തി – കഞ്ഞിക്കണ്ടം (വാഴക്കുണ്ട് ജംഗ്ഷൻ) | 750 മീ. | 8.00 മീ |
| എളമ്പ – മുണ്ടയാൻപറമ്പ് | 2.100 കി.മീ. | 5.00 മീ |
| മുണ്ടയാംപറമ്പ് – കുന്നോത്ത് – വള്ളിത്തോട് | 2.95 മീ. | 8.00 മീ |
| മുണ്ടയാംപറമ്പ് – കഞ്ഞിക്കണ്ടം – വാഴയിൽ | 1.00 കി.മീ. | 7.00 മീ |
| ആനപ്പന്തി – കഞ്ഞിക്കണ്ടം – മുണ്ടയാംപറമ്പ് | 2.200 ,, | 7.30 മീ |
| | | 5.00 മീ |
| സെന്റ് ജൂഡ് – വാഴയിൽ – മുണ്ടായാംപറമ്പ് | 4.050 ,, | 8.00 മീ |
| വെമ്പുഴ – മുണ്ടയാംപറമ്പ് – മണലേൽ ജംഗ്ഷൻ | 2.250 ,, | 8.00 മീ |
| രാജീവ് നഗർ – വാഴയിൽ | 1.920 ,, | 4.00 മീ |
| കളപറമ്പിൽ ജംഗ്ഷൻ – കൂമൻതോട് | 1.400 ,, | 6.5 മീ |
| കൂമൻതോട് – വെന്തയാപ്പ | 1.200 ,, | 7.50 മീ |
| | | 9.00 മീ |
| താളുകണ്ടം – കാവുങ്കൽ ഉലഹന്നാൻ മെമ്മോറിയൽ | 0.600 ,, | 3.5 മീ |
| കരിക്കോട്ടക്കരി – പോലീസ് സ്റ്റേഷൻ | 1.800 ,, | 6.00 മീ |
| കരിക്കോട്ടക്കരി – ആലപ്പാട്ട് ജംഗ്ഷൻ | 1.000 ,, | |

താഴെ കൊട്ടുകപ്പാറ – കമ്പനിനിരത്ത് കവല 2.200 „

വെമ്പുഴച്ചാൽ – കമ്പനിനിരത്ത് 1.200 „ 3.5 മീ

താഴെകൊടുപ്പാറ – കോലത്തേ ജംഗ്ഷൻ (കോലത്തുചാൽ) 1.500 „ 7.00 മീ

ഇട്ടിയപ്പാറ കുരിശുപള്ളി – കരിക്കോട്ടക്കരി

കമ്പനിനിരത്ത് – കാക്കത്തോട് – മുണ്ടയാംപറമ്പ് 1.100 „ 5.00 മീ

കൂരയ്ക്കൽ ജംഗ്ഷൻ – വാലൻകരി – കരിക്കോട്ടക്കരി 1.500 „ 8.00 മീ

കോലത്തേൽ ജംഗ്ഷൻ – ഇട്ടിയപ്പാറ കുരിശുപള്ളി (കലയത്തുംകണ്ടി) 2.750 „ 4.5 മീ

വാലൻകരി – കമ്പനിനിരത്ത് 1.650 „ 5.00 മീ

ഫാ. ട്രഫറേൽ എസ്.ജെ. മെമ്മോറിയൽ 2.300 „ 5.00 മീ

അറയ്ക്കൽ ജംഗ്ഷൻ – കിഴക്കേപാറക്കപ്പാറ 1.000 „ 4.00 മീ

എടപ്പുഴ – ഉരുപ്പുംകുറ്റി 1.400 „ 6.6 മീ

എടപ്പുഴടൗൺ–കുരിശുമല 2.000 „ 5.00 മീ

വാളത്തോട് – രാജഗിരി 1.800 „ 4.2 മീ

വാളത്തോട് –ചതിരൂർ 1.400 „ 5 മീ

0.295 „ 4 മീ

5.2 മീ

## പട്ടിക നാല്

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| | റോഡിന്റെ പേര് | നീളം |
|---|---|---|
| | രണ്ടാംകടവ് – തുടിമരം – പാത്തിപ്പാറ പൂക്കുളം അന്തർസംസ്ഥാന റോഡ് | 5. കി.മീ. |
| | ഉരുപ്പുംകുറ്റി – ഏഴാംകടവ് റോഡ് | 4. കി.മീ. |
| | കരിക്കോട്ടക്കരി – ചെമ്പോത്തനാടി ക്കവല റോഡ് | 2.50 കി. മീ. |
| | വെമ്പുഴച്ചാൽ – എളമ്പ – മുണ്ടയാംപറമ്പ് – നാട്ടേൽ റോഡ് | 6.00 കി.മീ. |
| | ആനപ്പന്തി – കഞ്ഞിപ്പാറ – അങ്ങാടിക്കവ് റോഡ് | 1.250 കി.മീ. |
| | ചരൾ – കുരിശുമല – കച്ചേരിക്കടവ് റോഡ് | 3.500 കി.മീ. |
| | എടപ്പുഴ – അമ്പേക്കർ കോളനി റോഡ് | 2.500 കി.മീ. |
| | പുന്നക്കുണ്ട് – നിരങ്ങൻപാറ റോഡ് | 1.700 കി.മീ. |
| | കൊട്ടുകപ്പാറ – ഐ.എച്ച്.ഡി.പി. കോളനി – കമ്പനി നിരത്ത് റോഡ് | 2.00 കി.മീ. |
| | വാണിയപ്പാറ –എസ്.സി. കോളനി, എസ്.ടി. കോളനി–തുടിമരം | 4.00 കി.മീ. |
| | ഈന്തുംകരി കോളനി – ഉരുപ്പുംകുറ്റി കോളനി – ആയാംകുടി | 6. കി.മീ. |
| | ഒ.സി. കവല – മുണ്ടാട്ട് ജംഗ്ഷൻ റോഡ് | 2.700 |
| | പാറയ്ക്കാമല–കുന്നുമ്മേൽ ജംഗ്ഷൻ റോഡ് | 1.350 |
| | പാലത്തുംകടവ് – പൊട്ടിച്ചപാറ റോഡ് | 3.000 |
| | വാഴയിൽ – മുണ്ടയാംപറമ്പ് റോഡ് | 1.600 |

## പട്ടിക 6

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ (വാർഡ് അടിസ്ഥാനത്തിൽ)

| വാർഡ് | റോഡിന്റെ പേര് | ദൂരം | വീതി |
|---|---|---|---|
| I | കച്ചേരിക്കടവ്-ചെന്നോലിക്കടവ് റോഡ് | 2 കി.മീ. | 6 മീ. |
| II | വാണിയപ്പാറ തട്ട്-തുടിമരം വായനശാല റോഡ് | 2.500 ,, | 6 മീ. |
| | ചരൾ-പള്ളിക്കുന്ന്-മുണ്ടാട്ട് ജംഗ്ഷൻ | 1 ,, | 6 മീ. |
| | മുണ്ടാട്ട് ജംഗ്ഷൻ-കോളനിത്തട്ട് | 1.500 ,, | 6 മീ. |
| | ഇടിഞ്ഞതോട്-ഒ.സി.കവല തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് | 1.500 ,, | 6 മീ. |
| III | അട്ടോയോലി-കളിതട്ടുംപാറ റോഡ് | 2 ,, | 6 മീ. |
| | ഇടയാറ്റു പള്ളി റോഡ്-രണ്ടാംകടവ് പഴയസ്കൂൾ ജംഗ്ഷൻ | 700 മീ. | 6 മീ. |
| | തുടിമരം കുരിശുപള്ളി-പ്ലാന്റേഷൻ റോഡ് | 1 കി.മീ. | 6 മീ. |
| IV | മൂന്നാംകുറ്റി പണിയക്കോളനി റോഡ് | 1 ,, | 5 മീ. |
| | കാപ്പിൽ, നൂറേക്കർ, കൊച്ചങ്ങാടി | 1.500 ,, | 6 മീ. |
| | വാഴക്കുണ്ട് പൊന്നമ്പകുന്ന്-മുടയരഞ്ഞി റോഡ് | 1.250 ,, | 6 മീ. |
| | മൂന്നാംകുറ്റി മുതൽ മയിലാടി വഴി കോളനി | 1.500 ,, | 6 മീ. |
| | മുടയിരഞ്ഞി ലക്ഷംവീട് കോളനി | 200 ,, | 6 മീ. |
| V | പനയ്ക്കച്ചാലിൽ ജംഗ്ഷൻ-കളത്തിൽ ജംഗ്ഷൻ | 500 മീ. | 6 മീ. |
| | കലയത്തുംകണ്ടി-അട്ടയോലി | 500 മീ. | 6 മീ. |
| | കുറ്റാരപ്പള്ളി ജംഗ്ഷൻ-കട്ടിക്കാന ജംഗ്ഷൻ | 1 കി.മീ. | 6 മീ. |
| | അങ്ങാടിക്കടവ്-വലിയ പറമ്പിൽകരി റോഡ് | 600 മീ. | 6 മീ. |
| | ഓടച്ചാൽ-അട്ടയോലി | | |
| VI | കഞ്ഞിപ്പാറ ഹെൽത്ത് സെന്റർ റോഡ് | | |
| | കമ്പനി നിരത്ത്-നെടിയംതേട്ട്-മുണ്ടയംപറമ്പ് അമ്പലം റോഡ് | | |
| | ആനപ്പന്തി-കാഞ്ഞിക്കണ്ടം-വാഴക്കുണ്ട് ജംഗ്ഷൻ | | |
| | ആനപ്പന്തി-ഓടിച്ചകുന്ന് | | |
| | ചെമ്പോത്തനാടിക്കവല-പനക്കര-മുണ്ടയാംപറമ്പ് ക്ഷേത്രം | | |
| | ആനപ്പന്തി-ശാശ്ശേരിൽ ജംഗ്ഷൻ | | |
| | വാഴക്കുണ്ട്-മുടയിരഞ്ഞി | | |
| | കഞ്ഞിക്കണ്ടം-വാഴയിൽ | 500 മീ. | 6 മീ. |
| VII | ഇളമ്പ റോഡിൽ നിന്നു ഹരിജൻ കോളനിയിലേക്ക് | 1 കി.മീ. | 6 മീ. |
| | നരിക്കാട് ജംഗ്ഷനിൽനിന്ന് കാക്കത്തോട് ചേർന്ന് ക്ഷേത്രത്തിലേക്ക് | 1.200 ,, | |
| VIII | മഠം റോഡുമുതൽ വെന്തയാപ്പ-കൂമൻതോട് | 500 മീ. | |
| | പോലീസ്സ്റ്റേഷൻ റോഡുമുതൽ പൂവത്തിൽ കുന്നേൽ പുഴവരെ | 1.200 ,, | |
| | കളപ്പുരയ്ക്കൽ പുഴ റോഡുമുതൽ നിരപ്പേൽ റോഡ് കൊട്ടുകപ്പാറ | 5 ,, | 6 മീ. |
| | കമ്പനി നിരത്ത്-കരിക്കോട്ടക്കരി-ഇട്ടിയപ്പാറ-വെമ്പുഴച്ചാൽ റോഡ് | | |
| IX | വലിയപറമ്പിൻകരി-ആശാൻകുന്ന്-കലയത്തുംകണ്ടി-ഇളമ്പ റോഡ്- | 2 ,, | 6 മീ. |
| | കൂമൻതോട് കുന്നേൽ കൂമൻതോട് ചോളിയിൽ റോഡ് | 1 ,, | 8 മീ. |
| X | എടപ്പുഴ അംബേദ്കർ കോളനി ടെറസിന്റെ ഭാഗം റോഡ് | 1.500 ,, | 8 മീ. |
| | രാജഗിരി -കുരിശുപള്ളി | | |

തോടുകളും പുഴകളും നിരവധിയുള്ള അയ്യൻകുന്ന് പഞ്ചായത്തിൽ മഴക്കാലമായാൽ യാത്രദുരിതം വർണ്ണനാതീതമാണ്

മഴക്കാലത്ത് താൽക്കാലികമായി നിർമിക്കുന്ന മരപ്പാലങ്ങളിലൂടെയുള്ള യാത്ര ഭയാനകമാണ്. ഇത്തരം മരപ്പാലങ്ങിൽ നിന്നും വീണ് കൂലംകുത്തിപായുന്ന മഴവെള്ളത്തിൽ ഒഴുകിപോയവരും, മരണപ്പെട്ടവരുമുണ്ട്. ഇത്തരം ദുർഗതി മേലിൽ ഉണ്ടാവാതിരിക്കാൻ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റുചെയ്ത നടപ്പാലങ്ങൾ അനുവദിക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെട്ടു.

ഒന്നാംവാർഡിൽ–ചക്കാംകുന്നേൽ, ഇലവുങ്കൽ, മടുക്കക്കുഴിത്തോട് എന്നീ കടവുകളിൽ

രണ്ടാംവാർഡിൽ–മുരിക്കുംകരി ഒ.സി. ജംഗ്ഷനുസമീപം ചരൾകോൺവെന്റ് ഭാഗം എന്നിവിടങ്ങളിൽ

മൂന്നാംവാർഡിൽ–കളിതട്ടുംപാറ, വാളത്തോട്, വിലങ്ങുപാറ എന്നീ പ്രദേശങ്ങളിൽ.

നാലാംവാർഡിൽ–മുടിയിരിഞ്ഞിയിൽ പുളിക്കക്കുന്നേൽ ജംഗ്ഷൻഭാഗത്ത്.

അഞ്ചാംവാർഡിൽ–നരിപ്പാറ, അങ്ങാടിക്കടവിൽ ഒന്നും രണ്ടും നടപ്പാലങ്ങൾ ഈന്തുംകരി, ഉരുപ്പുംകുറ്റിയിൽ 1,2,3 എന്നീ നമ്പർ പാലങ്ങളും തെട്ടിന്തോടിൽ 1,2 നമ്പർ പാലങ്ങളും.

ആറാംവാർഡിൽ–കഞ്ഞിപ്പാറ, കബനിനിരത്ത് എന്നീ സ്ഥലങ്ങൾ.

ഏഴാംവാർഡിൽ–അറയ്ക്കൽ ജംഗ്ഷനിൽ മുണ്ടായാംപറമ്പ് അമ്പലഭാഗത്തേക്ക്. കുണ്ടൂർ പുഴയ്ക്ക്, മൂലേപറമ്പിൽ ജംഗ്ഷനിൽ ബാരപ്പുഴയ്ക്ക് നാട്ടേൽ ഭാഗത്തേക്ക്.

ഒമ്പതാംവാർഡിൽ കാക്കത്തോടിന് എട്ടാം വാർഡിൽ–വെമ്പുഴയ്ക്ക് കരിക്കോട്ടക്കരി ആശുപത്രി റോഡിന്.

പത്താംവാർഡിൽ–രാജഗിരി, അറയ്ക്കൽ ജംഗ്ഷൻ, വാളന്തോട് എന്നീ ഭാഗങ്ങളിൽ.

പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ അനുവദിക്കണമെന്നും ഗ്രാമസഭകളിൽ നിർദേശിക്കപ്പെടുകയുണ്ടായി. അങ്ങാടിക്കടവ് ബസാർ സ്കൂൾ ജംഗ്ഷൻ, ചരൾ, വാഴക്കുണ്ട്, കബനിനിരത്ത്, വാണിയപ്പാറ, നിരങ്ങംപാറ, ഈന്തുംകരി, സെന്റ്ജൂഡ് നഗർ, ഇടപ്പുഴ പുന്നക്കുണ്ട്, രണ്ടാംകടവ്, ക്വാറ, (മുടിയിരുത്തി) ഒടിച്ചുകുന്ന് കവല, വളയംകോട്.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബസാറായ കരിക്കോട്ടക്കരിയിൽ റോഡ്വൈഡനിംഗ്, ഡ്രെയിനേജ് എന്നിവ പി.ഡബ്ല്യു.ഡി. നേതൃത്വത്തിൽ ഉടനടി ചെയ്യണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടു.

**ഊർജ്ജം**

വല്ലപ്പോഴുമൊരിക്കൽ പഞ്ചായത്തിനുപുറത്തുള്ള തൊട്ടടുത്ത മലയോര പട്ടണമായ ഇരിട്ടിയിലെത്തുമ്പോൾ കത്തിനിൽക്കുന്ന വൈദ്യുത ബൾബുകൾ കണ്ട് മതിമറക്കുകയും ഈയൊരു ഭാഗ്യം തങ്ങൾക്ക് എന്നുണ്ടാകുമെന്നോർത്ത് നെടുവീർപ്പിടുകയും ചെയ്തിരുന്ന അയ്യൻകുന്ന് നിവാസികൾക്ക് പുത്തൻ പ്രതീക്ഷകളുടെ പൂവെളിച്ചവുമായി 1982 ഏപ്രിൽ 5–ന് ആനപ്പന്തി–കരിക്കോട്ടക്കരി പ്രദേശത്ത് സായംസന്ധ്യയിൽ സിന്ദൂരം ചാർത്തിക്കൊണ്ട് വൈദ്യുതിവിളക്കുകൾ കണ്ണുതുറന്നു. 14 വർഷങ്ങൾ കഴിഞ്ഞുവെങ്കിലും ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി പഞ്ചായത്തിന്റെ പകുതിയിലധികം ഭാഗത്തും കടന്നുവരാതെ അറച്ചുനിൽക്കുന്നു. സാങ്കേതികമായി എല്ലാവാർഡിലും വൈദ്യുതി എത്തിയെങ്കിലും എല്ലാം ഭാഗികം മാത്രമാണ്.

ചാവശേരി സബ്സ്റ്റേഷനിൽനിന്നുമാണ് ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി ലഭിക്കുന്നത്. വൈദ്യുതി ഉപഭോക്താക്കൾക്ക് കറന്റ്ചാർജ് അടയ്ക്കുവാൻ 12–ൽപരം കിലോമീറ്റർ അകലെയുള്ള ഇരിട്ടി മേജർ സെക്ഷൻ ഓഫീസിലെത്തണം. നിലവിലുള്ള വൈദ്യുതി കണക്ഷന്റെ 95 ശതമാനവും ഗാർഹികാവശ്യത്തിനാണ്. കെ.എസ്.ഇ.ബി.യിൽനിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് ഗാർഹികാവ

ശ്യത്തിന് 2,105 കണക്ഷനുകളും, വ്യാപാര സ്ഥാപനങ്ങൾക്ക് 760 കണക്ഷനുകളും കാർഷികാവശ്യത്തിന് 120 കണക്ഷനുമാണുള്ളത്. ഈ പഞ്ചായത്തിൽ നൽകിയിട്ടുള്ളത്. പഞ്ചായത്തിൽ 13 ട്രാൻസ്ഫോർമറുകൾ സ്ഥാപിതമായിട്ടുണ്ട്. അഞ്ച് ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും കോളനികളിലെ വീടുകൾക്ക് കണക്ഷൻ ഇല്ലാത്ത അവസ്ഥയാണ് ഇന്നു നിലവിലുള്ളത്. നിലവിൽ 40 വാട്ടിന്റെ 140 ബൾബുകൾ സ്ട്രീറ്റ് ലൈറ്റുകളായി ഉണ്ട്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 1,450 രൂപ വൈദ്യുതിബിൽ അടയ്ക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. മരച്ചില്ലകളുംമറ്റും കാലാകാലം മുറിച്ചുമാറ്റാത്തതിനാൽ പ്രേക്ഷണവിതരണരംഗത്ത് സ്ഥിരമായി പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

3. പഞ്ചായത്തിലെ പ്രധാനപ്പെട്ട 4 ഗിരിജൻ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.

4. മിക്ക വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകളില്ല.

സാദ്ധ്യതകൾ

വൈദ്യുതിയുടെ അഭാവം കാർഷികമേഖലയിൽ മുരടിപ്പ് ഉണ്ടാക്കുന്നു. തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കെ.എസ്.ഇ.ബി. കണക്കുകൾ അനുസരിച്ചു കാർഷികാവശ്യത്തിനായി കേവലം 120 കണക്ഷനുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നതുതന്നെ ഇതിനുദാഹരണമാണ്. കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷനുവേണ്ടി പണമടച്ചു കാത്തിരിക്കുന്ന കർഷകർ നിരവധിയാണ്. വൈദ്യുതിബോർഡ് ഉണർന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ കാർഷികോത്പാദനം വർധിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ടെൻഡർചെയ്ത് പ്രവൃത്തി തുടങ്ങിവച്ച ചില ലൈനുകൾ വൈദ്യുതിബോർഡിന്റെ അനാസ്ഥ മൂലം മുടങ്ങിക്കിടക്കുന്നു. നിസാരമായ മെറ്റീരിയൽസുപോലും സപ്ലൈ ചെയ്യാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ പേര് ചുവടെ ചേർക്കുന്നു.

1. വള്ളിത്തോട് മുടിയിരുത്തി ലൈൻ
2. കരിക്കോട്ടക്കരി-കൂവൻതോട്-ഈന്തുംകരി ലൈൻ
3. വെന്തചാപ്പ-എടപ്പുഴ-വാളത്തോട് ലൈൻ
4. നാട്ടേൽ-മുണ്ടായാംപറമ്പ് ലൈൻ
5. കഞ്ഞിക്കണ്ടം-പനക്കര ലൈൻ

**പൊതുനിർദേശങ്ങൾ**

നിർദിഷ്ട ബാരാപോൾ ജലവൈദ്യുത പദ്ധതി ഉടൻ പ്രവർത്തനമാരംഭിക്കുക.

മൂന്നാംവാർഡിൽ തുടിമരം, പാത്തിപ്പാറ കരി ജംഗ്ഷൻ, കളിതട്ടുംപാറ എന്നീ പ്രദേശങ്ങളിലും അഞ്ചാംവാർഡിൽ ഉരുപ്പുംകുറ്റിയിലുമുള്ള വെള്ളച്ചാട്ടങ്ങൾ പരിശോധിച്ച് ചെറുകിട വൈദ്യുതി നിർമ്മാണ യൂണിറ്റുകൾക്കുള്ള സാദ്ധ്യത അറിയുക.

വൈദ്യുതി ലഭ്യമാക്കാൻ തീരെ പ്രയാസമുള്ള പ്രദേശങ്ങളിൽ സോളാർ സെല്ലുകൾ വഴി വൈദ്യുതി ലഭ്യമാക്കുക.

മിക്കഗ്രാമസഭകളിലും സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി നീണ്ട പട്ടികകൾതന്നെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആവശ്യത്തിന്റെ തീവ്രതയും ഫണ്ടിന്റെ പിരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾതന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ 99 ശതമാനം വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവയുപയോഗിച്ച് പാചകംചെയ്യുന്നവർ ഒരു ശതമാനത്തിനടത്തുമാത്രമാണ്. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നത് ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷമാണ്. ആയതിനാൽ ഈ ദുരവസ്ഥയെ നേരിടുന്നതിന് പുകയില്ലാത്ത അടുപ്പ്, സോളാർ വിളക്കുകൾ, വൈദ്യുതി സ്റ്റൗ തുടങ്ങിയവയെക്കുറിച്ചുള്ള

പ്രചരണവും ബോധവൽക്കരണവും വീട്ടമ്മമാർക്ക് , നൽകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും സൂര്യപ്രകാശം ആവശ്യത്തിനു ലഭ്യമായതുകൊണ്ട് ഗാർഹികാവശ്യത്തിനും, കവലവിളക്കുകൾക്കും സോളാർ വിളക്കുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കാവുന്നതാണ്.

**പഞ്ചായത്തിൽ വൈദ്യുതി എത്തേണ്ട പ്രദേശങ്ങൾ**

**വാർഡ് 1.** മുടിക്കയം, പാറയ്ക്കാമല, പാലത്തുംകടവ് എന്നീ ഭാഗങ്ങൾ.

**വാർഡ് 2.** പാറയ്ക്കാമല, പുല്ലൻപാറതട്ട്, തെയ്യാത്താംകുന്ന്, പുന്നക്കുണ്ട് മേലെകാപ്പിൽ, മുരിക്കുംകരി, ഇടിഞ്ഞതോട്. ഒ.സി.കവല, മുണ്ടാട്ട് ജംഗ്ഷൻ എന്നീ ഭാഗങ്ങൾ

**വാർഡ് 3.** തുടിമരം, കരിയിൽ, പാത്തിപാറ, വാളത്തോട്, കളിതട്ടുംപാറ, തെയ്യാത്താംകുന്ന് അട്ടയോലി എന്നീ ഭാഗങ്ങൾ.

**വാർഡ് 4.** മുടിയിരുത്തി കൊയ്യങ്ങാടി, ഓടിച്ചുകുന്ന്, നൂറേക്കർ, വാഴക്കുണ്ട് എന്നീ ഭാഗങ്ങൾ.

**വാർഡ് 5.** അട്ടയോലി, ഈന്തുംകരി, ഉരുപ്പുംകുറ്റി, ഏഴാംകടവ്, തെട്ടിതോട്, ആയാംകുടി, കുരിശുമല, കലയത്തുകണ്ടി, മണിമരുതുംചാൽ നരിപാറ എന്നീ ഭാഗങ്ങൾ.

**വാർഡ് 6.** ഓടിച്ചുകുന്ന്, വള്ളിത്തോട്, ചെമ്പോത്തനാടികവല, പനകര കഞ്ഞികണ്ടം എന്നീ ഭാഗങ്ങൾ.

**വാർഡ് 7.** കബനിനിരക്ക്, വാഴയിൽ മുണ്ടയാൽപറമ്പ് ഇല്ലിക്കൽ ജംഗ്ഷൻ പോസ്റ്റോഫീസ്, തെങ്ങോല, കഞ്ഞിക്കണ്ടം എന്നീ ഭാഗങ്ങൾ.

**വാർഡ് 8.** കൊട്ടുകപാറ ലക്ഷംവീട് കോളനി ഐ.എച്ച്.ഡി.പി. കോളനി വളയംകോട് മുസ്ലിം കോളനി കൂമൻതോട് എന്നീ പ്രദേശങ്ങൾ.

**വാർഡ് 9.** കരിക്കോട്ടക്കരി ഈന്തുംകരി ലൈൻ വലിയപറമ്പുംകരി ആശാൻകുന്ന് എന്നീ പ്രദേശങ്ങൾ. കരിക്കോട്ടക്കരി, ഇട്ടിയപാറ കവലപ്പതിനെട്ടേക്കർ പ്രദേശങ്ങൾ.

**വാർഡ് 10.** പാറയ്ക്കപാറ, എടപ്പുഴ, വാളത്തോട് എന്നീ പ്രദേശങ്ങൾ.

**മാർക്കറ്റ്**

അയ്യൻകുന്ന് പഞ്ചായത്തിൽ പതിനഞ്ചുവർഷം മുമ്പുവരെ മാത്സര്യബുദ്ധിയോടെ ഉത്പാദിപ്പിക്കുകയും പുറംദേശങ്ങളിലേക്ക് അയയ്ക്കുകയും ചെയ്തിരുന്ന പ്രധാന കാർഷികോൽപന്നമായിരുന്ന മരച്ചീനി അഥവാ കപ്പ. ഈ ഗ്രാമത്തിലെ എല്ലാ വീട്ടുവളപ്പുകളിലും സുലഭമായിരുന്ന മരച്ചീനി ഇന്ന് ഇവിടെനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അന്യദേശങ്ങളിൽ തൊഴിൽചെയ്യുന്ന ബന്ധുക്കൾവരുമ്പോൾമാത്രം വിരുന്നുമേശയിൽ പ്രത്യക്ഷമാകുന്ന കപ്പ് മറ്റു പ്രദേശങ്ങളിൽനിന്നും ഇവിടേയ്ക്ക് കൊണ്ടുവരുന്നു.

പുത്തൻ സാമ്പത്തിക സാംസ്കാരത്തിന്റെ ഫലമായി കുറുമ്പുകൃഷികൾ അപ്രത്യക്ഷമാകുകയും കൃഷിയിടങ്ങൾ തോട്ടങ്ങളായി രൂപപ്പെടുകയും ചെയ്തപ്പോൾ മരച്ചീനികൃഷി ആധുനിക തലമുറ മറന്നുപോകുന്നു. അവിടവിടായി ഉത്പാധിപ്പിക്കുന്ന മരച്ചീനി, പച്ചക്കറികൾ മുതലായവയ്ക്ക് ന്യായമായവ വില ലഭ്യമാകുന്നില്ലയെന്നതാണ് ഉൽപാദകരുടെ പരാതി.

ഇത്തരം വിഭവങ്ങൾ വിറ്റഴിക്കുന്നതിന് പതിനഞ്ചുമുതൽ 25 കിലോമീറ്റർ യാത്രചെയ്ത് ഇരിട്ടിയിൽ എത്തിക്കേണ്ടതിനാൽ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ആഴ്ചചന്തകൾ അനുവദിക്കണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെട്ടു. പൊതുവിപണിയില്ലാത്തതിനാൽ കർഷകർ കടുത്ത ചൂഷണങ്ങൾക്കു വിധേയരാകുന്നതായി പരാതിയുയർന്നു.

ആഴ്ചച്ചന്തയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ

1. വാണിയപ്പാറ, 2. അങ്ങാടിക്കടവ്, 3. കരിക്കോട്ടക്കരി.

കമ്പോളത്തിൽ മാത്സര്യമില്ലായ്മകൊണ്ട് ഉപഭോക്താക്കൾ ഏറ്റവും കൂടുതൽ ചൂഷണത്തിനു

വിധേയരാകുന്ന മേഖലയാണ് പച്ചമത്സ്യവിതരണ മേഖല. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രധാന സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് മത്സ്യവിൽപനയ്ക്ക് കൂടുതൽ ആളുകൾക്ക് സൗകര്യമുണ്ടാക്കിക്കൊടുത്താൽ ഈ മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കാവുന്നതാണ്.

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും പ്രവർത്തനപരിധിയായി അംഗീകരിച്ച് നാളീകേരവും അനുബന്ധ വിഭവങ്ങളും ഉപയോഗിച്ച് ഉൽപന്നങ്ങൾ നിർമിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കരിക്കോട്ടക്കരിയിൽ ഒരു സഹകരണ നാളീകേര സംസ്കരണയൂണിറ്റ് സ്ഥാപിക്കണമെന്നും ഗ്രാമസഭയിൽ നിർദേശിക്കപ്പെട്ടു.

മാംസത്തിനുവേണ്ടി മൃഗങ്ങളെ കശാപ്പുചെയ്യുന്നതിന് യാതൊരു നിയന്ത്രണവുമില്ലാത്ത ഇന്നത്തെ സ്ഥിതിക്ക് മാറ്റമുണ്ടാവണം. പുലരുന്നതിനുമുമ്പ് മൃഗങ്ങളെ കശാപ്പുചെയ്യുന്ന രീതി മാറ്റി പൊതുജനങ്ങൾക്ക് അവയെ കാണാനുള്ള സൗകര്യമുണ്ടാക്കി കശാപ്പു നടത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന മാംസം വൃത്തിയുള്ള മാംസവിതരണ ഷാപ്പുകളിൽക്കൂടി മാത്രമ വിതരണ നടത്താവൂവെന്ന ചട്ടം പൂർണമായും പാലിക്കപ്പെടണം.



# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

അരനൂറ്റാണ്ടുകാലത്തെ കർഷകകുടിയേറ്റചരിത്രം അവകാശപ്പെടാവുന്ന ഒരു മലയോരപഞ്ചായത്താണ് തലശ്ശേരി താലൂക്കിൽപ്പെട്ട അയ്യൻകുന്ന്. മദ്ധ്യതിരുവിതാംകൂറിൽനിന്ന് കന്നിമണ്ണു തേടിയെത്തിയ കുടിയേറ്റക്കാരുടെ ആദ്യ തലമുറയ്ക്ക് സുന്ദരമായ ഭരനങ്ങളേക്കാൾ ആവശ്യം കുടുംബാംഗങ്ങളുടെ ഭക്ഷണത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കലും അവയിൽ മിച്ചം വരുന്നത് വിറ്റ് വസ്ത്രത്തിനും മറ്റുമുള്ള വക കണ്ടെത്തലുമായിരുന്നു. അവർക്ക് ഇന്നത്തെ മാതൃകയിലുള്ള 'പാർപ്പിടങ്ങൾ' സ്വപ്നങ്ങൾമാത്രമായിരുന്നു. കന്നിമണ്ണിൽ കൃഷിയിറക്കിയ കഠിനാദ്ധ്വാനികളായ കർഷകരുടെ ദേഖണ്ഡങ്ങളിൽനിന്ന് വരുമാനം കണ്ടെത്തിയപ്പോൾ മാത്രമാണ് കാട്ടുമൃഗങ്ങളിൽനിന്ന് രക്ഷനേടുകയെന്ന ലക്ഷ്യത്തോടെ മാത്രം തീർത്ത 'കൂരകൾ' പൊളിച്ചുമാറ്റി ഓട്, കോൺക്രീറ്റ് മേൽക്കൂരയിലുള്ള വീടുകൾ അയ്യംകുന്ന് പഞ്ചായത്തിൽ കണ്ടുതുടങ്ങിയത്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഇന്നും അധികം ബാധിക്കാത്ത ഒരു പഞ്ചായത്തായി അയ്യൻകുന്ന് നിലനിൽക്കുന്നുവെങ്കിലും ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും. സഹകരണസംഘങ്ങളും ഭവനനിർമ്മാണസംഘങ്ങളും താരതമ്യേന മുമ്പത്തേക്കാളും വായ്പകൾ നൽകിത്തുടങ്ങിയതുകൊണ്ട് ഭംഗിയായ വീടുകൾ അവിടവിടെയായ് ദൃശ്യമായിത്തുടങ്ങിയിട്ടുണ്ട്. എങ്കിലും പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ നല്ലൊരു ശതമാനം സ്വന്തമായൊരു ഭവനം എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ സാധിക്കാത്തവരും നിലവിലുള്ളതിനെ അൽപ്പംകൂടി സൗകര്യത്തിൽ പുതുക്കിപ്പണിയുവാൻ ആഗ്രഹിക്കുന്നവരുമാണ്. ജനകീയാസൂത്രണ യജ്ഞത്തിലെ നമ്മുടെ വികസന രൂപരേഖയിൽ ഗതാഗതം, വിദ്യാഭ്യാസം, ഊർജം മുതലായ വിഷയങ്ങളിൽ പൊതുസംരംഭങ്ങൾക്കാണ് പ്രാധാന്യമെങ്കിൽ 'പാർപ്പിടം' വ്യക്തിപരമായ താൽപര്യങ്ങൾക്കും അഭിരുചികൾക്കും വിധേയമാകയാൽ ഭവനനിർമ്മാണ ബഡ്ജറ്റും വ്യക്തിയധിഷ്ഠിതമാണ്. അതുകൊണ്ട് പാർപ്പിടനിർമ്മാണത്തെക്കുറിച്ചുള്ള പദ്ധതികളുടെ നിർദ്ദേശങ്ങളിൽ അൽപസ്വൽപം ഭിന്നാഭിപ്രായങ്ങൾ ഉണ്ടായേക്കാമെങ്കിലും അയ്യംകുന്ന് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പ്രശ്നങ്ങളും ചില പരിഹാരമാർഗ്ഗങ്ങളും നമുക്ക് കണ്ടെത്താൻ ശ്രമിക്കാം.

## പട്ടിക No: 1
## വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

| വാർഡ് | ഓട് | കോൺക്രീറ്റ് | ഓല | ടെറസ്/ഓട് | ഇരുനില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 380 | 30 | 53 | | | | |
| 2 | 192 | 33 | 12 | | | | |
| 3 | 500 | 15 | 96 | | | | |
| 4 | 352 | 70 | 28 | | | | |
| 5 | 408 | 29 | 77 | | | | |
| 6 | 282 | 24 | 11 | | | | |
| 7 | 369 | 27 | 33 | | | | |
| 8 | 214 | 66 | 44 | | | | |
| 9 | 339 | 37 | 17 | | | | |
| 10 | 377 | 14 | 74 | | | | |
| ആകെ | | | | | | | |

## പട്ടിക II
## ഭവനലഭ്യതാ പട്ടിക (IRDP സർവ്വെ അനുസരിച്ച്)

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP Survey 1992 | വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളത് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 1996-ലെ സർവ്വെ അനുസരിച്ച് |
|---|---|---|---|---|---|
| I | 19 | 5 | 3 | 2 | 15 |
| II | 12 | 10 | 8 | 2 | 16 |
| III | 12 | 38 | 37 | 1 | 18 |
| IV | 25 | 47 | 28 | 19 | 25 |
| V | 45 | 2 | 2 | -- | 43 |
| VI | 49 | 15 | 8 | 7 | 34 |
| VII | 80 | 4 | 2 | 2 | 76 |
| VIII | 120 | 35 | 32 | 3 | 85 |
| IX | 26 | 17 | 13 | 4 | 26 |
| ആകെ | 388 | 173 | 133 | 40 | 338 |

മേൽക്കാണിച്ചിരിക്കുന്ന ഭവനലഭ്യതാ പട്ടിക പ്രകാരം വിവിധ പദ്ധതികളിലായി 1992-ലെ IRDP സർവ്വെ അനുസരിച്ച് 388 വീടുകൾ ലഭിക്കേണ്ടതിൽ 173 വീടുകൾ മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്ന ഒമ്പതു വാർഡുകളിലായി അനുവദിച്ചിട്ടുള്ളത്. അനുവദിച്ച 173-ൽ 133 എണ്ണം മാത്രം നാളിതുവരെ പൂർത്തീകരിക്കുകയും ഇനിയും പൂർത്തീകരിക്കേണ്ട പട്ടികയിൽ 40 എണ്ണം ബാക്കി നിൽക്കുകയും ചെയ്യുന്നു. 1996 വരെയുള്ള സർവ്വെ കൂടി കൂട്ടിച്ചേർത്താൽ ഇനിയും പഞ്ചായത്തിൽ അനുവദിച്ചുകിട്ടേണ്ട വീടുകൾ എന്ന ഗണത്തിൽ 388 എണ്ണം ഉണ്ടെന്നു കാണുന്നു. അയ്യൻകുന്ന് പഞ്ചായത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ടവരുടെ ഭവനലഭ്യതയുടെ അപര്യാപ്തത രേഖപ്പെടുത്താൻ മാത്രമേ മേൽപ്പട്ടിക ഉപകരിക്കുന്നുള്ളൂ.

ഭൂരിപക്ഷം വരുന്ന ഇടത്തരക്കാരായ ജനങ്ങളുടെ ഭവനനിർമ്മാണം സംബന്ധിച്ച് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവയിൽ ചിലത് താഴെക്കുറിക്കട്ടെ.

1. ഭവനനിർമ്മാണവായ്പകൾ കൊടുക്കുന്ന ഏജൻസികളുടെ എണ്ണക്കുറവ്.
2. നിലവിലുള്ള ഏജൻസികളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അജ്ഞത.
3. സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകൾ
4. അമിതമായ പലിശനിരക്ക്
5. വായ്പ ലഭിക്കുവാനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട കൈവശ സർട്ടിഫിക്കറ്റ്, കുടികിട സർട്ടിഫിക്കറ്റ് തുടങ്ങിയ വിവിധ രേഖകൾ അതത് ഓഫീസുകളിൽനിന്നു ലഭിക്കാനുള്ള കാലതാമസം.

6. ഭവനനിർമ്മാണസാമഗ്രികളുടെ അമിതമായ വിലക്കയറ്റം.

7. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്.

8. വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ അമിത കൂലിനിരക്ക്.

9. വായ്പ അനുവദിച്ചുകിട്ടാനുള്ള കാലതാമസം.

10. സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള സാങ്കേതിക പ്രശ്നങ്ങൾ.

കെട്ടിടനിർമ്മാണ സാമഗ്രികളായ കമ്പി, സിമന്റ്, ഓട്, ഇഷ്ടിക, മരംകൊണ്ടുള്ള ഉരുപ്പടികൾ, വെട്ടുകല്ല് എന്നിവയുടെയെല്ലാം ക്രമാതീതമായ വിലക്കയറ്റവും.പണപ്പെരുപ്പത്തിന്റെ ഫലമായുള്ള കൂലി വർധനവും കാരണം വീട് നിർമ്മാണത്തിനായി സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും ബ്ലോക്ക് വഴി നൽകുന്ന RLEGP, IAY NREP, JRY എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷം പാർപ്പിടപദ്ധതിയുടെ വായ്പാപരിധിയും വർദ്ധിപ്പിക്കുകയും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ പ്രയാസങ്ങൾ ഒഴിവാക്കപ്പെടേണ്ടതുമാണ്. റവന്യൂ വകുപ്പ് വഴി പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസപദ്ധതിയുടെ ആനുകൂല്യവും പരിമിതമായ തോതിൽ മാത്രമേ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളൂ.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി പുതുക്കിപ്പണിയുന്നതിനും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകുവാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾകൊണ്ടും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും ഗുണഭോക്താക്കളേയും സന്നദ്ധസംഘടനകളേയും സംയുക്തമായി വിളിച്ചുചേർത്ത് മനുഷ്യവിഭവശേഷി കൂടുതലായി ഉപയോഗിക്കത്തക്ക തരത്തിലുള്ള പുതിയ പദ്ധതികൾക്കും സംരംഭങ്ങൾക്കും രൂപം കൊടുക്കാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

2. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള റവന്യൂ കാർഡ് സമ്പ്രദായം അടിയന്തരമായി നടപ്പാക്കുക.

3. റവന്യൂ കാർഡിലെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് ഓരോരുത്തരുടേയും ആസ്തി ബാദ്ധ്യതകളെ അടിസ്ഥാനമാക്കി വായ്പ അനുവദിക്കുവാൻ ഭവനനിർമ്മാണസംഘങ്ങൾക്ക് നിർദശം കൊടുക്കുക.

4. ചിലവുകുറഞ്ഞ വീട് നിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും തിരിച്ചടവിനുള്ള ശേഷിയനുസരിച്ച് ഭവനനിർമ്മാണവായ്പയെടുക്കുവാനും പ്രേരിപ്പിക്കുകയും ചെയ്യുക.

5. സിവിൽ സപ്ലൈസ് പോലുള്ള ഏജൻസികളുടെ സഹായത്താൽ നിർമ്മാണസാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

6. നിർമ്മാച്ചെലവ്, തറ വിസ്തീർണ്ണം എന്നിവ വളരെക്കൂടിതൽ വരുന്ന ഭവനങ്ങൾക്ക് അധികനികുതി ചുമത്തുന്ന ഗവൺമെന്റ് നയം കാര്യക്ഷമമായി നടപ്പിലാക്കിയാൽ പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കായുള്ള ധനവ്യയം നിയന്ത്രിക്കാവുന്നതാണ്.

7. ഭവനനിർമ്മാണവായ്പയുടെ പലിശനിരക്ക് കുറയ്ക്കുക.

8. ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കുക.

9. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതിക സാമ്പത്തിക പ്രയാസങ്ങൾ കഴിയുന്നത്ര ഇല്ലാതാക്കുക. അതിനായി സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ പദ്ധതകളുടെ അപേക്ഷാഫോറങ്ങൾ, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകൽ എന്നിവ പഞ്ചായത്തിന്റെ അധികാരപരിധിയിലാക്കുക.

10. JRY, RLEGP, IAY മുതലായ പദ്ധതികളുടെ തുക 15800 രൂപയിൽനിന്ന് 35000 രൂപയായി ഉയർത്തുക.

11. രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി 30000 രൂപയിൽനിന്ന് 50000 രൂപയായി ഉയർത്തുക.

12. രാജീവ് ദശലക്ഷം പാർപ്പിടം പദ്ധതിപ്രകാരം ഇപ്പോൾ ഏതെങ്കിലും സന്നദ്ധസംഘടന വഴിയായി കണ്ടെത്തേണ്ട 1000 രൂപ സ്പോൺസർമാരുടെ അഭാവത്തിൽ പഞ്ചായത്ത് തന്നെ കണ്ടെത്താൻ ശ്രമിക്കുക.

13. പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി 15000 രൂപയിൽനിന്ന് 30000 രൂപയായി ഉയർത്തുക.

സർക്കാർവക ഭവനനിർമ്മാണപദ്ധതി ലഭ്യമാകണമെങ്കിൽ സ്വന്തമായി ഭൂമി അനിവാര്യമാണ്. അയ്യൻകുന്ന് വില്ലേജിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 672 ഏക്കർ പുറംപോക്ക് ഭൂമിയുള്ളതായി കാണുന്നു. അത്തരം ഭൂമി ഭൂരഹിതർക്ക് 5 സെന്റ് വീതം പതിച്ചുനൽകിയും മിച്ച ഭൂമിയുടെ ലഭ്യത അനുസരിച്ച് വിതരണം കാര്യക്ഷമമാക്കിയും ഭൂരഹിതരുടെ പ്രശ്നം കുറെയൊക്കെ പരിഹരിക്കാവുന്നതാണ്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന സ്ഥലത്ത് ഭവനനിർമ്മാണ ഏജൻസികളുടേയും യുവജനസന്നദ്ധ സംഘടനകളുടേയും സേവനം ഉപയോഗപ്പെടുത്തി ഭവനനിർമ്മാണം നടത്താവുന്നതാണ്. ഇങ്ങനെ പതിച്ചു നൽകി കോളനികളാക്കി അടുത്തടുത്ത് വീടുകൾ നിർമ്മിക്കുമ്പോൾ അഴുക്കുചാൽ, കക്കൂസ് എന്നിവയുടെ സാന്നിദ്ധ്യവും കുടിവെള്ളലഭ്യത, ആരോഗ്യപരമായ പരിസര ശുചിത്വം എന്നിവയും ശ്രദ്ധിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

ഒരു ജനാധിപത്യ ഭരണസമ്പ്രദായത്തിൽ സോഷ്യലിസം അഥവാ 'സ്ഥിതിസമത്വം' നടപ്പിലാക്കണമെങ്കിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുവേണ്ടി ധാരാളം ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയേ പറ്റൂ. ഇപ്പോൾ ഗവൺമെന്റ് നേരിട്ടും ക്ഷേമനിധി ബോർഡുകൾ വഴിയാവും നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് നമുക്ക് ഒന്ന് വിലയിരുത്താം.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നേരിട്ട് ഏറ്റെടുത്തു നടത്തുന്ന ദാരിദ്യനിർമാജന പദ്ധതിയും തൊഴിലാളി -തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയെന്നും രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ടവരുടെ അഭിവൃദ്ധിക്കും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന പട്ടികജാതി, പട്ടിക വർഗ വികസന കോർപറേഷനുകളും വനിതകളുടെ ക്ഷേമത്തിനായുള്ള വനിതാവികസന കോർപറേഷനുകളും നിലവിലുണ്ട്.

പഞ്ചായത്തുതലത്തിൽ സ്ഥിതിവിവരക്കണക്കുകളെടുത്തു പരിശോധിച്ചാൽ ഇപ്രകാരമുള്ള പദ്ധതികളിലൂടെയുള്ള സഹായലഭ്യത പരിമിതമാണെന്നു കാണാം. പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അജ്ഞത, അർഹതയുണ്ടെങ്കിലും സഹായം ലഭിക്കുവാനുള്ള സാങ്കേതിക തടസങ്ങൾ, സർവേ നടത്തുകയും ശിപാർശകൾ എഴുതുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവേചനാധികാരം എന്നിവ മേൽ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനു തടസങ്ങൾ തന്നെയായാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധിബോർഡുകൾ നിലവിലുണ്ടെങ്കിലും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. പഞ്ചായത്തിൽ കർഷകതൊഴിലാളികൾ, നിർമാണ തൊഴിലാളികൾ എന്നിവരുടെ ക്ഷേമനിധികൾ ഉണ്ടെങ്കിൽ അംഗത്വം പൂർണമല്ല.

അയ്യൻകുന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിയപ്പാറ, ആനപ്പന്തി എന്നീ വി.ഇ.ഒ. സർക്കിളുകൾ വഴി 1992 മുതൽ നടത്തിയ ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും സഹായ ലഭ്യതയും താഴെക്കാണുന്ന പട്ടികയിൽ വ്യക്തമാക്കുന്നു.

## പട്ടിക –1
## I.R.D.P. സർവേ സഹായ പദ്ധതി
## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരങ്ങൾ

| വാർഡ് | സർവേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം / I.R.D.P. survey | ഇതിൽ SC/ST കുടുംബങ്ങൾ | | നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ 85–86 മുതൽ 95–96 വരെ | ഇതിൽ SC/ST | | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചതുൾപ്പെടെ | 1996 സർവേകൂടി ഉൾപ്പെടുത്തിയത് |
|---|---|---|---|---|---|---|---|---|---|
| | | SC | ST | | SC | ST | | | |
| 1 | 116 | 3 | – | 59 | 2 | 7 | 50 | 129 | |
| 2 | 128 | 2 | 2 | 61 | 9 | 2 | 50 | 131 | |
| 3 | 167 | 9 | – | 103 | 25 | 17 | 61 | 207 | |
| 4 | 135 | 5 | 2 | 60 | 9 | 13 | 40 | 150 | |
| 9 | 210 | – | – | 53 | 3 | 21 | 30 | 233 | |
| 5 | 98 | – | – | 8 | 2 | – | – | 98 | |
| 6 | 182 | 3 | – | 16 | 12 | – | 1 | 181 | |
| 7 | 170 | 1 | – | 7 | 1 | – | 1 | 169 | |
| 8 | 227 | 3 | – | 31 | 5 | – | 1 | 226 | |
| | 1433 | 26 | 4 | 398 | 67 | 60 | 234 | 1524 | |

മേൽപട്ടിക പ്രകാരം രണ്ട് VEO സർക്കിളുകളിലായി പട്ടികജാതി പട്ടികവർഗമുൾപ്പെടെ 1433 കുടുംബങ്ങൾ ദാരിദ്ര്യരേഖ ˘ താഴെ ഉള്ളതായി 1992–ലെ IRDP സർവെ പ്രകാരം കാണ്ടെത്തുകയും അതിൽ 392 കുടുംബങ്ങൾക്കുമാത്രം സഹായം ലഭ്യമായതായും കാണുന്നു. 1996 വരെയുള്ള സർവെ പ്രകാരം ഇനിയും 1524 കുടുംബങ്ങൾ കൂടി സഹായം ലഭിക്കേണ്ട ലിസ്റ്റിൽ ബാക്കി നിൽക്കുന്നു.

## പട്ടിക 2

## DWCRA പദ്ധതി പ്രകാരം രൂപപ്പെടുത്തിയ തൊഴിൽ സംരഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽസംരഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | Nil | – | – | – |
| II | Nil | – | – | – |
| III | 1.രണ്ടാംകടവ് കോളനി (ST) ഹരിജന ജല്ലിയൂണിറ്റിന് Reg.471/93- 27-10-93. 2.സെറികൾച്ചർ യൂണിറ്റ് | 1993 | 12 | യൂണിററ് ഇപ്പോൾ പ്രവർത്തികകുന്നില്ല. വായ്പത്തുക തിരിച്ചടച്ചിട്ടില്ല. അംഗങ്ങൾ മറ്റ് തൊഴിലുകൾ ചെയ്യുന്നു. |
| | തുടിമരം Reg. Under society Act | | | യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. |
| IV | Nil | – | – | – |
| V | Nil | – | – | – |
| VI | Nil | – | – | – |
| VII | Nil | – | – | – |
| VIII | 1. പുൽത്തൈലം വാറ്റൽ, | | | ഭാഗികമായി പ്രവർത്തിക്കുന്നു |
| | 2. പായനെയ്ത്ത് | – | – | തൃപ്തികരമായ രീതിയിൽ യൂണിറ്റ് പ്രവർത്തിക്കുന്നു |

മേൽപ്പട്ടിക പ്രകാരം അയ്യൻകുന്നു ഗ്രാമപഞ്ചായത്തിലെ DWCRA പദ്ധതി പ്രകാരം നാമമാത്രമായ സംരഭങ്ങൾ മാത്രമെ രൂപപ്പെടുത്തിയിട്ടുള്ളൂ എന്നും അവയിൽ നല്ലൊരു പങ്കും പരാജയമായി തുടരുന്നു എന്ന വസ്തുത നിലനിൽക്കുന്നു. പട്ടുനൂൽപുഴു വളർത്തുന്നതിനായി തുടിമരത്ത് ആരംഭിച്ച യൂണിറ്റ് പ്രതികൂല കാലാവസ്ഥ, രോഗബാധ, വിപണിയുടെ അസൗകര്യം എന്നിവകൊണ്ട് പരാജയപ്പെട്ടതായി കാണുന്നു.

### പരിഹാര മാർഗങ്ങൾ

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഇന്ന് നിലവിലുള്ള 10 വാർഡുകളിൽ 4 വാർഡുകളെ വനിതാ മെംബർമാർ പ്രതിനിധാനം ചെയ്യുന്ന സന്ദർഭത്തിൽ അവർക്ക് ഇത്തരം പദ്ധതികളുടെ വിജയത്തെക്കുറിച്ച് പഠിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിച്ച് പരിപാടികൾക്ക് നേതൃത്വം കൊടുക്കാവുന്നതാണ്.

### ട്രൈസം

18 മുതൽ 35 വയസുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.

## പട്ടിക 4
## ട്രൈസം തൊഴിൽപരിശീലന ലഭ്യതാ പട്ടിക

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതിൽ മറ്റുതൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | nil | – | – | – | – |
| II | nil | – | – | – | – |
| III | സ്പ്രേ പെയിന്റിംഗ് | 1 | – | – | 1 |
| IV | a.പ്രിന്റിംഗ് & കമ്പോസിംഗ് | 3 | 3 | – | – |
| | b. കാർപെന്ററി | 1 | – | – | 1 |
| V | കാർപെന്ററി | 1 | 1 | – | – |
| VI | പ്രിന്റിംഗ് & കമ്പോസിംഗ് | 1 | 1 | – | – |
| VII | nil | – | – | – | – |
| VIII | a.പ്രിന്റിംഗ് & കമ്പോസിംഗ് | 3 | 1 | 1 | 1 |
| | b.ചെങ്കല്ലുകൊത്തൽ | 1 | 1 | – | – |
| IX | ടെയിലറിംഗ് | 10 | – | 2 | 8 |
| | **ആകെ** | **21** | **7** | **3** | **11** |

ട്രൈസം പദ്ധതിപ്രകാരം നാളിതുവരെ പരിശീലനം ലഭിച്ചവരുടെ പഞ്ചായത്ത്തല കണക്കെടുത്താൽ കേവലം 21 പേർ മാത്രമാണെന്ന് കാണാൻ കഴിയും. അതിൽപെട്ട 7 പേർമാത്രമാണ് പരിശീലനം കിട്ടിയ തൊഴിൽതന്നെ സ്വീകരിച്ചിതായിട്ടുള്ളത്. 3 പേർ മറ്റു തൊഴിലുകൾ സ്വീകരിക്കുകയും 11 പേർ പ്രത്യേക തൊഴിലൊന്നും സ്വീകരിക്കാതെ അവശേഷിക്കുന്നതായും കാണാം. പരിശീലനത്തിൽ പങ്കെടുക്കുന്ന തൊഴിലന്വേഷകർക്ക് പരിശീലന ഘട്ടത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റ് തുക വർധിപ്പിച്ചുകൊണ്ടും പരിശീലനം വിജയകരമായി കഴിഞ്ഞെത്തുന്നവർക്ക് വായ്പ അനുവദിച്ചുകിട്ടുന്നതിന് പ്രത്യേക പരിഗണന കൊടുക്കുകയും വേണം.

### ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

പട്ടിക 5

## പട്ടിക V
## ടൂൾകിറ്റ് കൊടുത്തത്.

| | വാർഡ് | IRDP സർവെപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി അർഹതയുള്ളവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| വാണിയപ്പാറ VEO സർക്കിൾ | I | 5 | | –5 | കൊല്ലപ്പണിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണ വാങ്ങുവാൻ താൽപര്യമില്ല. |
| | II | 7 | – | 7 | |
| | III | 6 | – | 6 | |
| | IV | 8 | 1 | 7 | |
| | IX | 9 | – | 9 | |
| ആനപ്പന്തി VEO സർക്കിൾ | V | 4 | 2 | 2 | |
| | VI | 11 | 9 | 2 | |
| | VII | 6 | 3 | 3 | |
| | VIII | 2 | 1 | 1 | |
| | **ആകെ** | **58** | **16** | **42** | |

## പട്ടിക 6
## CRSP കക്കൂസുകൾ സംബന്ധിച്ച വിവരം

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവീടുകൾ (1992) | വിവിധപദ്ധതികളിലായി അനുവദിച്ചത് | പൂർത്തിയായവയുടെ എണ്ണം | ഇനിവേണ്ടവയുടെ എണ്ണം (96 വരെ) |
|---|---|---|---|---|
| I | 88 | ഇല്ല | – | 88 |
| II | 119 | 1 | പൂർത്തീകരിച്ചിട്ടില്ല | 118 |
| III | 160 | ഇല്ല | – | 160 |
| IV | 124 | ഇല്ല | – | 124 |
| IX | 185 | 23 | 21 | 162 |
| V | 83 | 6 | 3 | 77 |
| VI | 164 | 20 | 10 | 144 |
| VII | 143 | 3 | – | 140 |
| VIII | 211 | 2 | 1 | 209 |
| **ആകെ** | **1277** | **55** | **35** | **1222** |

1992 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിലെ രണ്ട് VEO സർക്കിളിലായി 16 പേർക്ക് മാത്രമാണ് ടൂൾകിറ്റ് കൊടുത്തിരിക്കുന്നത്. അതിൽത്തന്നെ വാണിയപ്പാറ സർക്കിളിൽ കേവലം ഒരാൾമാത്രം ടൂൾകിറ്റിന് അർഹനായി എന്നു കാണുന്നത് വിസ്മയകരം തന്നെ. ഇതേകാലഘട്ടത്തിൽ തന്നെ വാണിയപ്പാറ സർക്കിളിൽ കേവലം ഒരാൾമാത്രമേ ടൂൾകിറ്റിന് അർഹനായി എന്നു കാണുന്നത് വിസ്മയകരം തന്നെ. ഇതേ കാലഘട്ടത്തിൽത്തന്നെ ആനപ്പന്തി സർക്കിളിൽ 15 ഉപഭോക്താക്കളെ കാണാൻ കഴിയും. അപ്പോൾ ഒരേ പഞ്ചായത്തിൽ തന്നെ വിതരണത്തിന്റെ വൈരുദ്ധ്യവും പ്രകടനമാണ് പ്രകടമാണ്. ഗ്രാമങ്ങളിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ആരംഭിച്ച ഗ്രാമസേവകന്റെ ഓഫീസ് കാലക്രമേണ Villege Extension Office ആയി നാമകരണം ചെയ്യപ്പെട്ടു. അതുകൊണ്ടായിരിക്കാം എക്സ്റ്റൻഷൻ ഓഫീസ് വഴി ലഭിക്കേണ്ട സേവനങ്ങൾ അനിശ്ചിതമായി ''Extend'' ചെയ്തുകൊണ്ടിരിക്കുന്നത്.

### CRSP പദ്ധതി

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP 1992 മുതൽ 1996 വരെയുള്ള കാലയളവിൽ രണ്ട് VEO സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 35 കക്കൂസുകൾ മാത്രമാണ് നിർമിച്ചിട്ടുള്ളത്. എന്ന് താഴെക്കാണുന്ന പട്ടികയിൽനിന്ന് മനസിലാക്കാം. കൂടുതൽ ആളുകൾക്ക് ഈ പദ്ധതി പ്രകാരം കക്കൂസുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹിക ക്ഷേമ രംഗത്ത് റവന്യൂ വകുപ്പിലൂടെ വിവിധയിനം പെൻഷനുകളും നിർധനരായ പെൺമക്കളുടെ വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻപേർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നതും കൊടുക്കുന്ന അപേക്ഷയിൽ തീരുമാനങ്ങളെടുക്കുവാൻ വളരെ വൈകുന്നതായും പരാതിയുണ്ട്. അയ്യൻകുന്നിൽനിന്ന് 60-70 കിലോമീറ്റർ അകലെയുള്ള തലശേരി താലൂക്കാഫീസിൽ കയറിയിറങ്ങേണ്ട ഗതികേട് അവസാനിക്കണമെങ്കിൽ അടിയന്തരമായി ഇരിട്ടി ആസ്ഥാനമാക്കി താലൂക്ക് അനുവദിക്കേണ്ടതാണ്.

പട്ടിക VII പെൻഷനുകൾ, ധനസഹായം സംബന്ധിച്ച്

അയ്യൻകുന്ന് വില്ലേജിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച്

| അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാര/ സാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം. |
|---|---|---|---|---|---|---|---|---|---|---|
| — | 9 | 23 | 4 | — | — | — | — | — | 85 | 114 |

**I.വിധവാ പെൻഷൻ**

മേൽപട്ടിക പ്രകാരം അയ്യൻകുന്ന് പഞ്ചായത്തിൽ 9 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. നിലവിലുള്ളതിൽ കവിഞ്ഞ് വിവിധ പെൻഷൻ വാങ്ങാനുള്ള ദൗർഭാഗ്യം അയ്യൻകുന്നിലെ വനിതകൾക്ക് ഉണ്ടാകാതിരിക്കട്ടെ എന്ന് മാത്രമായിട്ടാണ് നിർദേശമായിട്ടുള്ളത്.

**II.വികലാംഗ പെൻഷൻ**

23 പേർ അയ്യൻകുന്ന് പഞ്ചായത്തിൽ വികലാംഗ പെൻഷൻ ഗുണഭോക്താക്കളായി കാണുന്നു. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിനായി DMO ഓഫീസ് കയറിയിറങ്ങേണ്ടി വരുന്നതും ഡോക്ടർമാർ മനസുവയ്ക്കുന്നതനുസരിച്ച് വികലതയുടെ ശതമാനം കൂടുകയും കുറയുന്നതുമായി പരാതികളുണ്ട്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന P.H.C. കളിലെ മെഡിക്കൽ ഓഫീസേഴ്സിന് ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം കൊടുക്കാവുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ മൊത്തമായി 85 പേർ കർഷകതൊഴിലാളി പെൻഷൻ വാങ്ങുന്നു. ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ആരംഭിച്ച നാൾമുതൽ അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നു എന്ന് പരാതിയുണ്ട്. അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധപ്പെടുത്തണം. ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ഒഴിവാക്കാൻ പഞ്ചായത്തിന് അധികാരം നൽകണം.

**തൊഴിലില്ലായ്മാ വേതനം**

114 പേർ ഇതിന്റെ ഗുണഭോക്താക്കളാണെങ്കിലും വാങ്ങുന്ന ഇവരും കൊടുക്കുന്ന സർക്കാരും ഇക്കാര്യത്തിൽ സംതൃപ്തരല്ല എന്നതാണ് സത്യം. തൊഴിൽ ലഭ്യതയാണ് ആവശ്യം.

അങ്കൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് വിധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളാണ് അങ്കൺവാടികളെങ്കിൽ നമ്മുടെ പഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കനുസരിച്ച് അങ്കൻവാടികളുടെ പ്രവർത്തനം പരിതാപകരമാണ്. എല്ലാ വാർഡുകളിലും ഒന്ന് എന്ന തോതിൽപോലും അങ്കൺവാടികൾ സ്ഥാപിച്ചിട്ടില്ല. നിലവിലുള്ള ഇവയിൽ സ്വന്തമായി കെട്ടിടമുള്ളത് രണ്ടാംകടവ് അങ്കൻവാടിക്ക് മാത്രമാണ്. മറ്റുള്ളവർക്ക് സ്ഥലം ലഭ്യമാണെങ്കിലും സ്വന്തമായി കെട്ടിടമില്ല. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയുടെ പൊതുപ്രശ്നങ്ങളായി ചൂണ്ടിക്കാണിച്ചവ താഴെ കൊടുക്കുന്നു.

1. കുടിവെള്ള സൗകര്യം ലഭ്യമല്ല.

2.വൈദ്യുതി എത്തിയിട്ടില്ല.

3.കെട്ടിടത്തിന്റെ അറ്റുകുറ്റപ്പണികൾ തീർക്കേണ്ടതുണ്ട്.

4. ആവശ്യമായ കളിക്കോപ്പുകൾ ഇല്ല.

5. ആവശ്യമായ മറ്റ് ഫർണിച്ചറുകളും പരിമിതമാണ്.

6.അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇന്ന് ലഭിക്കുന്ന തുക തുച്ഛമാണ്.

7. കുട്ടികൾക്കായി പോഷകാഹാരത്തിന് നൽകുന്ന തുക തുച്ഛമാണ്.

പരിഹാര നിർദേശങ്ങൾ

1. പഞ്ചായത്ത് വക പുറംപോക്ക് ഭൂമിയോ മിച്ചഭൂമിയോ അംഗൻവാടികൾക്ക് പതിച്ചുകൊടുക്കുക.

2. ഏതെങ്കിലും പദ്ധതികളിൽപ്പെടുത്തി കെട്ടിട നിർമാണം അറ്റകുറ്റപ്പണികൾ എന്നിവ നടത്തുക.

3.കുട്ടികൾക്കുള്ള പോഷകാഹാരത്തിന് നൽകുന്ന തുക വർധിപ്പിക്കുന്നു.

4. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

5. താൽക്കാലികമായി ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

6.അനർട്ട് അടുപ്പുകൾ അംഗൻവാടികൾ വ്യാപകമാക്കുക.

7. കുടിവെള്ള വിതരണം, വൈദ്യുതിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തുക.

8. ഫർണിച്ചർ, കളിപ്പാട്ടങ്ങൾ എന്നിവ സന്നദ്ധ സംഘടനകളിലൂടെ സ്വരൂപിക്കാൻ ശ്രമിക്കുക.

**പൊതുവിതരണം**

ആകെ 3690 റേഷൻകാർഡ് ഉടമകളുള്ള പഞ്ചായത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഒരു മാവേലി സ്റ്റോർ പോലും പ്രവർത്തിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഓണം, വിഷു, റംസാൻ, ഈസ്റ്റർ, ക്രിസ്തുമസ് തുടങ്ങിയ സമയങ്ങളിൽ സർക്കാർ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ അയ്യൻകുന്ന് നിവാസികൾക്ക് ഇന്നും അപ്രാപ്യമാണ്.

പൊതുവിതരണ കേന്ദ്രം (റേഷൻ ഷാപ്പ്)

പഞ്ചായത്തിലെ പത്തുവാർഡുകളിലായി ഒമ്പത് റേഷൻകടകൾ പ്രവർത്തിക്കുന്നു. 3690 കാർഡ് ഉടമകൾ ഇപ്പോൾ നിലവിലുണ്ടെങ്കിലും ഇനിയും കാർഡു വിഭജനം സംബന്ധിച്ച ധാരാളം പ്രശ്നങ്ങൾ ബാക്കിയാണ്. റേഷനരിയുടെ അമിതമായ വിലക്കയറ്റവും ഗുണമേന്മ കുറഞ്ഞ അരിവിതരണവും ജനങ്ങളെ റേഷൻ കടകളിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുന്നു.

പട്ടിക VIII റേഷൻകടകളെ സംബന്ധിച്ച വിവരം. 1995-96

| വാർഡ് | NO | കാർഡ് ഉടമകൾ | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | [illegible] | പെർമിറ്റ് | മണ്ണെണ്ണ അളവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I | ARD 320 | 363 | 1660 | 313 | 3633 | 1200 | 460 | 3 | 16 | 93 | – | 10 | 18000 |
| II | ARD 353 | 286 | 1299 | 288 | 1587 | 542 | 227 | 10 | 31 | 77 | – | 16 | 11580 |
| III | ARD 335 | 556 | 2352 | 641 | 5345 | 1611 | 313 | 14 | 15 | 157 | – | 6 | 29181 |
| IV | ARD 154 | 427 | 2104 | 350 | 2454 | 915 | 449 | 5 | 27 | 209 | – | 38 | 14012 |
| V | ARD 408 | 245 | 1014 | 265 | 1281 | 300 | 105 | 2 | 5 | 11 | – | 3 | 2280 |
| VI | ARD 157 | 512 | 2452 | 490 | 2942 | 1440 | 480 | 10 | 21 | 132 | – | 12 | 28800 |
| VII | ARD 159 | 549 | 2563 | 498 | 3061 | 2400 | 240 | 10 | 32 | 150 | – | 22 | 28800 |
| VIII | ARD 153 | 392 | 1916 | 353 | 2269 | 1200 | 240 | 5 | 5 | 60 | – | 11 | 19884 |
| IX | ARD 343 | 360 | 1562 | 370 | 3494 | 1632 | 370 | – | – | 75 | – | 2 | 16464 |
| ആകെ | | 3690 | | | | | | | | | | 120 | |

പൊതുവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ

1. മുണ്ടയാപറമ്പിൽ ഒരു റേഷൻകാർഡ് അനുവദിക്കുക

2. രണ്ടാം കടവിലും പുതുതായി റേഷൻകട ആരംഭിക്കുക.

3. കാർഡ് വിഭജനം, പുതിയകാർഡിനുള്ള അപേക്ഷ എന്നിവ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് തീർപ്പാക്കുക.

4. അയ്യൻകുന്ന് പഞ്ചായത്തിന്റെ ആസ്ഥാനമായ അങ്ങാടിക്കടവിൽ സിവിൽ സപ്ലൈസ് കോർപറേഷന്റെ കീഴിലുള്ള മാവേലിസ്റ്റോർ തുടങ്ങുക.

5. ഗുണമേന്മയുള്ള സാധനങ്ങൾമാത്രം പൊതുവിതരണ കേന്ദ്രത്തിലൂടെ വിതരണം ചെയ്യുക.



# സംസ്കാരം

അയ്യൻകുന്ന് എന്നറിയപ്പെടുന്ന ഈ മലയോര ഗ്രാമം കേരളത്തിൽ ഉത്തരമലബാറിൽ കർണാടകാതിർത്തിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി ബ്ലോക്കിൽ സ്ഥിതിചെയ്യുന്നു. ഗ്രാമനിവാസികളിലധികവും കാർഷികവൃത്തിയും അനുബന്ധ തൊഴിലുകളും ജീവിതോപാധിയായി സ്വീകരിച്ച കുടിയേറ്റ പാരമ്പര്യമുള്ളവരാണ്.

കാടുംമലയും കടന്ന് 60 വർഷങ്ങൾക്കുമുമ്പ് ഇന്നാട്ടിലെത്തിലെത്തിയവരുടെ കഥയറിയുന്ന ഇന്നത്തെ വൃദ്ധതലമുറക്കാരിൽനിന്നും ലഭിക്കുന്ന അക്കാലത്തെ ഈ ഗ്രാമത്തിന്റെ അവസ്ഥയും അവർ കടന്നുപോന്ന കാലപ്രവാഹത്തോടൊപ്പം ഒലിച്ചുപോയ ദരിദ്രജീവിതവും പുതുതലമുറയ്ക്ക് അന്യവും അതിശയകരവുമാണ്. സാഹസികവും അത്യോത്സാഹപരവുമായിരുന്ന അക്കാലത്തെ അധ്വാനത്തിന്റെ ഫലമായ സമൃദ്ധിയുടെ ആഹ്ലാദ ദിനങ്ങൾ അയ്യൻകുന്ന് നിവാസികൾക്ക് ഇന്നു പ്രദാനം ചെയ്ത ആ പഴയകാരണവൻമാരുടെ മുമ്പിൽപ്രണമിച്ചുകൊണ്ടേ ഈ കുറുപ്പെഴുതാൻ കഴിയൂ.

മലഞ്ചേരുവുകളും നിബിഡവനങ്ങളും കനകം വിളയുന്ന കൃഷി ഭൂമിയാക്കിയതിന്റെ പിറകിൽ ഒട്ടേറെകാലത്തെ കഥയുണ്ട്. കൂലംകുത്തിയൊഴുകുന്ന കാട്ടാറുകളും വന്യമൃഗങ്ങളും വൈവിധ്യമാർന്ന കാലാവസ്ഥാ ഭേദങ്ങളുംകൊണ്ട് ക്ലേശിച്ച ജനങ്ങളുടെ ചരിത്രം ഇന്ന് ഗ്രാമപഞ്ചായത്തിലെ ഗതാഗതയോഗ്യമായ പാതകളും വാഹനങ്ങളും മറ്റ് ആധുനിക ജീവിത സൗകര്യങ്ങളും കൊണ്ട് മാറിയിരിക്കുന്നു.

അപരിഷ്കൃത ജീവിതം നയിച്ചുപോന്ന ഗിരിവർഗ ജനങ്ങളിൽപോലും ഇന്നാട്ടിൽ പരിഷ്കൃത ജീവിതത്തിന്റെ വെളിച്ചം കാര്യമായി ഇന്ന് പ്രകടമാണ്.

മതസൗഹാർദത്തിന്റെ നിദർശനങ്ങളായി മാറിയ വിവിധ മതസ്ഥരുടെ ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ജില്ലാന്തര പ്രശസ്തമായ ശ്രീ മുണ്ടയാംപറമ്പ് ദേവീക്ഷേത്രം മുന്നൂറിലേറെ വർഷത്തെ പഴക്കമുള്ള ഹൈന്ദവ ആരാധനാകേന്ദ്രമാണ്. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്തജനങ്ങൾ എത്തുന്ന ഈ പുണ്യക്ഷേത്രം അയ്യൻകുന്ന് പഞ്ചായത്തിലാണ്.

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ചർച്ച്, കരിക്കോട്ടക്കരി സെന്റ് തോമസ് ചർച്ച്, രണ്ടാംകടവ് സെന്റ് ജോസഫ്സ് ചർച്ച്, ചരൾ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊട്ടുകപ്പാറ ലൂർദ് ചർച്ച്, ഉരുപ്പുംകുറ്റി ചർച്ച്, എടപ്പുഴ ചർച്ച്, പാറയ്ക്കപ്പാറ ചർച്ച്, കച്ചേരിക്കടവ് ചർച്ച്, പാലത്തുംകടവ് ചർച്ച് സെന്റ്

ജൂഡ് നഗർ കപ്പേള, മുടയിരത്തി കപ്പേള എന്നിവ പ്രധാന ക്രൈസ്തവാരാധനാ കേന്ദ്രങ്ങളാണ്. സെന്റ് ജൂഡ്സ് നഗർ കപ്പേള പ്രശസ്തമായ തീർഥാടന കേന്ദ്രമാണ്. മറ്റൊരു തീർഥാടന കേന്ദ്രമാണ് മുടയിരുത്തികപ്പേള. ആനപ്പന്തി, ഓടിച്ചുകുന്ന്, എന്നിവിടങ്ങളിലെ പെന്തക്കോസ്ത് ആരാധനാലയങ്ങൾ, ചരൾ യാക്കോബായ ചർച്ച് എന്നിവയും കൊട്ടുകപ്പാറ ഈന്തുംകരി, ആനപ്പന്തി എന്നിവിടങ്ങളിലെ മറ്റ് ക്രൈസ്തവാരാധനാലയങ്ങൾ എന്നിവയുമാണ് പഞ്ചായത്തിലെ ക്രൈസ്തവ ആരാധനാ കേന്ദ്രങ്ങൾ. വളയംകോട് മുസ്ലിം പള്ളിയാണ് പഞ്ചായത്തിലെ മുസ്ലിം മതസ്ഥരുടെ ആരാധാനാകേന്ദ്രം.

മതസഹിഷ്ണുതയും പരസ്പര സഹവർത്തിത്വവും ജനങ്ങളുടെ മുഖമുദ്രയാണ്. രാഷ്ട്രീയ മതഭേദങ്ങളൊന്നും നാട്ടുകാരുടെ ക്ഷേമപ്രവർത്തനങ്ങളിൽ കടന്നുവരാറില്ല. കരിക്കോട്ടക്കരി, അങ്ങാടിക്കടവ് എന്നിവിടങ്ങളിലെ ഹൈസ്ക്കൂളുകൾ, കരിക്കോട്ടക്കരി, കൊട്ടുകപ്പാറ, എടപ്പുഴ, അങ്ങാടിക്കടവ്, ആനപ്പന്തി, ചരൾ, രണ്ടാംകടവ്, മുണ്ടയാംപറമ്പ്, പാലത്തിൻകടവ്, കച്ചേരിക്കടവ് എന്നിവിടങ്ങളിലെ പ്രൈമറി സ്കൂളുകൾ എന്നിവ ഈ പഞ്ചായത്തിലെ പ്രധാന വിദ്യാകേന്ദ്രങ്ങളാണ്. അങ്ങാടിക്കടവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പാരലൽകോളജ് വാണിയപ്പാറയിൽ പ്രവർത്തിക്കുന്ന ഒരു പാരാമെഡിക്കൽ ആൻഡ് നേഴ്സിംഗ് സ്കൂൾ എന്നിവയും ഇവിടുത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ക്ഷേത്രോത്സവങ്ങളും പള്ളിതിരുനാളുകളും ജനങ്ങളുടെ പ്രധാന ഉത്സവങ്ങളാണ്.

അയ്യൻകുന്ന് പഞ്ചായത്ത് ആസ്ഥാനമായ അങ്ങാടിക്കടവ് പഞ്ചായത്തിന്റെ കേന്ദ്രമാണെന്നു പറയാം. സാംസ്കാരികമായി ഭേദപ്പെട്ട ഒരു ജനതയാണ് ഇവിടുള്ളത്. പഞ്ചായത്തുവക സാംസ്കാരിക കേന്ദ്രം വാണിയപ്പാറയിൽ പ്രവർത്തിക്കുന്നു. കൂടാതെ ക്ലബുകളും വായനശാലകളുമായി മുപ്പത്തഞ്ചോളം സാംസ്കാരിക സ്ഥാപനങ്ങളും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ ഈ സാംസ്കാരിക സ്ഥാപനങ്ങളൊന്നും വേണ്ടത്ര പ്രവർത്തനക്ഷമങ്ങളല്ല. പ്രത്യേകിച്ചും കലാപ്രവർത്തനങ്ങൾ, സാഹിത്യസാംസ്കാരിക കാര്യങ്ങൾ എന്നിവയിൽ. എന്നാൽ കായിക രംഗത്തെപ്രവർത്തനങ്ങൾ താരതമ്യേന ആശാവഹമാണ്.

ആറളം പഞ്ചായത്ത് വിഭജിച്ച് 1977-ൽ അയ്യൻകുന്ന് പഞ്ചായത്ത് നിലവിൽവന്നു. സാംസ്കാരിക രംഗത്ത് അറിയപ്പെടുന്ന വ്യക്തികളിൽ മദ്യനിരോധന സമിതി സംസ്ഥാന സെക്രട്ടറി ശ്രീ.മാത്യു എം.കണ്ടത്തിൽ ഈ പഞ്ചായത്തിലാണ്. കൂടാതെ ശ്രീ.പി.കെ.രാമൻ മാസ്റ്റർ, എം.സി.ദാമോദരൻ മാസ്റ്റർ എന്നിവരും ഈ പഞ്ചായത്തിലെ സാംസ്കാരിക പ്രമുഖരാണ്. ആരാധനാലയങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പുരോഹിതൻമാർ ഈ പഞ്ചായത്തിലെ ക്ഷേമപ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നു. ഇപ്പോൾ നിലവിലുള്ള ഭരണസമിതി സാംസ്കാരിക രംഗത്ത് ശ്രദ്ധചെലുത്തുന്നുണ്ട്.

തെക്കൻതിരുവതാംകൂറിൽനിന്നും കുടിയേറിപ്പാർത്ത ക്രിസ്തുമതാനുയായികളാണ് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. ഹിന്ദുമതവിശ്വാസികളും ഈ പഞ്ചായത്തിൽ നല്ലൊരു ശതമാനമുണ്ട്. ജനസംഖ്യയിൽ മുസ്ലിം മതക്കാരും ഏറെയുണ്ട്. രാഷ്ട്രീയ മതവിശ്വാസങ്ങളിലെ ഭിന്നതകൾ ജനജീവിതത്തിൽ സംഘർഷങ്ങളൊന്നും ഉണ്ടാക്കാറില്ല.

ക്ഷേത്രോത്സവങ്ങളും പള്ളിപ്പെരുന്നാളുകളും ആഘോഷപൂർവം കൊണ്ടാടാറുണ്ടെങ്കിലും വിദ്യാലയങ്ങളുടെ വാർഷികാഘോഷങ്ങൾ വേണ്ടത്ര ആർഭാടപൂർണമാവാറില്ല. സാംസ്കാരിക നായകൻമാരെയും കലാപ്രതിഭകളെയും ആദരിക്കുന്നതായി അറിവില്ല. സാഹിത്യചർച്ചകളോ സെമിനാറുകളോ കവിയരങ്ങുകളോ സംഘടിപ്പിക്കാൻ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

കായികപരിശീലനത്തിനു വേണ്ടി സ്കൂൾ അധികൃതർ പല പരിപാടികളും ആസൂത്രണം ചെയ്യാറുണ്ട്. പഞ്ചായത്തിൽ കരിക്കോട്ടക്കരി, അങ്ങാടിക്കടവ് എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയവും മുട

യിരുഞ്ഞി എന്ന സ്ഥലത്ത് പഞ്ചായത്ത് മിനി സ്റ്റേഡിയവുമുണ്ട്. ക്ലബുകളുടെയും മറ്റും ആഭിമുഖ്യത്തിൽ കായികമത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. കായികരംഗത്ത് ജില്ലാ, യൂണിവേഴ്സിറ്റി തലത്തിൽ മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്.

ഗ്രാമത്തിൽ 17 ക്രിസ്ത്യൻ പള്ളികൾ, 2 ഹൈന്ദവ ക്ഷേത്രങ്ങൾ, ഒരു മുസ്ലിം പള്ളി എന്നീ ആരാധനാലയങ്ങളുണ്ട്. പഞ്ചായത്തിൽ പൊതു വാർത്താമാധ്യമമായി 22 സ്ഥാപനങ്ങൾക്ക് വർത്തമാനപത്രങ്ങളും 1 റേഡിയോ, 2 ടെലിവിഷൻ എന്നിവയുണ്ട്. 20 ക്ലബുകൾ 11 വായനശാലകൾ, 8 മഹിളാസമാജങ്ങൾ, 5 ഗ്രന്ഥാലയങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളൊക്കെ പരിമിതമായ പ്രവർത്തനങ്ങൾമാത്രമാണ് ആസൂത്രണം ചെയ്യുന്നത്.

വാർഡ് 1-ൽ രണ്ട് ക്ലബുകൾ ഒരു വായനശാല, ഒരു മഹിളാസമാജം എന്നിവ പ്രവർത്തിക്കുന്നു. വാർഡ് 2-ൽ ഒരു വായനശാല, ഒരു മഹിളാ സമാജം എന്നിവ പ്രവർത്തിക്കുന്നു. 3-ാം വാർഡിൽ മൂന്നുക്ലബുകൾ, രണ്ട് വായനശാലകൾ രണ്ട് മഹിളാസമാജങ്ങൾ ഒരു ഗ്രന്ഥാലയം എന്നിവ പ്രവർത്തിക്കുന്നു. വാർഡ് 4-ൽ മൂന്നു വായനശാലകൾ, രണ്ട് മഹിളാസമാജങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. 5-ാംവാർഡിൽ ഒൻപതു ക്ലബുകൾ ഒരു വായനശാല ഒരു ഗ്രന്ഥാലയം എന്നിവ പ്രവർത്തിക്കുന്നു. 6-ാം വാർഡിൽ നാലു ക്ലബുൾ ഒരു ഗ്രന്ഥാലയം എന്നിവയുണ്ട്. 7-ാം വാർഡിൽ മൂന്നു ക്ലബുകൾ ഒരു വായനശാല ഒരു മഹിളാസമാജം എന്നിവയുണ്ട്. 8-ാം വാർഡിൽ മൂന്നുക്ലബുകൾ ഒരു വായനശാല ഒരു ഗ്രന്ഥാലയം എന്നിവ പ്രവർത്തിക്കുന്നു. 9-ാം വാർഡിൽ രണ്ട് ക്ലബുകൾ പ്രവർത്തിക്കുന്നു. 10-ാം വാർഡിൽ രണ്ട് ക്ലബുകൾ രണ്ട് വായനശാലകൾ ഒരു മഹിളാസമാജം ഒരു ഗ്രന്ഥാലയം എന്നിവ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ സാംസ്കാരിക രംഗത്ത് ഒട്ടേറെ പുരോഗമനപരമായ പരിപാടികൾ ആസൂത്രണത്തിലൂടെ കൈവരിക്കാൻ കഴിയുമെന്ന് അനുമാനിച്ചുകൊണ്ട് സാംസ്കാരിക പ്രശ്നങ്ങളിലേക്കും പരിഹാരങ്ങളിലേക്കും ഉള്ള വിശകലനം.

**സാംസ്കാരിക പ്രശ്നങ്ങൾ**

1. വാർത്താമാധ്യമങ്ങൾക്കായി പഞ്ചായത്ത് ചെലവഴിക്കാവുന്ന തുക വാർത്താമാധ്യമങ്ങളുടെ വിലവർധനയ്ക്കനുസരിച്ച് ആനുപാതികമായി ഉയർത്തുക.
2. പഞ്ചായത്തിൽ ഒമ്പതാംവാർഡിൽ കബനി നിരത്ത് പഞ്ചായത്ത് സഹായത്തോടെ വായനശാല അനുവദിക്കുക.
3. സ്കൂളുകളിൽ കലാ സാഹിത്യരംഗത്ത് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല. പാഠ്യേതര വായനാശീലം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
4. ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് വാർഡുകളിൽ ഗ്രന്ഥാലയം ഇല്ല.
5. രണ്ടാംവാർഡിൽ ക്ലബുകളും ഗ്രന്ഥാലയവും പ്രവർത്തനക്ഷമമല്ല.
6. ആറാംവാർഡിൽ വായനശാല മഹിളാസമാജം എന്നിവയില്ല.
7. അഞ്ച്, ആറ്, ഒമ്പത് വാർഡുകളിൽ മഹിളാസമാജം ഇല്ല.
8. ഒമ്പതാവാർഡിൽ ഗ്രന്ഥാലയം ഇല്ല.
9. ജനവിദ്യാകേന്ദ്രങ്ങൾ വേണ്ടത്ര പ്രവർത്തനക്ഷമമാകുന്നില്ല.

പ്രശ്നപരിഹാരങ്ങളും നിർദേശങ്ങളും

1. ജനശിക്ഷണ നിലയത്തിനനുവദിച്ചിട്ടുള്ള ലൈബ്രറി പ്രവർത്തന രഹിതമായതിനാൽ അവിടെയുള്ള പുസ്തകങ്ങൾ പഞ്ചായത്തിലെ മറ്റ് ഗ്രന്ഥാലയങ്ങൾക്കു നൽകുക.
2. പഞ്ചായത്ത് നേതൃത്വത്തിൽ കലാകായിക മത്സരങ്ങൾ നടത്തുക. സാഹിത്യക്ലാസുകളും സെമിനാറുകളും കവിയരങ്ങുകളും സംഘടിപ്പിക്കുക.
3. സാംസ്കാരിക സംഘടനകൾക്കും സമിതികൾക്കും പഞ്ചായത്ത് സാമ്പത്തിക സഹായം

ചെയ്യുക. ഓരോ വാർഡിലും വായനശാലകൾക്ക് പഞ്ചായത്ത് വർത്തമാനപത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ അനുവദിക്കുക. പഞ്ചായത്ത് തലത്തിൽ പൊതുവായനശാല സ്ഥാപിക്കുക. സ്വന്തമായി കെട്ടിടമുള്ള ക്ലബുകൾക്ക് പഞ്ചായത്തുവക വാർത്താമാധ്യമങ്ങൾ അനുവദിക്കുക. ക്ലബുകൾക്ക് കെട്ടിട നിർമാണത്തിന സാമ്പത്തിക സഹായം ചെയ്യുക.

4. കലാകായിക മത്സരങ്ങൾ നടത്തി പ്രതിഭകളെ ആദരിക്കുക.

5.പൊതു കമ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

6. പഞ്ചായത്ത് സാംസ്കാരിക രംഗത്ത് വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഉടസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ യാതൊരു കാരണവശാലും ചീട്ടുകളിപോലുള്ള വിനോദനങ്ങൾ അനുവദിക്കാരിക്കുക. പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണം പഞ്ചായത്തിന്റെ വായനശാലകളിൽ ഏർപ്പെടുത്തുക.

7. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും നടക്കുന്ന സമാന്തര സാമ്പത്തിക വ്യവസ്ഥ ഈ പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിൽ തകർച്ചയ്ക്കു കാരണമായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. ●



# വനിത

ഇൻഡ്യയിലും കേരളത്തിലും ജനസംഖ്യയുടെ പകുതിയിലധികവും സ്ത്രീകളാണ്. നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 21594-ൽ 11049 പുരുഷാന്മാരും 10545 സ്ത്രീകളുമാണ്. ഭൂരപക്ഷം വരുന്ന ജനവിഭാഗത്തെ-അതായത് സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകാതെ നാടിന്റ പുരോഗതി അസാധ്യമാണ്. പാഴായി ഒഴുകിപ്പോയി കടലിൽ എത്തിച്ചേരുന്ന നദീജലം പോലെ സ്ത്രീകളുടെ പങ്കാളിത്തവും കഴിവും നന്മയും സമൂഹത്തിന്റെ പുരോഗതിക്കും നന്മയ്ക്കുംവേണ്ടി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു എന്നത് ജനാധിപത്യ പ്രക്രിയയുടെ ദൗർബല്യങ്ങളാണ്. അതുകൊണ്ട് വനിതകൾക്ക് അർഹമായ പരിഗണന നൽകി അവരെ സാമൂഹ്യ പുരോഗതിയുടെ മുഖ്യധാരയിലേക്ക് ഉയർത്തേണ്ടത് അനുപേക്ഷണീയമാണെന്ന് സൂചിപ്പിക്കട്ടെ

'സ്ത്രീയാണ് വീടിന്റെ വിളക്ക്' സമൂഹത്തിന്റെ അച്ചുതണ്ടാണ് സ്ത്രീ എന്നു തന്നെ പറയാവുന്നതാണ്. സ്ത്രീയെ അവഗണിച്ചുകൊണ്ടുള്ള പുരോഗതി കെടുത്തിവച്ച വിളക്കിന്റെ പ്രകാശത്തിനും ഒടിഞ്ഞ അച്ചുതണ്ടുള്ള യന്ത്രത്തിനും തുല്യമാണ്.

കുടുംബം സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നല്ല കുടുംബാന്തരീക്ഷത്തിന്റെ വളർച്ചയിലൂടെ നമുക്ക് നല്ല സാമൂഹ്യാന്തരീക്ഷം വളർത്താൻ കഴിയും. കുടുംബാംഗങ്ങൾ നമ്മിൽ വൈകാരികമായ അടുപ്പവും നിസ്വാർത്ഥമായ സ്നേഹവും സഹകരണ മനോഭാവവും ത്യാഗമനോഭാവവും സേവന താൽപര്യവും ഉണ്ടാകണം.-(ഇവ വളർത്തുന്നതിൽ സ്ത്രീയുടെ പങ്ക് നിസീമമാണ്) ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളായിരിക്കും. എന്നാൽ ഇത്തരം സാഹചര്യങ്ങൾ ലഭിക്കാത്ത കുടുംബാന്തരീക്ഷം നരകതുല്യമാവും. അവിടെ നിന്നും വളർന്നുവരുന്ന തലമുറ ഭാവിയുടെ ശാപമായിത്തീരാനിടയുണ്ട്.

ദാരിദ്ര്യം, അജ്ഞത, തൊഴിലില്ലായ്മ, വിദ്യാഭ്യാസക്കുറവ്, സാംസ്കാരികമായ അധപതനം, സാമൂഹിക പശ്ചാത്തലം, മതങ്ങളുടെയും ആചാരങ്ങളുടെയും സ്വാധീനതയും പ്രത്യേകതകളും, ഇവയെല്ലാം കുടുംബാന്തരീക്ഷത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

സ്ത്രീകളുടെ സർവതോന്മുഖമായ വളർച്ചയിലൂടെയും ഉയർച്ചയിലൂടെയും നല്ല കുടുംബാന്തരീക്ഷവും അതുവഴി സാമൂഹികബോധവും കൈവരിക്കാം. ഇതു സാമൂഹിക പുരോഗതി കൈവരിക്കാനുള്ള ഉപാധികളിൽ ഒന്നാണ്.

സ്ത്രീയെ ആദരിക്കുകയും മാന്യപദവി നൽകുകയും ചെയ്യുന്ന സംസ്കാരംപോലെതന്നെ, സ്ത്രീ, പുരുഷന്റെ സഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത അബലയാണ് എന്ന ധാരണയും സമൂഹത്തിലുണ്ട്. സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രം കാണുന്ന ജീർണ്ണ സംസ്കാരം നമ്മുടെ സമൂഹത്തെയും കീഴ്പ്പെടുത്തുന്നു. പ്രകൃതിസഹജമായ അതുല്യത സ്ത്രീയും പുരുഷനും തമ്മിൽ നിലനിൽക്കുന്നുണ്ട് എന്നത് അംഗീകരിച്ചുകൊണ്ടു തന്നെ പുരുഷന്മാരോടൊപ്പമോ അതിലുപരിയോ എത്താവുന്ന നിരവധി പ്രവർത്തനമേഖലകൾ സ്ത്രീകൾക്ക് സമൂഹത്തിലുണ്ട്. എന്നാൽ ഇവയൊന്നും മനസിലാക്കാതെ സമൂഹത്തിന്റെ സ്പന്ദനങ്ങളെന്താണെന്നറിയാൻ കഴിയാതെ ഇന്നു ഭൂരി

പക്ഷം സ്ത്രീകൾ ഗ്രാമങ്ങളിൽ കഴിയുന്നു. ഇവരെയെല്ലാം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിയാൽ മാത്രമേ രാജ്യപുരോഗതി കൈവരിക്കാൻ കഴിയൂ. അതിന് നമ്മുടെ പഞ്ചായത്തിനും അതിന്റേതായ പങ്കുവഹിക്കാനുണ്ട്.

**പ്രശ്നങ്ങൾ**

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽതന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 55-60 | 80 |
| നിർമ്മാണത്തൊഴിലാളി | 75 | 125 |

സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുക്കുന്ന ജോലികൾ നന്നായി ചെയ്യുമെങ്കിലും പൊതുവേ ഉത്തരവാദിത്വം ഏൽക്കാനുള്ള വിമുഖത സ്ത്രീകളിലും, ഉത്തരവാദിത്വം എൽപിക്കാനുള്ള താൽപര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസക്കുറവ് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ്. മനുഷ്യവംശത്തിന്റെ പകുതിയോളംവരുന്നവരാണ് തങ്ങൾ എന്നും പുരുഷന്മാർ കൈയടക്കി വച്ചിരിക്കുന്ന അധികാരവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നുള്ള അവബോധം സ്ത്രീകൾക്കു തോന്നേണ്ടിയിരിക്കുന്ന. പുരുഷന്മാരോടൊപ്പം നിൽക്കുവാനുള്ള ബുദ്ധിയും കഴിയും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

**സാധ്യതകൾ**

സമൂഹികരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുവേണ്ടി അവർക്കായി പ്രത്യേക പരിശീലന പരിപാടികളും ബോധവൽക്കരണവും നടത്തേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതുപ്രവർത്തനങ്ങളിൽ മുൻ പരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയ്ക്ക് കൈമാറുകയും അങ്ങനെ അവർക്ക് ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യണം. വനിതകൾക്കായി സംഘടനകൾ ഉണ്ടാക്കുകയും അവരെ സ്വയം പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനായുള്ള സഹായസഹകരണങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്.

സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി സ്ത്രീകളുടെതായ തൊഴിൽ യൂണിറ്റുകളും സഹകരണസംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. റെഡിമെയ്ഡ്, കരകൗശലവസ്തുക്കൾ, പച്ചക്കറി തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ കഴിവ് പരമാവധി വിനിയോഗിക്കുന്നതിന് ശ്രദ്ധപതിപ്പിക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും താഴെ ചേർക്കുന്നു.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1.ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

2. തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

3. സ്വയംതൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനങ്ങളോ പ്രോത്സാഹനങ്ങളോ ലഭിക്കുന്നില്ല.

4. തൊഴിലിൽനിന്നും ലഭിക്കുന്ന പ്രതിഫലം വളരെ കുറവാണ്. ഇത് പല പ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകളെ പിന്നോട്ടു നയിക്കുന്നു.

5. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവ് ലഭിക്കുന്നില്ല..

6. വിദ്യാലയങ്ങളിൽ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

7. സ്ത്രീകൾ വളരെയേറെ പീഡനങ്ങൾ അനുഭവിക്കേണ്ടിവരുന്നു (സ്ത്രീധനം, മദ്യപാനം തുടങ്ങിയ മേഖലകളിൽ)

**പരിഹാര നിർദേശം**

ബോധവൽക്കരണത്തിനുവേണ്ടി; പഞ്ചായത്ത ടിസ്ഥാനത്തിലും വാർഡടിസ്ഥാനത്തിലും സ്ത്രീകൾക്കു പ്രയോജനപ്രദമായ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി, ബോധവൽക്കരണ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, സിമ്പോസിയങ്ങൾ, സിനിമാപ്രദർശനങ്ങൾ, പഠനയാത്രകൾ, എന്നിവ വർഷത്തിൽ ഒന്നിലധികം പ്രാവശ്യം നടത്തുകയും അതിനെപ്പറ്റിയുള്ള വിലയിരുത്തൽ നടത്തുകയും പരിപാടികളിൽ സ്ത്രീകളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കുകയും ചെയ്യണം. ബോധവൽക്കരണ ക്ലാസുകളിൽ പുരുഷന്മാരെയും പങ്കാളികളാക്കണം. ഡോക്ടർമാർ, നിയമവിദഗ്ധർ, അധ്യാപകർ, വിവിധ സന്നദ്ധ സംഘടനാപ്രതിനിധികൾ, കലാകായികരംഗത്ത് പ്രാവീണ്യമുള്ളവർ,, വിവിധ തൊഴിൽ മേഖലയിൽ വൈദഗ്ധ്യമുള്ളവർ അനുഭവ പരിചയമുള്ളവർ എന്നിവരെ ഇത്തരം യോഗത്തിൽ പങ്കെടുപ്പിക്കണം.

**2 തൊഴിൽ**

സ്ത്രീകൾക്കു പങ്കെടുക്കാൻ കഴിയുന്ന വിവിധ തൊഴിൽ സാധ്യകളെപ്പറ്റി പഠനം നടത്തുകയും അത്തരം തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്നത്തേതിൽ നിന്നും ഉയർത്തി കുടുംബ വരുമാനം ഉയർത്തുന്നതിനുള്ള വഴികൾ കണ്ടുപിടിക്കണം.

പഞ്ചായത്തടിസ്ഥാനത്തിൽ വനിതകൾക്കുള്ള തൊഴിൽ സഹകരണ സംഘങ്ങൾ പ്രവർത്തിപ്പിക്കാവുന്നതും വിവിധതരം തൊഴിലുകൾക്ക് വനിതകളെ അംഗങ്ങളാക്കി അവരുടെ സഹകരണത്തോടെ തൊഴിൽ സംരംഭം നടത്താവുന്നതാണ്.

ചിപ്സ് (ഏത്തക്കായ് വറുത്തത്), ഉൽപാദനം, അച്ചാർനിർമ്മാണം, റെഡിമെയ്ഡ് ഡ്രസ്, തുടങ്ങിയവ നിർമ്മാണം, ജല്ലി യൂണിറ്റ് പ്രവർത്തനം, തേനീച്ച വളർത്തൽ തേൻ സംഭരണം, പാലുൽപ്പന്ന ശേഖരണ വിതരണ പ്രവർത്തനം, ചൂരൽക്കൊട്ട, മുറം, പായ തുടങ്ങിയ ഉപകരണ നിർമ്മാണം തുടങ്ങിയ സഹകരണ സംഘങ്ങളിലൂടെയും അല്ലാതെയും ആരംഭിക്കാം.

ശിശു പരിപാലനവും സംരക്ഷണവും ശാസ്ത്രീയമാർഗത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്ലാൻചെയ്തു നടപ്പിലാക്കാം.

3 മഹിളാ സമാജങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും കൂടുതൽ സ്ത്രീകളെ വിവിധ തുറകളിൽ വളർത്തുന്നതിനുവേണ്ട വേണ്ട പ്രോത്സാഹനം നൽകുകയും പഞ്ചായത്തടിസ്ഥാനത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.

4. കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ രൂക്ഷമാകാത്ത വിധത്തിൽ പരിഹാരം കാണുന്നതിനുവേണ്ടി, കഴിവും പ്രാപ്തിയുമുള്ള സാമൂഹിക പ്രവർത്തകരും നിയമവിദഗ്ധരുമടങ്ങുന്ന കുടുംബകോടതി പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കി രമ്യമായ പരിഹാരമാർഗ്ഗം നിയമവിധേയമായി നടത്താൻ കഴിയണം.

5. മദ്യാപനത്തിന്റെ ഭവിഷ്യത്തിനെ സംബന്ധിച്ച് ശരിയായ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം. വ്യാജ മദ്യവിൽപ്പനക്കാർക്കെതിരേ കർശനമായ നടപടി സ്വീകരിക്കണം. കടുത്ത പിഴ അവരിൽ നിന്നു ഈടാക്കണം. സ്കൂളുകളിലും സിനിമാശാലകളിലും ഇതിനെതിരേ പ്രചരണം ഉണ്ടാകണം.

6. സാധുക്കളായ സ്ത്രീകളുടെ വിവാഹാവശ്യത്തിന് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള പദ്ധതി പ്ലാൻ ചെയ്യണം. ശിശുപരിപാലനത്തിനും ഗൃഹപരിപാലനത്തിനും കൂടുതൽ പരിശീലനം നൽകുന്നതിനുള്ള സമഗ്രമായ പ്ലാൻ തയാറാക്കി പ്രാവർത്തികമാക്കണം.

വിവിധ തുറകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളിൽ നിന്നും സംഘടനകളിൽ നിന്നുമായി വസ്തുതകൾ ശേഖരിച്ച് സർവേ റിപ്പോർട്ടു തയാറാക്കണം. അതാതു കാലത്തുണ്ടാകുന്ന ചർച്ചകളിൽനിന്നും പഠനങ്ങളിൽനിന്നും ആവശ്യമായത് ഉൾക്കൊണ്ട് അവ പ്രാവർത്തികമാക്കണം.

സ്ത്രീ ഉണർന്നെണീറ്റ് ലക്ഷ്യത്തിലെത്തുന്നതുവരെ പോരാടാനുള്ള സമയമാണിത്.



# സഹകരണം

ഋണബാധ്യതയിൽനിന്നും അയ്യൻകുന്ന് പ്രദേശത്തെ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി 1932-ലെ 6-ാം നമ്പർ മദ്രാസ് ആക്ട് 10-ാം വകുപ്പുപ്രകാരം ക്ലിപ്തപ്പെടുത്താത്ത ബാധ്യതയോടുകൂടി 5.3.91-ന് രജിസ്റ്റർചെയ്ത് വിവിധോദ്ദേശ ഐക്യനാണയസംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. ശ്രീ കുരുവിള പട്ടമന എന്നിവരുടെ നേതൃത്വത്തിൽ ആറളം പഞ്ചായത്തിൽ ആറളം വില്ലേജിൽ അയ്യൻകുന്ന് പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണ് നമ്പർ എഫ്.1516 ആയി ഈ സംഘം നിലവിൽവന്നത്. ആഗസ്തി പറക്കണശ്ശേരി, പാടിക്കൽ ജോസഫ്, കണ്ണീറ്റുകണ്ടത്തിൽ ജോൺ, പഴയമ്പള്ളി ദേവസ്യ തുടങ്ങിയവർ സംഘത്തിന്റെ ആദ്യകാല ഭരണസമിതി അംഗങ്ങളായിരുന്നു.

**സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ**

വിവിധ മേഖലകളിലായി 9 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. സഹകരണമേഖലയിൽ 45 പേർ പ്രത്യക്ഷമായും 50-ഓളം പേർ പരോക്ഷമായും ജോലിചെയ്തുവരുന്നു. കാർഷികമേഖലയിൽ ആനപ്പന്തി സർവീസ് സഹകരണബാങ്ക് (നമ്പർ എഫ്.1516)ഇപ്പോൾ സാമാന്യം ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നു. കരിക്കോട്ടക്കരി കൺസ്യൂമർസ്റ്റോർ (നമ്പർ സി.416) ഇപ്പോൾ പ്രവർത്തനരഹിതമാണ്. കരിക്കോട്ടക്കരി കേന്ദ്രമായി പ്രവർത്തനമാരംഭിച്ച കരിക്കോട്ടക്കരി സഹകരണആശുപത്രി പ്രവർത്തനരഹിതമാവുകയും സമാപ്തീകരിക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള 9 സഹകരണസംഘങ്ങളിൽ ഭൂരിപക്ഷവും സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമാണ്. സ്കൂൾ സഹകരണസംഘങ്ങൾ മൂന്നെണ്ണം (കരിക്കോട്ടക്കരി ഹൈസ്കൂൾ, കരിക്കോട്ടക്കരി യു.പി.സ്കൂൾ, അങ്ങാടിക്കടവ് യു.പി.സ്കൂൾ) പഞ്ചായത്തിന്റെ പരിധിയിൽ പുസ്തകവിതരണം മാത്രം നടന്നുവരുന്നു.

അയ്യൻകുന്ന് പഞ്ചായത്തിൽ ആകെ 4 ക്ഷീരോത്പാദക സഹകരണസംഘങ്ങളുണ്ട്. ഇവയുടെ പ്രവർത്തനപരിധി പഞ്ചായത്തുമുഴുവൻ ഉൾപ്പെട്ടതാണെങ്കിലും പ്രവർത്തനം എല്ലാ മേഖലയിലും എത്തിപ്പെടുന്നില്ല. നിലവിലുള്ള സംഘങ്ങളിൽ ഉരുപ്പുംകുറ്റി ക്ഷീരോത്പാദക സഹകരണസംഘമാണ് ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്നത്. നമ്പർ സി.123 (ഡി) ആയി രജിസ്റ്റർചെയ്ത ഈ സംഘം ഒന്നരലക്ഷത്തോളം ലിറ്റർ പാൽ ഒരുവർഷം ശേഖരിക്കുന്നുണ്ട്. ഇടപ്പുഴ ക്ഷീരോത്പാദകസംഘം നമ്പർ സി 140 (ഡി), സെന്റ് ജൂഡ്നഗർ ക്ഷീരോത്പാദക സഹകരണസംഘം നമ്പർ.സി. 116 (ഡി), രണ്ടാംകടവ് ക്ഷീരോത്പാദക സഹകരണസംഘം എന്നിവയാണ് ഇപ്പോൾ പ്രവർത്തന നിരതമായ മറ്റ് സംഘങ്ങൾ. ഉത്പാദകർക്ക് ബോധവൽക്കരണ സെമിനാറുകളും മറ്റും നടത്തി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളാണ് ഇവയും. ഇടപ്പുഴ കേന്ദ്രമായി ഒരു ഹരിജൻ സഹകരണസംഘം രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. അങ്ങാടിക്കടവിൽ ഒരു ബ്രാഞ്ചോടുകൂടി പ്രവർത്തിക്കുന്ന സഹകരണറൂറൽബാങ്ക്, ഇരിട്ടി ഭവനനിർമാണ സഹകരണസംഘം, തലശേരി പ്രാഥമിക കാർഷിക വികസനബാങ്ക്, കണ്ണൂർ ജില്ലാ സഹകരണബാങ്ക് ഇരിട്ടിശാഖ എന്നിവയുമാണ് ഈ പഞ്ചായത്തുകൂടി പ്രവർത്തനമേഖലയായ മറ്റ് സഹകരണസംഘങ്ങൾ.

# കാർഷികമേഖല

## ഹ്രസ്വകാല വായ്പ

### ആനപ്പന്തി സർവീസ് സഹകരണബാങ്ക്

ഏകദേശം 7,000 കർഷകകുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് അയ്യൻകുന്ന്. ഹ്രസ്വകാല കാർഷികേതര വായ്പകളാണ് സഹകരണബാങ്ക് മുഖ്യമായും വിതരണംചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകാൻ ഈ സംഘത്തിന് സാധിക്കുന്നില്ല. കാർഷികാവശ്യത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് പരിമിതമായ തോതിൽ ദീർഘകാലവായ്പാസംഘംമുഖേന വിതരണംചെയ്യുന്നുണ്ടെങ്കിലും, ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുൾപ്പെടുന്ന 7,000ൽ അധികം കർഷക കുടുംബങ്ങൾക്ക് ആവശ്യമായ തോതിൽ വായ്പകൾ നൽകാൻ സാധിക്കുന്നില്ല. പതിമൂവായിരത്തിലധികം മെംബർമാരുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലുൾപ്പെട്ട മുഴുവൻ കർഷകരുംതന്നെ സംഘത്തിൽ അംഗങ്ങളാണ്. കൃത്യസമയത്ത് വായ്പ തിരിച്ചടച്ച് വരാത്തതാണ് ബാങ്ക് പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നത്. സ്വകാര്യവ്യക്തികളുടെ കടക്കെണിയിൽ കർഷകർ അകപ്പെടുന്നതുകൊണ്ട് കൃത്യസമയത്ത് ബാങ്കിലെ വായ്പകൾ തിരിച്ചടക്കുവാൻ സാധിക്കുന്നില്ല. ഈ സ്വകാര്യ പണമിടപാടുകൾക്ക് കാര്യമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. ഇക്കാരണംകൊണ്ടുതന്നെ ലക്ഷക്കണക്കിന് രൂപ നഷ്ടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായി നിർവഹിക്കുവാൻ ഏതാണ്ട് മൂന്നുകോടിരൂപയും കൂടി വർഷംതോറും ആവശ്യമുണ്ട്. കാർഷികപ്രവൃത്തികൊണ്ട്മാത്രം ജീവിക്കുന്ന അയ്യൻകുന്ന്പോലുള്ള കാർഷികമേഖലയിൽ നബാർഡ് നിലവിലുള്ള കാർഷികവായ്പാവിതരണനയത്തിൽ മാറ്റംവരുത്തിക്കൊണ്ടെങ്കിലും ആവശ്യമായ തുക കാർഷിക വായ്പയായി നൽകേണ്ടതാണ്., കാർഷികാവശ്യത്തിന് രാസജൈവവളങ്ങൾ യഥേഷ്ടം വിതരണം ചെയ്യുന്നുണ്ട്. സംഘത്തിന്റെ വകയായി രണ്ട് കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നഷ്ടത്തിലാണ് മേൽപറഞ്ഞ രണ്ടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെങ്കിലും പൊതുമാർക്കറ്റിൽ നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഈ കൺസ്യൂമർസ്റ്റോറുകൾക്ക് സാധിക്കുന്നുണ്ട്. സംഘത്തിന്റെ വകയായി ചിട്ടികളും നടത്തുന്നുണ്ട്. ഈ ബാങ്ക് ലാൻഡ് രജിസ്റ്റർ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റേറ്റ്മെന്റ് തയാറാക്കി വർഷംതോറും ജില്ലാബാങ്കിൽനിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹമായ എല്ലാവർക്കും വായ്പ നൽകുവാനുള്ള സംവിധാനം ഇന്ന് നിലവിലില്ല.

### ദീർഘകാല കാർഷിക വായ്പ

തലശേരി താലൂക്ക് പ്രവർത്തന പരിധിയായുള്ള തലശേരി സഹകരണ കാർഷിക വികസന ബാങ്കാണ് പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പ നൽകിവരുന്നത്. കാർഷികമേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതികബുദ്ധിമുട്ടും കാലതാമസവും അധികചിലവും കാരണം കർഷകർ വായ്പ വിനിയോഗിക്കാത്ത അവസ്ഥയാണിന്ന് നിലവിലുള്ളത്.

പട്ടിക 1

കാർഷിക വായ്പാ സംക്ഷേപം.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം. | പ്രവർത്തന പരിധി. | അംഗങ്ങൾ | ഓഹരി മൂലധനം. | കടം | നിക്ഷേപം. |
| ആനപ്പന്തി സർവ്വീസ് സഹകരണ ബാങ്ക്. | 1951 | അയ്യൻകുന്ന് പഞ്ചായത്തും ആറളം പഞ്ചായത്തിന്റെ പാലക്കാട് കരിവല പ്രദേശങ്ങളും. | 12717 | 45 ലക്ഷം | 49542491 | 64040872. |

| 8 | | 9 | 10 | 11 | |
|---|---|---|---|---|---|
| വായ്പകൾ. | | പ്രവർത്തന മൂലധനം | ലാഭനഷ്ടം | ജീവനക്കാർ. | |
| കാർഷികം | കാർഷികേതര | | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| 35415937 | 14626554 | 61692000 | 4197697 | 26 | 3 |

### ഭവനനിർമാണ വായ്പ

ഭവന നിർമ്മാണ രംഗത്ത് സഹകരണ മേഖലയിലെ വിവിധ സംഘങ്ങൾ വഴി വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന വായ്പയാണ് പഞ്ചായത്തിൽ ഭൂരിഭാഗവും വിനിയോഗിക്കുന്നത്. ഭവന നിർമ്മാണ വായ്പകൾ പ്രധാനമായും വിതരണം ചെയ്തുവരുന്നത് ഇരിട്ടി ഭവനിർമ്മാണ സഹകരണസംഘമാണ്. കൂടാതെ ആനപ്പന്തി സർവീസ് സഹകരണബാങ്ക്, തലശേരി സഹകരണ കാർഷിക വികസനബാങ്ക്, കണ്ണൂർ ജില്ലാ സഹകരണബാങ്ക് എന്നിവയും ഈരംഗത്ത് വായ്പകൾ നൽകിവരുന്നു. എന്നാൽ ഫണ്ടുകളുടെ അപര്യാപ്തത മൂലം ഈ സംഘങ്ങൾക്ക് വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ സാധിക്കുന്നില്ല.

### ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

അങ്ങാടിക്കടവ്, കരിക്കോട്ടക്കരി, ഈന്തുംകരി പ്രദേശങ്ങളുൾക്കൊള്ളിച്ച് ഉരുപ്പുംകുറ്റി ക്ഷീരോനാദകസംഘവും, ഇടപ്പുഴ വാർഡ് കേന്ദ്രീകരിച്ച് ഇടപ്പുഴ ക്ഷീരസഹകരണസംഘവും, രണ്ടാംകടവ്, വാണിയപ്പാറ പ്രദേശങ്ങളുൾപ്പെടുത്തി രണ്ടാംകടവ് സഹകരണസംഘവും, മുടയിരിഞ്ഞി, സെന്റ് ജൂഡ് പ്രദേശങ്ങൾക്കൊള്ളിച്ച് സെന്റ് ജൂഡ് സർവീസ് സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാംകൂടി ഏകദേശം മൂന്നുലക്ഷം ലിറ്റർ പാൽ ഒരുവർഷം സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ വളരെ വിസ്തൃത മേഖകളായ ചരൾ, കച്ചേരിക്കടവ്, പാലത്തുംകടവ്, ആനപ്പന്തി, മുണ്ടായംപറമ്പ് എന്നിവിടങ്ങളിൽ പാൽ സംഭരണകേന്ദ്രങ്ങളില്ലാത്തതുകൊണ്ട് ക്ഷീരകർഷകർ വളരെ വിഷമം അനുഭവിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിലേക്കുകൂടി നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നത് നന്നായിരിക്കും. ഇങ്ങനെ പ്രവർത്തിക്കുന്നപക്ഷം ഏകദേശം ഇരട്ടിയോളംകണ്ട് പാലുൽപാദനം വർധിപ്പിക്കാവുന്നതുമാണ്.

## പട്ടിക 2
## ക്ഷീരസഹകരണസംഘങ്ങൾ

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ജീവനക്കാർ സ്ഥിരം | മറ്റുള്ളവർ |
|---|---|---|---|---|---|---|
| 1 | ഉരുപ്പുംകുറ്റി ക്ഷീരോൽപാദക സഹകരണസംഘം | 1982 | പഞ്ചായത്തിലെ അങ്ങാടിക്കടവ് കരിക്കോട്ടക്കരി വാർഡുകൾ | 310 | 4 | 3 |
| 2 | ഇടപ്പുഴ ക്ഷീരോൽപാദക സഹകരണസംഘം | 1990 | ഇടപ്പുഴ വാർഡ് | 280 | 2 | 1 |
| 3 | രണ്ടാംകടവ് ക്ഷീരോൽപാദക സഹകരണസംഘം | 1984 | വാണിയപ്പാറ വാർഡ് | 162 | 2 | 1 |
| 4 | സെന്റ് ജൂഡ്നഗർ ക്ഷീരോൽപാദക സഹകരണസംഘം | 1986 | മുടയിരഞ്ഞി മുണ്ടയാംപറമ്പ് വാർഡുകളുടെ ഭാഗങ്ങൾ | 126 | 2 | 1 |

**കൺസ്യൂമർ മേഖല**

1. മുമ്പ് നിലവിലുണ്ടായിരുന്ന കരിക്കോട്ടക്കരി സഹകരണസ്റ്റോർ പുനരുജ്ജീവിപ്പിച്ചോ പുതിയ സംഘം രൂപീകരിച്ചോ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികളെടുക്കേണ്ടതാണ്.

2. അങ്ങാടിക്കടവ് യു.പി.സ്കൂൾ, കരിക്കോട്ടക്കരി എച്ച്.എസ്. യു.പി. എന്നീ സ്കൂളുകളിലും പ്രവർത്തിക്കുന്ന സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

**പട്ടികവർഗ സഹകരണസംഘം**

പഞ്ചായത്തിലെ ഇടപ്പുഴയിൽ ഒരു പട്ടികവർഗ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. മന്ദഗതിയിലുള്ള പ്രവർത്തനം ഊർജിതപ്പെടുത്തുകയും പഞ്ചായത്തിലെ മുഴുവൻ പട്ടികവർഗക്കാരേയും അതിന്റെ പ്രവർത്തനത്തിൽ പങ്കാളിയാക്കാൻ നടപടി സ്വീകരിക്കുകയും വേണം.

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ:

**കാർഷികമേഖല**

1. ആനപ്പന്തി സർവീസ് സഹകരണബാങ്ക് 50 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ആയതുകൊണ്ട് കുടിശ്ശിക നിർമ്മാർജ്ജനത്തിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പലിശ കുറഞ്ഞ വായ്പകൾ സംഘത്തിനുനൽകിയും മെംബർമാരുടെ ബോധവൽക്കരണംവഴിയും കുടിശ്ശിക കുറയ്ക്കാൻ കഴിയുന്നതാണ്.

2. സഹകരണബാങ്ക് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി സംഘത്തോടും മെംബർമാരോടുമുള്ള സമീപനത്തിൽ കാലാനുസൃതമയ മാറ്റം വരുത്തുക.

3. ആനപ്പന്തി ബാങ്കിന്റെ ബ്രാഞ്ച് വാണിയപ്പാറയിലും ചരളിലും തുടങ്ങുക.

4. വിഭവശേഷികൊണ്ട് സമ്പന്നമായ പഞ്ചായത്തിൽനിന്ന് നിക്ഷേപസമാഹരണത്തിന് എല്ലാവരുടെയും സഹകരണത്തോടെ പദ്ധതികളാവിഷ്കരിക്കുക. ഇങ്ങനെ ലഭിക്കുന്ന തുക കൺസ്യൂമർ വായ്പ, സ്വർണ്ണപ്പണയ വായ്പ, ഭവനനിർമ്മാണ വായ്പ എന്നിങ്ങനെ ലാഭകരമായി അംഗങ്ങൾക്കിടയിൽ വിനിയോഗിക്കുക.

5. കൂടുതൽ തുകയുടെ ചിട്ടികൾ സംഘം മുഖേന നടപ്പാക്കുക.

6. സഹകരണ ബാങ്ക് കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാൻഡ് രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വായ്പകൾ നേടിയെടുക്കുകയും ചെയ്യാം.

7. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ തുക വർഷാരംഭത്തിൽത്തന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

8. ഗവൺമെന്റിൽനിന്നും അനുവദിക്കുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അതു ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ എടുക്കുക.

9. യഥാകാലം സംഘം മുഖേന വിതരണം ചെയ്യുന്ന വായ്പകൾക്ക് പൊതുവായി അപേക്ഷ ക്ഷണിക്കുക.

10. വ്യക്തികൾക്ക് ആൾജാമ്യത്തിലനുവദിക്കുന്ന കാർഷികവായ്പയുടെ പിരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്. ഇന്ന് 5000/- രൂപവരെ ആൾജാമ്യത്തിൽ മാത്രവും 10,000/- രൂപവരെ ആൾജാമ്യത്തിനുപുറമേ നികുതി രസീതികൂടി വാങ്ങിക്കൊണ്ടും നൽകുന്നു. ഇത് 25,000/- രൂപയായി ഉയർത്തുക.

11. വളവും കാർഷികോപകരണങ്ങളും ആവശ്യാനുസരണം വിതരണം ചെയ്യുവാനും കാർഷിക ഉൽപന്നങ്ങൾ സംഭരിക്കുവാനും സംവിധാനമുണ്ടാക്കേണ്ടതാണ്.

12. കൃഷിക്കാർക്ക് ഉൽപന്നങ്ങൾക്ക വിലയിടിവു വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് ലോൺ അനുവദിക്കുവാൻ സംവിധാനം ഉണ്ടാക്കണം. കൂടാതെ ഉൽപന്നങ്ങളുടെ സംഭരണത്തിനാവശ്യമായ ഗോഡൗൺ വായ്പയും സബ്സിഡിയും എൽ.സി.ഡി.സി. സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

13. നിക്ഷേപ സമാഹരണത്തിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഇടപാടുകാരെ വെറുപ്പിക്കാതിരിക്കുകയും ചെയ്യുക.

14. ദീർഘകാല കാർഷികവായ്പ നൽകിവരുന്ന ഭൂവികസന ബാങ്കിന്റെ വായ്പാവിതരണ സംവിധാനം ലളിതവൽക്കരിക്കുക. കൂടാതെ പഞ്ചായത്തുകൾതോറും ലോണുകളുടെ ലഭ്യതയെക്കുറിച്ച് അറിയിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

15. ലോൺ വിതരണത്തിലെ കാലതാമസവും ചിലവുകളും പരമാവധി കുറയ്ക്കുക.

**ക്ഷീരസഹകരണസംഘങ്ങൾ**

1. പാലിന് വില വർദ്ധിപ്പിക്കുക.

2. ഉച്ചയ്ക്കുശേഷവും പാൽ സംഭരണത്തിന് സംവിധാനമുണ്ടാക്കുക.

3. മുണ്ടയാംപറമ്പ്, ആനപ്പന്തി, ചരൾ, കച്ചേരിക്കടവ്, പാലത്തുംകടവ് പ്രദേശങ്ങളിൽ നിലവിലുള്ള സംഘങ്ങളുടെ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുക.

4. കറവമാടുകളെ വാങ്ങുന്നതിനുംമററുമായി യഥേഷ്ടം വായ്പകൾ ലഭ്യമാക്കുക.

5. ക്ഷീരകർഷകർക്ക് ബോധവത്കരണക്ലാസുകൾ നടത്തുക.

6. പഞ്ചായത്തിൽത്തന്നെ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റകളുണ്ടാക്കുക.

7. ചരൾ മൃഗാശുപത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുക. മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം യഥേഷ്ടം ലഭ്യമാക്കുക.

8. ഐ.സി.ഡി.പി. സബ് സെന്ററുകൾ വേണ്ടിടങ്ങളിൽ സ്ഥാപിക്കുക.

9. കാലിത്തീറ്റ ഉൽപാദകരുടെ ആവശ്യത്തിന് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

**മത്സ്യക്കൃഷി**

1. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിന് മാർഗ്ഗങ്ങൾ അവലംബിക്കുക.

2. പ്രകൃതീദത്തമായ കുളങ്ങളും മറ്റും മത്സ്യക്കൃഷിക്ക് ഉപയോഗിക്കുകയും ഈ ആവശ്യങ്ങൾക്ക് ബാങ്ക് വായ്പകളും മത്സ്യക്കുഞ്ഞുങ്ങളേയും വിതരണം ചെയ്യുക.

**കൺസ്യൂമർ മേഖല**

1. അയ്യൻകുന്ന് വില്ലേജ് പരിധിയായി ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

2. നിത്യോപയോഗസാധനങ്ങളും മറ്റു ഗാർഹിക ഉപകരണങ്ങളും ആധുനികരീതിയിൽ മേഖലയിൽ ലഭ്യമാക്കുക.

## സ്കൂൾ സഹകരണസംഘം

1. സ്കൂൾ സഹകരണസംഘങ്ങൾ എല്ലാ സ്കൂളുകളിലും ആരംഭിക്കുക.

2. പാഠപുസ്തകങ്ങൾക്കുപുറമേ കുട്ടികൾക്കാവശ്യമായ യൂണിഫോമുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും സംഘങ്ങൾ മുഖേന വിതരണം ചെയ്യുക.

3. എല്ലാ വിദ്യാർത്ഥികളേയും അധ്യാപകരേയും സംഘങ്ങളിൽ അംഗങ്ങളാക്കുക.

**പട്ടികവർഗ്ഗ സഹകരണസംഘം**

1. പ്രവർത്തനം മന്ദഗതിയിൽ നടക്കുന്ന ഇടപ്പുഴ ഹരിജൻ സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

2. പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി വേറെയും സംഘങ്ങൾ തുടങ്ങുക.

**കോഴിവളർത്തൽ സഹകരണസംഘം**

1. കോഴിവളർത്തുന്നവരെയെല്ലാവരെയും ഉൾപ്പെടുത്തി സംഘം രൂപീകരിക്കാവുന്നതാണ്.

2. വീടുകളിൽ ഉൽപാദിപ്പിക്കുന്ന കോഴികളെ ശേഖരിച്ച് സംഘം മുഖേന വിതരണം നടത്താവുന്നതാണ്.

3. നല്ലയിനം ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും കോഴിത്തീറ്റയും സംഘം മുഖേന വിതരണം ചെയ്യാവുന്നതാണ്.

4. ഇക്കാര്യങ്ങൾക്ക് വേണ്ട മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും ലഭ്യമാക്കേണ്ടതാണ്.

**വനിതാ സഹകരണസംഘം**

1. പഞ്ചായത്തിൽ ഒരു വനിതാസംഹകരണ സംഘം തുടങ്ങുക.

2. വനിതകൾക്ക് തുന്നൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

3. സംഘം വകയായി സോപ്പുനിർമ്മാണ യൂണിറ്റ്, പാലുൽപന്ന വിപണനകേന്ദ്രം, മസാലപ്പൊടി, ചിപ്സ് തുടങ്ങിയവയുടെ നിർമ്മാണയൂണിറ്റ് എന്നിവ ആരംഭിക്കുക.

4. ശുചിത്വം, ആരോഗ്യപരിപാലനം, ജനസംഖ്യാനിയന്ത്രണം എന്നീ വിഷയങ്ങളിൽ വിദഗ്ധരെയുൾപ്പെടുത്തി സെമിനാറുകൾ നടത്തുക.

**മറ്റ് നിർദ്ദേശങ്ങൾ**

1. കരിക്കോട്ടക്കരി കേന്ദ്രമായി നാളീകേര സംഭരണ സംസ്കരണശാല തുടങ്ങുക.

2. സഹകരണസംഘത്തിന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കാർഷികോൽപന്ന വിപണനമേളകളും ചന്തകളും സംഘടിപ്പിക്കുക.

3. സഹകരണ കശുവണ്ടി സംഭരണ സംസ്കരണ ഫാക്ടറി തുടങ്ങുക.

4. കശുമാമ്പഴത്തിന് വിപണി കണ്ടെത്തുന്നതിന് സഹകരണമേഖലയിൽ പ്രവർത്തനങ്ങൾ ആരംഭിക്കുക.

5. റബ്ബറുൽപന്നങ്ങൾ സഹകരണമേഖലയിലുണ്ടാക്കുക.

6. യന്ത്രവൽക്കൃത ചകിരി സംസ്കരണയൂണിറ്റ് പഞ്ചായത്തിലുണ്ടാക്കുക.

7. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും തൈകളും സഹകരണസംഘം മുഖേന വിതരണം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക.

8. കാർഷിക സെമിനാറുകളും മറ്റും സഹകരണസംഘത്തിന്റെ നേതൃത്വത്തിൽ നടത്തുക.

# പട്ടികജാതി
# പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 5.42 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. ഏകദേശം ഒമ്പത് അംഗീകൃത കോളനികളും നാല് അംഗീകാരത്തിനു സമർപ്പിച്ച കോളനികളിലുമായി 1,200 –ൽപരം അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക, സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനസമൂഹ മാണ് ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗസമൂഹം. താമസസൗകര്യത്തിനും ജീവിത ത്തിന്റെ മറ്റു മേഖലകളിലും ഉപയുക്തമാകത്തക്ക വിധം സ്വന്തമായി സ്ഥലമോ വീടുകളോ ഇല്ലാത്ത അനവധി ആദിവാസികൾ ഈ മേഖലയിലുണ്ട്. അന്ധവിശ്വാസവും അനാചാരവും ഇവർക്കിടയിൽ ഇന്നും നിലനിൽക്കുന്നു. പൊതുപരിപാടികളിൽ ഇവരുടെ പങ്കാളിത്തം ദുർലഭമാണ്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളേ ക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും അവ നേടിയെടുക്കാൻ വേണ്ട പ്രായോഗികബു ദ്ധിമുട്ടുകൾ മൂലവും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നിരക്ഷര രായ ഇവർ ഇതിനെക്കുറിച്ചു ബോധവാന്മാരല്ല.

പഞ്ചായത്തിൽ നിലവിലുള്ള കോളനികളായ രണ്ടാംകടവ്, മൂന്നാംകുറ്റി, ഈന്തുംകരി, ഉരുപ്പുംകുറ്റി, മുണ്ടയാംപറമ്പ്, കൊട്ടുകപ്പാറ, കരിക്കോട്ടക്കരി, പാറയ്ക്കപ്പാറ, എടപ്പുഴ എന്നിവിടങ്ങളിൽ യഥാക്രമം 55, 35, 20, 14, 60, 32, 9, 6, 32 വീടുകളും പ്രസ്തുതകോളനികളിൽ യഥാക്രമം 231, 129, 100, 96, 260, 159, 42, 22, 140 അംഗങ്ങളും ഉണ്ട്.

കൂടാതെ അംഗീകാരത്തിന് അപേക്ഷസമർപ്പിച്ച കോളനികളായ പാലത്തുംകടവ്, ചരൾ, നരിവാതിൽ എന്നീ കോളനികളിൽ യഥാക്രമം 12, 15, 11 വീടുകളും പ്രസ്തുതവീടുകളിൽ യഥാക്രമം 60, 55, 45 അംഗങ്ങളും ഉണ്ട്.

### വിദ്യാഭ്യാസം

പഞ്ചായത്തിലെ ആദിവാസികളിൽ 80% നിര ക്ഷരരാണ്. സ്കൂളുകളിൽ പോകുന്ന കുട്ടികളിൽ പ്രാഥമിക വിദ്യാഭ്യാസംപോലും പൂർത്തിയാക്കാൻ ഉള്ള താൽപര്യം ഇല്ല.

സാക്ഷരതാപ്രവർത്തനം മൂലമാണ് വളരെ ചെറി യൊരു വിഭാഗത്തെ എഴുത്തും വായനും അഭ്യസി പ്പിക്കാൻ കഴിഞ്ഞത്. എങ്കിലും അതു വളറെ തുച്ഛ മായ അംഗങ്ങളെയേ സാക്ഷരരാക്കിയുള്ളൂ. ഈ വിഭാഗത്തെ വിദ്യാഭ്യാസമേഖലകളിൽ എത്തി ക്കാൻ വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. കേവലം 120 വിദ്യാർഥി കൾ മാത്രമാണ് 1996–97 അധ്യയനവർഷത്തിൽ സ്കൂളിൽ എത്തിച്ചേർന്നത്. ഹൈസ്കൂൾ ക്ലാസു കളിൽ ഇവരിൽ വളരെ കുറവെ ഉള്ളൂ എന്നുള്ളത് വളരെ ശ്രദ്ധേയമായ മറ്റൊരു കാര്യമാണ്. ഈയ വസ്ഥ കഴിവതും വേഗത്തിൽ പരിഹരിക്കേണ്ട താണ്.

## തൊഴിൽ

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികപണികളിൽ ഏർപ്പെടുന്നവരാണ്. ഇതുകൊണ്ട് ഒരു കുടുംബത്തിന്റെ ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ സാധിക്കുന്നില്ല. കാർഷികമേഖലിയിൽ വന്ന തകർച്ചയും ഈ വിഭാഗത്തിന്റെ തൊഴിൽസാധ്യത കുറച്ചിട്ടുണ്ട്. സ്വയം തൊഴിലിനായി സർക്കാർ ഏജൻസികൾ നൽകിപ്പോരുന്ന പല സൗജന്യങ്ങളും ലക്ഷ്യം കണ്ടില്ല. ഇതേക്കുറിച്ചു വേണ്ടവിധത്തിൽ അറിവും പരിചയവും ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

സ്വയംതൊഴിൽ ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുവാൻ വേണ്ട പദ്ധതികൾ ഈ മേഖലകളിൽ നടപ്പാക്കേണ്ടതാണ്.

പായനെയ്ത്, കുട്ടകെട്ട്, ഹോളബ്രിക്സ് നിർമ്മാണം എന്നീ മേഖലകളിൽ പരിശീലനം നൽകിയാൽ ഇവരുടെയിടയിലെ തൊഴിൽസാധ്യതകൾ വർധിപ്പിക്കുവാൻ സാധിക്കും. സ്വന്തമായി കൃഷിഭൂമി ഉള്ളവരെ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയും വേണ്ട പരിശീലനങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്.

## പാർപ്പിടം

പാർപ്പിടപ്രശ്നം പരിഹരിക്കേണ്ടത് ഈ മേഖലയുടെ ഉത്ഥാരണത്തിന് അത്യന്താപേക്ഷിതമാണ്. ഒരു വീട്ടിൽ മാത്രം നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്നു. മരച്ചുവട്ടിലും പാറയിടുക്കുകളിലും മൺഗുഹകളിലുംവരെ രാത്രികാലങ്ങൾ കഴിച്ചുകൂട്ടുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾ ഇവരുടെ ഇടയിലുണ്ട്. നിലവിലുള്ള വീടുകളിൽ ആവശ്യമായ കക്കൂസും മറ്റു പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങളും ഇല്ല. വൈദ്യുതിയും കുടിവെള്ളവും പല കോളനികളിലും ലഭ്യമല്ല. കുടിവെള്ളം കൊണ്ടുവരുന്നത് കിലോമീറ്ററുകളോളം ദുരെനിന്നാണ്. ഓരോ കുടുംബങ്ങൾക്കും സ്വന്തമായി വീടുകൾ നിർമിച്ചുനൽകേണ്ടതാണ്. ഓരോ കുടുംബത്തിനും കക്കൂസും കുടിവെള്ളവും സൗജന്യമായി ലഭ്യമാക്കണം.

## കുടിവെള്ളം

പല കോളനിപരിസരത്തും അംഗങ്ങൾക്കാവശ്യമായ കുടിവെള്ളം ലഭ്യമല്ല. ദൂരെനിന്നും വെള്ളം തലച്ചുമടായി കൊണ്ടുവരുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. കോളനികളിൽ കുടിവെള്ളം എത്തിക്കുക എന്നത് ഒരു അടിയന്തര ആവശ്യമാണ്.

ഏഴാംകടവ് ഫോറസ്റ്റിലെ വെള്ളം ടാങ്കുകെട്ടി പൈപ്പ് വഴി ഉരുപ്പുംകുറ്റി കോളനിയിൽ എത്തിക്കാം. ഈന്തുങ്കരി പുഴയരുകിൽ സുലഭമായ ശുദ്ധജലം പൈപ്പുവഴി ഈന്തുങ്കരി കോളനിയിൽ ലഭ്യമാക്കാം. 'രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീമിൽ'പെടുത്തി (കിണർ, ടാങ്ക്, പൈപ്പ്ലൈൻ, പമ്പുസെറ്റ്) മറ്റ് കോളനികളിൽ സൗജന്യമായി കുടിവെള്ളം അടിയന്തരമായി എത്തിക്കേണ്ടതാണ്.

| വാർഡ് | കോളനിയുടെ പേര് | വൈദ്യുതി എത്തിയത് | വൈദ്യുതീകരിച്ച വീടുകൾ | കുടിവെള്ളം എത്തിക്കേണ്ടത് |
|---|---|---|---|---|
| 1 | മാക്കണ്ടി | ഇല്ല | ഇല്ല | – |
| 3 | രണ്ടാംകടവ് | ഉണ്ട് | ഇല്ല | – |
| 4 | മൂന്നാംകുറ്റി | ഇല്ല | ഇല്ല | വേണം |
| 5 | ഈന്തുംകരി | ഉണ്ട് | ഇല്ല | വേണം |
| 5 | ഉരുപ്പുംകുറ്റി | ഇല്ല | ഇല്ല | വേണം |
| 7 | എളമ്പ | ഉണ്ട് | ഇല്ല | വേണം |
| 8 | കൊട്ടുകപ്പാറ (ഐ.എച്ച്.ഡി.പി.) | ഇല്ല | ഇല്ല | വേണം |
| 10 | പാറക്കപ്പാറ | ഇല്ല | ഇല്ല | – |
| 10 | അംബേദ്കർ | ഉണ്ട് | ഇല്ല | – |

**പ്രശ്നങ്ങൾ**

1. വേണ്ടത്ര വീടുകൾ ഇല്ലാത്തതിനാൽ ചെറ്റകുടിലിലും മരച്ചുവട്ടിലും അഭയകേന്ദ്രങ്ങൾ കണ്ടെത്തുന്നു.

2. വീട് വയ്ക്കുവാൻ സ്വന്തമായി സ്ഥലമില്ല. വീട് നിർമ്മിക്കാൻ വേണ്ട സൗജന്യങ്ങൾ പല കോളനികളിലും എത്തിയിട്ടില്ല. ലഭ്യമായ തുകയിൽ പലതും ദുർവിനിയോഗം ചെയ്യുന്നു.

3. അംഗങ്ങൾക്ക് റേഷൻകാർഡും വോട്ടവകാശവും ഇല്ലാത്തവർ ഉണ്ട്.

4. വേണ്ടത്ര കക്കൂസുകൾ ഇല്ലാത്തതിനാൽ പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നത് വലിയൊരു പരിസ്ഥിതിപ്രശ്നമായി നിലനിൽക്കുന്നു.

5. കോളനികളിൽ കുടിവെള്ളം ലഭ്യമല്ല. നിലവിലുള്ള കിണറുകളും കുഴൽകിണറുകളും ഉപയോഗയോഗ്യമല്ല.

6. സൗജന്യമായി ലഭിക്കുന്ന നടീൽവസ്തുക്കൾ, കൃഷിക്കാവശ്യമായ ഉപകരണങ്ങൾ, ആടുമാടുകൾ എന്നിവ തുച്ഛമായ വിലക്ക് പൊതുജനങ്ങൾക്കു മറിച്ചുവിൽക്കുന്നു.

7. വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ വളരെ പിന്നോക്കാവസ്ഥയാണ്.

8. വേണ്ടത്ര ശുചിത്വമില്ലാത്തതിനാൽ പകർച്ച വ്യാധികൾ വേഗം പകരുന്നു.

9. പല കോളനികളിലും കുഷ്ഠരോഗികൾ ഉണ്ട്.

10. ആദിവാസികൾക്കു പൊതുവായി ശ്മശാനം ഇല്ല.

11. ജനസംഖ്യാ വർധനവ് നിയന്ത്രണാധീതമാണ്.

12. ഐ.എച്ച്.ആർ.ഡി.പി. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

13. പദ്ധതികളെക്കുറിച്ചും മറ്റു ധനസഹായങ്ങളെക്കുറിച്ചും വേണ്ടത്ര അറിവില്ല.

14. വനത്തിൽനിന്നും സംഭരിക്കുന്ന വസ്തുക്കൾ വിൽക്കാൻ വേണ്ട വിപണികളില്ല.

15. വെറ്റിലമുറുക്ക് കുട്ടികളിൽപോലും സ്ഥിരമായി കാണുന്ന ഒരു ദുശ്ശീലമാണ്.

**സാധ്യതകൾ**

1. ലഭ്യമായ മിച്ചഭൂമികളിൽ ആദിവാസികൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുക.

2. കോളനികളിലാവശ്യമായ കക്കൂസും ജലസൗകര്യവും ലഭ്യമാക്കുക.

3. പുതിയ കിണറുകൾ നിർമ്മിച്ചും ഉള്ളവ ഉപയോഗയോഗ്യമാക്കിയും കുടിവെള്ളക്ഷാമം പരിഹരിക്കാം.

4. പദ്ധതികളും അർഹമായ അവകാശങ്ങളും സ്വന്തമായി നേടിയെടുക്കാൻ വേണ്ട ബോധവൽക്കരണം നടപ്പിലാക്കുക.

5. തൊഴിൽരഹിതരായ അഭ്യസ്ഥവിദ്യരെക്കൊണ്ട് പഞ്ചായത്തുതലത്തിൽ കോളനിനിവാസികളെ പരിപൂർണ്ണ സാക്ഷരരാക്കണം.

6. എല്ലാ കോളനികളിലും ഓരോ ആംഗൻവാടികൾ പ്രവർത്തനമാരംഭിക്കുക. നിലവിലുള്ള ആംഗൻവാടികളിൽ വേണ്ടത്ര ഉപകരണങ്ങൾ ഉൾക്കൊള്ളിച്ച് വിദ്യാർഥികളെ ആകർഷിപ്പിക്കുക.

7. കോളനികളിലേക്ക് ആവശ്യമായ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക.

8. അംബേദ്കർ കോളനിയിലേക്ക് തദ്ദേശവാസികളിൽനിന്നും പി.ഡബ്ല്യു.ഡി. സ്ഥലം ഏറ്റെടുത്തു നിർമ്മിക്കുക.

9. ഈന്തുംകരി കോളനി ഉരുപ്പുംകുറ്റി കോളനി ഇടപ്പുഴ കോളനി, അംബേദ്കർ കോളനികൾ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുക.

10. പായ നെയ്ത്ത്, കുട്ടകെട്ട് എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിലാക്കുക. ഭക്ഷ്യ ആവശ്യത്തിനുവേണ്ട പച്ചക്കറികളും മറ്റും സ്വന്തമായി ഉൽപാദിപ്പിക്കാൻ വേണ്ട സൗകര്യവും പരിജ്ഞാനവും ലഭ്യമാക്കുക.

11. ശുചിത്വപരിപാലനത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും വേണ്ട ബോധവൽക്കരണ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക.

12. കോളനികളിലുള്ള കുഷ്ഠരോഗികളെയും മറ്റു രോഗങ്ങൾ ഉള്ളവരെയും അടിയന്തരമായി കണ്ടെത്തി ചികിത്സിക്കുക. ആവശ്യമായ പ്രതിരോധ കുത്തിവയ്പുകൾ നടപ്പിലാക്കുക.

13. ജനസംഖ്യാ നിയന്ത്രണത്തിനാവശ്യമായ ബോധവൽക്കരക്ലാസുകൾ) സംഘടിപ്പിക്കുക.

14. സൗജന്യമായി കോളനികളിൽ വൈദ്യുതി എത്തിക്കുക.

15. പാലത്തുംകടവിൽ കോളനിക്കാവശ്യമായ സ്ഥലം ലഭ്യമാണ്. അതു ഗവൺമെന്റ് ഏറ്റെടുത്ത് കോളനികൾ നിർമ്മിച്ചുനൽകുക.

16. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് ഉടൻതന്നെ തൊഴിൽസാധ്യതകളും മറ്റു സാധ്യതകളും ലഭ്യമാക്കുക.

17. മുണ്ടായാംപറമ്പ്, മൂന്നാംകുറ്റി എന്നിവിടങ്ങളിൽ കോളനിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തു വിതരണം ചെയ്യുക.

18. പഞ്ചായത്തിൽ ഒരു ട്രൈബൽ ഹോസ്റ്റലും ട്രൈബൽ സ്കൂളും അനുവദിക്കുക.

**'ഭൂതകാലത്തിൻ പ്രഭാവ തന്തുക്കളാൽ**
**ഭൂതിമത്തായൊരു ഭാവിയെ നെയ്ക നാം'**

**വള്ളത്തോൾ**





# വിഭവസമാഹരണം

''ഈ ഭൂമിയിൽ എല്ലാവരുടെയും
ആവശ്യത്തിന് വിഭവങ്ങളുണ്ട്
എന്നാൽ അത്യാഗ്രഹത്തിന്
അതു തികയുന്നതല്ല''

–ഗാന്ധിജി.

ആറളം പഞ്ചായത്തിനെ വിഭജിച്ച് കിഴക്കേ അതിർത്തിയായി കർണാടക വനവും മലനിരകളും കുറച്ചു താഴ്‌വരയും ചേർത്ത് അയ്യൻകുന്നു പഞ്ചായത്ത് രൂപവൽക്കരിച്ചു. കാര്യമായ യാതൊരു വ്യവസായവും ഇല്ലാത്ത ഈ പഞ്ചായത്ത് വികസനത്തിൽ വളരെ പിന്നോക്കമാണ്. പ്രകൃതിരമണീയമായ ഈ പഞ്ചായത്ത് കാർഷികവിഭവം, മനുഷ്യവിഭവം, ജലവിഭവം, മൃഗവിഭവം ഇവയാൽ സമ്പന്നമാണ്.

വിസ്തൃതമായ ഭൂപ്രദേശം നമ്മുടെ പഞ്ചായത്തിന് ഉണ്ടെങ്കിലും ഇന്നും സാമ്പത്തിക പിന്നോക്കാവസ്ഥ മുമ്പിൽ നിൽക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ ഒരുപരിധിവരെ പരിഹരിച്ച് അടുത്ത നൂറ്റാണ്ടിലേക്കു അവരെ നയിക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങളുടെ ലഭ്യതയും അവയുടെ സമാഹരണവും വിനിയോഗവും ശാസ്ത്രീയമായി നടത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ പ്രധാനവിഭവങ്ങൾ മനുഷ്യശേഷി, കാർഷിക വിഭവങ്ങൾ, ജലവിഭവം, ആടുമാടുകൾ, കോഴി ഇവയാണ്. ഈ വിഭവങ്ങൾ ഒന്നുംതന്നെ പൂർണമായും കർമപഥത്തിൽ എത്തുന്നില്ല. വിഭവങ്ങളെ ശരിയായ രീതിയിൽ ചൂഷണംചെയ്ത് സംസ്കരിച്ച് മേനിയാർന്ന ഉത്പന്നങ്ങളാക്കി വിപണിയിലെത്തിക്കാൻ സാങ്കേതിക ജ്ഞാനവും ഊർജവും ലഭ്യമല്ല.

പഞ്ചായത്തിന്റെ ഏകദേശം നാലിൽ ഒരു ഭാഗത്തുമാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഈ പ്രദേശങ്ങളിലും വൈദ്യുതി കൃത്യമായി കിട്ടാറില്ല. വൈദ്യുതി പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുന്നതിനും വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും തീവ്രമായ ശ്രമം നടത്തേണ്ടതുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ ഭീമമായ ചെലവ് അയ്യൻകുന്നിലെ. കർഷകരെ സംബന്ധിച്ചിടത്തോളം ഭാരിച്ചതായിരിക്കും. പഞ്ചായത്തിൽ തന്നെയുള്ള ജലസ്രോതസുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് വ്യവസായിക മേഖലയെ പരിപോഷിപ്പിക്കുവാൻ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിന്റെ ജനസംഖ്യയിൽ ചെറിയൊരു വിഭാഗം ആദിവാസികളാണ്. ഇവരുടെ ഉന്നമനത്തിനുവേണ്ടി വിഭവങ്ങളുടെ നല്ലൊരുഭാഗം ചെല

വഴിക്കുന്നുണ്ടെങ്കിലും ഈ വിഭാഗത്തിനും ഇന്നും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ആദിവാസികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിച്ചാൽ മാത്രമേ അവർക്കുവേണ്ടി വിനിയോഗിക്കുന്ന വിഭവത്തിൽനിന്നും സമൂഹത്തിനു നേട്ടമുണ്ടാകൂ.

പരമ്പരാഗതമായ വരുമാനമാർഗങ്ങളിൽമാത്രമം ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് നാം പിൻതുടർന്നുവരുന്നത്. നിലവിലുള്ള നികുതികളെ കാലാകാലങ്ങളിൽ നിശ്ചിത ശതമാനം വർധിപ്പിച്ച് പിരിച്ചെടുക്കുന്നു. പുതിയ നികുതി നിർദേശങ്ങളെക്കുറിച്ച് പഠിക്കുകയും ഫലപ്രദമായ രീതിയിൽ അവ നടപ്പിലാക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്ത് ഒരു സ്വയം പര്യാപ്ത പഞ്ചായത്താക്കി മാറ്റാൻ സാധിക്കും. നികുതിഘടന കാലോചിതമായി പരിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്താൽ പ്രദേശത്തിന്റെ വരുമാനം ഗണ്യമായി ഉയർത്താൻ സാധിക്കും.

വിഭവസമാഹരണത്തേക്കാൾ ശ്രദ്ധ കൊടുക്കേണ്ട മേഖലയാണ് വിഭവ വിനിയോഗം. നാം ചെലവഴിക്കുന്നതായ വിഭവങ്ങൾ പ്രസ്തുത മേഖലയിൽ പ്രതീക്ഷിക്കുന്നതായ ഉത്പന്നങ്ങളായി മാറുന്നുണ്ടോ എന്നു നിരന്തരം നിരീക്ഷിക്കേണ്ടതുണ്ട്.

കൊടുക്കുക പ്രയാസമാണ്. സ്വീകരിക്കുകയാണ് ഉത്തമം. ഇതാണ് സമൂഹത്തിന്റെ മനശാസ്ത്രം. നികുതിഘടനയും വിനിയോഗവും ഈ തത്വവുമായി പൊരുത്തപ്പെടുത്തണം. നാം കൊടുക്കുന്നതായ നികുതി മറ്റൊരു സ്ഥലത്ത് മറ്റൊരു വ്യക്തിക്ക് ഉപകാരപ്രദമായി മാറുന്നു. ഈ സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് നികുതി കൊടുക്കുക കടമയാകുന്നതിനു പകരം ഭാരവും നിയമപ്രേരിതവും ആകുന്നു. ജനങ്ങൾ ജനക്ഷേമത്തിനുവേണ്ടി കൊടുക്കുന്ന പണം എവിടെ എപ്രകാരം വിനിയോഗിച്ചു എന്ന് അറിയുവാനുള്ള അവകാശവും മാർഗവും ഉണ്ടാകണം. വിഭവവിനിയോഗത്തിൽ പൂർണമായ സുതാര്യത പാലിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ 91–92 വർഷത്തെയും 96–96 വർഷത്തെയും വരവുചെലവ് വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

**പട്ടിക –1**
**വരുമാനത്തിലെ വ്യതിയാനം.**

| ഇനം | 1991-92 | 95-96 | വ്യതിയാനം | % |
|---|---|---|---|---|
| തനതുവരുമാനം | 867123 | 1577688 | +710503 | 81.5 |
| കെട്ടിടനികുതി | 85490 | 150584 | +65094 | 76.1 |
| വിനോദനികുതി | 16743 | 26568 | +9825 | 58.68 |
| തൊഴിൽനികുതി | 63600 | 125265 | +61605 | 96.86 |
| ഉപാധിരഹിതഫണ്ട് | 172000 | 285100 | +113100 | 65.75 |
| എസ്.സി.പി. | | | | |
| ജെ.ആർ.വൈ. | 352180 | 227889 | –124291 | 35.29 |
| ഗ്രാന്റുകൾ,സംഭാവനകൾ | 430255 | 961820 | +531565 | 123.54 |
| ആകെവരവ് | 1987391 | 3414914 | 1427523 | 71.8 |
| എസ്റ്റാബ്ലീഷ്മെന്റ് ചെലവ് | 225595 | 397704 | 192109 | 85.1 |

(പഞ്ചായത്ത് ആഫീസിൽനിന്നും ലഭിച്ചത്.)

ജെ.ആർ.വൈ. ഇനത്തിൽ 95-96 വർഷത്തിൽ 124291 രൂപയുടെ കുറവ് കണിക്കുന്നു.

**മനുഷ്യവിഭവം**

പഞ്ചായത്തിന്റെ വിഭവങ്ങളിൽ ഏറ്റവും ശക്തമായിട്ടുള്ളത് മനുഷ്യവിഭവമാണ്. അയ്യൻകുന്ന് പഞ്ചായത്തിലെ ജനസംഖ്യ ഇരുപത്തിമൂവായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റിനാല് (91 സെൻസസ്). ഈ ജനശക്തിയെ ആസൂത്രിതമായി ഉപയോഗിച്ചാൽ പഞ്ചായത്തിൽ അദ്ഭുതം തന്നെ നടക്കും. ഇതിന് ഏറ്റവും യോജിച്ചമാർഗം ജനപങ്കാളിത്തത്തോടുകൂടിയ നിർമാണ പ്രവർത്തനമാണ്. ഓരോ പ്രദേശത്തും നടക്കുന്ന നിർമാണ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ വിഹിതത്തോടൊപ്പം ഗുണഭോക്താവിന്റെ വിഹിതവും ഉറപ്പുവരുത്തേണ്ടതാണ്. റോഡ്, പാലങ്ങൾ തുടങ്ങിയവയുടെ നിർമാണം ഗുണഭോക്താക്കളായി വരുന്ന ജനകീയ കമ്മിറ്റികൾക്ക് കൊടുത്തിരിക്കണം.

വിദ്യാലയങ്ങൾ വിഭവ സമാഹരണത്തിൽ

വിദ്യാലയങ്ങൾക്ക് റേഡിയോ, ടി.വി. സെറ്റ് തുടങ്ങിയവ പഞ്ചായത്തിൽനിന്നും കൊടുക്കുമ്പോൾ അവയുടെ വില ഉയർന്ന ക്ലാസുകളിലെ കുട്ടികളുടെ ശ്രമദാനത്തിൽനിന്നും ഈടാക്കാവുന്നതാണ്. 500 കുട്ടികളുള്ള ഒരു ഹൈസ്കൂളിലെ കുട്ടികൾ 4 മണിക്കൂർ ശ്രമദാനം ചെയ്താൽ 500X20 = 10,000 രൂപ ലഭിക്കുന്നതാണ്. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളിലെയും മൂന്നുദിവസം പൊതുപണി ചെയ്യിച്ചാൽ കിട്ടുന്നത് 60,000 രൂപയാണ്. ഹൈസ്കൂളുകളോടു ചേർന്നുവരുന്നതായ റോഡുകളുടെ അറ്റകുറ്റപ്പണികൾ കുട്ടികളെതന്നെ ഏൽപ്പിച്ചാൽ കുട്ടികൾക്കു തൊഴിലിന്റെ മഹാത്മ്യം, സംഘടിതമായ പ്രവർത്തനം, പൊതുമുതലിനോടുള്ള സ്നേഹം, സമൂഹത്തോടുള്ള കടമ തുടങ്ങിയവ മനസിലാക്കാൻ സാധിക്കും.

വിദ്യാലയാരംഭത്തിൽതന്നെ മാർഗനിർദേശം കൊടുത്താൽ കുട്ടികൾ പാഠപുസ്തകങ്ങൾ കേടുകൂടാതെ ഭംഗിയായി സൂക്ഷിക്കും. ഇപ്രകാരം ഭംഗിയായി സൂക്ഷിക്കുന്ന പുസ്തകങ്ങൾ വർഷാവസാനത്തിൽ ഒരു നിശ്ചിതവിലയ്ക്ക് സ്കൂൾ സഹകരണസംഘങ്ങൾക്കു വാങ്ങാവുന്നതാണ്. അടുത്ത അധ്യയന വർഷാരംഭത്തിൽ ശേഖരിച്ച പുസ്തകങ്ങൾ 10 ശതമാനം ലാഭത്തിനു സ്കൂൾ സഹകരണസംഘങ്ങൾക്കു വിൽക്കാവുന്നതാണ്. ഈ പ്രക്രിയയിൽ വിഭവസമാഹരണവും സംരക്ഷണവും നടക്കുന്നതാണ്.

മനുഷ്യവിഭവം പാഴായിപ്പോകുന്ന ഒരു മേഖലയാണ് സർക്കാർ ആഫീസുകളിൽ ഉണ്ടാക്കുന്ന കാലതാമസം. വില്ലേജോഫീസ്, പഞ്ചായത്തോഫീസ്, വൈദ്യുതി ആഫീസ്, താലൂക്കാഫീസ്, സ്കൂൾ ഓഫീസ് തുടങ്ങിയവകളിൽനിന്നും രേഖകൾ കിട്ടുന്നതിനുണ്ടാകുന്ന കാലതാമസം മനുഷ്യവിഭവത്തെ പാഴാക്കുന്നവയാണ്. ആവശ്യപ്പെടുന്ന രേഖകൾ നിശ്ചിത തീയതികളിൽതന്നെ കൊടുത്താൽ ഇതു പരിഹരിക്കാവുന്നതാണ്. എല്ലാനികുതികളും അനുയോജ്യമായ സ്ഥലങ്ങളിൽ ഓരോദിവസം ഒന്നിച്ച് അട ുവാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ നികുതിദായകർക്കും ശേഖരിക്കുന്നവർക്കും സൗകര്യമായിരിക്കും.

''ഓരോ മനുഷ്യനും അവനവന്റെ കഴിവനുസരിച്ച് അധ്വാനിക്കുകയും ആവശ്യത്തിനനുസരിച്ച് ശേഖരിക്കുകയും ചെയ്ക'' -കാറൽ മാർക്സ്.

ഖനിജ വിഭവങ്ങൾ

ഇപ്പോൾ പഞ്ചായത്തിന് കിട്ടിക്കൊണ്ടിരിക്കുന്നത് വള്ളിത്തോട് പുഴയിൽനിന്നും വരുന്ന മണലിന്റെ വിലയാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെങ്കൽക്വാറികളും കരിങ്കൽക്വാറികളും പ്രവർത്തിക്കുന്നുണ്ട്. ഈ ക്വാറികൾക്ക് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്. ക്വാറികളിൽ പണിയെടുക്കുന്ന സ്ഥിരം തൊഴിലാളികളിൽനിന്നും തൊഴിൽനികുതി പിരിച്ചെടുക്കുകയും പ്രസ്തുത തുകകൊണ്ട് തൊഴിലാളി ക്ഷേമനിധി രൂപവൽക്കരിക്കുകയും ചെയ്യാം. തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുമ്പോൾ ഈ ക്ഷേമനിധിയിൽനിന്നും സഹായം കൊടുക്കാവുന്നതാണ്.

**വിഭവം**

പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം കാർഷിക വിഭവമാണ്. പഞ്ചായത്തിലെ പ്രധാന വിളകൾ റബർ, തെങ്ങ്, കശുമാവ്, ഇഞ്ചി, കുരുമുളക്, കപ്പ തുടങ്ങിയവയാണ്.

പഞ്ചായത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് റബർ. ഇപ്പോൾ പഞ്ചായത്തിലെ റബറിന്റെ ശരാശരി വരുമാനം ഹെക്ടറിൽനിന്നും 1500 കിലോയാണ്. ശാസ്ത്രീയമായി കൃഷി ചെയ്താൽ ശരാശരി വരുമാനം 2000 കിലോ ആയി ഉയർത്താൻ സാധിക്കും. ഈ പഞ്ചായത്തിൽ റബർ ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് യാതൊരു മാർഗവും ഇല്ല. റബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയാൽ കർഷകനും പ്രദേശത്തിനും ലാഭം ഉണ്ടാകുന്നതാണ്. ടാപ്പിംഗ് തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതും പ്രസ്തുത തുക അവരുടെ തന്നെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതുമാണ്.

ഇന്നു റബറിന്റെ കായും അതിൽനിന്നു കിട്ടുന്ന റബറരിയും സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും മാർഗമില്ല. ഉണങ്ങിയ റബർ കായ് നല്ല ഒരു ഇന്ധനമാണ്. റബറരിയിൽനിന്നും കിട്ടുന്ന എണ്ണയും പിണ്ണാക്കും മറ്റ് ഉത്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ മറ്റൊരു കാർഷിക വിളയാണ് തെങ്ങ്. ഇപ്പോൾ ഒരു തെങ്ങിൽനിന്നും ആണ്ടിൽ കിട്ടുന്ന ശരാശരി വരുമാനം മുപ്പതു തേങ്ങയാണ്. ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചാൽ ഇത് ഇരട്ടിയായി വർധിപ്പിക്കാൻ സാധിക്കും. തേങ്ങ ഒരു നിത്യോപയോഗ സാധനം ആയതിനാൽ തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തേങ്ങ ശേഖരിച്ച് കൊപ്രയാക്കി ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് പഞ്ചായത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു വാണിജ്യ വിളയാണ് കശുവണ്ടി. നമ്മുടെ പ്രദേശത്തുനിന്നും ലഭിക്കുന്ന നല്ല ഗുണമേന്മയുള്ള കശുവണ്ടിയാണ്. പഞ്ചായത്തിലെ ശരാശരി കശുവണ്ടി വിളവ് ഹെക്ടറിൽ ഏകദേശം 750 കിലോയാണ്. എന്നാൽ കച്ചേരിക്കടവ് ഭാഗത്ത് ഇതു ശരാശരി 1200 കിലോ വരും. അതുകൊണ്ട് കശുവണ്ടി ഉത്പാദനം വർധിപ്പിക്കാവുന്നതാണ്.

കശുവണ്ടി സംസ്കരിക്കാനുള്ള യാതൊരു സംവിധാനവും ഇന്നു നമ്മുടെ പഞ്ചായത്തിലില്ല. ഒരു കുടിൽ വ്യവസായം എന്ന നിലയിൽ കശുവണ്ടി സംസ്കരണം നടത്തിയാൽ കർഷകന് മാന്യമായ വില കിട്ടുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാം. കശുവണ്ടി പരിപ്പ് കയറ്റി അയയ്ക്കുന്നതോടൊപ്പം അവശിഷ്ടത്തിൽനിന്നു കിട്ടുന്ന കശുവണ്ടി എണ്ണ വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. കശുവണ്ടി തോട് ഇന്ധനമായും ജൈവവള നിർമിതിക്കും ഉപയോഗിക്കാം.

കാർഷിക മേഖലയിൽ ഒരു വ്യക്തിയുടെ പേരിൽ മൂന്ന് ഏക്കറിനു മുകളിലുള്ള റബർ തോട്ടങ്ങൾക്ക് ഓരോ ഏക്കറിനും 200 രൂപ മുതൽ 300 രൂപവരെ തോട്ടം നികുതി ഈടാക്കാവുന്നതാണ്. കശുമാവിൻതോട്ടങ്ങളുടെ കാര്യത്തിൽ ആറ് ഏക്കറിനു മുകളിലുള്ള തോട്ടങ്ങളിൽ ഇതു നടപ്പിലാക്കാവുന്നതാണ്. കശുവണ്ടി തോട്ടത്തിന് ഏക്കറിന് 100 രൂപ മുതൽ 200 രൂപവരെ നികുതി ഈടാക്കാവുന്നതാണ്. റബർ തോട്ടങ്ങൾക്ക് കൃഷി ചെയ്തശേഷം പത്താംവർഷം മുതലും കശുമാവിൻ തോട്ടങ്ങൾക്ക് ഇരുപത് വർഷത്തിനുശേഷവും നികുതി ഈടാക്കാവുന്നതാണ്.

ഇപ്പോൾ റബർ റോളറുകൾക്ക് നികുതിയായ 40 രൂപയാണ് ഈടാക്കുന്നത്. ഈ പിരിവ് റബർ റോളറിന്റെ ഉടമസ്ഥന്റെ പേരിലുള്ള റബർ തോട്ടത്തിന്റെ വിസ്തീർണവുമായി ബന്ധപ്പെടുത്തണം. ഒരേക്കർവരെയുള്ള റബർ കർഷകരെ റോളർ നികുതിയിൽനിന്നും ഒഴിവാക്കാവുന്നതാണ്. റോളർ നികുതി കാലോചിതമായി പരിഷ്കരിക്കാവുന്നതാണ്.

കാർഷിക മേഖലയിൽ പ്രതിസന്ധി നേരിടുന്ന പ്രധാന വിളകൾ നെല്ല്, കപ്പ, കുരുമുളക്, ഇഞ്ചി തുടങ്ങിയവയാണ്. മലയോര മേഖലകളിൽ ഇഞ്ചി, കപ്പ, നെല്ല് ഇവ നശിക്കുവാൻ കാരണം കാട്ടുപന്നിയുടെ ആക്രമണമാണ്. കിടങ്ങുകൾ കുഴിച്ചോ, മുള്ളുവേലി കെട്ടിയോ, കയ്യാലകൾ നിർമിച്ചോ പന്നിയുടെ ശല്യം ഒഴിവാക്കി ഈ കൃഷികളെ സംരക്ഷിച്ചാൽ ഭക്ഷ്യവിഭവങ്ങൾ ഗണ്യമായ തോതിൽ വർധിപ്പിക്കാൻ സാധിക്കും. പഞ്ചായത്തിൽ നശിച്ചുപോയ തേനീച്ച വളർത്തലിനെ പുനരുദ്ധരിച്ചാൽ നല്ലൊരു വരുമാനമാർഗമാണ്.

**കെട്ടിടനികുതി**

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗങ്ങളിലൊന്നാണ് കെട്ടിടനികുതി. മറ്റു പഞ്ചായത്തികളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിലെ കെട്ടിടനികുതി കുറവാണ്. ഇപ്പോൾ കെട്ടിടനികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുന്നത് 1,50,584 രൂപയാണ്. കെട്ടിടങ്ങളെ അവയുടെ നിർമ്മാണഘടനയ്ക്കനുസൃതമായി പല വിഭാഗങ്ങളായി വേർതിരിക്കുകയും നികുതി ഈടാക്കുകയും വേണം. കെട്ടിടങ്ങളുടെ വിസ്തൃതി, നിർമ്മാണച്ചെലവ് ഇവ നികുതി ഈടാക്കുന്നതിനുള്ള ഉപാധികളായിരിക്കണം. നിർമ്മാണച്ചെലവിന്റെ 5% മുതൽ 10% വരെ നികുതിയായി ഈടാക്കാവുന്നതാണ്.

അടിസ്ഥാനസൗകര്യങ്ങൾ പരിമിതമായ വീടുകളെ നികുതിയിൽനിന്നും ഒഴിവാക്കാവുന്നതാണ്. ഇരുനില കെട്ടിടങ്ങൾക്ക് സാധാരണയിലധികം നികുതി ഈടാക്കണം. ടെലിവിഷൻ, ഫ്രിഡ്ജ്, അലക്കുയന്ത്രം ഇവയ്ക്ക് പ്രത്യേകം നികുതി ഈടാക്കാവുന്നതാണ്. അല്ലെങ്കിൽ കെട്ടിടനികുതി കകണക്കാക്കുമ്പോൾ മേൽപ്പറഞ്ഞ ആഡംബരവസ്തുക്കളെയും കണക്കിലെടുത്ത് നികുതി നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തു പിരിക്കുന്ന കെട്ടിടനികുതിയുടെ ഒരുഭാഗം ദുർബല വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉപയോഗിക്കേണ്ടതാണ്.

പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽനിന്നും വാർഷകവാടകയുടെ 15% മുതൽ 20% വരെ നികുതിയായി ഈടാക്കാവുന്നതാണ്. പഞ്ചായത്തിൽ വാടകയ്ക്കു കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ കണ്ടെത്തുകയും അവയെ വേർതിരിച്ച് നികുതി ഈടാക്കുകയും വേണം. കെട്ടിട ഉടമസ്ഥനും വാടകക്കാരനും തമ്മിലുണ്ടാക്കുന്ന വാടക കരാർ പഞ്ചായത്തുസമിതി പരിശോധിക്കുകയും നിജസ്ഥിതി വിലയിരുത്തുകയും വേണം.

**ധനകാര്യസ്ഥാപനങ്ങൾ**

ഈ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ ഇരിട്ടി സഹകരണ റൂറൽ ബാങ്കിന്റെ ശാഖ, രണ്ട് നോർത്ത് മലബാർ ഗ്രാമീണബാങ്കുകൾ, ആനപ്പന്തി സർവ്വീസ് സഹകരണബാങ്കും അതിന്റെ രണ്ടു ശാഖകളും ആണ്. ഈ ധനകാര്യസ്ഥാപനങ്ങൾ പ്രധാനമായും ഊന്നൽ കൊടുത്തിരിക്കുന്നത് കാർഷികമേഖലയ്ക്കാണ്. കാർഷികമേഖലയ്ക്കൊപ്പം വ്യവസായമേഖലയും വളർന്നാൽ മാത്രമേ സന്തുലിതാവസ്ഥ കൈവരിക്കാൻ സാധിക്കൂ.

**വ്യവസായമേഖലയിൽനിന്നുള്ള വരുമാനം**

ഈ പഞ്ചായത്തിൽ കാര്യമായ വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. വാണിയപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റോൺ ക്രഷറിൽനിന്നും ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്നത് പ്രതിവർഷം 400 രൂപയാണ്. ഇത് 600 രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്. സഹകരണമേഖലയിൽ കാർഷികവിഭവങ്ങളെ അടിസ്ഥാനമാക്കി പല വ്യവസായയൂണിറ്റുളും തുടങ്ങാവുന്നതാണ്. വസ്ത്രനിർമ്മിതി, പഴസംസ്ക്കരണം, നാളികേരസംസ്ക്കരണം, പാൽസംസ്ക്കരണം, കശുവണ്ടി സംസ്ക്കരണം തുടങ്ങിയവ ഇവയിൽ ചിലതുമാത്രം.

**നിർമ്മാണപ്രവർത്തനത്തിലൂടെ വിഭവസമാഹരണം**

പഞ്ചായത്തിൽ കരിക്കോട്ടക്കരി, അങ്ങാടിക്കടവ്, വാണിയപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ

ബസ്സ്റ്റാൻഡുകളും ടാക്സിസ്റ്റാൻഡുകളും നിർമ്മിക്കാവുന്നതാണ്. കരിക്കോട്ടക്കരിയിലും അങ്ങാടിക്കടവിലും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കാവുന്നതാണ്. ഇവയിൽനിന്നുള്ള വരുമാനം പഞ്ചായത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതാണ്.

**വിദേശത്തുള്ള മനുഷ്യവിഭവം**

ഈ പഞ്ചായത്തിൽ ഏകദേശം 118 പേർ വിദേശത്ത് ജോലിയുള്ളവരാണ്.

| വാർഡ് – | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം – | 2 | 3 | 21 | 9 | 18 | 25 | 11 | 10 | 16 | 3 |

ഇവരിൽനിന്നും നിർമ്മാണപ്രവർത്തനത്തിനാവശ്യമായ മൂലധനം സ്വരൂപിക്കാവുന്നതാണ്.

പഞ്ചായത്തിൽ ആഴ്ചചന്തകൾ തുടങ്ങാവുന്നതാണ്. ഇതിൽനിന്നും ഉപഭോക്താവിനും ഉത്പാദകനും ലാഭം ഉണ്ടാകുന്നതാണ്. ചന്തയിലേക്ക് സാധനങ്ങൾ കടത്തുന്നതിന് കടത്തുകൂലി ഏർപ്പെടുത്താവുന്നതാണ്.

തൊഴിൽനികുതി

സർക്കാർ, അർദ്ധസർക്കാർ, സാമ്പത്തികസ്ഥാപനങ്ങൾ, വ്യാപാരശാലകൾ തുടങ്ങിയവയിലെ ജീവനക്കാരിൽനിന്നുമാണ് പ്രധാനമായും തൊഴിൽനികുതി പിരിക്കുന്നത്. കാർഷികമേഖലയിലെയും ചെറുകിട വ്യവസായമേഖലയിലെയും സ്ഥിരം തൊഴിലാളികളെ നികുതിദായകരുടെ പട്ടികയിൽ കൊണ്ടുവരേണ്ടതാണ്.

ജലവിഭവം

പഞ്ചായത്തിൽ ചെറുതും വലുതുമായി പത്തോളം പുഴകളുണ്ട്. ഇവയെല്ലാം മലകളിൽനിന്നും ഉദ്ഭവിച്ച് വള്ളിത്തോട് പുഴയിൽ ചേരുന്നു. ഇടപ്പുഴ വാർഡിലെ വാളത്തോട്ടിലെ മൂന്നു തോടുകളെ തമ്മിൽ ബന്ധിപ്പിച്ച് വർഷത്തിൽ ഏഴുമാസം വൈദ്യുതി ഉത്പാദിപ്പിക്കാവുന്നതാണ്. വാളത്തോട് മിനി ജലവൈദ്യുതപദ്ധതിയുടെ നിർമ്മാണത്തിന് പ്രാരംഭപണികൾ തുടങ്ങിയെങ്കിലും പുരോഗതി തൃപ്തികരമല്ല. ആനപ്പന്തി, മുടയിരഞ്ഞി തുടങ്ങിയ പുഴകളുടെ ഉദ്ഭവസ്ഥാനങ്ങളിലും ജലവൈദ്യുതി പദ്ധതികൾക്കുള്ള സാധ്യത ആരായേണ്ടതുണ്ട്. നിർദ്ദിഷ്ട ബാരാപോൾ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എത്രയുംവേഗം ആരംഭിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ജലാശയങ്ങളിൽനിന്നും സ്വകാര്യവ്യക്തികൾ വിവേചനരഹിതമായി കാർഷികാവശ്യത്തിന് ജലം ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് വേനൽക്കാലത്ത് തോടുകളിൽ ജലം ഇല്ലാതാകുന്നു. പുഴകളിൽനിന്നും പമ്പ്സെറ്റ് ഉപയോഗിച്ച് കാർഷികാവശ്യത്തിന് ജലം എടുക്കുന്നവരിൽനിന്നും 250 രൂ. വാർഷികനികുതി ഈടാക്കാവുന്നതാണ്. ഇപ്രകാരം കിട്ടുന്ന തുക അതതു പ്രദേശത്തെ നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.

മത്സ്യവിഭവം

പഞ്ചായത്തിലെ സ്വകാര്യ ജലാശയങ്ങളിലും പൊതുജലാശയങ്ങളിലും നിലവിലുള്ള മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതുണ്ട്. പുതിയ മത്സ്യക്കൃഷി തുടങ്ങുന്നതിനുള്ള ബോധവത്ക്കരണവും സഹായവും ചെയ്യേണ്ടതുണ്ട്. ജലാശയങ്ങളിൽ വിഷം കലർത്തുന്നത് കർശനമായി തടയേണ്ടതുണ്ട്.

**വിനോദനികുതി**

വിനോദനികുതി ഇനത്തിൽ പഞ്ചായത്തിന് കാര്യമായ വരുമാനമില്ല. കരിക്കോട്ടക്കരിയിലുള്ള സിനിമാശാലയാണ് പഞ്ചായത്തിന് വിനോദനികുതിയുടെ ഉറവിടം. മലയോരമേഖലകളിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമായാൽ വിനോദനികുതി ഗണ്യമായി ഉയർത്താവുന്നതാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

**ഭൂമിയിൽനിന്നും കിട്ടുന്ന പാട്ടം**

പഞ്ചായത്തിന് രണ്ടാംകടവിലുള്ള രണ്ടേക്കർ കശുവണ്ടി തോട്ടത്തിൽനിന്നും പാട്ടമായി ലഭിക്കുന്നത് 6000 രൂപയാണ്. കശുവണ്ടിയുടെ വിലവർദ്ധനവിനനുസരിച്ച് പാട്ടം ഉയർന്നുകാണുന്നില്ല.

പഞ്ചായത്തിലെ പുഴയോരങ്ങളിലും നിരത്തുവക്കുകളിലും ഉള്ള പുറമ്പോക്കുഭൂമികൾ അടിയന്തിരമായി അളന്ന് തിട്ടപ്പെടുത്തുകയും പാട്ടത്തിനു കൊടുക്കുകയും ചെയ്യണം. പുഴയോരങ്ങളിലെ പുറമ്പോക്കുഭൂമിയിൽ കൈത വച്ചുപിടിപ്പിച്ചാൽ മണ്ണുസംരക്ഷണം സാദ്ധ്യമാകും. ഈ കൈതയുടെ ഇല പായ് നിർമ്മിതിക്ക് ആവശ്യമായ അസംസ്കൃതവസ്തുവാണ്.

**പഴം പച്ചക്കറി വിഭവങ്ങൾ**

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭ്യമായ പഴം കശുമാമ്പഴം ആണ്. ഈ വിഭവം പാഴായിപ്പോകുന്നു. ഈ പഴത്തെ ശേഖരിച്ചാൽ ശീതളപാനീയവും ജാമും നിർമ്മിക്കാവുന്നതാണ്. റബ്ബർതോട്ടങ്ങളിൽ ഇടവിളയായി കൈത കൃഷിചെയ്യാവുന്നതാണ്. കൈതച്ചക്ക, കശുമാമ്പഴം, തേങ്ങാവെള്ളം, മാമ്പഴം ഇവ അതതു കാലങ്ങളിൽ ശേഖരിച്ച് സംസ്ക്കരിച്ചാൽ നല്ല ഒരു വരുമാനമാർഗ്ഗമാണ്. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് വർഷംമുഴുവനും ലഭ്യമാകുന്ന ഒരു തൊഴിൽമേഖലയാണ് പഴസംസ്ക്കരണം.

പഞ്ചായത്തിൽ ലഭ്യമാകുന്ന ഏത്തക്കായ് സംഭരിച്ച് വറുത്ത് വിപണിയിലെത്തിച്ചാൽ നല്ലൊരു വരുമാനമാർഗ്ഗമാണ്.

**മദ്യവ്യവസായത്തിൽനിന്നുള്ള വരുമാനം**

നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ മദ്യനിരോധിതമേഖലയായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ സർക്കാർ നിയമത്തിന്റെ പിൻബലത്തിൽ എടപ്പുഴ, മരോട്ടിച്ചോട്, കരിക്കോട്ടക്കരി, ആനപ്പന്തി, അങ്ങാടിക്കടവ്, വാണിയപ്പാറ, മുടിക്കയം എന്നീ സ്ഥലങ്ങളിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, ഇവയിൽനിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ഇല്ല. ഇവയിൽനിന്നും അടിയന്തരമായി നികുതി പിരിക്കേണ്ടതാണ്. പഞ്ചായത്തിൽ കള്ളിനുവേണ്ടി ചെത്തുന്ന ഓരോ തെങ്ങിൽനിന്നും മാസംതോറും 20 രൂപവീതം നികുതി ഈടാക്കാവുന്നതാണ്. ആവശ്യമെങ്കിൽ മദ്യഷാപ്പുകളിൽ കുടിക്കാനെത്തുന്ന വ്യക്തികൾക്കും നികുതി ഈടാക്കാവുന്നതാണ്.

**പക്ഷി, മൃഗസമ്പത്ത്**

ധാരാളം പുൽമേടുകളും സസ്യലതാദികളും ഇടതിങ്ങിയതാണ് നമ്മുടെ പഞ്ചായത്ത്. കുറഞ്ഞ ജനസാന്ദ്രത. ഉത്പാദനശേഷി കൂടിയ പശുക്കളെ വളർത്താൻ അനുയോജ്യമായ പ്രദേശം. എന്നിട്ടും പാലിന്റെ അളവ് കുറയുന്നു. പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരിച്ച് മൃഗസമ്പത്ത് കുറവാണ്. പഞ്ചായത്തിലെ മൃഗസംരക്ഷണം ശക്തിപ്പെടുത്തേണ്ടതുണ്ട്. മൃഗസംരക്ഷണവകുപ്പിന്റെ സഹായത്തോടെ മൃഗപ്രദർശനങ്ങൾ, സെമിനാറുകൾ ഇവ സംഘടിപ്പിക്കകാവുന്നതാണ്.

പഞ്ചായത്തിൽ ജനസാന്ദ്രത കുറവായതിനാൽ കോഴിവളർത്തുന്നതിനുള്ള സൗകര്യം ധാരാളമുണ്ട്. വീട്ടമ്മമാർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും കൊടുത്താൽ മാംസത്തിന്റെയും മുട്ടയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത നേടാം. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പിഗ്ഗ് ഫാമുകൾ ആരംഭിച്ചാൽ വളരെ ലാഭകമായ ഒരു തൊഴിലാകും.

**ഭൂനികുതി**

വിസ്തൃതമായ ഭൂപ്രദേശമാണ് പഞ്ചായത്തിനുള്ളത്. ഭൂനികുതിയിനത്തിൽ വില്ലേജാഫീസിൽ പിരിക്കുന്ന തുക ഈ പഞ്ചായത്തിൽത്തന്നെ ചെലവഴിക്കേണ്ടതാണ്.

**പാഴ്‌വസ്തുക്കളിൽനിന്നുള്ള വരുമാനം**

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ധാരാളം പാഴ്‌വസ്തുക്കൾ വലിച്ചെറിയുന്നുണ്ട്. ഉപയോഗശൂന്യമായ കടലാസ്, തുണിക്കഷണങ്ങൾ, പായ്ക്കിംഗ് സാധനങ്ങൾ, പച്ചക്കകറിയുടെ അവശിഷ്ടങ്ങൾ മുതലായവ ശേഖരിച്ച് പഞ്ചായ

ത്തിന്റെ ഒരു സ്ഥലത്തെ കുഴിയിൽ നിക്ഷേപിച്ചാൽ ധാരാളം ജൈവവളം ലഭ്യമാകും. അവശിഷ്ടങ്ങൾ ശേഖരിക്കുന്നതിന് നാലെ അഞ്ചോ പഞ്ചായത്തുകൾ യോജിച്ച് വാഹനം വാങ്ങിയാൽ ലാഭകരമായിരിക്കും. ഇപ്രകാരം ശേഖരിക്കുന്ന വളം വർഷംതോറും ലേലംചെയ്തു കൊടുക്കാവുന്നതാണ്.

**മറ്റു വരുമാനമാർഗങ്ങൾ**

ലൈബ്രറി സെസ്സിന് ഈടാക്കുന്ന 2% പലിശ പഞ്ചായത്തിന്റെ മറ്റൊരു വരുമാനമാണ്.

വ്യാപാരികളുടെ ലൈസൻസ് ഫീസ് കച്ചവടത്തിനനുസൃതമായി പുതുക്കി നിശ്ചയിക്കേണ്ടതാണ്. മുതൽമുടക്കിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന 40 മുതൽ 150 വരെയുള്ള ലൈസൻസ് ഫീസ് 75 രൂ. മുതൽ 250 രൂ. വരെയാക്കി ഉയർത്താവുന്നതാണ്. പ്രതിമാസം 500 രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ലൈസൻസ് ഫീസിൽനിന്നും ഒഴിവാക്കാവുന്നതാണ്.

പഞ്ചായത്തിൽ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ ഇവ സംഘടിപ്പിക്കുന്നതായ ടിക്കറ്റ് വച്ചുള്ള കലാപരിപാടികൾക്ക് നികുതി ഈടാക്കാവുന്നതാണ്.

പാലങ്ങൾ, റോഡ് തുടങ്ങിയവയ്ക്ക് പിരിക്കുന്ന നികുതി യഥാസമയം പഞ്ചായത്തന് ലഭ്യമാക്കണം.

പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കണം. അതുപോലെ കൃഷിചെയ്യാതെ കിടക്കുന്ന ഭൂമിയിൽ ഫലവൃക്ഷങ്ങൾ, തേക്ക്, മാഞ്ചിയം, മുതലായവ നട്ടുപിടിപ്പിക്കേണ്ടതാണ്. കാലം മുന്നോട്ടു നീങ്ങുമ്പോൾ ''മരം ഒരു വരം'' ആയി മാറും.

'കാടില്ലെങ്കിൽ നാടില്ല
നാടില്ലെങ്കിൽ നാമില്ല
മരം ഒരു വരം'

പഞ്ചായത്തിൽ സുലഭമായ ഒരു ഇന്ധനമാണ് വിറക്. ധാരാളം വിറക് പാഴായിപ്പോകുന്നു. നമ്മുടെ പ്രദേശങ്ങളിൽ ഉപയോഗശൂന്യമായിപ്പോകുന്ന വിറക് ശേഖരിച്ച് സമീപത്തുള്ള പട്ടണങ്ങളിൽ എത്തിച്ചാൽ അത് ലാഭകരമായിരിക്കും.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ചുമത്താവുന്നതാണ്.

ഭൂമിയുടെ ക്രയവിക്രയത്തിൽ ഈടാക്കുന്ന സ്റ്റാമ്പ് ഫീ പഞ്ചായത്തുകൾക്ക് നേരിട്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ചെലവിനങ്ങൾ**

പഞ്ചായത്തിന്റെ ചെലവിനങ്ങളിൽ പ്രധാനപ്പെട്ടത്, ഭരണപരമായ ചെലവുകൾ, റോഡ്, പാലങ്ങൾ ഇവയുടെ അറ്റകുറ്റപ്പണികൾക്ക് വരുന്ന ചെലവ്, വിദ്യാഭ്യാസചെലവ് തുടങ്ങിയവയാണ്. ഭരണപരമായ ചെലവുകുറയ്ക്കാവുന്നതല്ല. പഞ്ചായത്ത് ഒരു മലയോരമേഖല ആയതിനാൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മിതിക്കും പരിപാലനത്തിനും വർഷംതോറും ധാരാളം പണം ചെലവഴിക്കുന്നുണ്ട്. ജനപങ്കാളിത്തം ഉറപ്പാക്കി ഗുണനിലവാരം സൂക്ഷിച്ച് റോഡുകളും പാലങ്ങളും സംരക്ഷിച്ചാൽ ചെലവ് പരമാവധി കുറയ്ക്കാവുന്നതാണ്. റോഡുകളുടെ സംരക്ഷണം തദ്ദേശവാസികളെ ഏൽപ്പിക്കാവുന്നതാണ്. പഞ്ചായത്തിൽനിന്നും വർഷംതോറും പത്രങ്ങളുടെ വിലയായി 15000 രൂപ ചെലവഴിക്കുന്നുണ്ട്. പത്രത്തിന്റെ ചെലവ് അതതു പ്രദേശത്തെ ഗുണഭോക്താക്കളിൽനിന്നും ഈടാക്കാവുന്നതാണ്.

**സമാപനം**

രണ്ട് ശാഖകളോടുകൂടി പ്രവർത്തിക്കുന്ന ആനപ്പന്തി സർവീസ് സഹകരണബാങ്കും രണ്ട് എൻ.എം.ജി. ബാങ്കുകളും ഒരു റൂറൽ ബാങ്കും പ്രവർത്തിക്കുന്ന പഞ്ചായത്താണ് ഇത്. മനുഷ്യവിഭവവും കാർഷികവിഭവവും സമൃദ്ധവുമാണ്. ധനകാര്യസ്ഥാപനങ്ങളും വ്യക്തികളും മൂലധനം

സ്വരൂപിച്ചാൽ വ്യവസായശാലകൾ ഇവിടെ ഉയരും. ധനകാര്യസ്ഥാപനങ്ങൾ നിക്ഷേപം സ്വരൂപിക്കുകയും വായ്പ കൊടുക്കുകയും മാത്രം ചെയ്യുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുന്നു.

ഗ്രാമസഭകളിൽ വാഗ്ദാനം ചെയ്ത മനുഷ്യശേഷിയെ ഉത്പന്നമാക്കി മാറ്റുന്നതിന് ധനകാര്യസ്ഥാപനങ്ങളും സമ്പന്ന വ്യക്തികളും വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കണം.

പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം ഊർജ്ജകമ്മിയാണ്. പഞ്ചായത്തിലെ ജലവിഭവം ശരിയായി ചൂഷണം ചെയ്താൽ ഇത് ഊർജ്ജം മിച്ചമുള്ള ഒരു പഞ്ചായത്തായിമാറും. കാർഷികവിളകൾക്ക് മാന്യമായ വില വ്യവസായശാലകൾ ഉറപ്പുവരുത്തുമ്പോൾ എല്ലാ മേഖലയിലും ഉത്പാദനം കൂടും. പഞ്ചായത്തിലെ എല്ലാ ഘടകങ്ങളും ഒത്തുചേർന്നാൽ അനതിവിദൂരഭാവിയിൽ ഇത് ഒരു മിച്ചം ഉള്ള പഞ്ചായത്തായി മാറും.

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളെ തകർത്തുകൊണ്ടിരിക്കുന്ന സ്വകാര്യ പണമിടപാടുകാരെ കർശനമായി നിയന്ത്രിക്കണം. ഈ ബ്ലേഡ് വ്യവസായം അമിതപലിശ ഈടാക്കുകയും ബാങ്കുകളുടെ ശേഷിയെ നശിപ്പിക്കുകയും ചെയ്യുന്നു. മതസംഘടനകളും രാഷ്ട്രീയപാർട്ടികളും അനുയായികളെ ഈ ക്രൂരവിനോദത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിന് ബോധവത്കരണം നടത്തേണ്ടതാണ്.

എല്ലാവർക്കും തൊഴിൽ, ആരോഗ്യം, സമാധാനപൂർണ്ണമായ ജീവിതം ഇവ സാക്ഷാൽക്കരിക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയ ജനകീയ ഭരണത്തിനു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**പി.കെ. തോമസ് – ചെയർമാൻ, ബെന്നി കടുപ്പിൽ – കൺവീനർ**

1. **കൃഷി, ജലസേചനം**
   ബെന്നി ജോസഫ് കല്യാടിക്കൽ (കൺവീനർ)
   എം.സി. ദാമോദരൻമാസ്റ്റർ, സെബാസ്റ്റ്യൻ പറക്കണശ്ശേരി
   തോമസ് ടി.ജെ., ശശീന്ദ്രൻ ചാഞ്ഞനിരപ്പേൽ
2. **മത്സ്യമേഖലയും മൃഗസംരക്ഷണവും**
   ഷാജു കളപ്പുരയ്ക്കൽ (കൺവീനർ)
   എം.കെ. പീറ്റർ
3. **വിദ്യാഭ്യാസം**
   സെബാസ്റ്റ്യൻ പാമ്പ്ലാനി (കൺവീനർ)
   എം.സി. ദാമോദരൻമാസ്റ്റർ
   അബ്രാഹം ഓരത്തേൽ, ടോമി സൈമൺ
   സി.എം. മേരിടീച്ചർ
4. **ആരോഗ്യം, കുടിവെള്ളം**
   ജോർജ്ജ്മാസ്റ്റർ കാവേരി (കൺവീനർ)
   ഡെയ്സി മാണി, ജോർജ് ജോസഫ് ഓരത്തേൽ
   രാജപ്പൻ മൂന്നുപറയിൽ, ജോസഫ് വലയിതൊട്ടിയിൽ
5. **വ്യവസായം**
   കെ.സി. ജോസഫ്മാസ്റ്റർ (കൺവീനർ)
   മേരി ദേവസ്യ, അപ്പച്ചൻ ഉണ്ണിമാക്കൽ
   ജോസഫ് പതിയിൽ
6. **റോഡുകൾ, ഊർജം**
   പി.കെ. തോമസ് (കൺവീനർ)
   വർഗ്ഗീസ് വയലാമണ്ണിൽ, ജോർജ്ജ് കാഞ്ഞിരത്തിങ്കൽ
   പി.സി. ജോസ് പുതുപ്പറമ്പിൽ
7. **ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ**
   മാത്യു മാസ്റ്റർ ഒറ്റപ്ലാക്കൽ (കൺവീനർ)
   മത്തായി മാസ്റ്റർ കുറ്റാരപ്പള്ളിയിൽ
   സുരേഷ്കുമാർ കെ.ആർ.
8. **സംസ്കാരം**
   പി.കെ. നന്ദനൻ മാസ്റ്റർ (കൺവീനർ)
   മാത്യു പി.എം. പാമ്പയ്ക്കൽ
   ദേവസ്യ ഇളമ്പാശ്ശേരിയിൽ
   റെജി ഫിലിപ്പ്
9. **വനിത**
   പി.കെ. പ്രഭാകരൻമാസ്റ്റർ (കൺവീനർ)
   ടി.കെ. ഓമന ടീച്ചർ
   റോസമ്മ രാജൻ
10. **സഹകരണമേഖല**
    അഡ്വ. ജയ്സൺ തോമസ് (കൺവീനർ)
    മാത്യു വള്ളിക്കാവുങ്കൽ
    സ്കറിയ നരിമറ്റത്തിൽ
11. **പട്ടികജാതി – പട്ടികവർഗ്ഗം**
    സജി കളിരുപാറ (കൺവീനർ)
    തങ്കച്ചൻ വലിയതൊട്ടിയിൽ
    കെ. വെള്ളൻ
12. **വിഭവസമാഹരണം**
    നൈനാൻ മാസ്റ്റർ (കൺവീനർ)
    ജോൺ മുണ്ടയ്ക്കാമറ്റത്തിൽ
    ജോയി പുളിക്കക്കുന്നേൽ
13. **നാട്ടറിവ്, ചരിത്രം**
    പി.കെ. തോമസ്
    ബെന്നി കടുപ്പിൽ

*രാഷ്ട്രദീപിക പ്രസ്, കണ്ണൂർ–4*

*ആശംസകൾ*

# ഇരിട്ടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്

നമ്പർ F.1227

**H.O: ഇരിട്ടി Br: അങ്ങാടിക്കടവ്**

*പ്രസിഡണ്ട്*
ബേബിജ്ജോൺ

*സെക്രട്ടറി*
കെ.പി. വേലായുധൻ

ആശംസകൾ.

# തലശ്ശേരി താലൂക്ക്
# റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ്
# കോ-ഓപ്പ്. സൊസൈറ്റി ലിമിറ്റഡ്.

നമ്പർ സി. 927 ഇരിട്ടി.
ഫോൺ 491 - 201

ബ്രാഞ്ചുകൾ :- എടൂർ, പേരാവൂർ, കേളകം, കൊട്ടിയൂർ, ക്ലേളയാട്, മട്ടനൂർ, അങ്ങാടിക്കടവ്, കരിക്കോട്ടക്കരി.

1. കർഷകന് റബ്ബറിന് ഗ്രേഡ് അടിസ്ഥാനത്തിൽ മെച്ചമായ വില ഉറപ്പുവരുത്തുന്നു.
2. എല്ലാവിധ കൃഷിക്കും അനുയോജ്യമായ ഗുണനിലവാരമുള്ള വളം മിതമായ വിലക്ക് വിതരണം ചെയ്യുന്നു.
3. റബ്ബർ കൃഷിക്ക് ആവശ്യമായ എല്ലാവിധ എസ്റ്റേറ്ററുസാധനങ്ങളും മിതമായ നിരക്കിൽ ലഭിക്കുന്നു.
4. കർഷകർക്ക് കാലാകാലങ്ങളിൽ ഗവണ്മെന്റിൽനിന്നും റബ്ബർ ബോർഡിൽനിന്നും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യം സൊസൈറ്റി മുഖേന ലഭ്യമാക്കുന്നു.

**കെ.സി.ജേക്കബ്ബ്**
**(പ്രസിഡണ്ട്)**

**കെ.ടി. രവീന്ദ്രനാഥ്**
**(മാനേജിംഗ് ഡയരക്ടർ)**

ജനകീയ ആസൂത്രണം
അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത്
വികസന സെമിനാർ

ആശംസകൾ

# ആനപ്പന്തി സർവ്വീസ് സഹകരണ ബാങ്ക് No.F.1516

സെക്രട്ടറി
കെ.സി. ജോൺ

പ്രസിഡന്റ്
അഡ്വ:ജെയ്സൺ തോമസ്